# വാത്തിക്കുടി ഗ്രാമ പഞ്ചായത്ത്

## ജനകീയാസൂത്രണം

# സമഗ്രവികസനരേഖ



അധികാരം ജനങ്ങളിലേക്ക്



ഭാരതത്തിന്റെ ആത്മാവു തേടി
ഗ്രാമങ്ങളിലൂടെ, നീണ്ടമുളവടിയൂന്നി
മഹാത്മജി നടത്തിയ യാത്രപോലെ
'വാത്തിക്കുടി'യുടെ ആത്മാവിനെ തൊട്ടറിയാൻ.



"എല്ലാവരുടെയും അത്യാവശ്യങ്ങൾ നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്. എന്നാൽ ആരുടെയും ദുരയെ തൃപ്തിപ്പെടുത്തുവാൻ വിഭവങ്ങളില്ലതാനും."

*– മഹാത്മാഗാന്ധി*

# മുൻ പഞ്ചായത്തു പ്രസിഡണ്ടുമാർ



പി.എം. ജോൺ (താടിയച്ചൻ)
പുതിയകുന്നേൽ (1970-1979)



പി.കെ. ചന്ദ്രൻ
(1979-1984)



ജോസഫ് ചാലിൽ
(1988-1995)



ജോസഫ് ചാലിൽ DRP
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



സെലിൻ മാത്യു DRP
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



നോബിൾ ജോസഫ് KRP
ജില്ലാ പഞ്ചായത്ത് മെമ്പർ



N
വാത്തിക്കുടി ഗ്രാമപഞ്ചായത്ത്
കൊന്നത്തടി ഗ്രാമപഞ്ചായത്ത്
അടിമാലി
കാമാക്ഷി ഗ്രാമപഞ്ചായത്ത്
മരിയാപുരം ഗ്രാമപഞ്ചായത്ത്
ഉപ്പുതോട്
I
II
III
IV
V
VI
VII
VIII
IX
XI
ഗ്രാമപഞ്ചായത്താഫീസ്
മുരിക്കാശ്ശേരി
പടമുഖം
വാത്തിക്കുടി
തോപ്രാംകുടി
16-ാംകണ്ടം
രാജമുടി
ചെമ്പകപ്പാറ
വാർഡുകൾ
I പൂമാംകണ്ടം
II മുരിക്കാശ്ശേരി
III പതിനാറാംകണ്ടം
IV ഉപ്പുതോട്
V രാജമുടി
VI പടമുഖം
VII വാത്തിക്കുടി
VIII ചെമ്പകപ്പാറ
IX മേലേചിന്നാർ
X തോപ്രാംകുടി
XI പെരുംതൊട്ടി
പഞ്ചായത്ത് ബൗണ്ടറി
വാർഡ് ബൗണ്ടറി
നദി
റോഡ്
പ്രധാനപ്പെട്ട സ്ഥലങ്ങൾ

# വാത്തിക്കുടി ഗ്രാമപഞ്ചായത്ത് ഭരണസമിതി



ഇ.എം. സിന്ധു
പ്രസിഡണ്ട്



എം.ഡി. സെബാസ്റ്റ്യൻ
വൈസ്പ്രസിഡണ്ട്



പി.കെ. ചന്ദ്രൻ DRP
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ



ഏലിക്കുട്ടി സെബാസ്റ്റ്യൻ
മെമ്പർ



സി.എം. അലിയാർ
മെമ്പർ



ആലീസ് ജോൺ
മെമ്പർ



സെലിൻ തോമസ്
മെമ്പർ



ജോണി. കെ. തോമസ്
മെമ്പർ DRP



ജോർജ് സൈമൺ
മെമ്പർ



സാബു മാത്യു
മെമ്പർ



ആന്റണി ജോസഫ് DRP
മെമ്പർ

# സമർപ്പണം



ശ്രീ. കെ.ടി ജേക്കബ്ബ് (ബഹു: മുൻ റവന്യു മന്ത്രി)

**മലയോര മക്കളുടെ യാതനകളാൽ മനസ്സലിഞ്ഞ പ്രിയപ്പെട്ട ജേക്കബ്ബാശാന്......**

# അധികാരം ജനങ്ങളിലേക്ക്
# ഒൻപതാം പദ്ധതി ജനകീയ പദ്ധതി

## സമഗ്രവികസന റിപ്പോർട്ട് തയ്യാറാക്കിയ കോർ ഗ്രൂപ്പ്

★ ചരിത്രം
- ആന്റണി ജോസഫ് (കൺവീനർ)
- പി.കെ. ചന്ദ്രൻ
- സെലിൻ തോമസ്
- സാബു കണ്ടത്തിൻകര
- ടി.ബി. ബാബു

★ കൃഷിയും ജലസേചനവും
- എൻ.സി. ജോൺസൺ (കൺവീനർ)
- എം.ഡി. സെബാസ്റ്റ്യൻ
- സാബു വയലുങ്കൽ
- സൂസൻ ബഞ്ചമിൻ
- സജി തടത്തിൽ

★ മൃഗസംരക്ഷണവും മത്സ്യബന്ധനവും
- ഡോ. ഡി. ഷൈൻകുമാർ (കൺവീനർ)
- പി.കെ. ചന്ദ്രൻ
- ഡോ. കെ. ജിജേഷ്കുമാർ
- സാബു കണ്ടത്തിൻകര

★ വ്യവസായം
- ജോർജ് സൈമൺ (കൺവീനർ)
- സെലിൻ തോമസ്
- കെ.വി. ജോസഫ്
- പി.ബി.ഷിബു
- വി.ടി. കൊന്താലം
- കെ.ആർ. ബിജു

★ ഊർജ്ജം ഗതാഗതം
- ഇ.എൻ. ചന്ദ്രൻ (കൺവീനർ)
- പി.കെ. ചന്ദ്രൻ
- ജോസഫ് ചാലിൽ
- ആലീസ് ജോൺ
- സി.എം. അലിയാർ
- ടി.സി. രാജശേഖരൻ

★ ആരോഗ്യം കുടിവെള്ളം
- ആലീസ് ജോൺ (കൺവീനർ)
- നോബിൾ ജോസഫ്
- പി.കെ. ചന്ദ്രൻ
- ഡോ. എസ്. ശശിധരൻ
- സജി തടത്തിൽ
- സെബാസ്റ്റ്യൻ മേടയ്ക്കൽ

★ വിദ്യാഭ്യാസം
- സാബു വയലുങ്കൽ (കൺവീനർ)
- എം.ഡി. സെബാസ്റ്റ്യൻ
- ആലീസ് ജോൺ
- സാബു കമ്മത്തിൻകര
- എം.സി. മറിയാമ്മ
- മേരി അഗസ്റ്റിൻ

★ പാർപ്പിടം സാമൂഹ്യക്ഷേമം
- ടി.ബി. ബാബു (കൺവീനർ)
- ജോണി കെ. തോമസ്
- എൻ.ബി. തങ്കപ്പൻ
- മുഹമ്മദ് ഹനീഫ

★ വനിതാക്ഷേമം
- ഏലിക്കുട്ടി സെബാസ്റ്റ്യൻ (കൺവീനർ)
- സെലിൻ മാത്യു
- സണ്ണി തെങ്ങുംപള്ളിൽ
- നബീസാ അബ്ദുള്ള

★ സഹകരണം
- സാബു കണ്ടത്തിൻകര (കൺവീനർ)
- എം.ഡി. സെബാസ്റ്റ്യൻ
- ജോണി കെ. തോമസ്
- ഇ.എൻ. ചന്ദ്രൻ
- സി.എം. അലിയാർ

★ പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
- പി.കെ. ചന്ദ്രൻ (കൺവീനർ)
- ജോർജ് സൈമൺ
- സാബു വയലുങ്കൽ
- ഇ.എം. തോമസ്

★ വിഭവസമാഹരണം
- ഇ.എം. സിന്ധു (കൺവീനർ)
- ജോണി കെ. തോമസ്
- ജോസഫ് ചാലിൽ
- സി.എം. അലിയാർ
- ടി.ബി. ബാബു

★ സംസ്ക്കാരം

സണ്ണി തെങ്ങുംപള്ളിൽ (കൺവീനർ)
ഡോ. ഡി. ഷൈൻകുമാർ
ഏലിക്കുട്ടി സെബാസ്റ്റ്യൻ

★ പൊതുവിതരണവും വാർത്താവിനിമയവും

പി.കെ. ചന്ദ്രൻ (കൺവീനർ)
സെലിൻ തോമസ്
വി.എ. ഹസ്സൻ
കെ. വിശ്വനാഥൻ
സി. മാരിമുത്തു
സി. രാജപ്പൻ

★ ഡ്രാഫ്റ്റിംഗ്

ആന്റണി ജോസഫ് (കൺവീനർ)
ഡോ. ഡി. ഷൈൻകുമാർ
സാബു കണ്ടത്തിൻകര
ഇ.എം. തോമസ്
ഡോ. ജിജേഷ്കുമാർ
റജി കെ.യു.
വി.എ. സിന്ധു
കെ. വിശ്വനാഥൻ
വി.എ. ഹസ്സൻ
എൻ.ബി. തങ്കപ്പൻ

## ഡി. ആർ. പി. മാർ


സാബു കണ്ടത്തിൻകര


സണ്ണി തെങ്ങുംപള്ളിൽ


എൻ.സി.ജോൺസൺ


സജി തടത്തിൽ


ബിജു. കെ.ആർ


സജി കൊച്ചുതാഴത്ത്


ടി.സി. രാജശേഖരൻ


E.N. ചന്ദ്രൻ K.R.P.



കെ.എൻ. അശോകൻ - സെക്രട്ടറി

പഞ്ചായത്ത് സ്റ്റാഫ്



ഇരിക്കുന്നവർ:- E.M തോമസ് (UDC), K.V. ജോസഫ് (HC),
K.N. അശോകൻ (സെക്രട്ടറി), V.T. കൊന്താലം (UDC)
നിൽക്കുന്നവർ:- K.U. റജി (PTS), N.B. തങ്കപ്പൻ (UDC), C. മാരിമുത്തു (PEON),
V.A. ഹസ്സൻ (LDC), C. രാജപ്പൻ (PTS), K.വിശ്വനാഥൻ (LDC)

**ശ്രീ. ഇ.ഒ. ജോസഫ് ഇടയാൽ**
(പഞ്ചായത്ത് ഓഫീസിന് സ്ഥലം സംഭാവന നൽകി)



# ഉള്ളടക്കം

# ഇതളുകളിൽ


ആമുഖം ........ 11

പഞ്ചായത്ത്, പൊതുവിതരണം ........ 12

ചരിത്രം ........ 13

കൃഷിയും ജലസേചനവും ........ 18

മൃഗസംരക്ഷണവും മത്സ്യബന്ധനവും ........ 32

വ്യവസായം, ടൂറിസം ........ 42

വിദ്യാഭ്യാസം ........ 45

കുടിവെള്ളവും പൊതുജനാരോഗ്യവും ........ 52

ഗതാഗതവും ഊർജ്ജവും ........ 63

പാർപ്പിടവും സാമൂഹ്യക്ഷേമവും ........ 73

സംസ്ക്കാരം ........ 76

വനിതാക്ഷേമം ........ 80

സഹകരണമേഖല ........ 82

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം ........ 88

വിഭവസമാഹരണം ........ 92

പൊതുവിനിമയവും വാർത്താവിനിമയവും ........ 95

ഉപസംഹാരം ........ 97

# എഡിറ്റോറിയൽ ബോർഡ്



ആന്റണി ജോസഫ്
കൺവീനർ



ഡോ. ഡി. ഷൈൻകുമാർ
മെമ്പർ



ഇ.എം. സിന്ധു
മെമ്പർ



സാബു കണ്ടത്തിൻകര
മെമ്പർ



പി.കെ. ചന്ദ്രൻ
മെമ്പർ



നോബിൾ ജോസഫ്
മെമ്പർ



ടി.ബി. ബാബു
മെമ്പർ



ഇ.എൻ. ചന്ദ്രൻ
മെമ്പർ

ലേ ഔട്ട് - ഡോ. ഡി. ഷൈൻ കുമാർ
അച്ചടി - അർച്ചനാ ഓഫ്സെറ്റ്, കോട്ടയം

# ആമുഖം

*പ്രിയപ്പെട്ടവരെ,*

*വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പുത്തൻ കാഹളം മുഴങ്ങുകയാണ്. ഒൻപതാം പഞ്ചവത്സര പദ്ധതി പൂർത്തീകരിക്കുമ്പോൾ അധികാരത്തിന്റെ പിന്നാമ്പുറങ്ങളിൽ നിൽക്കുന്ന ഒരു വ്യക്തിയും ഉണ്ടാകാൻ പാടില്ലായെന്ന ഉദാത്തമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ഗ്രാമങ്ങളിൽ കുടികൊള്ളുന്ന ഭാരതത്തിന്റെ ആത്മാവു തേടിയുള്ള യാത്ര ആരംഭിച്ചിരിക്കുകയാണ്. അടിസ്ഥാന മേഖലയുടെ സമഗ്ര വികസനത്തിലൂടെ ശോഭനമായ ഭാവിയും ലക്ഷ്യബോധവും വളർത്താൻ ഈ ജനകീയ പദ്ധതിക്ക് കഴിയും. ലഭ്യമായ തദ്ദേശീയ വിഭവ ശ്രോതസ്സുകൾ ഫലപ്രദമായി ഉപയോഗിച്ച് സ്വയം പര്യാപ്തതയോടെ മുന്നേറാനുള്ള ചുവടു വെയ്പ്പുകൾ ഉദ്ബുദ്ധരായ ജനതയുടെ ഉൾത്തുടിപ്പുകളായി മാറണം.*

*മഹത്തായ ഈ പദ്ധതി നമ്മുടെ പഞ്ചായത്തിൽ രൂപപ്പെടുത്തുന്നതിന് കഴിഞ്ഞ മൂന്നു മാസക്കാലമായി പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, കെ.ആർ.പി.മാർ, ഡി.ആർ.പി.മാർ, എൽ.ആർ.പി.മാർ, വിവിധ വകുപ്പുദ്യോഗസ്ഥന്മാർ, പൊതുപ്രവർത്തകർ,പഞ്ചായത്ത് ജീവനക്കാർ എന്നിവർ അവിശ്രാന്തപരിശ്രമം നടത്തിയിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ ഗ്രാമസഭകളിൽ ഉയർന്നു വന്ന ക്രിയാത്മക ശബ്ദങ്ങൾ പ്രതീക്ഷാ നിർഭരമായ നാളെയുടെ ചിത്രം വരച്ചുകാട്ടി. 1996 സെപ്റ്റംബർ 22-ാം തീയതി മുതൽ ഒക്ടോബർ 2-ാംതീയതി വരെ 11 വാർഡുകളിലുമായി നടന്ന ഗ്രാമ സഭകളിലായി 2832 ഗ്രാമസഭാംഗങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി മാറി. ഇവരിൽ 702 സ്ത്രീകളും 234 പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും പങ്കെടുത്തു. 96 പേരെ പങ്കെടുപ്പിച്ചു നടത്തിയ ഒന്നാം ഘട്ട പരിശീലന പരിപാടിയെത്തുടർന്ന് ജനകീയാസൂത്രണ പരിപാടികളുടെ പഞ്ചായത്തു തല ഉൽഘാടനം സെപ്റ്റംബർ 13-ാം തീയതി നിർവ്വഹിക്കപ്പെട്ടു. രണ്ടാം ഘട്ട പരിശീലനം, വികസന ജ്യോതി, പഠന പ[illegible]നം, ദ്വിതീയ വിവര ശേഖരണം തുടങ്ങിയവ വിജയകരമായി പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു.*

*കേരള പിറവി ദിനമായ നവംബർ 1 പുനരർപ്പണ ദിനമായി ആചരിച്ചു. പഞ്ചായത്തിന്റെ 11 വാർഡുകളിലായി തുടക്കം കുറിച്ച നിർമ്മാണ പ്രവർത്തനങ്ങൾ നമ്മുടെ സംഘ ബോധത്തിന്റെയും സൗഹാർദ്ദത്തിന്റെയും സാമൂഹിക പ്രതിബദ്ധതയുടേയും ഉത്തമ ദൃഷ്ടാന്തമാണ്.*

*ദ്വിതീയ വിവര ശേഖരണങ്ങളുടേയും പഠന പര്യടനങ്ങളുടേയും ഒടുവിൽ ഗ്രാമത്തുടിപ്പുകൾ ഒപ്പിയെടുത്ത് സമഗ്രമാക്കിയ ഈ റിപ്പോർട്ടിന്റെ പണിപ്പുരയിലും നിസ്വാർഥമായി പ്രവർത്തിച്ചവർ പ്രത്യേകം നന്ദി അർഹിക്കുന്നു.*

*നല്ലൊരു നാളെ പടുത്തുയർത്തുവാനുള്ള ഈ സംരംഭം അർത്ഥവത്താക്കാൻ കലവറയില്ലാത്ത പിന്തുണ എല്ലാ വിഭാഗം ജനങ്ങളിൽ നിന്നും അഭ്യർത്ഥിച്ചുകൊണ്ട് ഒരു കാലഘട്ടത്തിന്റെ രജത രേഖയായ ഈ റിപ്പോർട്ട് നിങ്ങളുടെ പഠനത്തിനും പരിചിന്തനത്തിനുമായി സവിനയം സമർപ്പിക്കുന്നു.*

*സസ്നേഹം*
*കുമാരി ഇ.എം. സിന്ധു*
*പ്രസിഡന്റ്*
*വാത്തിക്കുടി ഗ്രാമ പഞ്ചായത്ത്*

# പൊതു വിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | വാത്തിക്കുടി ഗ്രാമ പഞ്ചായത്ത് |
| ഉൾപെടുന്ന വില്ലേജുകൾ | : | വാത്തിക്കുടി, ഉപ്പുതോട് |
| ബ്ലോക്ക് പഞ്ചായത്ത് | : | ഇടുക്കി |
| താലൂക്ക് | : | ഉടുമ്പൻചോല |
| ജില്ല | : | ഇടുക്കി |
| അസംബ്ളി മണ്ഡലം | : | ഇടുക്കി |
| ലോക്സഭാ മണ്ഡലം | : | ഇടുക്കി |
| വിസ്തീർണ്ണം | : | 80.90 ച.കി.മീ. |
| ജനസംഖ്യ | : | 31480 (1996 സർവ്വേ) |
| പുരുഷൻമാർ | : | 15879 |
| സ്ത്രീകൾ | : | 15601 |
| ജനസാന്ദ്രത | : | 389 ച.കി.മീ. |
| സാക്ഷരതാ നിരക്ക് | : | 82.6% |
| പ്രസിഡൻറിന്റെ പേര് | : | കുമാരി E.M.സിന്ധു |
| വൈസ് പ്രസിഡൻറിന്റെ പേര് | : | ശ്രീ. M.D.സെബാസ്റ്റ്യൻ |
| സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാന്റെ പേര് | : | ശ്രീ. P.K.ചന്ദ്രൻ |

**അതിരുകൾ**

| | | |
|---|---|---|
| കിഴക്ക് | : | നെടുംകണ്ടം, ഇരട്ടയാർ ഗ്രാമ പഞ്ചായത്തുകൾ |
| പടിഞ്ഞാറ് | : | ഇടുക്കി - കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് |
| തെക്ക് | : | കാമാക്ഷി, മരിയാപുരം ഗ്രാമപഞ്ചായത്തുകൾ |
| വടക്ക് | : | കൊന്നത്തടി ഗ്രാമപഞ്ചായത്ത് |

# ചരിത്രം

1951 മുതലുള്ള കാലഘട്ടങ്ങളിൽ കണയന്നൂർ, മീനിച്ചിൽ, കാഞ്ഞിരപ്പള്ളി, കോതമംഗലം, തൊടുപുഴ തുടങ്ങിയ താലൂക്കുകളിൽ നിന്നും ഒരു പിടി മണ്ണിനും, ജീവിതത്തിനും വേണ്ടി കുടിയേറിയ കർഷകർ മണ്ണിൻെറ മക്കളായ ആദിവാസികളോട് സമരസപ്പെട്ട്, വിയർപ്പിൻേറയും, ചോരയുടേയും, ദാരിദ്രത്തിൻേറയും, വന്യമൃഗങ്ങളുടെയും സംഘാതത്തിലൂടെ പ്രതിസന്ധികളോട് പടവെട്ടി പടുത്തുയർത്തിയ ഇന്നലെകളാണ് ഈ നാടിൻെറ ചരിത്രം.

ആദിവാസികളായ 'മന്നാൻ'മാർ ധാരാളമായിഅധിവസിച്ചിരുന്ന പ്രദേശങ്ങളാണ് വാത്തിക്കുടി, മുരിക്കാശ്ശേരി, പടമുഖം, പതിനാറാം കണ്ടം,കിളിയാർകണ്ടം തുടങ്ങിയ സ്ഥലങ്ങൾ. ശ്രദ്ധേയമായ ഒരു സാംസ്ക്കാരിക ജീവിതം നയിച്ചു വന്നവരായിരുന്നു അവർ. വനവിഭവങ്ങൾ ശേഖരിച്ചും, കാട്ടുതേനും, കായ്കനികളും, ഭക്ഷിച്ചും പ്രകൃതിയോടിണങ്ങി ജീവിച്ച അവർ പ്രാചീന സംസ്കൃതിയിലൂടെ ആർജ്ജിച്ചെടുത്ത തനത് കലാരൂപങ്ങളുടെ പ്രാണേതാക്കളായിരുന്നു. ദേവീ-ദേവൻമാരെ പ്രീതിപ്പെടുത്തുന്നതിനുവേണ്ടി വർഷത്തിലൊരിക്കൽ നടത്തുന്ന ഉത്സവങ്ങളോടും വിവാഹ ആഘോഷങ്ങളോടും മറ്റ് പ്രധാന ചടങ്ങുകളോടും അനുബന്ധിച്ച് നടത്തിയിരുന്ന കൂത്ത് മന്നാൻമാരുടെ തനതു കലയാണ്. മൂങ്ങാപ്പാറ, നേർച്ചപ്പാറ തുടങ്ങിയ സ്ഥലങ്ങളിൽ അവരുടെ ക്ഷേത്രങ്ങൾ കാണാം. ഈറ്റ കൊണ്ട് നിർമ്മിച്ച മനോഹരമായ കുടിലുകളിലാണ് ഇവർ പാർത്തിരുന്നത്. കാട്ടാനയുടെ ശല്യം ഉള്ളപ്പോൾ ഏറുമാടങ്ങളിലും അവർ താമസിച്ചിരുന്നു.

നിലമൊരുക്കി നെല്ല്, കുറുംപുല്ല്, തിന എന്നിവ അവർ കൃഷി ചെയ്യുകയും ഓരോ പ്രാവശ്യവും കൃഷിസ്ഥലങ്ങൾ മാറ്റുകയും ചെയ്തിരുന്നു.

കോഴിമലയിലെ രാജ മന്നാൻെറ പ്രജകളായ ഇവർ ഓരോ പ്രദേശത്തും കാണിക്കാരൻ എന്ന നേതാവിൻെറ നിയന്ത്രണത്തിലായിരുന്നു. കോഴിമല രാജമന്നാൻെറ ഭരണത്തിന് കീഴിലുള്ള 8 കുടികളിലൊന്നായ വാത്തിക്കുടിയുടെ കാണിക്കാരൻ ശ്രീ പഞ്ചൻ സൂര്യനാണ്. 1960 ന് ശേഷം ഉള്ളാടൻ വർഗ്ഗത്തിൽ പെട്ട ആദിവാസികൾ വിവിധ പ്രദേശങ്ങളിൽ നിന്നും ഈ പ്രദേശത്ത് എത്തുകയും ജനങ്ങളോടിടകലർന്ന് ജീവിതം നയിക്കുകയും സാമൂഹ്യമായും വിദ്യാഭ്യാസപരമായും പുരോഗതി നേടുകയും ചെയ്തു.

ആദിവാസികളായ മന്നാൻമാർക്കും മുൻപ് ഈ പ്രദേശത്ത് ജനവാസമുണ്ടായിരുന്നതിൻെറ തെളിവുകൾ തോപ്രാംകുടി, പ്രകാശ്, കള്ളിപ്പാറ, മുരിക്കാശ്ശേരി, തുടങ്ങിയ പ്രദേശങ്ങളിൽനിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയപ്പോൾ ലഭിച്ച വർഷങ്ങൾ പഴക്കമുള്ള മൺകുടങ്ങൾ, ചാറ മുതലായവയിൽനിന്നും, പതിനാറാംകണ്ടം, കള്ളിപ്പാറ തുടങ്ങിയ സ്ഥലങ്ങളിൽ കാണുന്ന മുനിയറകളിൽ നിന്നും മനസ്സിലാക്കാൻ കഴിയും. പടമുഖത്തിൻെറ സ്ഥലനാമവുമായി ബന്ധപ്പെട്ട ഐതിഹ്യത്തിൽ പാണ്ഡ്യരാജാക്കൻമാരും ചേര രാജാക്കൻമാരും തമ്മിൽ യുദ്ധം നടന്നതായും അവർ ഈ പ്രദേശത്ത് തമ്പടിക്കുകയോ താമസിക്കുകയോ ചെയ്തിരുന്നതായും നാട്ടറിവുകളിൽ നിന്നും മനസിലാക്കാൻ കഴിയുന്നു. മുനിയറകൾ പ്രാചീന കേരളത്തിലെ വീരനായകൻമാരെ സംസ്ക്കരിച്ചിരുന്ന സ്ഥലങ്ങളാണെന്ന് കേരള ചരിത്രം പ്രതിപാദിക്കുന്നു. അവിഭക്ത കോട്ടയം ജില്ലയിലെ ഉടുമ്പൻചോല പഞ്ചായത്തിൻെറ 2-ാം വാർഡായിരുന്നു 1953-ൽ കൊന്നത്തടി, വാത്തിക്കുടി പ്രദേശങ്ങൾ. അന്ന് തോപ്രാംകുടി നിവാസിയായ ശ്രീ. വി.അയ്യപ്പൻനായർ പ്രസിഡൻറും ശ്രി. പി.എം. ജോൺ പുതിയകുന്നേൽ 2-ാം വാർഡ് മെമ്പറുമായിരുന്നു. തുടർന്നുള്ള കാലം കുടിയേറ്റത്തിൻെറ കാലമായിരുന്നു.

### കുടിയേറ്റവും സമീപ കാല ചരിത്രവും

1954-ൽ തോപ്രാംകുടിയിലും അതേ കാലയളവിൽ തന്നെ ഉപ്പുതോട്, പതിനാറാം കണ്ടം മുതലായ സ്ഥലങ്ങളിലും കുടിയേറ്റമുണ്ടായി. എന്നാൽ കൃഷി ഇറക്കുന്നതിന് മുൻപുതന്നെ കുടിയിറക്കുകയും 1957-ൽ വീണ്ടും വ്യാപകമായ കുടിയേറ്റമുണ്ടാവുകയും ചെയ്തു. വാത്തിക്കുടി പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയമായ തോപ്രാംകുടി ട്രൈബൽ L.P. സ്കൂൾ, വാത്തിക്കുടി ട്രൈബൽ L.P. സ്കൂൾ മുതലായവ സ്ഥാപിച്ചത് 1958 ൽ ആണ്. ജീവിക്കാൻ വേണ്ടി കുടിയേറിയ കർഷകരെ കാട്ടുകള്ളൻമാരായി കണ്ട ഗവൺമെൻറും വനം വകുപ്പും അഴിച്ചു

വിട്ട ക്രൂരമായ മർദ്ദന മുറകളേയും പ്രതിരോധ നടപടികളേയും കർഷകർക്ക് അഭിമുഖീകരിക്കേണ്ടി വന്നു.

ഹൈലാൻറ് കർഷകയൂണിയൻ, മലയോര കർഷകയൂണിയൻ തുടങ്ങിയ സംഘടനകൾ കുടിയിറക്കിനും, കർഷക വിരുദ്ധ പ്രവർത്തനങ്ങൾക്കുമെതിരെ സംഘടിത പ്രവർത്തനം നടത്തുകയുണ്ടായി. കർഷക യൂണിയൻെറ അഭ്യർത്ഥന മാനിച്ച് ശ്രീ. K.M. ജോർജ്ജ് ഇവിടം സന്ദർശിക്കുകയും കേരള നിയമസഭയിൽ അദ്ദേഹം കുടിയേറ്റ കർഷകരുടെ പ്രശ്നങ്ങൾ അവതരിപ്പിയ്ക്കുകയും അതേതുടർന്ന് അന്നത്തെ റവന്യൂ മന്ത്രി ശ്രീമതി K.R. ഗൗരിയമ്മ ഭൂമി റവന്യൂ വകുപ്പിനും മരങ്ങൾ വനം വകുപ്പിനുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു.കാട് വെട്ടിത്തെളിച്ച് നെൽകൃഷിയാണ് ആദ്യമായി നടത്തിയത്. മരച്ചീനിയും കൃഷി ചെയ്തിരുന്നു. വടക്ക് ഭാഗങ്ങളിൽ നിന്നും വന്നവർ തെരുവ പുൽകൃഷിയാണ് നടത്തിയത്. ദാരിദ്ര്യത്തെ നേരിടുന്നതിനുവേണ്ടി ജനങ്ങൾക്ക് കഠിനാധ്വാനം ചെയ്യേണ്ടിവന്നു. കൃഷി കാട്ടാന ചവിട്ടി നശിപ്പിക്കുന്നത് സർവ്വസാധാരണമായിരുന്നു. ചികിത്സാ സൗകര്യങ്ങൾ പരിമിതമായിരുന്നതിനാലും വഴികൾ ദുർഘടമായതുകൊണ്ടും രോഗികളെ അടിമാലിയിലേക്കും കട്ടപ്പനയിലേക്കും ചാക്കുകട്ടിലുകളിലും മറ്റും ചുമന്നു കൊണ്ടുപോകേണ്ടി വന്നു. ഈ പഞ്ചായത്തിൽ ആദ്യമായി സ്ഥാപിക്കപ്പെട്ട ക്രിസ്തീയ ദേവാലയം കിളിയാർകണ്ടം ഹോളി ഫാമിലി പള്ളിയാണ്

ഏറ്റവും അടുത്ത പോലീസ് സ്റ്റേഷൻ ദേവികുളം ആയിരുന്നു. 1960-ൽ മുരിക്കാശ്ശേരി, തേക്കിൻ തണ്ട്, പൂമാംകണ്ടം മുതലായ മേഖലകളിൽ കുടിയേറ്റമുണ്ടായി. 1961 ൽ മുരിക്കാശ്ശേരിയിൽ പള്ളിയും സ്കൂളും സ്ഥാപിക്കപ്പെട്ടു. ഈ കാലഘട്ടത്തിലാണ് ഈ പ്രദേശത്തിൻെറ സമഗ്രമായ വികസനത്തിനുവേണ്ടിയുള്ള മുന്നേറ്റമാരംഭിച്ചത്.

1961-ൽ കീരിത്തോട് കുടിയിറക്ക് നടന്നു. കുടിയിറക്കിനെതിരായ കർഷകസമരത്തിൽ ഈ മേഖലയിലെ ജനങ്ങൾ സജീവമായി പങ്കെടുത്തു. നിരവധിപേർക്ക് പോലീസിൻെറ കഠിനമായ മർദ്ദനം ഏറ്റുവാങ്ങേണ്ടിവന്നു. കർഷകരോട് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് ശ്രീ. എ. കെ. ഗോപാലൻ നിരാഹാരം സമരം ആരംഭിക്കുകയും അദ്ദേഹത്തെ മൂവാറ്റുപുഴ സബ് ജയിലിൽ അടയ്ക്കുകയും ചെയ്തു.

1964-ൽ കൊന്നത്തടി പഞ്ചായത്ത് രൂപീകരിച്ചു. ശ്രീ. വി. അയ്യപ്പൻനായർ പ്രഥമ പ്രസിഡണ്ടും ശ്രീ. പി. എം. ജോൺ പുതിയകുന്നേൽ ഒന്നാംവാർഡ് (വാത്തികുടി) മെമ്പറുമായിരുന്നു. ഹൈറേഞ്ച് മേഖലയിൽ കുടിയേറിയ കർഷകരെ കുടിയിറക്കണമോ? വേണ്ടയോ എന്നും വനഭൂമിയുടെ അതിരുകൾ നിർണ്ണയിക്കുക തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് മാത്യു മണിയങ്ങാടൻ എം.പി ചെയർമാനായുള്ള കമ്മീഷനെ കേന്ദ്രഗവ. നിയമിച്ചു. വിമലഗിരിയിൽ നിന്നും പതിനാറാംകണ്ടത്തേയ്ക്ക് മൺപാതവെട്ടിയാണ് കമ്മീഷനെ കൊണ്ടുവന്നത്. കർഷകരെ കുടിയിറക്കേണ്ടതില്ലെന്ന് കമ്മീഷൻ തീരുമാനിക്കുകയും റിപ്പോർട്ട് രേഖയാക്കികൊണ്ട് അന്നത്തെ റവന്യൂ മന്ത്രി അവിസ്മരണീയനായ ശ്രീ. കെ. ടി. ജേക്കബ് ആട്ടുപാറ താവളത്തിൽ സർവ്വേ നമ്പർ 1/1 കല്ല്യാണതണ്ടിനും ചിന്നാറിനുമിടയ്ക്ക് 33000 ഏക്കർ ഭൂമിക്ക് പട്ടയം നൽകാൻ പ്രഖ്യാപനം നടത്തി. ഈ കാലയളവിൽ മുരിക്കാശ്ശേരി ഒരു വ്യാപാര കേന്ദ്രമായി മാറുകയും ചെയ്തു. 1969 ൽ മുരിക്കാശ്ശേരിയിൽ സിനിമാ തിയേറ്റർ ആരംഭിച്ചു. ഈ കാലയിളവിൽ ചിന്നാർ പപ്പാത്ത് നിർമ്മിക്കപ്പെട്ടു. ചപ്പാത്തിൻെറ നിർമാണം ഗതാഗത രംഗത്ത് മാറ്റത്തിന് തുടക്കം കുറിച്ചു.

17-4-70 ലെ GOMS 81/70 R-D ഉത്തരവിൽ പ്രകാരം കൊന്നത്തടി പഞ്ചായത്തിൻെറ ഒന്നാം വാർഡ് ഉൾപ്പെടുത്തിക്കൊണ്ട് വാത്തിക്കുടി പഞ്ചായത്ത് രൂപവൽക്കരിക്കപ്പെട്ടു. 12-5-70 ൽ റവന്യൂ മന്ത്രി ശ്രീ. കെ.ടി. ജേക്കബ്ബ് പഞ്ചായത്തിൻെറ ഉദ്ഘാടനം നിർവഹിച്ചു.

14-5-1970 ൽ പി.എം. ജോൺ പ്രസിഡണ്ടായുള്ള ഭരണ സമിതി സത്യ പ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. സമിതി അംഗങ്ങൾ

ശ്രീ. എം. എസ്. എം. ഷെറീഫ്

ശ്രീ. എ. എൻ. ചന്ദ്രശേഖരൻ നായർ

ശ്രീ. പി. കെ. രാമൻപിള്ള

ശ്രീ. എം. സി. കുട്ടപ്പൻ

ശ്രീ. പി. എസ്. നാരായണൻ

ശ്രീ. സി. കെ തമ്പി തുടങ്ങിയവരായിരുന്നു.

ഐക്യബോധത്തോടും ദീർഘ വീക്ഷണത്തോടും കൂടി കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടാൻ കഴിയുന്ന തരത്തിൽ ജനങ്ങളെ ഏകോപിപ്പിക്കുന്നതിനും വികസന പ്രവർത്തനങ്ങളിലേക്ക് നാടിന്റെ ആത്മാവിനെ തൊട്ടുണർത്തുന്നതിനും പ്രഥമ ഭരണ സമിതിക്കു കഴിഞ്ഞു. 1972 ലെ ഇടുക്കി ജില്ലാ രൂപീകരണം മലയോരമക്കളുടെ സ്വപ്ന സാക്ഷാത്ക്കാരമായിരുന്നു. 1972 ൽ മുരിക്കാശ്ശേരി മൃഗാശുപത്രി ആരംഭിച്ചു. 1975 ൽ വ്യാപകമായ ഉരുൾപൊട്ടൽ ഉണ്ടാവുകയും വമ്പിച്ച കൃഷിനാശവും കനത്ത ആൾ നാശവുംഉണ്ടാവുകയും ചെയ്തു. ഇക്കാലത്ത് ഈ പ്രദേശത്തുണ്ടായിരുന്ന ആദിവാസികളിൽ പലരും സ്ഥലം കർഷകർക്ക് വിലയ്ക്ക് നൽകുകയും അവർ മറ്റു സ്ഥലങ്ങളിലേക്ക് താമസം മാറുകയും ചെയ്തു. 1977 നു ശേഷം 12500 ഏക്കറോളം വരുന്ന ഏലത്തോട്ടം ചെറുകിട കർഷകരുടെ കൈകളിലെത്തുകയും കാർഷിക രംഗത്തും വികസന രംഗത്തും പുതിയ ദിശാബോധം സൃഷ്ടിക്കപ്പെടുകയും ചെയ്തു. 1978 ൽ മുരിക്കാശേരി പോലീസ് സ്റ്റേഷൻ ആരംഭിച്ചു.

1979 സെപ്റ്റംബർ 28-ന് തിരഞ്ഞെടുക്കപ്പെട്ട പ്രഥമ ഭരണ സമിതി അധികാരത്തിലേറി.

| | | |
|---|---|---|
| വാർഡ് | 1 | ശ്രീ അബ്രഹാം ജോസഫ് വാളിക്കുളം |
| ,, | 2 | ശ്രീ. കെ.ജെ. സെബാസ്റ്റ്യൻ കെഞ്ഞോല |
| ,, | 3 | ശ്രീ. എം.എസ്.എം. ഷെറീഫ്. |
| ,, | 4 | ശ്രീ. പി. റ്റി. ജോർജ്ജ് പള്ളിപ്പറമ്പിൽ |
| ,, | 5 | ശ്രീ. ജോസഫ് ജോൺ ഇല്ലിക്കൽ |
| ,, | 6 | ശ്രീ. റ്റി. വി. സദാശിവൻ |
| ,, | 7 | ശ്രീമതി ഗ്രേസിക്കുട്ടി ചാക്കോ |
| ,, | 8 | ശ്രീ. പി. കെ. ചന്ദ്രൻ |

ശ്രീ. പി. കെ ചന്ദ്രൻ പ്രസിഡണ്ടായും ശ്രീ. റ്റി. വി. സദാശിവൻ വൈസ്പ്രസിഡണ്ടായും തെരെഞ്ഞെടുക്കപ്പെട്ടു. അടിസ്ഥാനമേഖലകളുടെ വികസനത്തിലൂന്നിയ സമീപനം സ്വീകരിക്കുവാൻ ഈ സമിതിക്കു കഴിഞ്ഞു. ഈ കാലഘട്ടത്തിൽ ശ്രദ്ധേയമായ മാറ്റങ്ങൾ പഞ്ചായത്തിന്റെ വികസനത്തിൽ ദൃശ്യമായി. 1981ൽ മുരിക്കാശ്ശേരി കൃഷിഭവൻ സ്ഥാപിക്കപ്പെട്ടു.

1981 ~~1982~~ ഒക്ടോബർ 2-ാം തീയതി തറക്കല്ലിട്ട പഞ്ചായത്താഫീസ് മന്ദിരം ധൃതഗതിയിൽ പണി പൂർത്തിയാക്കി ഉദ്ഘാടനം 1982 ജൂലായ് 16-ാം തീയതി അന്നത്തെ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. സി. എം. സുന്ദരം നിർവ്വഹിച്ചു. 1982-ൽ മുരിക്കാശ്ശേരി കേന്ദ്രമാക്കി വാത്തിക്കുടി വില്ലേജ് രൂപീകരിച്ചു. ഈ മേഖലയുടെ സമഗ്രവികസനത്തിൽ ക്രിസ്തീയ സഭ വഹിച്ച പങ്ക് നിർണ്ണായകമാണ്. ശ്രമദാനങ്ങളിലൂടെ നടത്തപ്പെട്ട കഴിഞ്ഞകാല വികസന പ്രവർത്തനങ്ങൾക്ക് പള്ളികൾ ക്രിയാത്മക നേതൃത്വം നൽകിയിട്ടുണ്ട്. മറ്റെല്ലാം രംഗങ്ങളിലും ശ്രേഷ്ഠമായ സേവനമാണ് അവർ കാഴ്ച്ച വച്ചിട്ടുള്ളത്. ഇതരവിഭാഗങ്ങളും വികസന രംഗത്ത് സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

1980-ൽ മുരിക്കാശ്ശേരി സെൻറ് മേരീസ് ഹൈസ്കൂളും 1981-ൽ തോപ്രാംകുടി ഗവ: ഹൈസ്കൂളും 16-ാം കണ്ടം ഗവ: ഹൈസ്കൂളും അപ്ഗ്രേഡ് ചെയ്യപ്പെട്ടത് വിദ്യാഭ്യാസ രംഗത്ത് കുതിച്ചു ചാട്ടത്തിന് കാരണമായി. ഹൈറേഞ്ചിന്റെ സമഗ്ര വികസനത്തിലെ പൊൻതാരകമായി വിശേഷിപ്പിക്കാൻ കഴിയുന്ന മുരിക്കാശ്ശേരി പാവനാത്മാ കോളേജ് ഈ കാലഘട്ടത്തിലാണ് പ്രവർത്തനം ആരംഭിച്ചത്. ഈ കാലഘട്ടത്തിൽ കരിമ്പൻ മുരിക്കാശ്ശേരി റോഡ് P.W.D. ഏറ്റെടുത്ത് നിർമ്മാണം പൂർത്തീകരിച്ചത് ഗതാഗത രംഗത്ത് വികസനത്തിന് വഴി തെളിച്ചു. 1983-ൽ അതികഠിനമായ വരൾച്ചയെ നേരിടേണ്ടി വന്നു. കാർഷിക വിളകൾക്ക് വ്യാപകമായ നാശനഷ്ടമുണ്ടായി. അതി വിസ്തൃതമായ വാത്തിക്കുടി പഞ്ചായത്ത് വിഭജിച്ച് തോപ്രാൻകുടി പഞ്ചായത്ത് രൂപവൽക്കരിക്കണമെന്ന ആവശ്യം ഉയർന്നു വരികയും അതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

1988 വരെ ഈ പഞ്ചായത്ത് അഡ്മിനിസ്ട്രേറ്റർ ഭരണത്തിൻ കീഴിലായിരുന്നു.

5-2-88-ൽ ശ്രീ ജോസഫ് ചാലിൽ പ്രസിഡണ്ടായുള്ള ഭരണസമിതി തെരെഞ്ഞെടുപ്പി

ലൂടെ അധികാരത്തിൽ വന്നു.

വാർഡ് 1 ജോയി കൊച്ചുകരോട്ട് :(വൈപ്രസിഡണ്ട്)

2 മേരി മാത്യു മ്ളാക്കുഴി (മെമ്പർ)

വാർഡ്. 3 പി. ഇ. അലിയാർ (മെമ്പർ)

4 ജോസഫ് ചാലിൽ (പ്രസിഡണ്ട്)

5 ജോർജ്ജ് സെബാസ്റ്റ്യൻ (മെമ്പർ)

6 ജോസഫ് ചെറുപുഷ്പാലയം (മെമ്പർ)

7 P.I. രാഘവൻ (മെമ്പർ)

8 തോമസ്സ് കാരക്കാവയലിൽ (മെമ്പർ)

9 രാജൻ വർഗ്ഗീസ് (മെമ്പർ)

10 തോമസ്സ് ദേവസ്യ (മെമ്പർ)

11 മേരി ജോസഫ് (മെമ്പർ)

ഈ ഭരണ സമിതിയുടെ കാലത്ത് മുരിക്കാശ്ശേരി ബസ്റ്റാൻറിനു സ്ഥലമെടുക്കുകയും പണികൾ ആരംഭിക്കുകയും ചെയ്തു. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മിച്ചതും രാജമുടിയിൽ ഓപ്പൺ എയർ തീയേറ്ററോടു കൂടിയ മിനി സ്റ്റേഡിയം നിർമ്മിച്ചതും മുരിക്കാശ്ശേരി സ്റ്റേഡിയത്തിന് സ്ഥലം എടുത്തതും ഈ കാലത്താണ്. നിരവധി റോഡുകളുടെ നിർമ്മാണവും ഈ കാലഘട്ടത്തിൽ നടന്നു. 1989-ൽ ഉണ്ടായ കൊടുംകാറ്റിൽ കിഴക്കൻ മേഖലയിലെ കുരുമുളക് തോട്ടങ്ങൾ നശിക്കുകയും കാർഷിക മേഖല തകരുകയും ചെയ്തു.

1994-ൽ പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നു. 1995 സെപ്റ്റംബർ 22-ാം തീയതി നടന്ന തെരെഞ്ഞെടുപ്പിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്ന ഭരണസമിതി തെരെഞ്ഞെടുക്കപ്പെട്ടു.

വാർഡ് 1 ശ്രീമതി ഏലിക്കുട്ടി സെബാസ്റ്റ്യൻ

2 ശ്രീ സെബാസ്റ്റ്യൻ ദേവസ്യ

3 C.M. അലിയാർ

4 ശ്രീമതി ആലീസ് ജോൺ

5 ശ്രീമതി സെലിൻ തോമസ്സ്

6 ശ്രീ. ജോണി K. തോമസ്സ്

7 ശ്രീ. ജോർജ്ജ് സൈമൺ

8 കുമാരി സിന്ധു മാധവൻകുട്ടി

വാർഡ് 9 ശ്രീ. സാബു മാത്യു

10 ശ്രീ. P.K. ചന്ദ്രൻ

11 ശ്രീ. അൻറണി ജോസഫ്

1995 സെപ്റ്റംബർ 30-ന് ഭരണ സമിതി അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തു. ഒക്ടോബർ 4-ന് കുമാരി സിന്ധു മാധവൻക്കുട്ടി പ്രസിഡണ്ടായും ശ്രീ. സെബാസ്റ്റ്യൻ ദേവസ്യ വൈസ് പ്രസിഡണ്ടായും തെരെഞ്ഞെടുക്കപ്പെട്ടു. പഞ്ചായത്തീ രാജ് നിയമപ്രകാരമുള്ള പുതിയ പദവിയായ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ സ്ഥാനത്തേക്ക് മുൻ പ്രസിഡണ്ടു കൂടിയായ ശ്രീ. പി.കെ. ചന്ദ്രൻ തെരെഞ്ഞെടുക്കപ്പെട്ടു.

ജനകീയാസൂത്രണ പ്രസ്ഥാനത്തിൽ പ്രതീക്ഷ അർപ്പിച്ചുകൊണ്ട് ഈ ഭരണ സമിതി പഞ്ചായത്തിൻെറ സമഗ്ര വികസനത്തിന് ഊന്നൽ നൽകി പ്രവർത്തിച്ചുവരുന്നു.

## സ്ഥല നാമ ചരിത്രം

**വാത്തിക്കുടി**

ആദിവാസി വിഭാഗമായ 'മന്നാൻ'മാരുടെ പുരോഹിതനായിരുന്ന 'വാത്തി'യുടെ കുടിയായിരുന്നതിനാൽ വാത്തിക്കുടി എന്ന പേരുണ്ടായി. ആദ്യകാലത്ത് ജനവാസം കൂടുതലുണ്ടായിരുന്നതിനാൽ പിന്നീട് രൂപവൽക്കരിക്കപ്പെട്ട പഞ്ചായത്തിന് അതേ പേരു തന്നെ ലഭിച്ചു.

**മുരിക്കാശ്ശേരി**

മുരിക്കാൻ എന്ന ആദിവാസി നേതാവും അനുയായികളും താമസിച്ചിരുന്ന 'ചേരി' ആയിരുന്നതിനാൽ മുരിക്കാൻ ചേരി എന്നും പിന്നീട് മുരിക്കാശ്ശേരി എന്നും പേരായി.

**തോപ്രാൻകുടി**

ആദിവാസികളുടെ നേതാവ് തോപ്രാൻ എന്ന ആളുടെ വാസസ്ഥലമായിരുന്നതിനാൽ തോപ്രാൻകുടി എന്ന പേരുണ്ടായി.

**പെരുംതൊട്ടി**

ആദിവാസിയായ പെരുമാൻ എന്നയാൾ

മുങ്ങിമരിച്ച കയമുണ്ടായിരുന്നതിനാൽ പെരുമാൻ കയം എന്ന പേര് ലഭിച്ചു. 1970 ൽ പെരുമാൻ കയം കൊമ്പൊടിഞ്ഞാൻ കാനം, എക്രോച്ച് എന്നിങ്ങനെ അറിയപ്പെട്ടിരുന്ന പ്രദേശങ്ങളെ മുഴുവനായി പെരുംതൊട്ടി എന്ന പേരിൽ വിളിയ്ക്കാൻ തുടങ്ങി.

**പ്രകാശ്**

കുന്നിനു മുകളിൽ നിബിഡ വനങ്ങളുടെ ഇടയിലായി പ്രകാശമാനമായ പ്രദേശത്തെ പ്രകാശ് കാനം എന്നു വിളിക്കപ്പെട്ടു. പ്രകാശ് കാനം പിന്നീട് പ്രകാശ് ആയി മാറി.

**കിളിയാർകണ്ടം**

ക്ളിയൻ എന്നയാളുടെ നേതൃത്വത്തിൽ ഈ പ്രദേശത്തുണ്ടായിരുന്ന തോടിന്റെ കരയിൽ ആദിവാസികൾ താമസമാക്കി. തോടിന് ക്ളിയാർ എന്ന പേരുണ്ടായി. ക്ളിയാർ ലോപിച്ച് കിളിയാർ ആകുകയും വ്യാപകമായി പാടശേഖരങ്ങൾ നിർമ്മിച്ചപ്പോൾ കിളിയാർകണ്ടം എന്നാകുകയും ചെയ്തു.

**ദൈവം മേട്**

മേലെ ചിന്നാറിനു മുകളിൽ തോപ്രാംകുടിയ്ക്കു വടക്ക് ഉയരം കൂടിയ പ്രദേശമായതിനാൽ ജനങ്ങൾ ദൈവം മേട് എന്നു വിളിച്ചു വന്നു.

**പടമുഖം**

ചേര രാജാക്കന്മാരും ചോള രാജാക്കന്മാരും അഭിമുഖമായി തോടിന്റെ ഇരുകരകളിലുമായി നിന്ന് യുദ്ധം ചെയ്തതിനാൽ പടമുഖം എന്ന് പേരുണ്ടായി എന്നും മുരിക്കൻ എന്ന ആദിവാസിയുടെ നേതൃത്വത്തിലുള്ള മുതുവാന്മാരും വാത്തിക്കുടി ഭാഗത്തുണ്ടായിരുന്ന മന്നാൻമാരും തമ്മിലുള്ള കുടി പക ഏറ്റുമുട്ടലിൽ കലാശിച്ചു. ഏറ്റുമുട്ടലിന്റെ രംഗഭൂമി പടമുഖം എന്ന് അറിയപ്പെട്ടതായും പറയപ്പെടുന്നു.

**മേലെ ചിന്നാർ**

ഇരട്ടയാറും കല്ലാറും കൂടി ചേർന്ന പെരിയാറിന്റെ പോഷക നദി ആദ്യ ഘട്ടത്തിൽ ചിന്നയാർ എന്നറിയപ്പെട്ടു. ചിന്നയാർ ലോപിച്ച് പിന്നീട് ചിന്നാറായി മാറുകയും ഈ ആറ്റുതീരത്ത് ചിന്നാർ എന്ന പേരിൽ ഒരു വാണിജ്യ കേന്ദ്രം ക്രമേണ രൂപപ്പെട്ടു വരുകയും പ്രസ്തുത ഭൂവിഭാഗത്തിന്റെ ഏറ്റവും മേൽഭാഗത്തുള്ള പുഴയോര ഗ്രാമം മേലെചിന്നാർ എന്നറിയപ്പെടുകയും ചെയ്തു.

**കള്ളിപ്പാറ**

പാറയുടെ ഇടയിൽ കള്ളിച്ചെടി നിന്നിരുന്നതിനാൽ സമീപ പ്രദേശങ്ങൾ കള്ളിപ്പാറ എന്നറിയപ്പെടുന്നു.

**തേക്കിൻതണ്ട്**

കുന്നിൻപ്രദേശങ്ങളിൽ ധാരാളം തേക്ക് മരങ്ങൾ ഉണ്ടായിരുന്നതിനാൽ തേക്കിൻതണ്ട് എന്ന് പേരുണ്ടായി.

**രാജമുടി**

ക്രിസ്ത്യൻദേവാലയമായ 'ക്രിസ്തു രാജ് ചർച്ച്' സ്ഥാപിക്കപ്പെട്ടതുമുതൽ രാജമുടി എന്ന് പേരു വന്നു.

**പതിനാറാംകണ്ടം**

പതിനാറുസ്ഥലങ്ങളിലായി കാണപ്പെട്ട നെല്പാടങ്ങളിൽ നെൽകൃഷി വ്യാപകമായപ്പോൾ ഈ മേഖല ഉൾപ്പെട്ട പ്രദേശം പതിനാറാം കണ്ടം എന്ന് വിളിക്കപ്പെട്ടു.

**ചെമ്പകപ്പാറ**

പാറയുടെ മുകളിൽ ചെമ്പകമരം നിന്നിരുന്നതിനാൽ കർഷകയോഗം നടത്താൻ വേണ്ടി തെരഞ്ഞെടുത്ത സ്ഥലം ചെമ്പകപ്പാറ എന്നു വിളിക്കപ്പെട്ടു.

**നേർച്ചപ്പാറ**

വന്യമൃഗങ്ങളിൽ നിന്ന് രക്ഷനേടുന്നതിനു വേണ്ടി ആനയുടെ രൂപമുണ്ടാക്കി പാറയുടെ മുകളിൽ പ്രതിഷ്ഠിച്ച് വഴിപാടുകൾ അർപ്പിച്ച സ്ഥലം നേർച്ചപ്പാറ എന്നറിയപ്പെട്ടു. ആദിവാസി ക്ഷേത്രം നേർച്ചപ്പാറയിലുണ്ട്.

(അവലംബം- നാട്ടറിവ്)

# കൃഷി ജലസേചനം

## ഭൂപ്രകൃതി

പശ്ചിമഘട്ടത്തിൽ ആനമുടിയ്ക്ക് തെക്കുപടിഞ്ഞാറായി കിടക്കുന്ന കുന്നും മലകളും പാറക്കെട്ടുകളും താഴ്‌വരകളും പുഴയോരങ്ങളും ഉൾക്കൊള്ളുന്നതാണ് വാത്തിക്കുടി ഗ്രാമപഞ്ചായത്ത്. പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിൽ കൂടി കിഴക്കു നിന്നു പടിഞ്ഞാറോട്ടു ചിന്നാർപുഴ ഒഴുകുന്നു. സമുദ്ര നിരപ്പിൽ നിന്നും 1050 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഈ പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗം പെരിയാർ നദിയും തെക്കു ഭാഗം ഉപ്പുതോട് തോടും കിഴക്കു ഭാഗം നെടുങ്കണ്ടം ഇരട്ടയാർ ഗ്രാമപഞ്ചായത്തുകളുടെ അതിർത്തിയോടനുബന്ധിച്ചുള്ള മലയോര പാതകളുമാണ്. മേലേചിന്നാർ, ബഥേൽ, ചെമ്പകപ്പാറ, ചിന്നാർ, പെരിയാർവാലി എന്നീ പ്രദേശങ്ങൾ ചിന്നാർ പുഴയുടെ തീര ദേശങ്ങളിൽ സ്ഥിതി ചെയ്യുന്നു. ഇവ പൊതുവെ ഫലഭൂയിഷ്ഠമായതും താഴ്ന്നതുമായ പ്രദേശങ്ങളാണ്.

കള്ളിപ്പാറ, ദൈവം മേട് നേർച്ചപ്പാറ പ്രദേശങ്ങൾ ഏറ്റവും ഉയരം കൂടിയ സ്ഥലങ്ങളാണ്. മുകൾ ഭാഗം നിരപ്പോടു കൂടിയതും വിസ്തൃതിയുള്ളതുമാണ്. ഈ മേഖലകളിൽ നിരന്തരമായ മണ്ണൊലിപ്പ് ഫലഭൂയിഷ്ഠി നഷ്ടപ്പെടുത്തിയിട്ടുണ്ട്. മുരിയ്ക്കാശ്ശേരി, പടമുഖം, ഉപ്പുതോട്, വാത്തിക്കുടി തോപ്രാൻകുടി എന്നീ പ്രദേശങ്ങൾ പൊതുവെ താഴ്‌വര പ്രദേശങ്ങൾ എന്നു പറയാം. ഈ പഞ്ചായത്തിൽ ഉയർന്ന മേഖലകളിലും താഴ്ന്ന മേഖലകളിലും വ്യത്യസ്തമായ കാലാവസ്ഥയാണ് ഉള്ളത്. ഉയർന്ന പ്രദേശങ്ങളിൽ വേനൽകാറ്റും മഴക്കാറ്റും സർവ്വസാധാരണമാണ്.

ആകെ ഭൂമിയുടെ വിസ്തീർണ്ണം 80.9 ച: കി: മി. ആണ്.

### ജലലഭ്യത

പ്രധാനമായും മഴയെ ആശ്രയിച്ചാണ് കൃഷി ചെയ്യുന്നത്. വർഷത്തിൽ 6,7 മാസക്കാലം മഴ ലഭിയ്ക്കാറുണ്ട്. മറ്റു ജല സ്രോതസ്സുകൾ തോടുകളും ചെറിയ കുളങ്ങളുമാണ്. വേനൽകാലമായാൽ തോടുകൾ മിക്കവയും വറ്റിപോകുന്നവയാണ്.

തോടുകളോടു ചേർന്നുള്ള പാടശേഖരങ്ങളിൽ രണ്ടു കൃഷിവരെ ചെയ്യുവാനെ കഴിയുന്നുള്ളൂ. പഞ്ചായത്തിന്റെ അതിർത്തിയിൽ കൂടി ഒഴുകുന്ന പുഴയിലും വേനൽകാലത്ത് ജലം വളരെ കുറവാണ്. കുന്നിൻ ചെരുവുകളിലും ആറ്റ് തീര പ്രദേശങ്ങളിലും നാണ്യവിളകളാണ് പ്രധാനമായും കൃഷി ചെയ്യുന്നത്. റബർ, കുരുമുളക്, തെങ്ങ്, കാപ്പി, കൊക്കോ, കമുക് എന്നീ ദീർഘകാല വിളകളും കപ്പ, ചേന, കാച്ചിൽ, ചേമ്പ് എന്നീ ഹൃസ്വകാല വിളകളും കൃഷി ചെയ്യാറുണ്ട്. ജാതി, ഗ്രാമ്പു, ഏലം, ഇഞ്ചി, മഞ്ഞൾ എന്നീ സുഗന്ധ വിളകളും കൃഷി ചെയ്തു വരുന്നു.

### കാലാവസ്ഥ

ഈ പഞ്ചായത്തിൽ ശരാശരി 160 സെ. മി. മഴ ലഭിക്കാറുണ്ട്. അന്തരീക്ഷ താപനില മഴക്കാലങ്ങളിൽ സംസ്ഥാന ശരാശരിയെക്കാൾ താഴെയാണ്. ഈ പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളായ കള്ളിപ്പാറ, നേർച്ചപ്പാറ, ദൈവംമേട് എന്നിവിടങ്ങളിൽ മറ്റു സ്ഥലത്തേക്കാൾ ഊഷ്മാവും അന്തരീക്ഷ മർദ്ദവും കുറവാണ്. ഈ കാരണങ്ങൾ കൊണ്ട് പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ ഒരേ സമയത്ത് വ്യത്യസ്ത കാലാവസ്ഥ അനുഭവപ്പെടുന്നു. വേനൽകാലചൂട് സംസ്ഥാന ശരാശരിക്ക് ഒപ്പമാണ്. വേനൽകാലങ്ങളിൽ തമിഴ്നാട്ടിൽ നിന്ന് വീശുന്ന വരണ്ടകാറ്റ് പഞ്ചായത്തിലെ ഉയർന്ന മേഖലകളെ ബാധിയ്ക്കാറുണ്ട്. പ്രധാനമായും കാലവർഷമാണ് ഈ പഞ്ചായത്തിൽ ലഭിക്കാറുള്ളത് തുലാവർഷത്തിന്റെ ലഭ്യത കുറവായതുകൊണ്ട് വേനൽകാലങ്ങളിൽ വരൾച്ചയും ഉണ്ടാകാറുണ്ട്. വർഷകാലത്തുണ്ടാകുന്ന കാറ്റാണ് കൂടുതൽ നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നത്.

### ജൈവസമ്പത്ത്

വൈവിധ്യമാർന്ന ജൈവസമ്പത്തുകൊണ്ട് അനുഗ്രഹീതമായിരുന്നു കുടിയേറ്റകാലയളവിൽ ഈ പ്രദേശം. ഏലക്കാടുകളും മരക്കാടുകളും പുൽമേടുകളും അന്നത്തെ പ്രത്യേകതകളായിരുന്നു. ഈട്ടി, തേക്ക്, ആഞ്ഞിലി, വെൺ തേക്ക്, മരുത്, ഇലവ്,

പുന്നപ്പ, ചേല, കമ്പകം, പത്രി തുടങ്ങിയ വൃക്ഷങ്ങൾകൊണ്ടും അപൂർവ്വ പുൽമേടുകൾ കൊണ്ടും നിറഞ്ഞതായിരുന്നു. ഈ മേഖല. അതുപോലെ കാട്ടുപോത്ത്, ആന, കരടി, മുള്ളൻപന്നി, കാട്ടുപന്നി, കേഴ, മ്ളാവ്, കരിമന്തി, വെള്ളകുരങ്ങ്, ഉടുമ്പ്, മലമ്പാമ്പ്, മുയൽ, കൂരൻ, വെരുക്, കാട്ടുപാക്കാൻ, മരപ്പട്ടി, മലയണ്ണാൻ, ആമ, ഈനാംപേച്ചി എന്നീ മൃഗങ്ങളും പുകവിഴുങ്ങി പക്ഷി, മൈന, തത്ത, മലംപ്രാവ്, പാറയാത്തൻ എന്നീ പക്ഷികൾ കൊണ്ടും സമൃദ്ധമായിരുന്നു ഈ പ്രദേശം. എന്നാൽ ഇന്ന് ഇവയിൽ പലതും നാമാവശേഷമായിട്ടുണ്ട്.

## മനുഷ്യവിഭവം

1996-ലെ സർവ്വേ പ്രകാരം ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യ 31480 ആണ്. ഇതിൽ പുരുഷൻമാർ 15879-തും സ്ത്രീകൾ 15601ഉം ആണ്. സ്ത്രീകളേക്കാൾ 278 പുരുഷന്മാർ കൂടുതലുണ്ട്. ജനസംഖ്യയിൽ 95% പേരും കൃഷിയും അനുബന്ധ മേഖലയുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരാണ്. ഉന്നത വിദ്യാഭ്യാസം ലഭിച്ചവർ വളരെ കുറവാണ്. 60% ആളുകളും സാമാന്യ വിദ്യാഭ്യാസം ലഭിച്ചവരാണ്. സാക്ഷരതാ പ്രവർത്തനത്തിന്റെ ഫലമായി 83% ആളുകളും എഴുത്തും വായനയും അറിയാവുന്നവരാണ്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ തൊഴിൽ പരിശീലന കേന്ദ്രങ്ങളോ ഇവിടെ ഇല്ലാത്തതു കൊണ്ട് സങ്കേതിക ജ്ഞാനമുള്ളവരും തൊഴിൽ പരിശീലനം ലഭിച്ച വിദഗ്ധരരും കുറവാണ്. ചെറുകിട നാമമാത്ര കർഷകരാണ് ഇവിടെ ഭുരിപക്ഷവും. മുൻപ് ഏലത്തോട്ടങ്ങളുമായി ബന്ധപ്പെട്ട് തോട്ടം തൊളിലാളികൾ ഇവിടെയുണ്ടായിരുന്നെങ്കിലും ഇപ്പോൾ ഏലത്തോട്ടങ്ങളെല്ലാം ചെറുകിട കൈവശഭൂമികളാണ്. കാർഷിക രംഗത്ത് സ്ത്രീ പങ്കാളിത്തം പൊതുവെ കുറവാണ്. സ്ത്രീകൾ കൂടുതൽ ശ്രദ്ധിക്കുന്നത് മൃഗ സംരക്ഷണ മേഖലയാണ്. നാണ്യവിളകളുടെ വിലയിടിവും കുറഞ്ഞ ഉദ്പാദന ക്ഷമതയും കൃഷിക്കാരെ കൂടുതൽ ദരിദ്രരാക്കിക്കൊണ്ടിരിക്കുന്നു. ചെറുകിട നാമമാത്ര കൃഷിക്കാർ ക്രമേണ കാർഷികതൊഴിലാളികൾ ആയിക്കൊണ്ടിരിക്കുന്നു. കാർഷിക രംഗത്തെ പുനരുദ്ധാരണത്തിലൂടെയേ പഞ്ചായത്തിന്റെ മുഖഛായ മാറ്റാൻ കഴിയുകയുള്ളൂ.

## കൃഷിയും ജലസേചനവും

തികച്ചും കാർഷികപ്രാധാന്യമുളള പഞ്ചായത്താണ് വാത്തിക്കുടി ഗ്രാമ പഞ്ചായത്ത്. ചെറുതും വലുതുമായ താഴ്വരകളും ഉയർന്ന കുന്നിൻ പ്രദേശങ്ങളും കുത്തനെയുള്ള ചെരിവുകളുമാണ് ഈ പ്രദേശത്തിന്റെ പ്രത്യേകത. കുന്നിൻ മുകൾഭാഗം നിരപ്പ് പ്രദേശമാണ്. ഉടുമ്പൻചോല-താലൂക്കിൽ വാത്തിക്കുടി വില്ലേജും ഉപ്പുതോടുവില്ലേജിന്റെ ഏതാനും ഭാഗങ്ങളും കൂടിച്ചേർന്നതാണ് വാത്തിക്കുടി ഗ്രാമ പഞ്ചായത്ത്. 1950-1960 കാലഘട്ടങ്ങളിൽ കുടിയേറിയ കുടിയേറ്റ കൃഷിക്കാരാണ് ഇവിടെ അധിവസിക്കുന്നത്. ആദ്യഘട്ടത്തിൽ വൻതോതിൽ വനഭൂമികളും പുൽമേടുകളും വെട്ടിത്തെളിച്ചാണ് ഇവിടെ കൃഷിയിറക്കിയത്. ഇവിടുത്തെ ആദ്യകാല കൃഷികൾ കരയിൽ വിളയുന്ന നെല്ല്, മരച്ചീനി, തെരുവ, ചേമ്പ്, ചേന,കാച്ചിൽ, എന്നിവയായിരുന്നു. നെൽകൃഷിക്കും കപ്പക്കും കാട്ടു മൃഗങ്ങളിൽനിന്നുള്ള ശല്യങ്ങൾ നേരിട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ തെരുവ കൃഷിക്ക് പ്രാധാന്യമുണ്ടായിരുന്നു. നട്ടുച്ചയ്ക്കുപോലും ആളുകളെ തിരിച്ചറിയാൻ കഴിയാതിരുന്ന മഞ്ഞ് ആ കാലത്തെ സവിശേഷതയായിരുന്നു. ആദ്യകാല ഏലത്തോട്ടങ്ങളിൽ ജോലി ചെയ്തിരുന്നവർ തമിഴ് നാട്ടുകാരായ തൊഴിലാളികളായിരുന്നു. എന്നാൽ 1975 ആരംഭത്തോടുകൂടി ഏലത്തോട്ടങ്ങൾ മുഴുവൻ വെട്ടിത്തെളിച്ച് ചെറുകിട കൃഷിയിടങ്ങളായി മാറി.ഹ്രസ്വകാല വിളകളായിരുന്നു ആദ്യകാലങ്ങളിൽ കൃഷിചെയ്തിരുന്നത്. പിന്നീടു നാണ്യവിളകളിലേക്കു ശ്രദ്ധ തിരിഞ്ഞു. കഴിഞ്ഞകാലങ്ങളിൽ ഈ പ്രദേശത്തെ കൃഷിക്കാർ കൃഷി ചെയ്തിരുന്ന മുഖ്യനാണ്യ വിള കുരുമുളകാണ്. അതോടൊപ്പം തെങ്ങ്, കമുക്, കാപ്പി, റബ്ബർ കൃഷികളും വ്യാപകമായി 1980 ആരംഭത്തോടു കൂടി കൊക്കൊ കൃഷി പ്രചാരത്തിൽ വന്നു. സമ്മിശ്ര കൃഷി രീതിയാണ് ഈ പഞ്ചായത്തിലുള്ളത്. കുടിയേറ്റക്കാർ വ്യാപകമായി ചെയ്തിരുന്ന പുൽതൈലം (തെരുവ) ഇപ്പോൾ ആരും കൃഷി ചെയ്യുന്നില്ല. തൊഴിലാളികളുടെ ദൗർലഭ്യവും ഉല്പാദന ചെലവിൽ ഉണ്ടായ വർദ്ധനവും നാണ്യവിളകളിലേയ്ക്കുള്ള കർഷകരുടെ മാറ്റവുമാണ് ഇതിന് കാരണം. കുടിയേറ്റ കാലം മുതൽ വർഷങ്ങളോളം ഇവിടെ കൃഷിയ്ക്ക് യാതൊരു വിധ വളങ്ങളും ഉപയോഗിച്ചിരുന്നില്ല. എങ്കിലും നല്ല വിളവ് കിട്ടുമായിരുന്നു. മണ്ണൊലിപ്പു മൂലം മണ്ണിന്റെ ഫലഭൂയിഷ്ടി നഷ്ടപ്പെട്ട

തുകൊണ്ട് ഇപ്പോൾ ധാരാളം രാസജൈവവളങ്ങൾ ഉപയോഗിക്കുന്നുണ്ട്. പഞ്ചായത്തിൻെറ മിക്ക മേഖ ലകളിലും റബ്ബർ കൃഷി ചെയ്തുവരുന്നു. വളരെ കുറച്ചു കൃഷിക്കാർക്ക് മാത്രമാണ് ഇവിടെ പട്ടയ മുള്ളത്. ആയതുകൊണ്ട് കാര്യമായ വായ്പകളും സഹായ പദ്ധതികളും കൃഷിക്കാർക്ക് ലഭിക്കുന്നില്ല. മണ്ണു പരിശോധനയും കാലാവസ്ഥ പ്രത്യേകതയും മനസ്സിലാക്കാതുള്ള കൃഷി രീതികളും ഉല്പാദനം ഗണ്യമായി കുറച്ചു കാലാവസ്ഥയിലുണ്ടാകുന്ന പൊരുത്തക്കേടുകൾ ആശാസ്ത്രീയമായ കൃഷിരീതികൾ, കൃഷിക്ക് ഉപയോഗിക്കുന്ന നല്ല വിത്തിനങ്ങളുടെ അഭാവം, കീടങ്ങളുടെ ശല്യം, ഉല്പന്നങ്ങളുടെ വിലയിടുവ്, കൃഷിയോടുള്ള താല്പര്യകുറവ് ഇവയെല്ലാം ഉല്പാദനക്കുറവിന് കാരണമായി.

## ഭൂമി സംബന്ധിച്ചുള്ള വിവരണം

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 168 ഹെക്ടർ |
| പുരയിടം | 6112 ഹെക്ടർ |
| പുറമ്പോക്ക് | Nil |
| കൃഷിയോഗ്യ തരിശ് | Nil |
| കൃഷിയോഗ്യമല്ലാത്ത തരിശ് | Nil |
| ആകെ | 6280 ഹെക്ടർ |

### പ്രധാന വിളകൾ

കുരുമുളക്, റബ്ബർ, കൊക്കൊ, കാപ്പി,തെങ്ങ്, കമുക്, ഏലം എന്നിവയാണ്. കൂടാതെ ഇഞ്ചി, മഞ്ഞൾ, കപ്പ, നെല്ല്, ചേന, ചേമ്പ്, കാച്ചിൽ, പയറുവർഗ്ഗങ്ങൾ, പച്ചക്കറികൾ, വാഴ എന്നിവയും കൃഷിചെയ്യുന്നുണ്ട്. കൂടുതൽ കൃഷി സ്ഥലങ്ങളിലും ഇവ സമ്മിശ്രമായി കൃഷി ചെയ്തുവരുന്നു.

### കുരുമുളക്

കറുത്ത പൊന്ന് എന്നറിയപ്പെട്ടിരുന്ന കുരുമുളകാണ് ഇവിടുത്തെ ഏറ്റവും പ്രധാന കൃഷി. ആദ്യഘട്ടങ്ങളിൽ കുരുമുളക് കൃഷിയിൽ നിന്ന് നല്ല വിളവ് ലഭിച്ചിരുന്നു. അമിതമായ മണ്ണൊലിപ്പുമൂലം മണ്ണിൻെറ ഫലഭുഷ്ടി നഷ്ടപ്പെട്ടതുകൊണ്ടും രോഗ കീടബാധകൾകൊണ്ടും കാലാവസ്ഥയിലുണ്ടാകുന്ന മാറ്റം കൊണ്ടും ഇതിൻെറ ഉല്പാദനം ഗണ്യമായി കുറഞ്ഞു. കരിമുണ്ട, നീലമുണ്ടി, ജീരകമുണ്ടി, പന്നിയൂർ-1, വെള്ളമുണ്ടി, മലമുണ്ടി, വട്ടമുണ്ടി, നാരായകൊടി എന്നിങ്ങനെ വിവിധയിനം കൊടികൾ ഇവിടെ കൃഷി ചെയ്തു വരുന്നു. കുരുമുളക് ചെടികൾ മാത്രമുള്ള കൃഷി തോട്ടങ്ങൾ ഉണ്ടെങ്കിലും സമ്മിശ്രമായിട്ടാണ് ഇപ്പോൾ കൃഷിചെയ്തു വരുന്നത്. ആദ്യകാലങ്ങളിൽ 1 ഏക്കർ സ്ഥലത്ത് നിന്നും 1000 മുതൽ 1500 വരെ കി.ഗ്രാം കുരുമുളക് ഒരു വർഷം ഉല്പാദിപ്പിക്കുവാൻ കഴിയുമായിരുന്നെങ്കിലും ഇപ്പോൾ ഇതിൻെറ ഉല്പാദനം ഗണ്യമായി കുറഞ്ഞു. വിവിധ ഇനം രോഗങ്ങൾ കുരുമുളക് ചെടിയെ ബാധിക്കുന്നുണ്ട്. ഇതിൽ പ്രധാനം ദ്രുതവാട്ടമെന്നരോഗമാണ്. ദ്രുതവാട്ടം മൂലം 10000 കണക്കിന് കുരുമുളക് ചെടികൾ നശിച്ചു പോയിട്ടുണ്ട്. ഇതൊരു ഫംഗസ് രോഗമാണ്. ശാസ്ത്രീയമായ രോഗ പ്രതിരോധമാർഗങ്ങളെ സംബന്ധിച്ചുള്ള കൃഷിക്കാരുടെ അജ്ഞതയും കൂട്ടായ പ്രതിരോധ മാർഗ്ഗങ്ങളുടെ അഭാവവും തെറ്റായ രീതിയിലുള്ള കീടനാശിനി രാസവളപ്രയോഗവും വ്യാപകമായി കൃഷി നാശം വിളിച്ചുവരുത്തി. കുരുമുളക് ചെടിയെ ബാധിക്കുന്ന മറ്റു രോഗങ്ങൾ സാവധാനവാട്ടം നിമാവിര എന്നിവയാണ്. വെള്ളം കെട്ടിക്കിടക്കുന്ന പ്രദേശങ്ങളിൽ കൂടുതലായി രോഗങ്ങൾ കാണുന്നു. പ്രധാനമായും ഉപയോഗിക്കുന്ന കുമിൾനാശിനി ബോർഡോ മിശ്രിതമാണ്.

### സാദ്ധ്യതകൾ

1. ജൈവരാസസമ്മിശ്രവളപ്രയോഗം ആവശ്യമാണ്.
2. ശാസ്ത്രീയ രോഗപ്രതിരോധ മാർഗ്ഗങ്ങൾ കൃഷിക്കാരെ പഠിപ്പിക്കണം.
3. പ്രത്യേക മേഖലകളിലായി തിരിച്ച് രോഗപ്രതിരോധ മാർഗ്ഗങ്ങളും വള പ്രയോഗവും കൂട്ടായി നടത്തണം.
4. നല്ലയിനം കുരുമുളകു വള്ളികൾ ഉപയോഗിക്കണം.
5. മണ്ണൊലിപ്പു തടയാനുള്ള ശ്രമങ്ങൾ നടത്തണം.

## വാത്തിക്കുടി ഗ്രാമപഞ്ചായത്ത് വിള വിസ്തീർണ്ണ രജിസ്റ്റർ

| | | |
|---|---|---|
| 1 | നെല്ല്1-ാം വിള | 168 ഹെക്ടർ |
| 2 | നെല്ല് 2-ാം വിള | 168 ഹെക്ടർ |
| 3 | നെല്ല് 3-ാം വിള | - |
| 4 | എള്ള് | - |
| 5. | പച്ചക്കറികൾ | 125 ഹെക്ടർ |
| 6 | തെങ്ങ് | 480 ഹെക്ടർ |
| 7. | വാഴ | 200ഹെക്ടർ |
| 8 | മരച്ചീനി | 250 ഹെക്ടർ |
| 9 | കുരുമുളക് | 3960. ഹെക്ടർ |
| 10 | പ്ലാവ് | 40 ഹെക്ടർ |
| 11 | കശുമാവ് | 25 ഹെക്ടർ |
| 12 | മാവ് 15 ഹെക്ടർ | - |
| 13 | റബർ | 274 ഹെക്ടർ |
| 14 | കമുക് | 292.ഹെക്ടർ |
| 15 | ഏലം | 250 ഹെക്ടർ |
| 16 | ഇഞ്ചി | 550 ഹെക്ടർ |
| 17 | മഞ്ഞൾ | 50 ഹെക്ടർ |
| 18 | തേയില | 60 ഹെക്ടർ |

### റബർ

വാത്തിക്കുടി പഞ്ചായത്തിൻെറ ചുരുക്കം ചില പ്രദേശങ്ങളിൽ കൃഷിചെയ്തുവരുന്നു. കുന്നിൻ പ്രദേങ്ങൾ ഒഴികെ മറ്റു മേഖലകളിലെല്ലാം റബ്ബർ കൃഷി ആദായകരമാണ്. നല്ല ചൂടും നല്ല മഴയും കിട്ടുന്ന കാലാവസ്ഥയാണ് റബ്ബർ കൃഷിക്ക് അനുയോജ്യം.

സമുദ്ര നിരപ്പിൽ നിന്നും 750 മീറ്റർ വരെ ഉയരമുള്ള പ്രദേശങ്ങൾ റബ്ബർ കൃഷിക്ക് യോജിച്ചതാണ്. ഈ പഞ്ചായത്തിലെ ചെമ്പകപ്പാറ.തേക്കിൻതണ്ട്, പൂമാംകണ്ടം, ഉപ്പുതോട്, ചിന്നാർ, പെരിയാർവാലി മേഖലകൾ റബ്ബർ കൃഷിക്ക് ഏറ്റവും ഉതകുന്നതുമായ മേഖലകളാണ്. എന്നാൽ കാലാവസ്ഥയിലുണ്ടാകുന്ന മാറ്റം വരും കാലങ്ങളിൽ റബ്ബർ കൃഷിയുടെ അനന്തസാദ്ധ്യതകളിലേയ്ക്കു വിരൽ ചൂണ്ടുന്നു. കൃഷിക്കാർക്കു പട്ടയമില്ലാത്തതു കൊണ്ട് റബ്ബർ ബോർഡിൽനിന്നും ബാങ്കുകളിൽനിന്നുമുള്ള സഹായ പദ്ധതികളും കാര്യമായി ലഭിക്കുന്നില്ല. ഇതിന് പരിഹാരം കാണേണ്ടതായിട്ടുണ്ട്.

#### സാദ്ധ്യതകൾ

1 ഗുണനിലവാരമുള്ള റബ്ബർതൈകൾ ലഭ്യമാക്കണം.

(2) മണ്ണു പരിശോധന നടത്തി മണ്ണിൻെറ ഘടനയ്ക്കനുസരിച്ച് ശാസ്ത്രീയ വളപ്രയോഗരീതികൾ നടപ്പാക്കണം. പട്ടയമില്ലാത്തവർക്കും റബ്ബർ ബോർഡിൻെറയും മറ്റു ഗവൺമെൻറ് സ്ഥാപനങ്ങളുടെയും സഹായ പദ്ധതികൾ ലഭ്യമാക്കണം.

### തെങ്ങ്

ഈ പഞ്ചായത്തിൽ എല്ലാ പ്രദേശത്തും തെങ്ങു കൃഷി ചെയ്തു വരുന്നുണ്ട്. ഉയർന്ന കുന്നിൻ പ്രദേശങ്ങളിൽ വിളവുമോശമാണ്. ആദ്യ കാലങ്ങളിൽ നല്ല ഉല്പാദനം തെങ്ങിൽ നിന്നും ലഭിച്ചിരുന്നു. താഴ്വര പ്രദേശങ്ങൾ പൊതുവെ തെങ്ങു കൃഷിക്ക് അനുയോജ്യമാണ്. സങ്കരയിനം തെങ്ങിൻ തൈകൾ പഞ്ചായത്തിൻെറ എല്ലാ മേഖലകളിലും നല്ല ഉല്പാദന ക്ഷമത കാണിക്കുന്നു. പ്രധാന ഇനങ്ങൾ നാടൻ, കുറ്റ്യാടി, കോമാടൻ, TXD, DXT. എന്നീ ഇനങ്ങളാണ്. ആദ്യ കാലങ്ങളിൽ ഗുണനിലവാരം കുറഞ്ഞ തെങ്ങിൻ തൈകൾ കൃഷി ചെയ്ത് കൃഷിക്കാർക്ക് ആദായം വളരെ കുറഞ്ഞു. മണ്ടചീയൽ, കാറ്റ് വീഴ്ച്ച, മഞ്ഞളിപ്പ്, എന്നിവ തെങ്ങിനെ ബാധിച്ചിരിക്കുന്ന രോഗങ്ങളാണ്. കൂടെക്കൂടെയുള്ള വില തകർച്ചയും തെങ്ങു കൃഷിയെ ആദായകരമല്ലാതാക്കി. മണ്ട ചീയൽ ആണ് തെങ്ങിനെ ബാധിക്കുന്ന പ്രധാന രോഗം. കുരുമുളക് ചെടിയ്ക്ക് ദ്രുതവാട്ടമുണ്ടാകുന്ന അതേ ഫംഗസ് തന്നെയാണ് ഇതിനുകാരണം. മണ്ണൊലിപ്പും അശാസ്ത്രീയമായ കൃഷിരീതികളും മണ്ണിൻെറ ജൈവഘടനയെ നശിപ്പിച്ചപ്പോൾ അമിതമായ രാസവള പ്രയോഗവും ഈ കൃഷിയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.

#### സാദ്ധ്യതകൾ

1 രോഗ പ്രതിരോധ മാർഗ്ഗങ്ങൾ ഊർജ്ജിതമാക്കണം.

| വാത്തിക്കുടി പഞ്ചായത്ത് തെങ്ങു കൃഷി സംബന്ധിച്ച വിവരം | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| തെങ്ങുകളുടെ എണ്ണം | | | | | രോഗം ബാധിച്ചത് | | | | |
| വിസ്തീർണ്ണം | കായ്ക്കാത്തത്. | കായ്ക്കുന്നത്. | ആകെ | റൂട്ട് വിൽറ്റ് | ലിഫ്റ്റ് റോട്ട് | ബഡ് റോട്ട് | സ്റ്റെം ബ്ളിഡിഗ് | മറ്റുള്ളവ | ആകെ |
| 480 ഹെക്ടർ | 42000 എണ്ണം | 42000 എണ്ണം | 84000 എണ്ണം | 10000 എണ്ണം | 20000 എണ്ണം | 19000 എണ്ണം | - - | - - | 45000 - |

2 കാറ്റു വീഴ്ച്ച വന്ന തെങ്ങുകൾ പൂർണ്ണമായും നശിപ്പിക്കണം.

3 വിശ്വസ്തതയുള്ള നഴ്സറികളിൽനിന്നും അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ ലഭ്യമാക്കണം.

4 ജൈവ വളങ്ങൾക്ക് മുൻ തൂക്കമുള്ള വിവിധ വള പ്രയോഗരീതികൾ ഊർജ്ജിതപ്പെടുത്തണം.

5 ശരിയായ രോഗപ്രതിരോധ മാർഗ്ഗങ്ങൾ കൂട്ടായി ചെയ്യുവാൻ കൃഷിക്കാരെ പ്രേരിപ്പിക്കണം.

## കൊക്കോ

വാത്തിക്കുടി പഞ്ചായത്തിൽ എല്ലാ മേഖലകളിലും കൊക്കോ നന്നായി കൃഷി ചെയ്തു വരുന്നു. 1970 കളുടെ അവസാനത്തോടുകൂടിയാണ് കൊക്കോ കൃഷി ഇവിടെ ആരംഭിക്കുന്നത്. ഈ കൃഷിക്ക് മറ്റു കൃഷിയേക്കാൾ ഉൽപാദന ചിലവ് വളരെ കുറവാണ്. ആയതു കൊണ്ട് കർഷകർക്കു പൊതുവെ ആദായകരമായ കൃഷിയാണ് കൊക്കോ. ഈ പഞ്ചായത്തിൽ വളരെയേറെ സാധ്യതകൾ കൊക്കോ കൃഷിയ്ക്ക് ഉണ്ട്. കൊക്കോ കായ്കളുടെ കൊഴിച്ചിൽ (പനിപ്പ്) കമ്പ് ഉണങ്ങൽ എന്നിവ പ്രധാന രോഗങ്ങളാണ്. പ്രധാന രോഗ പ്രതിരോധ മാർഗ്ഗം ബോർഡോ മിശ്രിതമാണ്.

### സാദ്ധ്യതകൾ

1 നല്ലയിനം കൊക്കോ തൈകൾ ലഭ്യമാക്കണം.

2 ആവശ്യമായ സമയങ്ങളിൽ ബോർഡോ മിശ്രിതം തളിക്കുവാൻ കഴിയണം.

3 ശാസ്ത്രീയ വളപ്രയോഗ രീതികൾ സ്വീകരിക്കണം.

4 വിപണന സൗകര്യം ഉണ്ടാവണം.

## കാപ്പി

വാത്തിക്കുടി പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും കൃഷി ചെയ്തു വരുന്നുണ്ട്. ഇവിടുത്തെ കാലാവസ്ഥ പൊതുവെ കാപ്പി കൃഷിയ്ക്ക് അനുയോജ്യമാണ്. റോബസ്റ്റ, അറബി, കാവേരി, മേട്ടുകാപ്പി എന്നീ ഇനങ്ങൾ ഇവിടെ കൃഷി ചെയ്തു വരുന്നു. CXR പോലുള്ള സങ്കര ഇനം കാപ്പി തൈകൾ ഇവിടെ പ്രചാരത്തിലില്ല. റോബസ്റ്റാ ഇനത്തിൽപെട്ട കാപ്പിച്ചെടി കൂടുതൽ ഉല്പാദന ക്ഷമതയും രോഗ പ്രതിരോധശേഷിയുമുള്ളതായി കണ്ടുവരുന്നു. മഴയെ ആശ്രയിച്ചാണ് കാപ്പിച്ചെടിയിൽ പരാഗണം നടക്കുന്നത്. ജലസേചന സൗകര്യമുണ്ടായിരുന്നങ്കിൽ കാപ്പിയുടെ ഉല്പാദനം വളരെയേറെ വർദ്ധിക്കുമായിരുന്നു. ശാസ്ത്രീയ വള കീടനാശിനികളുടെ പ്രയോഗ രീതിയുടെ കുറവും പ്രൂണിംഗിൻെറ അഭാവവും ഉല്പാദന ക്ഷമത ഗണ്യമായി കുറച്ചിട്ടുണ്ട്.

### സാദ്ധ്യതകൾ

1 റോബസ്റ്റാ, CXR ഇനത്തിൽപെട്ട ഗുണനിലവാരമുള്ള കാപ്പി തൈകളുടെ ലഭ്യത ഉറപ്പു വരുത്തണം.

2 പരമാവധി ജലസേചന സൗകര്യം ഉറപ്പു വരുത്തണം.

3 ശാസ്ത്രീയവള കീടനാശിനി പ്രയോഗ രീതിയിൽ കൃഷിക്കാർക്ക് അവബോധമുണ്ടാകണം.

4 നല്ല വില കിട്ടുവാൻ വേണ്ട വിപണന സൗകര്യം ഉറപ്പു വരുത്തണം.

നടീൽ വസ്തുക്കളുടെ വിവരണം

| | 1993-94 | 1994-95 | 95-96 |
|---|---|---|---|
| തെങ്ങ് | 200 | 645 | 500 |
| കശുമാവ് | - | - | - |
| കുരുമുളക് | 20000 | 50000 | 60000 |
| കമുക് | - | - | 245 |
| ജാതി | | 100 | 100 |
| ഗ്രാമ്പു | - | 400 | 400 |
| മാവ് | - | 15 | 60 |

**കമുക്**

കുടിയേറ്റ കാലം മുതൽ ഈ പഞ്ചായത്തിൽ കമുകു കൃഷി ചെയ്തു വരുന്നു. കഴിഞ്ഞ കാലങ്ങളിൽ കമുക് കൃഷി ആദായകരമായിരുന്നു. ഇപ്പോൾ വിവിധ രോഗങ്ങൾ കമുകു കൃഷിയെ ആകെ ബാധിച്ചിരിക്കുന്നു. പ്രധാന രോഗം മഹാളിയാണ്. തെങ്ങിന് മണ്ടചീയലും കുരുമുളക് ചെടിയ്ക്ക് ദ്രുതവാട്ടവും കമുകിന് മഹാളിയുമുണ്ടാക്കുന്നത് ഒരേയിനം കുമിളാണ്. ഇതിന് ബോർഡോ മിശ്രിതം തളിച്ചാൽ മതി. നാടൻ, മംഗള, കാസർ, ക്ലോഡൻ എന്നിവയാണ് പ്രധാന കമുകിനങ്ങൾ. കാലാവസ്ഥയിലുള്ള മാറ്റവും മണ്ണിന്റെ ഫലഭുഷ്ഠി കുറവും കമുകിന്റെ ഉല്പാദനം ഗണ്യമായി കുറച്ചു.

**സാദ്ധ്യതകൾ**

1 ഗുണ നിലവാരമുള്ള കമുകിൻ തൈകൾ ലഭ്യമാക്കണം.

2 രോഗപ്രതിരോധ മാർഗ്ഗങ്ങളെ സംബന്ധിച്ച് കൃഷിക്കാരെ ബോധവൽക്കരിക്കണം.

3 ന്യായ വില ഉറപ്പു വരുത്തുന്ന വിപണന സൗകര്യം ഉറപ്പു വരുത്തണം.

**ഏലം**

കുടിയേറ്റ കാലങ്ങളിൽ വൻ ഏലത്തോട്ടങ്ങൾ ഉണ്ടായിരുന്നുവെങ്കിലും ഇപ്പോൾ ഏലം മാത്രം കൃഷിചെയ്യുന്ന സ്ഥലങ്ങൾ ഇല്ല. മറ്റ് കൃഷികൾക്ക് ഒപ്പം ഇടവിളയായിട്ടാണ് ഏലം കൃഷി ചെയ്തുകൊണ്ടിരിക്കുന്നത്. ഏലകൃഷിക്കുള്ള സ്പൈസസ് ബോർഡിന്റെ സഹായങ്ങൾ എല്ലാ കൃഷിക്കാർക്കും കിട്ടുന്നില്ല. ശാസ്ത്രീയമായ വളപ്രയോഗ രീതികളും രോഗനിവാരണ മാർഗ്ഗങ്ങളും ഈ രംഗത്ത് ഉപയോഗപ്പെടുത്തുന്നില്ല. ഏലക്കായ് ഉണങ്ങുന്നതിനും സംഭരിച്ചു വയ്ക്കുന്നതിനും ഉള്ള സൗകര്യങ്ങൾ കുറവാണ്. വിലയുടെ കാര്യത്തിൽ വൻ ഇടത്തട്ട് ചൂഷണം ഈ രംഗത്ത് നടക്കുന്നുണ്ട്. കാലാകാലങ്ങളിൽ ഉണ്ടാകുന്ന വിലയിടിവും ഈ കൃഷിയെ ബാധിക്കുന്നുണ്ട്.

**സാദ്ധ്യതകൾ**

1. നല്ലയിനം ഏലതൈകൾ ലഭ്യമാക്കണം

2. ഉണങ്ങിയെടുക്കാനും സൂക്ഷിക്കാനും ഉള്ള സൗകര്യം ഉണ്ടാവണം

3. ശാസ്ത്രീയ വള കീടനാശിനി പ്രയോഗ രീതികൾ നടപ്പാക്കണം.

4. ചൂഷണ രഹിതമായ വിപണന സൗകര്യം ഉണ്ടാവണം.

5. സ്പൈസസ് ബോർഡിന്റെ സഹായം യഥാർത്ഥ സമയങ്ങളിൽ കർഷകർക്ക് ലഭ്യമാക്കണം.

**ഇഞ്ചി**

ഇഞ്ചി കൃഷി ഈ പഞ്ചായത്തിലെ പ്രധാന ഹ്രസ്വകാല ഇടവിളയാണ്. മാരൻ, ഹിമാലയൻ, നാടൻ, ബ്ളോക്ക്, എല്ലക്കല്ലൻ എന്നീ ഇനം ഇഞ്ചികളാണ് ഇവിടെ കൃഷി ചെയ്യുന്നത്. വിളവെടുപ്പ് കാലയളവിൽ വില കുറവായതു കൊണ്ട് കൃഷിക്കാർക്ക് ശരിയായ വില കിട്ടുന്നില്ല. ആദ്യകാലങ്ങളിൽ കാര്യമായ വളങ്ങൾ ഒന്നും ഉപയോഗിക്കാതെ തന്നെ നല്ല വിളവ് കിട്ടുമായിരുന്നു. എന്നാൽ ഇപ്പോൾ നല്ല നിലയിൽ ജൈവരാസവളപ്രയോഗം ആവശ്യമായി വന്നിരിക്കുന്നു. വിവിധയിനം രോഗങ്ങൾ ഇപ്പോൾ ഇഞ്ചികൃഷിയെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. ഫലപ്രദമായ നിവാരണമാർഗ്ഗങ്ങളുടെ അപര്യാപ്തത ഉൽപ്പാദനം കുറയ്ക്കുന്നുണ്ട്. അശാസ്ത്രീയമായ കൃഷിരീതികൾ മണ്ണൊലിപ്പിന് കാരണമാകുന്നു. സ്പൈസസ് ബോർഡിന്റെ സഹായം ഒന്നും ലഭിക്കുന്നില്ല കൃഷിഭവൻ വഴിയുള്ള നാമമാത്രമായ സഹായങ്ങൾ പലപ്പോഴും

അനർഹർ തട്ടിയെടുക്കുന്നു.

സാദ്ധ്യതകൾ

1. മണ്ണൊലിപ്പ് ഉണ്ടാകാത്ത ശാസ്ത്രീയ രീതിയിലുള്ള കൃഷിരീതികൾ സ്വീകരിക്കണം.

2. രോഗകീടബാധകൾക്ക് ഫലപ്രദമായ പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കണം.

3. സ്പൈസസ് ബോർഡിൻെറയും; കൃഷിഭവൻ വഴിയുള്ള സഹായങ്ങളിലെയും അപാകതകൾ പരിഹരിക്കണം.

## പ്ലാവ്

ആരംഭകാലം മുതൽ കൃഷിചെയ്തിരുന്ന വിളവൃക്ഷം ആണ് പ്ലാവ്. ഇതിൽ ഉണ്ടാകുന്ന ചക്ക പോഷക സമ്പുഷ്ടമായ ആഹാരമാണ്. മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് വൻതോതിൽ കയറ്റി അയയ്ക്കാൻ കഴിയുന്നതാണ്. ഇതിൻെറ തടി വില പിടിപ്പുള്ളതും വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതുമാണ്. വന നശീകരണത്തിൻെറ പ്രത്യാഘാതങ്ങളിൽ നിന്ന് ഒരു പരിധി വരെ ഈ മേഖലയെ സംരക്ഷിക്കുന്നത് പ്ലാവുകളാണ്. പ്ലാവുകൾ മണ്ണൊലിപ്പ് തടയുകയും കാറ്റിൻെറ ശല്യത്തിൽ നിന്ന് കൃഷിയിടങ്ങളെ സംരക്ഷിക്കുകയും ചെയ്യുന്നു. കാര്യമായ വളപ്രയോഗങ്ങളോ കീടനിവാരണ മാർഗ്ഗങ്ങളോ പ്ലാവിന് ആവശ്യമില്ല. ഇങ്ങനെ പരിശോധിച്ചാൽ കൃഷിക്കാർക്ക് ഏറ്റവും ലാഭകരമായ വൃക്ഷവിളയാണ് പ്ലാവ്. വൻ തോതിൽ പ്ലാവ് വെട്ടി ഇറക്കി പോയി.

സാദ്ധ്യതകൾ

1. നല്ല ഗുണ നിലവാരമുള്ള സങ്കരയിനം പ്ലാവിൻ തൈകൾ ലഭ്യമാക്കണം.

2. പ്ലാവിൻെറ ചക്കയ്ക്കും, കുരുവിനും വൻതോതിൽ വിപണന സാദ്ധ്യത ഉണ്ടാക്കണം.

മറ്റിനം = കശുമാവ്, മാവ്, പേര തുടങ്ങിയ വൃക്ഷങ്ങളും ഈ പഞ്ചായത്തിൽ വളരുന്നുണ്ട്. ഇതിൻെറയും ഉൽപാദനവും വിപണനവും ശാസ്ത്രീയമാക്കേണ്ടതായിട്ടുണ്ട്.

## ഇടവിളകൾ

കപ്പ, ചേന, ചേമ്പ്, കാച്ചിൽ, മധുരകിഴങ്ങ് എന്നീ ഇടവിളകൾ തുടക്കം മുതലേ വളരെ കൂടുതൽ കൃഷി ചെയ്തിരുന്നു. ഇപ്പോൾ കുറെയെല്ലാം കൃഷിചെയ്യുന്നുണ്ട്. ഇതിന് ഇപ്പോൾ നല്ല വില ലഭിക്കുന്നതുകൊണ്ട് ഇതിൻെറ ഉൽപാദനം വർദ്ധിപ്പിച്ചാൽ കൂടുതൽ സാമ്പത്തിക പുരോഗതി ഉണ്ടാക്കാൻ കഴിയും.

## പച്ചക്കറികൾ

പച്ചക്കറി കൃഷിയ്ക്ക് ഏറ്റവും അനുയോജ്യമായ മണ്ണും കാലാവസ്ഥയുമാണ് ഇവിടെയുള്ളത്. ചില പ്രദേശങ്ങളിൽ ആളുകൾ പച്ചക്കറി കൃഷി ചെയ്യുന്നുണ്ട്. തോപ്രാൻകുടി മേഖലയിൽ പാവൽ, പയർ തുടങ്ങിയവ വ്യാപകമായി കൃഷിചെയ്യുന്നു.

സാദ്ധ്യതകൾ

1. ആസൂത്രിതവും കൂട്ടായതുമായ കൃഷിരീതികൾ

2. അനാവശ്യമായ കീടനാശിനി പ്രയോഗം കുറയ്ക്കണം.

3. നല്ല വിത്തിനങ്ങൾ ലഭിക്കുവാൻ കഴിയണം.

4. ജൈവ കീടനാശികൾക്ക് പ്രാധാന്യം കൊടുക്കണം.

## നെല്ല്

ഈ പഞ്ചായത്തിൽ 168 ഹെക്ടർ സ്ഥലത്ത് പാടശേഖരങ്ങൾ ഉണ്ട്. മണ്ണിൻെറ ഫലഭൂഷ്ഠികുറവും അശാസ്ത്രീയമായ കൃഷിരീതികളും ഉൽപാദനം കുറച്ചിട്ടുണ്ട്. നെല്ലിൻെറ ഉൽപാദനം കൂട്ടാൻ കഴിയണം.

സാദ്ധ്യതകൾ

1. നല്ലയിനം വിത്തിനങ്ങൾ ലഭ്യമാക്കണം.

2. ശാസ്ത്രീയ വളപ്രയോഗവും കൃഷിരീതിയും സ്വീകരിക്കണം.

3. ശരിയായ രീതിയിൽ ഉള്ള കീടനാശിനി പ്രയോഗം സ്വീകരിക്കണം.

4. ജലസേചനസൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

## പഴവർഗ്ഗങ്ങൾ

വാഴ - ഇവിടെ കൃഷി ചെയ്യുന്നു. മുഖ്യയിനപഴവർഗ്ഗമായ വാഴകൃഷിയ്ക്ക് അനുയോജ്യമായ മണ്ണും കാലാവസ്ഥയുമാണ് ഈ പഞ്ചായത്തിൽ ഉള്ളത്. മഴക്കാലത്ത് കാറ്റ്

മൂലം ഉള്ള കൃഷിനാശം സാധാരണമാണ്.

സാദ്ധ്യതകൾ

1. ആസൂത്രിതവും സംഘടിതവുമായ കൃഷിരീതികൾ ആവശ്യമാണ്.

2. ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

3. ശാസ്ത്രീയ വള പ്രയോഗവും കീടനാശിനി പ്രയോഗവും കൃഷിക്കാരെ പഠിപ്പിക്കണം.

4. വിപണന സൗകര്യം ഉണ്ടാവണം.

### വളം

ആദ്യകാലങ്ങളിൽ ജൈവവളങ്ങൾ കൊണ്ട് മണ്ണ് സമ്പുഷ്ടമായിരുന്നതുകൊണ്ട് യാതൊരു വിധ പുറം വളങ്ങളും ഉപയോഗിയ്ക്കാതെ നല്ല വിളവ് ഉണ്ടാക്കാൻ കഴിയുമായിരുന്നു. മണ്ണൊലിപ്പ് മൂലം മണ്ണിൻെറ മേൽമണ്ണ് ആകെ നഷ്ടപ്പെടുകയും ജൈവവളങ്ങൾ തീരെ മണ്ണിൽ ഇല്ലാതാവുകയും ജൈവഘടനയിൽ തന്നെ മാറ്റം വരുകയും ചെയ്തിട്ടുണ്ട്. അതിനാൽ ജൈവരാസവളങ്ങളുടെ ഉപയോഗം ഇപ്പോൾ അനിവാര്യമായിരിക്കുന്നു.

പ്രധാനമായി ഉപയോഗിക്കുന്ന ജൈവവളങ്ങൾ. ചാണകം, കമ്പോസ്റ്റ്, വേപ്പിൻപിണ്ണാക്ക് പച്ചില എന്നിവയാണ്. രാസവളങ്ങളുടെ അമിതമായ ഉപയോഗം മണ്ണിൻെറ ഘടനയിൽ മാറ്റം വരുത്തുകയും ഗണ്യമായ ഉൽപാദനകുറവിന് കാരണമാവുകയും ചെയ്തു. ജൈവവളങ്ങൾ കൂടുതലായി ഉപയോഗിച്ച് മണ്ണിൻെറ ജൈവഘടന സമ്പുഷ്ടമാക്കിയെങ്കിൽ മാത്രമെ മെച്ചപ്പെട്ട ഉൽപാദനം ഉണ്ടാവുകയുള്ളൂ. പഞ്ചായത്തിൽ സഹകരണ മേഖലയിൽ രണ്ടും സ്വകാര്യമേഖലയിൽ മൂന്നും വള കീടനാശിനി വിതരണ കേന്ദ്രങ്ങൾ ഉണ്ട്. ജൈവവള-ജീവാണുവള നിർമ്മാണശാലകൾ ഒന്നും തന്നെയില്ല.

**കീടനാശിനികൾ** - വിവിധയിനം രാസകീടനാശിനികൾ ഈ പ്രദേശത്ത് പ്രയോഗിക്കുന്നുണ്ട്. ശാസ്ത്രീയമല്ലാത്ത കീടനാശിനി പ്രയോഗം, പലപ്പോഴും പല വിധത്തിൽ ഉള്ള പരിതസ്ഥിതി പ്രശ്നവും ഭഷ്യവിഷബാധയും ഉണ്ടാക്കുന്നു. ഇത് പരിഹരിക്കപ്പെണം

### കൃഷിഭവൻ

വാത്തിക്കുടി പഞ്ചായത്തിൽ മുരിക്കാശ്ശേരിയിൽ സ്ഥിതിചെയ്യുന്ന കൃഷി ഭവൻ 1987 സെപ്റ്റംബർ 1-ന് ആണ് പ്രവർത്തനം ആരംഭിച്ചത്. കൃഷി ഭവനിൽ മിക്കപ്പോഴും ഒരു കൃഷി ആഫീസർ മാത്രമാണ് ഉള്ളത്. സ്റ്റാഫിൻെറ കുറവ് പലപ്പോഴും ഇതിൻെറ പ്രവർത്തനങ്ങളെ ബാധിക്കാറുണ്ട്. കൃഷിഭവൻെറ പ്രവർത്തനം കാര്യക്ഷമമാക്കണം. കുരുമുളക് സമിതി, കേരസമിതി, പാടശേഖര സമിതി എന്നിവ കൃഷിഭവനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു.

### കുരുമുളക് വികസനസമിതികൾ

പഞ്ചായത്തിൽ 13 കുരുമുളക് വികസന സമിതികളിലായി 5321 അംഗങ്ങൾ ഉണ്ട്. ഇതിൻെറ പ്രവർത്തനങ്ങൾ ഉദ്ദേശ - ലക്ഷ്യങ്ങൾക്കനുസൃതമാണെന്ന് പറയുവാൻ കഴിയുകയില്ല.

### കേരസമിതി

പഞ്ചായത്തിൽ ഒരു കേരവികസനസമിതി പ്രവർത്തിക്കുന്നുണ്ട്. ഓരോ പഞ്ചായത്ത് വാർ

| രാസവള വിപണനം | വാത്തിക്കുടി പഞ്ചായത്ത് | | |
|---|---|---|---|
| സ്ഥാപനത്തിൻെറ പേര് | 1993-94 | 1994-95 | 1995-96 |
| മുരിക്കാശ്ശേരി S.C.B. | 360 ടൺ | 400 ടൺ | 400 ടൺ |
| തോപ്രാംകുടി S.C.B. | 150 ടൺ | 300 ടൺ | 200 ടൺ |
| സ്വകാര്യം<br>റ്റി. എ. സെബാസ്റ്റ്യൻ | 15 ടൺ | 10 ടൺ | 10 ടൺ |
| പി. ഡി. കൃഷ്ണൻകുട്ടി | 300 ടൺ | 450 ടൺ | 500 ടൺ |
| എം. എം. ജോൺ | 15 ടൺ | 10 ടൺ | 25 ടൺ |

ഡിൽ നിന്നും ഓരോ അംഗങ്ങൾ വീതം ഭരണ സമിതിയിൽ അംഗങ്ങളായിട്ടുണ്ട്. ഈ സമിതിയുടെ പ്രവർത്തനം കൊണ്ട് കൃഷിക്കാർക്ക് കാര്യമായ ഗുണങ്ങൾ ഒന്നും ലഭിക്കുന്നില്ല. ഇതിൻെറ പ്രവർത്തനം ചിട്ടപ്പെടുത്തേണ്ടതുണ്ട്.

## പാടശേഖര സമിതി

ഈ പഞ്ചായത്തിൽ 7 പാടശേഖരസമിതികളിലായി 709 പേർ അംഗങ്ങളായിട്ടുണ്ട്. 168 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നുണ്ട്. ഇതിൻെറ പ്രവർത്തനങ്ങൾ തൃപ്തികരമായ നിലയിൽ അല്ല. പല മേഖലകളിലും പാടങ്ങൾ നികത്തി ഇഞ്ചി, കപ്പ മുതലായ കൃഷികളും നാണ്യവിളകളും കൃഷി ചെയ്തു വരുന്നു. നെൽകൃഷി പലപ്പോഴും നഷ്ടമാകുന്നതാണ്, മറ്റ് കൃഷികളിലേയ്ക്ക് കൃഷിക്കാർ തിരിയുന്നത്.

### ഇഞ്ചികൃഷി വികസനം

കൃഷിഭവൻ വഴി ഇഞ്ചികൃഷി വികസനത്തിനാക്കി 280 പേർക്കായി 14000 രൂപാ സബ്സിഡി ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

### കാർഷികോപകരണങ്ങൾ

1996-വരെ കൃഷി ഭവൻ വഴി 60 റോക്കർ സ്പ്രെയറുകളും 8 തെങ്ങ്കയറ്റയന്ത്രവും 5 നാച്ച് സ്പ്രെയറും 1 മെതി യന്ത്രവും വിതരണം ചെയ്തിട്ടുണ്ട്.

### കൂലി നിരക്ക്

പ്രധാനമായി കാർഷിക മേഖലയിയിൽ പണിയെടുക്കുന്ന കൂലിപണിക്കാരാണ് അധികവും. ടിമ്പർ, പാറപ്പണി,ഈർച്ച, മേസ്തിരിപ്പണി, മരപ്പണി, എന്നിവയാണ് മറ്റ് മേഖലകൾ. സ്ത്രീകളെക്കാൾ കൂടുതൽ പുരുഷൻമാർ ആണ് തൊഴിലെടുക്കുന്നത്.

| കൂലി നിരക്ക് | | |
|---|---|---|
| തൊഴിൽ മേഖല | പുരുഷൻമാർ | സ്ത്രീ. |
| കർഷകത്തൊഴിലാളി | 60 | 40 |
| ടിമ്പർ | 155 | - |
| മരപ്പണി | 125 | - |
| നിർമ്മാണ തൊഴിലാളി | 125 | 70 |
| ഈർച്ച | 150 | - |

### കാർഷിക വായ്പകൾ

തോപ്രാൻകുടി, മുരിക്കാശ്ശേരി, എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന സർവ്വീസ് സഹകരണ ബാങ്കുകളാണ് പ്രധാനമായി കാർഷികവായ്പകൾ നൽകുന്നത്. സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, ജില്ലാ ബാങ്ക്, L.M. ബാങ്ക് എന്നിവയാണ് മറ്റ് ബാങ്കുകൾ.

### ജലസേചനം

ഈ പഞ്ചായത്തിലെ എല്ലാ കൃഷിക്കാരും മഴയെ മാത്രം ആശ്രയിച്ചാണ് കൃഷി നടത്തുന്നത്. മഴ സംസ്ഥാന ശരാശരിയേക്കാൾ കൂടുതൽ ആണ്. അതിർത്തിയിൽ കൂടെ ഒഴുകുന്ന ചിന്നാർ പുഴയിൽ നിന്ന് കാര്യമായ ജലസേചന മാർഗ്ഗങ്ങൾ ഒന്നും ഇല്ല. തോടുകൾ, കുളങ്ങൾ, കിണറുകൾ, എന്നിവയിൽ നിന്നും ചെറിയ തോതിൽ ഉള്ള ജലസേചന സൗകര്യങ്ങളേ ഉള്ളൂ.

**വാത്തിക്കുടി ഗ്രാമ പഞ്ചായത്തിലെ വിവിധ ബാങ്കുകൾ നൽകിയ കാർഷിക വായ്പകൾ**

| ബാങ്കിൻെറ പേര് | കാർഷിക വായ്പയുടെ ആകെ തുക |
|---|---|
| കാർഷിക ഗ്രാമ വികസന ബാങ്ക് | 64.26 ലക്ഷം രൂപ |
| സൗത്ത് ഇന്ത്യൻ ബാങ്ക് | 11 ലക്ഷം രൂപ |
| ഫെഡറൽ ബാങ്ക് | 8 ലക്ഷം രൂപ |
| മുരിക്കാശ്ശേരി S.C.B. | 51.87 ലക്ഷം രൂപ |
| തോപ്രാംകുടി S.C.B. | 14.35 ലക്ഷം രൂപ |

## തോടുകൾ

വർഷം മുഴുവൻ വെള്ളം ലഭിക്കുന്ന രണ്ടു തോടുകൾ മാത്രമാണ് പഞ്ചായത്തിൽ ഉള്ളത്. പെരുംതൊട്ടിയിൽ നിന്ന് ആരംഭിച്ച് കിളിയാർ മാന്നാത്തറ ഉപ്പുതോട് വഴി പെരിയാറ്റിൻ എത്തുന്നതോടും, കള്ളിപ്പാറയിൽ നിന്ന് ആരംഭിച്ച് മാലികുത്ത്, വാത്തിക്കുടി, പടമുഖം, മുരിക്കാശ്ശേരി, പൂമാംകണ്ടം വഴി പെരിയാറ്റിൽ എത്തിച്ചേരുന്ന തോടുമാണവ. തോപ്രാംകുടിയിൽ നിന്നാരംഭിച്ച് മേലേചിന്നറ്റിൽ എത്തിചേരുന്ന തോട്, ഞാറക്കമ ലയിൽ നിന്ന് ആരംഭിച്ച് തുവലാറ്റിൽ ചേരുന്നതോട് തോപ്രാംകുടി പൊട്ടംകുളം ഭാഗത്തുനിന്നാരംഭിച്ച് ഉപ്പുത്തോട്ടിൽ ചേരുന്നതോട് കള്ളിപ്പാറ നിന്ന് സേനാപതി വഴി ചിന്നാറ്റിൽ എത്തിച്ചേരുന്ന തോട് ദൈവം മേട്ടിൽ നിന്നാരംഭിച്ച് ചെമ്പകപാറ വഴി ചിന്നാറ്റിൽ എത്തിച്ചേരുന്ന തോട് എന്നി വയാണ് മറ്റുതോടുകൾ. പ്രധാന രണ്ടു തോടുകളൊഴികെ ബാക്കി എല്ലാ തോടുകളിലും ആറോ ഏഴോ മാസങ്ങളെ വെള്ളം ലഭിക്കുന്നുള്ളു. ഈ തോടുകളിൽ തടയണകളും, ചിറകളും, ചീർപ്പുകളും ഒക്കെ നിർമ്മിച്ച് ചെറിയ തോതിലുള്ള ജലസേചന സൗകര്യങ്ങൾ നടപ്പാക്കുന്നുണ്ട്. ഈ തോടുകളിൽ ചില ഭാഗങ്ങളിൽ സൈഡ് ഭിത്തിക ളുണ്ടെങ്കിലും മണ്ണ് തോടുകളിൽ ഇടിഞ്ഞു വീണ് മണ്ണൊലിപ്പിനും തോടുകൾ നികന്ന് ആഴം കുറയുവാനും ഇടയായിട്ടുണ്ട്. ചില ഭാഗങ്ങളിൽ കൃഷിക്കാർ തോടുകളിലിറക്കി ഭിത്തികൾ കെട്ടിയും തോടിൻെറ വീതികുറയാൻ കാരണമായി. ഈ പ്രശ് നങ്ങളെല്ലാം പരിഹരിച്ച് തോടുകളെ സംരക്ഷി ക്കേണ്ടതായിട്ടുണ്ട്.

## കുളം, കിണർ

വാത്തിക്കുടി ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഒന്നിലധികം കുളങ്ങളും കിണറുകളും വിവിധ പദ്ധതികൾ മുഖേന നിർമ്മിച്ചിട്ടുണ്ട്.

കൃഷി ഓഫീസ് മുഖേന സബ്സിഡിയോടുകൂടി 75 കുളങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൻെറയും ബ്ലോക്ക് പഞ്ചായത്തിൻെറയും സ്പൈസസ്ബോർഡിൻെറയും സഹായത്തോടുകൂടി നിർമ്മിച്ചിട്ടുള്ളവയാണ് മറ്റ് കുളങ്ങളും കിണറുകളും. മിക്ക കുളങ്ങളും കിണറുകളും വേനൽക്കാലത്തും ജലം ലഭിക്കുന്നവയാണ്. ചില കുളങ്ങൾ വെള്ളമില്ലാത്ത സ്ഥലത്ത് നിർമ്മിച്ച് പ്രയോജനരഹിതമാക്കിയത് പദ്ധതി നടത്തിപ്പിലെ പോരായ്മയായി കാണണം. ഇനിയും കുളങ്ങളും, കിണറുകളും നിർമ്മിക്കാൻ കഴിയുന്ന ജലസ്രോതസ്സുകൾ ഈ പഞ്ചായത്തിൽ ഉണ്ട്.

**മണ്ണ് സംരക്ഷണം:-** കുടിയേറ്റക്കാലത്ത് വനപ്രദേശമായിരുന്ന ഈ പഞ്ചായത്ത് ജൈവ വളങ്ങൾ കൊണ്ട് സമ്പുഷ്ടമായിരുന്നു. അശാസ്ത്രീയമായ കൃഷിരീതികൊണ്ടും വനനശീകരണം, നീർമറി പദ്ധതികളുടെ അപര്യാപ്തത അശാസ്ത്രീയമായ രാസവളകീടനാശിനി പ്രയോഗം കൊണ്ടും മണ്ണിൻെറ ഗുണനിലവാരം വളരെയേറെ കുറഞ്ഞിട്ടുണ്ട്. ഇത് ഉത്പ്പാദന ക്ഷമത വളരെയേറെ കുറയ്ക്കുകയും കൃഷിക്കാരെ വൻ പ്രതിസന്ധിയിൽ എത്തിക്കുകയും ചെയ്തു.

**മണ്ണിൻെറ ഘടന:-** പ്രധാനമായും മൂന്നിനം മൺ തരങ്ങളാണ് ഈ പഞ്ചായത്തിൽ ഉള്ളത് . പൊതുവെ അമ്ല സ്വഭാവം കൂടുതൽ ആണ് ഇവിടെത്തെ മണ്ണിന്.

**1) ചെമ്മണ്ണ്:-(ലാറ്ററൈറ്റ് മണ്ണ്)**

ഈ പ്രദേശത്തെ മൺ തരങ്ങളിൽ 65%ഉം ലാറ്ററൈറ്റ് മണ്ണാണ്. താഴ്വര പ്രദേശങ്ങളിലും ചരിവു പ്രദേശങ്ങളിലും ഇത്തരത്തിൽ ഉള്ള മണ്ണാണ് അധികവും.പൊതുവെ കൃഷിയ്ക്ക് അനുയോജ്യമായ മണ്ണാണുള്ളത്, മണ്ണൊലിപ്പ് ഇതിൻെറ ഫലഭൂഷ്ടി കുറച്ചിട്ടുണ്ട്.

**2) പശിമ രാശിമണ്ണ്**

മുകൾഭാഗം കറുപ്പ് നിറത്തോടുകൂടിയതും പുഴയുടെയും തോടുകളുടെയും തീരങ്ങളോടു അനുബന്ധിച്ച് കാണപ്പെടുതും എക്കൽ കലർന്ന ഫലപുഷ്ടിയുള്ള മണ്ണാണ് പശിമരാശിമണ്ണ്. എല്ലാവിധ കൃഷികൾക്കും അനുയോജ്യമാണ് ഈ മണ്ണ്. മണ്ണൊലിപ്പ് ഇതിൻെറ ഗുണനിലവാരം കുറച്ചിട്ടുണ്ടുണ്ട്.

**3) ചരൽമണ്ണ്:-** ഈ പ്രദേശത്തെ ചില മേഖലകളിൽ കാണപ്പെടുന്ന മണലും ചരൽ കലർന്നതും തവിട്ടു പോലെ ഇരിക്കുന്നതുമായ മണ്ണാണ് ഇത്.

**നിർമറി പദ്ധതികൾ :-** മണ്ണ് സംരക്ഷണ

### മണ്ണ് സംരക്ഷണ പദ്ധതികൾ പഞ്ചായത്തിൽ

| പദ്ധതിയുടെ പേര് | വിസ്തീർണ്ണം | അടങ്കൽ തുക | ആകെ ഗുണ ഭോക്താക്കൾ | ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | സംരക്ഷിച്ച ഭൂമിയുടെ വിസ്തീർണ്ണം | ഗുണഭോക്താ ക്കളുട എണ്ണം | ചിലവായ തുക |
|---|---|---|---|---|---|---|---|---|
| പെരിയാർ വലി മണ്ണു സംരക്ഷണ പദ്ധതി (TSP) | 20.60 ഹെക്ടർ | 361500 | 37 | 361500 | പൂർത്തിയായിട്ടില്ല | 14.50 ഹെക്ടർ | 17 | 209036 |
| തോപ്രാംകുടി മണ്ണു സംരക്ഷണ പദ്ധതിതോപ്രാംകുടി (TSP) | 8.93 ഹെക്ടർ | 243000 | 48 | 2-2-96 | പൂർത്തിയായിട്ടില്ല | 1.92 ഹെക്ടർ | 8 | 43928 |

പദ്ധതികൾ കാര്യമായി ഈ പഞ്ചായത്തിൽ നടന്നിട്ടില്ല. ചില മേഖലകളിൽ കയ്യാലകൾ, മൺ ഭിത്തികൾ, സംരക്ഷണ ഭിത്തികൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. എങ്കിലും വിപുലമായ നിർമറി പദ്ധതികൾ ഈ പഞ്ചായത്തിൽ അടിയന്തിരമായി നടപ്പാക്കേണ്ടിരിക്കുന്നു.

**ജലസംരക്ഷണം:-** പ്രധാനമായി ലഭിക്കുന്ന ജല സമ്പത്ത് മഴയിൽ നിന്നാണ്. കുളങ്ങളിലും കിണറുകളിലും പരിമിതമായ ജലസമ്പത്ത് ഉണ്ട്. ജലസമ്പത്തുകളെ ഫലപ്രദാമായി സംരക്ഷിയ്ക്കാനും ഉപയോഗിയ്ക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടിരിക്കുന്നു.

**നേഴ്സറികൾ:-** ഉന്നത ഗുണ നിലവാരം പുലർത്തുന്നതും അംഗീകൃതവുമായ നേഴ്സറികൾ ഒന്നും തന്നെയില്ല. ഈ പഞ്ചായത്തിൽ സ്വകാര്യമായിട്ടുള്ള ചെറിയ നേഴ്സറികൾ കർഷകർക്ക് വേണ്ടത്ര പ്രയോജനകരമല്ല.

**കാർഷിക മേഖലയിലെ പൊതുപ്രശ്നങ്ങൾ**

കാർഷികമേഖലയിലെ സമഗ്രമായ വികസനത്തിലൂടെ ഈ പഞ്ചായത്തിലെ എല്ലാവിധ പുരോഗതിയ്ക്കും അടിത്തറയിടുവാൻ കഴിയുകയുള്ളു. നിരന്തമായുണ്ടാകുന്ന വരൾച്ച, പ്രകൃതി ക്ഷോഭം, അശാസ്ത്രീയമായ കൃഷിരീതികൾ, നിർമറി പദ്ധതികളുടെ അപര്യാപ്തത, മണ്ണു പരിശോധന ഇല്ലാതുള്ള കൃഷി, അശാസ്ത്രീയമായ രാസ വള കീടനാശിനികളുടെ പ്രയോഗം, പട്ടയമില്ലാത്തതിൻെറ പേരിൽ ഉള്ള ബുദ്ധിമുട്ടുകൾ, വിളിൻഇൻഷുറൻസ് പദ്ധതികളുടെ കുറവ്, പ്രതികൂലമായ കാലാവസ്ഥ, വിപണന സൗകര്യ കുറവ്, ഉല്പാദന ചെലവിൻെറ വർദ്ധനവ്,കാർഷിക വിളകൾക്കുള്ള രോഗ കീട ബാധകൾ, എലി ശല്യം, പുത്തൻ സാമ്പത്തിക നയങ്ങളുടെ ഭാഗമായ കാർഷികോല്പന്നങ്ങളുടെ നിരന്തരമായ വിലത്തകർച്ച, ഹൃസ്വകാല വിളകളുടെ ഉല്പാദന ക്കുറവ്, കർഷക തൊഴിലാളികളുടെ അപര്യാപ്തത, ന്യായമായ കൂലി തൊഴിലാളികൾക്ക് കൊടുക്കുവാൻ കഴിയാതെവരുന്നതും ജലസേചന അസൗകര്യവും ജൈവ ജീവാണുവളനിർമ്മാണശാലകൾ ഇല്ലാത്തതും എല്ലാം ഈ പഞ്ചായത്തിലെ കാർഷിക മേഖല അഭിമുഖീകരിക്കുന്ന പൊതുപ്രശ്നങ്ങളാണ്.

**നിർദ്ദേശങ്ങൾ**

1 പട്ടയം ഇല്ലാത്ത കൃഷിക്കാർക്ക് പട്ടയമുള്ളവർക്കു കിട്ടുന്ന എല്ലാവിധ വായ്പകളും സഹായ പദ്ധതികളും ലഭ്യമാക്കണം.

2 **മണ്ണു പരിശോധന:-** ഈ പ്രദേശത്തെ മണ്ണുകൾ പരിശോധിച്ച് ശാസ്ത്രീയമായ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കണം.

3 **മണ്ണുസംരക്ഷണം**

മണ്ണൊലിപ്പ് തടഞ്ഞ് മണ്ണിനെ സംരക്ഷിയ്ക്കാൻ നീർമറി പദ്ധതികളായ കയ്യാല മൺകയ്യാല, ഭൂമി തട്ടുകളാക്കൽ, സൈഡിൽ കൂടി പുൽകൃഷി, ചരിവു സ്ഥലങ്ങളിൽ

പ്ലാറ്റുഫോമുകൾ, മണ്ണൊലിപ്പു തടയുന്ന മരങ്ങൾ വെച്ചു പിടിപ്പിയ്ക്കാൽ തോടുകളുടെയും നീർചാലുകളുടെയും സൈഡിൽ സംരക്ഷണ ഭിത്തികെട്ടൽ തുടങ്ങിയ മണ്ണൊലിപ്പു നിവാരണ പദ്ധതികൾ വ്യാപകമാക്കണം.

**4.കർഷക പെൻഷൻ**

ഈ പഞ്ചായത്തിലെ എല്ലാ കൃഷിക്കാരെയും കർഷക പെൻഷൻ കിട്ടാനുള്ള പദ്ധതിയിൽ അംഗങ്ങളാക്കണം.

**5.കർഷകത്തൊഴിലാളി ക്ഷേമനിധി**

ഈ പഞ്ചായത്തിലെ എല്ലാ കൃഷിക്കാരെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കണം.

**6. കൊക്കൊ സംസ്കരണ ഫാക്ടറി:** ഈ പഞ്ചായത്തിൽ ഒരു കൊക്കൊ സംസ്കരണ ഫാക്ടറി നിർമ്മിക്കണം.

**7.എലി നശീകരണം:** കൃഷിയ്ക്ക് ഏറ്റവും കൂടുതൽ നാശനഷ്ടങ്ങൾ വരുത്തുന്ന എലികളെ നശിപ്പിക്കുന്നതിനുള്ള പദ്ധതികൾ കൂട്ടായി നടപ്പാക്കണം.

**8.സ്പൈസസ്സ് ബോർഡിൻെറ ഫീൽഡ് ആഫീസ്**

ഈ പഞ്ചായത്തിൽ സ്പൈസസ് ബോർഡിൻെറ ഫീൽഡ് ആഫീസ് സ്ഥാപിക്കുകയും കൃഷിക്കാർക്ക് സഹായ പദ്ധതികൾ ലഭ്യമാക്കുകയും ചെയ്യണം.

**9.കാർഷികോൽപ്പന്നങ്ങളുടെ വിപണനവും ന്യായവിലയും**

കാർഷീകോല്പന്നങ്ങൾ ഇവിടെ തന്നെ വിപണനം നടത്താനും ഇടത്തട്ടുകാരുടെ ചൂഷണം അവസാനിപ്പിച്ച് കൃഷിക്കാർക്കു ന്യായമായ വില ഉറപ്പു വരുത്താൻ ആവശ്യമായ മാർക്കറ്റിംഗ് സംവിധാനം ഉണ്ടാക്കണം.

**10) കാർഷിക സമിതികളുടെ പ്രവർത്തനങ്ങൾ**

കുരുമുളക്, കേര, പാടശേഖരസമിതികൾ ഇവയുടെ പ്രവർത്തനം വ്യാപകമാക്കുകയും നീതിപൂർവ്വമായും, പ്രയോജനകരമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുകയും വേണം.

**11 ഔഷധ സസ്യങ്ങൾ**

ഔഷധ സസ്യങ്ങൾ വ്യാപകമായി വളർത്തുന്നതിന് കഴിയുന്നവണ്ണം കാലാവസ്ഥയുമാണ് ഇവിടെയുള്ളത്. എല്ലാവീട്ടിലും ഔഷധ സസ്യങ്ങൾ വെച്ചുപിടിപ്പിക്കുവാൻ സാധിക്കണം.

**12. പച്ചക്കറി കൃഷി**

വൻതോതിൽ പച്ചക്കറി കൃഷിയ്ക്ക് സാദ്ധ്യതയുള്ള ഈ പഞ്ചായത്തിൽ നല്ലയിനം പച്ചക്കറി വിത്തുകളും തൈകളും വളം കീടനാശിനി എന്നിവ എത്തിച്ചുകൊടുക്കുകയും ഓരോ മേഖല തിരിച്ച് യൂണിറ്റുകളാക്കി ഒന്നിച്ച് കൃഷിയിറക്കുവാനും രോഗപ്രതിരോധമാർഗ്ഗങ്ങൾ സ്വീകരിക്കുവാനും ഒരേ സമയം വിളവെടുപ്പ് നടത്തി ന്യായവില ഉറപ്പുവരുത്താനും, കേടുവരാതെ സംഭരിച്ചു വെയ്ക്കാനുമുള്ള സംവിധാനം സഹകരണാടിസ്ഥാനത്തിൽ ഏർപ്പെടുത്തുകയും ചെയ്യണം.

**13. ഹ്യസ്വകാല വിളകൾ**

കപ്പ, ചേന, കാച്ചിൽ, ചേമ്പ് മധുരകിഴങ്ങ് തുടങ്ങിയ ഹ്യസ്വകാല ഭക്ഷ്യവിളകൾക്ക് പ്രോത്സാഹനം നൽകണം.

**14. വിലപിടിപ്പുള്ള മരങ്ങൾ**

ഈ പഞ്ചായത്തിലെ വിവിധ മേഖലകളിൽ തേക്ക് പോലുള്ള വില പിടിപ്പുള്ള മരങ്ങൾ വച്ചു പിടിപ്പിക്കുകയും ഗുണമേന്മയുള്ള തൈകൾ ലഭ്യമാക്കുകയും ചെയ്യണം.

**15. സ്ത്രീകൾക്ക് പ്രോൽസാഹനം**

പച്ചക്കറി, ഔഷധസസ്യകൃഷി എന്നീ മേഖലകളിൽ സ്ക്രീകൾക്ക് സൗജന്യമായി വിത്തും വളവും നൽകി പ്രോത്സാഹിപ്പിക്കണം.

**16. ചെക്ക് ഡാമുകൾ**

ജല ലഭ്യതയുള്ള തോടുകളിലും നീർച്ചാലുകളിലും ചെക്ക് ഡാമുകൾ നിർമ്മിച്ച് ജലസേചന സൗകര്യങ്ങൾ ലഭ്യമാക്കണം.

**17. ജൈവ കീടനാശിനി, ജീവാണുവളം**

രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിതമായ ഉപയോഗം മുലംഉള്ളം വിഷബാധയും മണ്ണിൻെറ നാശവും പരിഹരിക്കുവാൻ വ്യാപകമായി ജൈവവള കീടനാശിനികളുടെയും ജീവാണു വളങ്ങളുടെയും ഉപയോഗം വർദ്ധിപ്പി

ക്കുന്നതിനും, അവ സംബന്ധിച്ച് കൃഷിക്കാരിൽ അവബോധം സൃഷ്ടിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കണം.

18 നഴ്സറികൾ

ഈ പഞ്ചായത്തിലെ മുഴുവൻ കൃഷിക്കാർക്കും, തെങ്ങ്, റബ്ബർ, കൊക്കോ, കുരുമുളക്,കാപ്പി, ഏലം, തേയില, കമുക് തുടങ്ങിയ എല്ലാത്തരം വിളകളുടെയും അത്യുല്പാദന ശേഷിയുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കാൻ കഴിയുന്ന നല്ല നേഴ്സറികൾ പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ ആരംഭിക്കണം.

19 വിള ഇൻഷുറൻസ്

ഈ പഞ്ചായത്തിലെ മുഴുവൻ കൃഷിക്കാർക്കും എല്ലാത്തരം വിളകൾക്കും വിള ഇൻഷ്വറൻസ് ഏർപ്പെടുത്തണം.

20 റബ്ബർ ഉല്പാദനസഹകരണ സംഘം

നിലവിലുള്ള റബ്ബർ ഉല്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും പട്ടയം ഇല്ലാത്ത കൃഷിക്കാർക്കും റബ്ബർ ബോർഡിൻെറ സഹായ പദ്ധതികൾ ലഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യണം..

21 പച്ചിലവളം

മണ്ണിൻെറ ജൈവഘടന നിലനിർത്താൻ സഹായിക്കുന്ന പച്ചിലവള പ്രയോഗത്തിൻെറ ആവശ്യകത സംബന്ധിച്ച് മുഴുവൻ കർഷകരെയും ബോധവൽക്കരിക്കുകയും സാദ്ധ്യമായ സ്ഥലങ്ങളിൽ പച്ചില വള കൃഷി പ്രോൽസാഹിപ്പിക്കുന്നതിനും നല്ലയിനം പച്ചില വളവിത്തുകൾ കൃഷിക്കാർക്ക് ലഭ്യമാക്കുകയും ചെയ്യണം.

22. കൃഷിഭവൻ

കൃഷിഭവനിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുകയും ഇതിൻെറ പ്രവർത്തനങ്ങൾ കൂടുതൽ കാര്യമമാക്കുകയും കൃഷി ഓഫീസർമാരുടെയും വിദഗ്ദരുടെയും സാങ്കേതികജ്ഞാനം എല്ലാ കർഷകർക്കും ലഭ്യമാക്കുകയും ചെയ്യണം.

23. ലോൺ ലിങ്ക്സ് പദ്ധതികൾ

കൃഷിഭവൻ വഴി കൃഷിക്കാർക്ക് ലഭിക്കുന്ന സഹായപദ്ധതികൾക്ക് ( കാർഷികോപകരണങ്ങൾ കുളം, കിണർ etc) ലോൺ ലിങ്കായിട്ടാണ് അനുവദിക്കുന്നത്. എന്നാൽ ഈ പഞ്ചായത്തിലുള്ള ബാങ്കുകൾ സ്കീം ലോണുകൾ നൽകുന്നില്ല. ഇതിന് പരിഹാരം കാണാൻ കഴിയണം.

24 ബാങ്കുകൾ

സഹകരണ ബാങ്കുകൾ ആണ് കൂടുതൽ കാർഷിക വായ്പകൾ നൽകുന്നത്. ഈ വായ്പയുടെ പരിധി ഉയർത്തുകയും പലിശ നിരക്ക് കുറയ്ക്കുയും ചെയ്യണം. മറ്റ് ബാങ്കുകളും കൂടുതൽ കാർഷിക വായ്പകൾ നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരണം.

25. തോടുകൾ, കുളങ്ങൾ

തോടുകൾ ആഴം കൂട്ടുകയും സൈഡുഭിത്തി കെട്ടി സംരക്ഷിക്കുകയും ചെയ്യണം. നിലവിലുള്ള കുളങ്ങൾ, കിണറുകൾ എന്നിവയിൽ നിന്നും കൂടുതൽ ജലസേചന സൗകര്യങ്ങൾ ഉണ്ടാക്കുകയും പുതിയവ നിർമ്മിച്ച് ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യണം.

26. ജല സംരക്ഷണം

മണ്ണിൻെറ ജലാംശം നിലനിർത്തുവാൻ വേണ്ട രീതിയിൽ വിവിധ ജലസംരക്ഷണ പദ്ധതികൾ പഞ്ചായത്തിൽ ആകമാനം നടപ്പിലാക്കുക.

27. ഗ്രൂപ്പ് ഫാമിംഗ്

ഓരോ പ്രദേശത്തിൻെറയും ഭൗതിക ഘടനയ്ക്ക് അനുസരിച്ച് പ്രത്യേക യൂണിറ്റുകളും മേഖലകളുമാക്കി തിരിച്ച് ഓരേസമയം നല്ലയിനം വിത്തുകൾ കൃഷിചെയ്യുന്നതിനും വള പ്രയോഗവും രോഗപ്രതിരോധ മാർഗ്ഗങ്ങളും സ്വീകരിക്കണം.

28. വൈദ്യുതി

എല്ലാ കർഷകർക്കും കാർഷികാവശ്യങ്ങൾക്കായി വൈദ്യുതി സൗജന്യമായി ലഭിമാക്കണം.

29 തേയില

പഞ്ചായത്തിലെ ഉയർന്നതും തണുപ്പു കൂടിയതുമായ പ്രദേശങ്ങളിൽ തേയില കൃഷി വികസനത്തിന് വേണ്ട സഹായ പദ്ധതികൾ

നടപ്പിലാക്കണം. തോപ്രാകുടി മേഖലയിൽ ഒരു തേയില ഫാക്ടറി ആരംഭിക്കണം.

**30 ജൈവ വള നിർമ്മാണ ശാല**

പഞ്ചായത്തിൽ ഒരു ജൈവ ജീവാണു വള ഫാക്ടറി സ്ഥാപിക്കണം.

**32. കൃഷി ഡമോൺ സ്ട്രേഷൻ ആഫീസുകൾ**

പ്രവർത്തന രഹിതമായ കൃഷി ഡമോൺ സ്ട്രേഷൻ ആഫീസുകൾ തുറന്ന് പ്രവർത്തിപ്പിക്കുകയും എല്ലാ വാർഡിലും കൃഷി അസിസ്റ്റൻറുമാരെ നിയമിച്ച് ശാസ്ത്രീയ കൃഷി രീതികളെ സംബന്ധിച്ച് കർഷകരെ ബോധവാൻമാരാക്കുകയും ചെയ്യണം.

മുരിക്കാശ്ശേരിയിൽ ഒരു സോയിൽ കൺസർവേഷൻ ആഫീസ് സ്ഥാപിക്കണം.

പഞ്ചായത്തിൽ ഒരു കാർഷിക കോളേജ് ആരംഭിക്കണം.

കൃഷിയെ വ്യവസായമായി അംഗീകരിച്ച് സഹായം ലഭ്യമാക്കണം.

പഞ്ചായത്തിൽ കാർഷിക ഗവേഷണ കേന്ദ്രം സ്ഥാപിക്കണം.

റബ്ബർ ബോർഡ്, സ്പൈസസ് ബോർഡ്, സിൽക്ക് ബോർഡ്, കോഫി ബോർഡ് എന്നിവയുടെ പ്രവർത്തനം കൃഷി ഭവൻ വഴി ഏകോപിപ്പിക്കണം.



**ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുമാരി E.M. സിന്ധുവിന്റെ നേതൃത്വത്തിൽ നടത്തിയ പഠന പര്യടനത്തിൽ നിന്ന്.**

# "മൃഗ സംരക്ഷണവും മത്സ്യബന്ധനവും"

വാത്തിക്കുടി പഞ്ചായത്തിലെ 11-ാം വാർഡിലെ ഗ്രാമസഭയിൽ മൃഗസംരക്ഷണത്തെക്കുറിച്ച് ഉള്ള ചർച്ചയിൽ പങ്കെടുത്ത ഒരു വീട്ടമ്മ പശു വളർത്തലിൽ നേരിടുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചാണ് സംസാരിച്ചത്. നാലഞ്ചു പശുക്കൾ ഉണ്ടായിരുന്ന അവർ എല്ലാത്തിനേയും വിറ്റു. കാരണം ഇങ്ങനെ വിശദീകരിക്കുന്നു. ''എങ്ങനെ വിൽക്കാതിരിക്കും പാലു വിറ്റാൽ തീറ്റ വാങ്ങാൻ പോലും തികയുകയില്ല. നെൽകൃഷി കുറഞ്ഞതോടെ വയ്ക്കോൽ പോലും കിട്ടാനില്ല.''

നമ്മുടെ സംസ്ഥാനത്ത് മൃഗ പരിപാലന രംഗത്ത് കഴിഞ്ഞ രണ്ടു മൂന്നു ദശാബ്ദക്കാലമായി നിലനിൽക്കുന്ന പ്രതിസന്ധിയുടെ മുഖച്ചിത്രമാണ് ഗ്രാമസഭയിലെ ഈ വിശദീകരണം.

ആസൂത്രണ ചരിത്രത്തിൽ ഒരു പുത്തൻ അദ്ധ്യായം എഴുതി ചേർത്തുകൊണ്ട് വമ്പിച്ച സാമൂഹിക മുന്നേറ്റത്തിന് കളമൊരുങ്ങുന്ന നമ്മുടെ സംസ്ഥാനത്തെ ഓരോ ഗ്രാമ പഞ്ചായത്തിൻേറയും വളർച്ചയ്ക്കും വികകാസത്തിനും ഗണ്യമായ സംഭാവന നൽകുവാൻ മൃഗ സംരക്ഷണ മേഖലയ്ക്കു കഴിയും. വളരെയധികം വികസന സാദ്ധ്യതകളുള്ള ഈ മേഖലയുടെ മുഴുവൻ സാധ്യതകളും ചൂഷണം ചെയ്യണമെന്നുണ്ടെങ്കിൽ വളരെ ശ്രദ്ധയോടെ രൂപപ്പെടുത്തേണ്ട ആസൂത്രണ പ്രക്രിയയുടെ പിൻബലമുണ്ടാകേണ്ടതുണ്ട്.

സംസ്ഥാനത്തിൻെറ മൊത്തം ആഭ്യന്തര ഉല്പാദനത്തിൻെറ 10.26% സംഭാവന ചെയ്യുന്നത് മൃഗ സംരക്ഷണ മേഖലയാണ് എന്നതുതന്നെ കേരളത്തിൽ ഈ മേഖലയ്ക്കുള്ള പ്രാധാന്യം എടുത്തു കാട്ടുന്നു. ഭാവനാ പൂർണ്ണമായ ആസൂത്രണമുണ്ടെങ്കിൽ വമ്പിച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുവാനും തദ്വാരാ ജനങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതിക്കു വഴി തെളിക്കുവാനും മൃഗ സംരക്ഷണ മേഖലയ്ക്കു കഴിയും എന്നത് സംശയാതീതമാണ്.

വാത്തിക്കുടി പഞ്ചായത്തിൻെറ ഒരു ദശാബ്ദക്കാലത്തെ ചരിത്രം പരിശോധിച്ചാൽ കാർഷിക മേഖലയിൽ കനത്ത വിലയിടിവും പ്രകൃതിക്ഷോഭവും നേരിട്ട പ്രതിസന്ധി ഘട്ടത്തിൽ ജനജീവിതത്തിൻെറ ഏക അവലംബം മൃഗ പരിപാലനമായിരുന്നുവെന്നത് ഓർക്കപ്പെടേണ്ട വസ്തുതയാണ്. സ്വയം പര്യാപ്തതയോടെ ഗ്രാമീണ സമ്പത്ത് വ്യവസ്ഥയെ ശക്തമാക്കുവാൻ മൃഗസംരക്ഷണ മേഖലയ്ക്കു കഴിയുമെന്നതിനാൽ ജനപങ്കാളിത്തത്തോടെയുള്ള ബഹുമുഖ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കി ഒരു പുതുചൈതന്യം ഈ പഞ്ചായത്തിനു കൈവരിക്കുവാൻ കഴിയും എന്നത് നിസ്തർക്കമാണ്.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വാത്തിക്കുടി ഗ്രാമ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വരുന്ന ഗ്രാമീണ ജനതയ്ക്ക് കൂടുതൽ തൊഴിലവസരങ്ങൾ ദൈനംദിന വരുമാന വർദ്ധന, പോഷക പ്രധാന ഭക്ഷ്യ വസ്തുക്കളായ പാൽ, മുട്ട, മാംസം എന്നിവയുടെ അധികോല്പാദനം, കൂടാതെ വ്യാവസായിക പ്രാധാന്യമുള്ള തുകൽ, എല്ല്, ജെലാറ്റിൻ, ഓസീൻ, കൊഴുപ്പ്, ഹോർമോണുകൾ, പ്രതിരോധ ഔഷധങ്ങളുടെ നിർമ്മാണം, ബയോഗ്യാസ് പോലുള്ള പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ, ജൈവ വളങ്ങൾ, പരിസ്ഥിതിയ്ക്കിണങ്ങുന്ന മൃഗ ശക്തി എന്നിവയൊക്കെ മൃഗ സംരക്ഷണ മേഖലയുടെ സംഭാവനകളാണ്. എന്നാൽ പാലുല്പാദനം എന്ന ഒരേയൊരു സാധ്യതയിലൂന്നിക്കൊണ്ടുള്ള വികസന തന്ത്രമാണ് വാത്തിക്കുടി പഞ്ചായത്തിൽ ഇതുവരെ നിലനിന്നു പോന്നിട്ടുള്ളത്.

ജന്തുജന്യ രോഗങ്ങളായ പേ വിഷബാധ ബ്രൂസെലോസിസ്, ലെപ്റ്റോപൈറോസിസ് അഥവാ എലിപ്പനി എന്നിവയുടെ നിയന്ത്രണവും നിർമാർജ്ജനവും കൂടാതെ വെറ്ററിനറി മാംസ പരിശോധനയിലൂടെ ശുദ്ധമായ മാംസോത്പാദനം എന്നീ പൊതുജനാരോഗ്യത്തെ സംബന്ധിക്കുന്ന സേവനങ്ങളും മൃഗ സംരക്ഷണ മേഖലയ്ക്ക് നിർവഹിക്കുവാൻ കഴിയും. ജന്തുജന്യ രോഗങ്ങളുടെ നിയന്ത്രണ നിർമ്മാർജന രംഗത്തും, ശാസ്ത്രീയമായ മാംസോത്പാദനത്തിലൂടെ മാംസത്തിൽ നിന്നും പകരുവാന്

സാദ്ധ്യതയുള്ള വിവിധ രോഗങ്ങളെ ഒഴിവാക്കുക വഴി പൊതുജനരോഗ്യം സംരക്ഷിക്കുന്ന കാര്യത്തിലും വാത്തിക്കുടി പഞ്ചായത്തിൽ ക്രിയാത്മകമായ യാതൊരു നീക്കവും നടന്നിട്ടില്ല.

വാത്തിക്കുടി ഗ്രാമപഞ്ചായത്തിൽ 90% ആളുകളും മാംസം ഉപയോഗിക്കുന്നവരാണ്. മാംസാഹാരത്തിൻെറ ആവശ്യം ദിനംപ്രതി ഏറി വരികയാണ്. പഞ്ചായത്തിൽ ഉപയോഗിക്കപ്പെടുന്ന മാംസത്തിനുള്ള മൃഗങ്ങളിൽ 90% വും അന്യസംസ്ഥാനങ്ങളിൽ നിന്നുള്ളതാണ്. മുട്ടയുടെ കാര്യമെടുത്താൽ ഈ പഞ്ചായത്തിൻെറ വിപണി സാദ്ധ്യത മുഴുവനായും ചൂഷണം ചെയ്യുന്നത് അയൽ സംസ്ഥാനങ്ങളാണ്. ഇതുവഴി പഞ്ചായത്തിന് വളരെ വലിയ സാമ്പത്തിക ചോർച്ചയുണ്ടാകുകയും തൊഴിൽ സാദ്ധ്യതകൾ നഷ്ടപ്പെടുകയും ചെയ്യുന്നു. ഈ രംഗത്ത് ഉല്പാദനം മുതൽ വിപണനം വരെയുള്ള പ്രവർത്തികളാൽ സ്വയംപര്യാപ്തത കൈവരിക്കുകയും യാതൊരു ജോലിയും ചെയ്യാതെ ഉല്പാദകനെയും ഉപഭോക്താവിനെയും ഒരുപോലെ ചൂഷണം ചെയ്ത് വലിയൊരു പങ്കു ലാഭം കൈക്കലാക്കുന്ന ഇടനിലക്കാരെ ഒഴിവാക്കാൻ സാധിക്കുകയും ചെയ്താൽ അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകി പോകുന്ന വലിയ സമ്പത്ത് ഈ പഞ്ചായത്തിലെ ഉല്പാദകരുടെ കൈകളിലേയ്ക്ക് എത്തിക്കാൻ കഴിയും.

വാത്തിക്കുടി പഞ്ചായത്തിലെ വിളകൃഷിമേഖലയ്ക്ക് ആവശ്യമായ ജൈവവളവും നിലമൊരുക്കുവാനും ഭാരം വഹിക്കുവാനുള്ള മൃഗശക്തിയും മൃഗസംരക്ഷണ മേഖല സംഭാവന ചെയ്യുന്നുണ്ട്. പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന ചാണകം ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിഞ്ഞാൽ അതിൽ നിന്നും ലഭിക്കുന്ന ബയോഗ്യാസിന് പഞ്ചായത്തിൽ ഉപയോഗിക്കുന്ന ഊർജ്ജത്തിൻെറ ഗണ്യമായ പങ്ക് സംഭാവന ചെയ്യുവാൻ കഴിയും. പാചകത്തിന് വിറകിനെ അമിതമായി ആശ്രയിക്കുന്ന പ്രവണത ഒഴിവാക്കുവാനും സാധിക്കും. കൂടാതെ ബയോഗ്യാസ് ഉപയോഗിച്ചുള്ള വിളക്കുകൾ പ്രചരിപ്പിച്ചാൽ പാവപ്പെട്ടവരുടെ വീടുകളിൽ വെളിച്ചത്തിനു വേണ്ടിയുള്ള തീരാത്ത കാത്തിരിപ്പ് ഒഴിവാക്കുവാൻ സാധിക്കും.

ചുരുങ്ങിയ സമയത്തിനുള്ളിൽ കൂടുതൽ ആദായം ലഭ്യമാക്കുന്ന അപൂർവ്വം ചില തൊഴിൽ മേഖലകളിലൊന്നാണ് മൃഗസംരക്ഷണമേഖല. ഈ മേഖലയിൽ ഉല്പന്നങ്ങൾ ഏറിയ പങ്കും സംസ്ഥാനത്തിനകത്ത് ഉപയോഗിക്കുന്നതിനാൽ അന്താരാഷ്ട്ര വിപണിയിലെ താളം തെറ്റലുകളും കേന്ദ്രസർക്കാരിൻെറ ഇറക്കുമതി നയവും കാലാവസ്ഥയിലെ മാറ്റങ്ങളും ഉല്പന്നങ്ങളുടെ വിപണിയെ സാരമായി ബാധിക്കുന്നില്ലയെന്നത് ആശ്വാസകരമാണ്.

വാത്തിക്കുടി പഞ്ചായത്തിൻെറ മൃഗസമ്പത്തിൻെറ 90%-ൽ അധികവും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ പക്കലാണ്. ഈ മേഖലയിൽ ആദ്ധ്വാനം നിർവഹിക്കുന്നത് കൂടുതലായും വീട്ടമ്മമാരാണ്. ആയതുകൊണ്ട് മൃഗ സംരക്ഷണ മേഖലയുടെ വികസനംകൊണ്ടുള്ള പ്രയോജനം കൂടുതലായും പഞ്ചായത്തിലെ ദുർബല വിഭാഗങ്ങൾക്കായിരിക്കും ലഭിക്കുക. ചുരുക്കത്തിൽ മൃഗ സംരക്ഷണ മേഖലയിൽ കൈവരിക്കുന്ന ഏതു പുരോഗതിയും ഗ്രാമീണ സമ്പത്ത് ഘടനയെ ശക്തമാക്കുമെന്നതിനാൽ ദിശാ ബോധമുള്ള ആസൂത്രണത്തിലൂടെയും കൂട്ടായ്മയിലൂടെയും പഞ്ചായത്തിന് സമഗ്രമായ പുരോഗതി കൈവരിക്കാനാകും എന്നത് നിസ്തർക്കമാണ്.

## വാത്തിക്കുടി പഞ്ചായത്തിലെ മൃഗ സംരക്ഷണ മേഖല

ആദ്യകാലങ്ങളിൽ പഞ്ചായത്തിലെ മൃഗസമ്പത്തിൻെറ ഗണ്യമായ പങ്കും കൃഷിപണിക്കും ഭാരം വലിക്കുന്നതിനും മറ്റുമാണ് ഉപയോഗിച്ചിരുന്നത്. അക്കാലത്ത് പശുക്കളുടേയും എരുമകളുടേയും പാലുല്പാദനശേഷി വളരെക്കുറവായിരുന്നു. 1980 കളിലാണ് വ്യാപകമായ പശുപരിപാലനം പഞ്ചായത്തിൽ നിലവിൽ വന്നത്. കൃത്രിമ ബീജധാന പരിപാടികളിലൂടെ പഞ്ചായത്തിലെ കന്നുകാലികളുടെ പാലുല്പാദനശേഷി ഗണ്യമായി വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഇന്നുള്ള പശുക്കളിൽ 70%വും ഉല്പാദനക്ഷമതയുള്ള സങ്കര വർഗ്ഗ പശുക്കളാണ്.

പഞ്ചായത്തിലെ പഴയ തലമുറയിൽ പെട്ടവർ കറവമാടുകളിൽ നിന്നും ചെറിയ പാത്രങ്ങളിലും മറ്റും പാൽ കറന്നെടുത്ത അനുഭവം ഇന്നും ഓർമ്മിക്കുന്നു. തുടർക്കഥപോലെ ആവർത്തിക്കപ്പെട്ട കുളമ്പുരോഗം, കാലിവസന്ത

എന്നീ രോഗങ്ങളുടെ ആക്രമണം പഞ്ചായത്തിലെ കാലിസമ്പത്തിന് ഗണ്യമായ നഷ്ടം പഴയ കാലങ്ങളിൽ വരുത്തിയിരുന്നുവെന്നത് ഒരു ദു:സ്വപ്നം പോലെയാണ് പ്രായം ചെന്നവർ ഓർക്കുന്നത്.

ആദ്യ കാലത്ത് കുളമ്പുരോഗം വന്നാൽ പള്ളിയിൽ നിന്ന് 'ഹന്നാൻ വെള്ളം' വാങ്ങിച്ചുകൊണ്ടു വന്ന് തൊഴുത്തിൽ തളിക്കുകയും കാലിൽ പുരട്ടുകയും ചെയ്തിരുന്നു. വ്രണങ്ങളിൽ പുളിയില തിളപ്പിച്ചാറ്റിയ വെള്ളം കൊണ്ട് കഴുകുക, ഉപ്പും ചാരവും ചേർത്ത് പുരട്ടുക, വേപ്പെണ്ണ പുരട്ടുക, അടുപ്പിനു മുകളിലെ കരി, ഉപ്പ് എന്നിവ വെളിച്ചെണ്ണ ചേർത്തു പുരട്ടുക, വിരയിളക്കുവാൻ മഞ്ഞളും ആര്യവേപ്പിലയും അരച്ചു തിന്നാൻ കൊടുക്കുക, കിടാക്കളുടെ താടിവീക്കത്തിന് കണ്ണൻ ചിരട്ട ചരടിൽ കോർത്ത് കഴുത്തിലണിയിക്കുക, പശുക്കൾ പ്രസവിച്ച് മറുപിള്ള വീഴുന്നതിന് തൊണ്ടിയില, ഇല്ലിയില എന്നിവ തിന്നുവാൻ കൊടുക്കുക എന്നീ നാട്ടു ചികിത്സാ രീതികൾ കൂടാതെ മന്ത്രവും പൂജയും ചികിത്സാ ഉപാധിയായി ഗ്രാമത്തിൽ നിലനിന്നിരുന്നു. ഇവയിൽ ചിലത് ഇപ്പോഴും തുടർന്ന് പോകുന്നു.

കഴിഞ്ഞ 20 വർഷത്തിനിടയിൽ ഈ മേഖല കൈവരിച്ച പുരോഗതി ആശ്ചര്യത്തോടെയാണ് പഴയ തലമുറയിലുള്ളവർ വീക്ഷിക്കുന്നത്. ചെറിയ മൊന്തയിലും മറ്റും പാൽ കറന്നെടുത്തവർ ഇന്ന് വലിയ ബക്കറ്റുകളിൽ ഉല്പാദനക്ഷമതയുള്ള പശുക്കളിൽ നിന്നും എരുമകളിൽ നിന്നും പാൽ കറന്നെടുക്കുന്നു. എന്നാൽ ആമുഖത്തിൽ വീട്ടമ്മ സൂചിപ്പിച്ചതു പോലെ ഈ വളർച്ചയ്ക്കു മുന്നിൽ തടസ്സമായി പല ഘടകങ്ങളും നിൽക്കുന്നുവെന്നത് ഒരു പ്രശ്നമാണ്. ഈ മേഖലയിലേക്കു കടന്നു വരാനുള്ള അഭ്യസ്തവിദ്യരുടെ വിമുഖതയും ഈ രംഗത്ത് തൊഴിൽ ചെയ്യുവാൻ ആഗ്രഹിക്കുന്നവരോട് സാമ്പത്തിക സ്ഥാപനങ്ങൾ കാണിക്കുന്ന താൽപര്യക്കുറവും ചുരുങ്ങി വരുന്ന മേച്ചിൽ സ്ഥലവും പെരുകുന്ന ഉല്പാദന ചിലവും ആത്യുല്പാദനശേഷിയുള്ള ജനുസുകളുടെ ദൗർലഭ്യവും ഈ മേഖലയിലെ ചില നേരുകളാണ് എന്നത് പറയാതിരിക്കാൻ നിവൃത്തിയില്ല.

**പരമ്പരാഗത ചികിത്സാരീതികൾ :**

**തലമുറകളിലൂടെ പകർന്നു കിട്ടുന്ന വാമൊഴിയും വരമൊഴിയും പരമ്പരാഗത ചികിത്സകളായി പഞ്ചായത്തിൽ ചുരുക്കം ചില സ്ഥലങ്ങളിൽ തുടർന്നു** പോകുന്നു. ഈ വൈദ്യവിജ്ഞാനം ഗുണപരമായി പ്രയോജനപ്പെടുത്താൻ പഴയതലമുറയിലെ ആൾക്കാർക്ക് ഇന്നും കഴിയുന്നുണ്ട്. മഞ്ഞപ്പിത്തം, മഹോദരം,മുടന്തൻപനി,അകിടുവീക്കം തുടങ്ങിയ ചില പ്രധാനരോഗങ്ങൾക്ക് പരമ്പരാഗത ചികിത്സാരീതികൾ പ്രയോജനപ്പെടുത്തിയിരുന്നു. കീഴാർനെല്ലി, ശതകുപ്പ,ഇരട്ടിമധുരം, നീരോലിവേർ, ഞെരിഞ്ഞിൽ എന്നീ സുപ്രധാന ഔഷധങ്ങൾ ഇന്നും ഉപയോഗിച്ചു വരുന്നു. ചിതറിക്കിടക്കുന്ന ഈ വിജ്ഞാനം ഫലപ്രദമായി ഉപയോഗപ്പെടുത്തി പരമ്പരാഗതചികിത്സയിൽ കൂടുതൽ ഗവേഷണങ്ങൾ നടത്തി ചിലവു കുറഞ്ഞ ഈ ചികിത്സാരീതി കുറച്ചെങ്കിലും പ്രായോഗികമാക്കാവുന്നതാണ്.

**സ്ഥിതിവിവര കണക്കുകൾ**

വാത്തിക്കുടി ഗ്രാമ പഞ്ചായത്തിൽ ഏതാണ്ട് 1415 ഓളം കറവയുള്ള പശുക്കളും 412 ഓളം എരുമകളും ഉണ്ടെന്നാണ് ലൈവ് സ്റ്റോക്ക് സെൻസസ് സൂചിപ്പിക്കുന്നത്. അതിൽ 94 % സങ്കരയിനം കന്നുകാലികളാണ്. ഇതിനു പുറമേ 1722 ആടുകളും, വളർത്തുന്നവയും അല്ലാത്തവയുമായ 699 നായ്ക്കളും 4100-ൽ അധികം കോഴികളുമുണ്ട്.

ഇതിനുപുറമെ പഞ്ചായത്തിൽ 212-ഓളം താറാവുകളും 412-ഓളം മറ്റു പക്ഷികളും 60-ഓളം ജോലി ചെയ്യാൻ വേണ്ടി ഉപയോഗിക്കുന്ന മൃഗങ്ങളും ഉണ്ടെന്ന് മൃഗസംരക്ഷണ വകുപ്പിൻെറ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വാത്തിക്കുടി തോപ്രാംകുടി എന്നീ രണ്ടു മൃഗാശുപത്രികളിലായി 9000-ഓളം മൃഗങ്ങൾ വർഷത്തിൽ ചികിത്സക്കു വിധേയമാകുന്നുണ്ട്. രണ്ടു മൃഗാശുപത്രികളിലുമായി 2280-ഓളം പശുക്കളും 760-ഓളം കിടാരികളും 160-ഓളം എരുമകളും ബീജധാനത്തിനു വിധേയമാകാറുണ്ട്. (ആശുപത്രി രജിസ്റ്ററുകൾ അവലംബം)

വാത്തിക്കുടി ഗ്രാമപഞ്ചായത്തിൽ തോപ്രാംകുടി, വാത്തിക്കുടി എന്നീ രണ്ടു സ്ഥലങ്ങൾ കേന്ദ്രമാക്കി രണ്ടു ഗവ: മൃഗാശുപത്രികളും ഉപ്പുതോട് കേന്ദ്രമാക്കി ഒരു ഐ. സി. ഡി. പി. സബ്സെൻററും പ്രവർത്തിക്കുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പ്, ക്ഷീരോ

വികസന വകുപ്പ്, മിൽമ എന്നിവയുടെ സേവനം പഞ്ചായത്തിൽ ലഭ്യമാണ്.

പൊതുവെ മൃഗചികിത്സാ സൗകര്യം മെച്ചപ്പെട്ടതാണെങ്കിലും പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുക്കുമ്പോൾ പെരിഞ്ചാംകുട്ടി, ബഥേൽ, കള്ളിപ്പാറ എന്നീ പ്രദേശങ്ങളിലെ ബഹുഭൂരിപക്ഷം ക്ഷീരകർഷകർക്ക് മൃഗചികിത്സാ സൗകര്യം അപ്രാപ്യമാണ്.

മെച്ചപ്പെട്ട സങ്കരവർഗ്ഗ കന്നുകാലികളെയും പുതിയ ജനുസിൽപ്പെട്ട ആട്, പന്നി, കോഴി എന്നിവയെയും മറ്റ് പോറ്റ് മൃഗങ്ങളെയും ആധുനീക രീതിയിൽ പരിരക്ഷിക്കുവാൻ മൃഗചികിത്സാ രംഗം സുശക്തമാക്കേണ്ടതുണ്ട്. വർദ്ധിച്ച ഉല്പാദനശേഷിയുള്ള ജനുസുകളെ കണ്ടെത്തി പ്രജനനം നടത്തി സാധാരണ കർഷകരുടെ കൈകളിലെത്തിക്കുക എന്ന ബാദ്ധ്യതയും മൃഗചികിത്സാ കേന്ദ്രങ്ങൾക്കുണ്ട്. കർഷകരുടെ പ്രധാന ചികിത്സാ കേന്ദ്രങ്ങളായ തോപ്രാംകുടി, വാത്തിക്കുടി എന്നീ മൃഗാശുപത്രികൾക്ക് സ്വന്തമായ കെട്ടിടങ്ങളോ മറ്റു പ്രവർത്തന സൗകര്യങ്ങളോ ഇല്ല. മൃഗാശുപത്രികൾ പ്രവർത്തന ക്ഷമമാക്കുവാൻ വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. വൈദ്യുതീകരിച്ച സ്വന്തമായ കെട്ടിടവും ഉദ്യോഗസ്ഥന്മാർക്കുള്ള ക്വാർട്ടേഴ്സുകളും കോമ്പൗണ്ട് മതിലും പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങളും കഴിവതും വേഗം പരിഹരിക്കപ്പെടേണ്ടതുണ്ട്. രണ്ടു മൃഗാശുപത്രികളിലുമായി ഒരു ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, ഒരു പാർട്ട്ടൈം സ്വീപ്പർ എന്നീ തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. രോഗ നിർണ്ണയത്തിനാവശ്യമായ ലബോറട്ടറി സൗകര്യങ്ങളും, മൈക്രോസ്ക്കോപ്പ്, സ്റ്റെറിലൈസർ, പരിശോധനയ്ക്കാവശ്യമായ രാസവസ്തുക്കൾ മുതലായ പ്രാഥമിക സൗകര്യങ്ങൾ, ഫോൺ, പേജർ, കർഷകപരിശീലന ഹാൾ തുടങ്ങിയ വിജ്ഞാനവ്യാപനത്തിനുതകുന്ന സൗകര്യങ്ങൾ എന്നിവയും ഏർപ്പെടുത്തേണ്ടതുണ്ട്. ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ വെള്ളം ദൂരെ സ്ഥലങ്ങളിൽ നിന്ന് കൊണ്ടു വരേണ്ട ഗതികേടിലാണ്. രണ്ട് ആശുപത്രികളിലും ഇത് അടിയന്തിരമായി പരിഹരിക്കേണ്ടതുണ്ട്. നിലവിലുള്ള മരുന്ന് വിപണിയിലെ ബഹുരാഷ്ട്ര കുത്തകകളുടെ സ്വാധീനം മൃഗ ചികിത്സാ രംഗത്തെ സാധാരണക്കാരന് അപ്രാപ്യമാക്കിയിട്ടുണ്ട്. ചികിത്സാ ചിലവ് കുറയ്ക്കുന്നതിനാവശ്യമായ അവശ്യ മരുന്നുകൾ കുറഞ്ഞ വിലക്ക് കർഷകർക്ക് ലഭ്യമാക്കുന്ന പദ്ധതി രൂപപ്പെടുത്തേണ്ടതാവശ്യമാണ്. ശാസ്ത്രീയ മൃഗ പരിപാലനത്തെക്കുറിച്ച് കർഷകർക്കു പരിശീലനം നൽകുന്നതിനും കർഷകർക്കുള്ള ലൈബ്രറി സ്ഥാപിക്കുന്നതിനും ഒരു കർഷക പരിശീലന ഹാൾ മൃഗാശുപത്രികളോടനുബന്ധിച്ചു സ്ഥാപിക്കുന്നത് നന്നായിരിക്കും.

## നിലവിലുള്ള പദ്ധതികൾ:

### കന്നുകുട്ടി പരിപാലന പദ്ധതി-

മൃഗസംരക്ഷണ വകുപ്പ് ഈ പഞ്ചായത്തിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളിൽ ഏറെ പ്രാധാന്യമർഹിക്കുന്നതാണ് കന്നുകുട്ടി പരിപാലന പദ്ധതി. നാലുമാസം മുതൽ ഒമ്പതുമാസം വരെയുള്ള സങ്കരയിനം കന്നുകുട്ടികളെ തെരഞ്ഞെടുത്ത് ഗുണമേന്മയുള്ള കാലി തീറ്റ പകുതി വിലയ്ക്ക് നൽകി, ആദ്യപ്രസവം 30 മാസത്തിനുള്ളിൽ സാദ്ധ്യമാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പെരുകുന്ന തീറ്റ ചെലവും ചുരുങ്ങുന്ന മേച്ചിൽ സ്ഥലവും കർഷകരുടെ മുന്നിൽ ഒരു ചോദ്യ ചിഹ്നമാണ്. സാമ്പത്തിക പരാധീനത അനുഭവിക്കുന്ന ക്ഷീരകർഷകർക്ക് ആശ്വാസമേകുന്നതോടൊപ്പം തന്നെ അത്യുൽപാദന ശേഷിയുള്ള പശുക്കളെ ഉരുത്തിരിച്ചെടുക്കാനും ഇതിലൂടെ കഴിയുന്നു. എന്നാൽ കാലാകാലങ്ങളിൽ ഉണ്ടാകുന്ന കാലിത്തീറ്റ വില വർദ്ധനയ്ക്ക് ആനുപാതികമായി സാമ്പത്തിക സഹായം ഉയർത്തിയിട്ടില്ല എന്നതാണ് ഒരു ന്യൂനത . ഘട്ടംഘട്ടമായി പഞ്ചായത്തിലെ എല്ലാ കന്നുകുട്ടികളെയും ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരേണ്ടതാണ്. വാത്തിക്കുടി ഗ്രാമപഞ്ചായത്തിൽ മൃഗ സംരക്ഷണവകുപ്പ് നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ ഇതുവരെ 14,87,500/- ഓളം രൂപ സർക്കാർ സബ്സിഡി എന്ന നിലയിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

### പേവിഷ നിർമ്മാർജന പദ്ധതി

ജന്തുജന്യ രോഗങ്ങളിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് പേവിഷബാധ. ഘട്ടംഘട്ടമായി പേ വിഷബാധ നിർമ്മാർജനം ചെയ്യുക, പേവിഷത്തിനെതിരെയുള്ള വാക്സിൻ പകുതി വിലയ്ക്ക് വിതരണം ചെയ്യുക, തദ്ദേ

ശസ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെ അലയുന്ന നായ്ക്കളെ നശിപ്പിക്കുക വളർത്തുനായ്ക്കളെ പ്രതിരോധ കുത്തിവെയ്പ്പിനു വിധേയമാക്കി രജിസ്റ്റർ ചെയ്യുകയും ലൈസൻസ് എടുക്കുകയും ചെയ്യുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. എന്നാൽ ഓരോ വർഷവും പ്രതിരോധ കുത്തിവയ്പ്പിനുള്ള വാക്സിൻ വാങ്ങാനുള്ള പദ്ധതി വിഹിതം ആവശ്യത്തിലും കുറവാണ്. ആയതിനാൽ പഞ്ചായത്തിലെ മുഴുവൻ നായ്ക്കളെയും ഈ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്താൻ കഴിയുന്നില്ല. ബോധവത്കരണവും വാക്സിൻെറ സബ്സീഡിയുമായി ഏകദേശം 6,000/- ഓളം രൂപ ഈ പദ്ധതിക്കായി വാത്തിക്കുടി പഞ്ചായത്തിൽ ചിലവഴിച്ചിട്ടുണ്ട്.

**കാലിവസന്ത നിർമാർജന പദ്ധതി (ഓപ്പറേഷൻ റിൻഡർപെസ്റ്റ് സീറോ)**

കാലിവസന്ത രോഗ നിർമാർജനത്തിനുള്ള ആഗോള പരിപാടിയുടെ ഭാഗമായി എല്ലാ ജില്ലകളിലും രോഗാന്വേഷണ സർവ്വേകളും രോഗനിർമാർജന പ്രചരണ പരിപാടികളും മൃഗ സംരക്ഷണ വകുപ്പ് സംഘടിപ്പിക്കുന്നു. കാലിവസന്ത നിർമാർജന പദ്ധതിയുടെ ഭാഗമായി വാത്തിക്കുടി പഞ്ചായത്തിൽ ഈ പദ്ധതി കാര്യക്ഷമമായി നടത്തി വരുന്നു.

**ഊർജിത പന്നി വളർത്തൽ വികസനപരിപാടി**

പന്നിയിറച്ചിയുടെ ഉല്പാദനവും ലഭ്യതയും വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. അഞ്ചു പെൺപന്നികളും ഒരു ആൺ പന്നിയുമടങ്ങിയ ഒരു യൂണിറ്റ് പകുതി വിലയ്ക്കും (പരമാവധി 1200/- രൂപ) പന്നിക്കൂടു നിർമ്മാണത്തിനായി 50% സബ്സിഡിയും (പരമാവധി 7,000/- രൂപ) ലഭിക്കും. ഗുണഭോക്താവിൻെറ ഉപയാഗം കഴിഞ്ഞ് ബാക്കിയുള്ള പന്നിക്കുഞ്ഞുങ്ങളെ സർക്കാർ നിരക്കിൽ വകുപ്പിൻെറ കീഴിലുള്ള പദ്ധതി നടത്തിപ്പിന് ഉപയോഗിക്കാം. എന്നാൽ വേണ്ടത്ര പന്നിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യമാണ് ഈ മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. നാലു യൂണിറ്റുകൾ വിതരണം ചെയ്യുന്നതിലൂടെ ഈ പദ്ധതിക്കായി 32,800 രൂപയോളം ഈ പഞ്ചായത്തിൽ ചെലവു ചെയ്തിട്ടുണ്ട്.

**പന്നിവളർത്തൽ കൊഴുപ്പിക്കൽ പദ്ധതി-**

മാംസാവശ്യത്തിനായി ഗുണമേന്മയുള്ളതും പെട്ടെന്ന് തടി വെയ്ക്കുന്നതുമായ പന്നികളുടെ വ്യാപനം ലക്ഷ്യമിടുന്ന പദ്ധതിയാണിത്. 25% സബ്സിഡിയോടെ (പരമാവധി ഓരോ പന്നിക്കും 100/- രൂപ വീതം) ഓരോ ഗുണഭോക്താവിനും രണ്ടു പന്നിക്കുഞ്ഞുങ്ങൾ വീതം വീട്ടിൽ എത്തിച്ചു കൊടുക്കുന്നു. 120/- പന്നിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുകവഴി 12,000/- രൂപ സർക്കാർ സബ്സിഡി ഈ പഞ്ചായത്തിൽഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

**ആടു വളർത്തൽ പദ്ധതി**

മലബാറി ആടുകളുടെ വംശനാശം ഒഴിവാക്കുവാൻ തെരെഞ്ഞെടുക്കപ്പെട്ടപഞ്ചായത്തുകളിൽ പ്രജനനാവശ്യത്തിനുള്ള ആടു വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. മലയോര പ്രദേശത്തെ വിഭവങ്ങൾ പ്രയോജനപ്പെടുത്തി പ്ളാവ്, സുബാബുൾ തുടങ്ങിയ വൃക്ഷങ്ങൾ പദ്ധതി പ്രദേശങ്ങളിൽ കൂടുതൽ പ്രചരിപ്പിച്ചാൽ മാത്രമേ ഈ മേഖലയിൽ ലാഭം കൂട്ടുവാൻ കഴിയുകയുള്ളു. എട്ടു യൂണിറ്റുകൾ വിതരണം ചെയ്യുക വഴി 3120/- രൂപ ഈ പദ്ധതിയിൽ വാത്തിക്കുടി പഞ്ചായത്തിൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

**കാലിരോഗ വിമുക്ത മേഖലാ പദ്ധതി -**

കാലിരോഗം, പ്രത്യേകിച്ച് കുളമ്പുരോഗ വിമുക്ത മേഖല സ്ഥാപിച്ച് കുളമ്പു രോഗ നിർമാർജനം ലക്ഷ്യമിടുന്നു. വാത്തിക്കുടി പഞ്ചായത്തിൽ സൗജന്യമായി 900 പശുക്കളെ ഇതിനകമായി പ്രതിരോധ കുത്തിവയ്പിനു വിധേയമാക്കിയിട്ടുണ്ട്.

**വീട്ടുവളപ്പിലെ കോഴി വളർത്തൽ**

'അടുക്കള മുറ്റത്തെ കോഴി' എന്ന ആശയമാണ് ഈ പദ്ധതിക്കു പിന്നിൽ. 60 ദിവസം പ്രായമുള്ള ഒരു പൂവൻ കോഴിയും രണ്ടു പിടക്കോഴിയുമടങ്ങുന്ന ഒരു യൂണിറ്റ് പരമാവധി 45 രൂപാ സബ്സിഡി. നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യം ഏറെയുണ്ട്, ഈ രംഗത്ത്. 333 യൂണിറ്റുകൾ വാത്തിക്കുടി പഞ്ചായത്തിൽ വിതരണംചെയ്യാൻ സാധിച്ചിട്ടുണ്ട്. 15,000/- രൂപയോളം ഈ ഇനത്തിൽ നടപ്പു വർഷം ചിലവഴിച്ചിട്ടുണ്ട്.

ഗോരക്ഷാക്യാംപും വന്ധ്യതാ നിവാരണ ക്യാംപും -

പ്രത്യുൽപ്പാദനക്ഷമത കൂടിയ കന്നുകാലികളെ കണ്ടെത്തുന്നതിനായും വേണ്ട ശാസ്ത്രീയ പരിചരണം ഉറപ്പു വരുത്തുന്നതിനായി നാല് ഗോരക്ഷാ ക്യാംപുകൾ കഴിഞ്ഞ വർഷം പഞ്ചായത്തിൽ നടത്തുകയുണ്ടായി.

പശുക്കളിൽ പ്രത്യേകിച്ച് സങ്കരയിനങ്ങളിൽ വ്യാപകമായി കണ്ടുവരുന്ന വന്ധ്യത പരിഹരിക്കുന്നതിനായി കഴിഞ്ഞ വർഷം 2 വന്ധ്യതാ നിവാരണ ക്യാംപുകൾ പഞ്ചായത്തിൽ നടത്തപ്പെടുകയുണ്ടായി. പ്രസ്തുത ക്യാംപിൽ മൃഗ സംരക്ഷണ വിദഗ്ദൻമാർ പങ്കെടുക്കുകയും വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുകയുമുണ്ടായി.

ഗോരക്ഷാ ക്യാംപുകൾക്കായി 800/- രൂപയും വന്ധ്യതാനിവാരണ ക്യാംപുകൾക്കായി 2,600/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

പ്രത്യേക ഘടക പദ്ധതിയും ഗിരിവർഗ ഉപപ്ളാനും-

പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗക്കാരെ മാത്രം ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികളാണ് ഇവ. പശു, പശുക്കുട്ടികൾ എന്നിവയെ നൽകുന്ന പ്രത്യേക ഘടക പദ്ധതി പ്രകാരം 1,16,400/-രൂപയും കോഴി, കോഴിത്തീറ്റ, മരുന്ന് എന്നിവ നൽകുന്നതിന് 13,000/- രൂപയും കഴിഞ്ഞ സാമ്പത്തികവർഷം ഈ ആവശ്യത്തിനായി ചെലവഴിച്ച് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

വിജ്ഞാനവ്യാപനവും പരിശീലനവും -

ശാസ്ത്രീയ മൃഗപരിപാലനത്തെക്കുറിച്ച് കർഷകരിൽ അവബോധം ഉണ്ടാക്കുന്നതിനായി വിജ്ഞാനവ്യാപന പദ്ധതിയിലൂടെ 300- ലധികം കർഷകരെ പങ്കെടുപ്പിച്ച് തോപ്രാംകുടി യുവറാണി തീയേറ്ററിൽ വച്ച് മൃഗ സംരക്ഷണ സെമിനാർ നടത്തപ്പെടുകയുണ്ടായി.

ഉല്പാദനവും ഉപഭോഗവും

വാത്തിക്കുടി പഞ്ചായത്തിൽ പ്രതിദിനം 4046 ലിറ്ററോളം പാൽ ഉല്പാദിക്കപ്പെടുന്നുണ്ട്. അതിൽ 1343 ലിറ്റർ പാൽ ഈ പഞ്ചായത്തിൽ തന്നെ ഉപയോഗിക്കുന്നുണ്ട്. 2803 ലിറ്റർ പാൽ വിപണനത്തിനായി പുറത്തേക്ക് കൊണ്ടുപോകുന്നുണ്ട്. പാലിൻെറ വിപണന മേഖലയിൽ മിൽമയുടെ അധീനതയിലുള്ള 8 സൊസൈറ്റികൾക്കു പുറമേ സ്വകാര്യ മേഖലയിൽ 8-ഓളം സൊസൈറ്റികളും പ്രവർത്തിക്കുന്നുണ്ട്. ഉല്പാദന ചിലവിന് ആനുപാതികമായ വില ലഭിക്കാത്തത് ഈ മേഖല നേരിടുന്ന ഗുരുതരമായ പ്രതിസന്ധിയാണ്.

ശുദ്ധമായ മാംസോല്പാദനത്തിനുള്ള ആധുനിക സൗകര്യങ്ങളില്ലെങ്കിലും 500 കിലോഗ്രാം മാംസം ഭക്ഷ്യാവശ്യത്തിനായി ഉപയോഗിക്കുന്നുണ്ട്. അറവു മൃഗങ്ങൾ ഭൂരിഭാഗവും അയൽ സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്നവയാണ്. ഇതിൻെറ ഉപോല്പന്നങ്ങൾ സംസ്കരിച്ചെടുക്കുവാനുള്ള ആധുനിക സൗകര്യങ്ങൾ ഇല്ലാത്തത് വൻ സാമ്പത്തിക നഷ്ടത്തിന് കാരണമായി തീരുന്നു.

വേണ്ടത്ര ശ്രദ്ധ ലഭിക്കാതെ പോകുന്നത് മറ്റൊരു ഉല്പാദനമേഖലയായ ഊർജ്ജസ്രോതസ്സുകളുടെ ഉപയോഗമാണ്. 25,000 കിലോയ്ക്ക് മുകളിൽ ചാണകം പ്രതിദിനം ഉല്പാദിപ്പിക്കുന്ന വാത്തിക്കുടി പഞ്ചായത്തിൽ നാമമാത്രമായ ബയോഗ്യാസ് പ്ലാൻറുകളെയുള്ളൂ. രണ്ടു മൂന്നു പശുക്കളിൽ നിന്ന് ഒരു ചെറിയ കുടുംബത്തിന് ഒരു ദിവസം പാചകാവശ്യത്തിന് വേണ്ടിവരുന്ന പാചകവാതകം ഉല്പാദിപ്പിക്കാനാവുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. കൂടുതൽ സബ് സിഡികളോടെ ബയോഗ്യാസ് പ്ലാൻറുകളുടെ പ്രചരണവും രൂപീകരണവും ആസൂത്രിതമായി വ്യാപിപ്പിക്കേണ്ടതുണ്ട്.

മൃഗസംരക്ഷണ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ

ഒറ്റനോട്ടത്തിൽ ഗംഭീരമെന്നു തോന്നാവുന്ന ഒരുപാടു നേട്ടങ്ങൾ മൃഗസംരക്ഷണ മേഖല കൈവരിച്ചിട്ടുണ്ടെങ്കിലും ഈ നേട്ടങ്ങൾ സമൂഹത്തിൻെറ താഴെ തട്ടിലേക്ക് എത്രത്തോളം എത്തിച്ചേർന്നിട്ടുണ്ട് എന്ന കാര്യം സൂക്ഷ്മമായി പരിശോധിക്കേണ്ടതാണ്. മൃഗസംരക്ഷണ മേഖലയിൽ സ്വയം പര്യാപ്തതയ്ക്ക് വെല്ലുവിളികളായി നില്ക്കുന്ന പ്രധാന പ്രശ്നങ്ങൾ ഒട്ടനവധിയുണ്ട്.

1. ഉല്പാദന നിലവാരം:-

ഉല്പാദന നിലവാരം പരീക്ഷണശാലാ നിലവാരത്തിനടുത്തേയ്ക്ക് ഉയരുന്നില്ല. കാരണം ഉയർന്ന ജനിതകഗുണമുള്ള സങ്കരയിനം

കന്നുകാലികൾ ശാസ്ത്രീയമായ പരിപാലനവും പോഷക സമൃദ്ധമായ തീറ്റയും ആവശ്യപ്പെടുന്നു. പോഷക സമൃദ്ധമായ കാലിത്തീറ്റ ചിലവേറി യതാണ്. പ്രാദേശികമായ ഉല്പാദനം തീരെയില്ല. അങ്ങനെ പാലിൻെറ ഉല്പാദനം ചെലവേറി യതാകുന്നു. ഈ സാഹചര്യത്തിൽ ഉല്പാദന ക്ഷമത കുറഞ്ഞ കന്നുകാലികളെ ആശ്രയിക്കാൻ ദുർബല വിഭാഗങ്ങളെ നിർബന്ധിതരാക്കുന്നു.

**2. അനുബന്ധ മേഖലകളുടെ പരാജയം -**

സാങ്കേതിക വിദ്യയുടെ വളർച്ചയ്ക്കൊപ്പം അനുബന്ധമേഖലകൾ വികസിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടു. തീറ്റപ്പുൽകൃഷി വ്യാപകമാക്കുവാനും ജനങ്ങളുടെയിടയിൽ വേണ്ടത്ര പ്രചാരം നൽകുവാനും കഴിഞ്ഞില്ല. ലഭ്യമായിട്ടുള്ള പാരമ്പര്യേതര കാലിത്തീറ്റ അസംസ്കൃത സ്രോതസ്സുകളായ കാപ്പിത്തൊണ്ട്, റബർക്കുരു, പുളിങ്കുരു, ചക്കക്കുരു മുതലായ വിഭവങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് സാധിച്ചിട്ടില്ല. നമ്മുടെ വിഭവങ്ങൾ സമാഹരിച്ച് അന്യ സംസ്ഥാനങ്ങളിൽ കാലിത്തീറ്റ കമ്പനികൾ പ്രവർത്തിക്കുകയും കാലിത്തീറ്റ വിപണിയിൽ അവർ വില നിലവാരം നിയന്ത്രിക്കുകയും ചെയ്യുന്നു.

**3. ആകസ്മിക മരണം മൂലമുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾ**

കന്നുകാലികളുടെ ആകസ്മിക മരണം മൂലമുണ്ടാകുന്ന ഭീമമായ നഷ്ടങ്ങൾ പരിഹരിക്കുവാനുള്ള മാർഗ്ഗങ്ങളില്ല. പഞ്ചായത്തിലെ മുഴുവൻ കന്നുകാലികളെയും ഇൻഷ്വർ ചെയ്യുന്ന സമഗ്ര ഇൻഷ്വറൻസ് സംവിധാനം നിലവിലില്ലാത്തതിനാൽ നേരിടുന്ന നഷ്ടം മുഴുവനും കർഷകർക്ക് താങ്ങേണ്ടിവരുന്നു. ഇൻഷ്വറൻസിൻെറ ഗുണഫലങ്ങൾ കർഷകർക്ക് എത്തിക്കുവാൻ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. എന്നാൽ നിലവിലുള്ള വിജ്ഞാനവ്യാപന സംവിധാനം പൂർണ്ണമാണെന്നു പറഞ്ഞുകൂടാ.

**4. കന്നുകാലികളിലെ വന്ധ്യത -**

കറവപ്പശുക്കളിലേയും കിടാരികളിലേയും വന്ധ്യത കർഷകനെ അലട്ടുന്ന മറ്റൊരു പ്രശ്നമാണ്. വ്യാപകമാകുന്ന വന്ധ്യതയ്ക്ക് കൂടുതൽ ഗവേഷണങ്ങളും സാങ്കേതിക വിദഗ്ദൻമാർക്ക് കൂടുതൽ പരിശീലനവും നൽകേണ്ടതാണ്. വന്ധ്യതാനിവാരണത്തിന് ബ്ളോക്കുതലത്തിൽ ഒരു ടാസ്ക്ഫോഴ്സ് രൂപീകരിക്കേണ്ടതാണ്.

**5. മാംസോല്പാദന രംഗത്ത് സംശുദ്ധമായ ഉപഭോഗമാംസം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്**

വൃത്തിഹീനമായ സാഹചര്യങ്ങളിൽ ആടുമാടുകളെ കശാപ്പുചെയ്ത് വിപണനം ചെയ്യുന്നതുമൂലം പൊതുജനാരോഗ്യത്തിന് വെല്ലുവിളിയായിത്തീർന്നിരിക്കുന്ന ഈ പ്രശ്നം പരിഹരിക്കുവാനുള്ള നടപടികൾ ഇതുവരെ ആരംഭിച്ചിട്ടില്ല.

**6. മൃഗസംരക്ഷണ മേഖലയിൽ ലഭ്യമാകുന്ന വായ്പകളുടേയും സബ്സിഡികളുടേയും കുറവ്**

മൃഗസംരക്ഷണ മേഖലയിൽ തൊഴിൽ തേടിയെത്തുന്നവരിൽ അധികവും ഭൂരഹിതനാമമാത്ര കർഷകരായതിനാൽ ധനസഹായം അവർക്ക് എപ്പോഴും അത്യാവശ്യമാണ്. ധനകാര്യസ്ഥാപനങ്ങൾ വായ്പ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ഗുണഭോക്താക്കൾക്ക് ബുദ്ധിമുട്ടുകൾ ഒഴിവാകത്തക്കരീതിയിൽ ലഘൂകരിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

**7. മൃഗചികിത്സാ രംഗം**

മൃഗചികിത്സാ താരതമ്യേന ചെലവേറിയതാണ്. മൃഗാശുപത്രികളിൽ ആവശ്യമരുന്നുകളുടെ ദൗർലഭ്യവും ആധുനീക ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തതയും യാത്രാചെലവും ഈ മേഖലയെ സാധാരണ ക്ഷീരകർഷകന് അപ്രാപ്യമാക്കുന്നു.

**8. പേവിഷ നിർമ്മാർജ്ജനം**

മാരകവും ഭയാനകവുമായ പേവിഷബാധ നിർമ്മാർജനം ചെയ്യുന്നതിനുള്ള സംവിധാനം ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിലും ഫലപ്രദമായി തുടരുന്നില്ല.

**9. കർഷകപരിശീലനം**

മൃഗപരിപാലനത്തിൽ വേണ്ടത്ര അറിവില്ലായ്മ ഈ മേഖലയുടെ വളർച്ചയ്ക്കും വികാസത്തിനും വിഘാതമായി നിൽക്കുന്നു. ബോധവൽക്കരണവും കർഷക പരിശീലനവും മൃഗാശുപത്രികൾ വഴി നടത്തേണ്ടതാണ്.

**10. ഉപോല്പന്നങ്ങളുടെ വിപണനത്തിലെ പ്രതിസന്ധി -**

വിലയേറിയ മൃഗ ഉപോല്പന്നങ്ങളായ തുകൽ, ജൈവവളം എന്നിവയുടേയും അറവുശാല ഉപോല്പന്നങ്ങളായ എല്ല്, രക്തം, ജെലാറ്റിൻ, കൊഴുപ്പ്, ഓസീൻ, എൻസൈമുകൾ

എന്നിവയുടെയും അനന്ത സാധ്യതകൾ ഉപയോഗിക്കപ്പെടുന്നില്ല എന്നത് ഒരു പ്രശ്നമാണ്. ബോധവൽക്കരണവും യഥാർത്ഥ വിപണിയിലേക്ക് കർഷകനെ ബന്ധപ്പെടുത്തുന്നതിനുള്ള സൗകര്യവും അപര്യാപ്തമായതിനാൽ പ്രാപ്യമാകാമായിരുന്ന വമ്പിച്ച സാമ്പത്തിക നേട്ടം അകന്നുപോയി എന്നത് ഒരു യാഥാർത്ഥ്യമാണ്.

**ഒൻപതാം പദ്ധതിക്കുവേണ്ടിയിട്ടുള്ള വിശേഷാൽ ഗ്രാമസഭ**

വാത്തിക്കുടി പഞ്ചായത്തിലെ പതിനൊന്നു വാർഡുകളിലായി മൃഗസംരക്ഷണത്തിന്റെ പ്രത്യേക കൂട്ടങ്ങളിൽ സജീവമായ പങ്കാളിത്തം ഉണ്ടായിരുന്നു. വല്ലാത്ത ഒരാവേശത്തോടെയാണ് കർഷകർ വികസനത്തിന്റെ പ്രണവമന്ത്രം സൃഷ്ടിക്കുവാനുള്ള എളിയതെങ്കിലും ഗൗരവമാർന്ന പ്രക്രിയയിൽ പങ്കുചേർന്നത്.

അത്യുല്പാദനശേഷിയുള്ള നല്ലയിനം വളർത്തുമൃഗങ്ങളെ ലഭ്യമാക്കുവാനുള്ള സൗകര്യവും ധനസഹായവും എത്രയും വേഗം ഏർപ്പെടുത്തണമെന്നും ഉയർന്ന ഉല്പാദനത്തിന് വേണ്ടി ലഭ്യമായിട്ടുള്ള സാങ്കേതിക വിദ്യയായ ഭ്രൂണമാറ്റം ഫ്രീമിയം ബുൾസെമൻ മുതലായവ പ്രയോഗത്തിൽ വരുത്തുന്നതിനുവേണ്ട ശ്രമങ്ങൾ ആരംഭിക്കണമെന്നുമൊക്കെ ഗ്രാമ സഭകളിൽ ഉയർന്നു കേട്ട അടിയന്തിര ശ്രദ്ധപതിയേണ്ട പ്രശ്നങ്ങളാണ്.

തോപ്രാംകുടി, മുരിക്കാശേരി, ദൈവംമേട്, പെരിഞ്ചാംകുട്ടി എന്നിവിടങ്ങളിലെ പൊതുമാർക്കറ്റുകളിൽ അറവുശാലകൾ സ്ഥാപിച്ച് അറവിനു മുൻപും പിൻപും വെറ്റിനറി ഡോക്ടർമാരെക്കൊണ്ട് മാംസം പരിശോധിച്ച് ശുദ്ധമായ മാംസം ഗുണഭോക്താക്കൾക്ക് നൽകണമെന്നും ശാസ്ത്രീയ കന്നുകാലിത്തൊഴുത്തുകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായം തീറ്റപ്പുൽകൃഷിക്കുവേണ്ടിയുള്ള സബ്സിഡി എന്നിവഎത്രയും വേഗം വിതരണം ചെയ്യണമെന്നും കർഷകർ ആവശ്യപ്പെട്ടു കന്നുകുട്ടി പരിശീലന പദ്ധതിയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള കാലിത്തീറ്റയ്ക്കുള്ള സബ്സിഡിപഞ്ചായത്തുതലത്തിൽ നൽകി പദ്ധതി നടത്തിപ്പിനു വേണ്ട ശ്രമങ്ങൾ ആരംഭിക്കുക. മൃഗങ്ങൾക്ക് സൗജന്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുക. വാത്തിക്കുടി തോപ്രാംകുടി എന്നീ മൃഗാശുപത്രികൾക്ക് കെട്ടിടം സ്വന്തമായി പണിയുക, മരുന്നുകളുടെ ദൗർലഭ്യം പരിഹരിക്കുക. ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക, പ്രതിരോധ കുത്തിവെയ്പുകൾ കാലാകാലങ്ങളിൽ നടത്തുക എന്നീ മുറവിളികളും ഗ്രാമസഭയിൽ നിന്നും ഉയർന്നു വരികയുണ്ടായി. ക്ഷീര വിപണന രംഗത്ത് താരതമ്യേന അസൗകര്യമുള്ള കള്ളിപ്പാറ, ഞാറകവല, പാറസിറ്റി, പെരിഞ്ചാംകുട്ടി എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി ക്ഷീരസംഘങ്ങൾ സ്ഥാപിക്കണമെന്നും ക്ഷീരസംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണമെന്നുമുള്ള ആവശ്യങ്ങളും ഗ്രാമസഭാഗ്രൂപ്പുകൾ ഉന്നയിച്ചു. ഉൾനാടൻ മൽസ്യ ബന്ധനത്തിനു മാത്രം സാധ്യതയുള്ള വാത്തിക്കുടി പഞ്ചായത്തിൽ കുളം നിർമ്മിക്കുവാനുള്ള സാമ്പത്തിക സഹായവും മീൻ വളർത്തലിൽ ശാസ്ത്രീയ പരിശീലനവും ആവശ്യമാണെന്ന് മത്സ്യബന്ധനവുമായി ബന്ധപ്പെട്ട ചർച്ചയിൽ ഗ്രാമനിവാസികൾ ചൂണ്ടിക്കാട്ടി.

## വാത്തിക്കുടി - പഞ്ചായത്ത് മൃഗസംരക്ഷണമേഖലയുടെ വികസനത്തിനുള്ള പൊതുവായ നിർദ്ദേശങ്ങൾ

**മൃഗസംരക്ഷണ സ്ഥാപനങ്ങൾ.**

1. വാത്തികുടി, തോപ്രാംകുടി എന്നീ മൃഗാശുപത്രികൾക്ക് സ്വന്തമായ കെട്ടിടം നിർമ്മിക്കുക, ആധുനിക ലാബോറട്ടറി, ഓപ്പറേഷൻ തീയേറ്റർ, കർഷക പരിശീലന ഹാൾ എന്നിവ നിർമ്മിക്കുക.

2. മൃഗാശുപത്രിയിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നികത്തുക.

3. കർഷകർക്ക് അടിയന്തിര സന്ദർഭങ്ങളിൽ വെറ്റിനറി സർജനുമായി ബന്ധപ്പെടുന്നതിന് ഫോൺ, പേജർ എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തുക. വാഹനം ലഭ്യമാക്കുക.

4. പഞ്ചായത്തിൽ ബഥേൽ കേന്ദ്രമാക്കി ഒരു കൃത്രിമ ബീജധാന കേന്ദ്രം സ്ഥാപിക്കുക.

**പാലുത്പാദന രംഗം**

1 ശാസ്ത്രീയ തൊഴുത്തുകൾ നിർമ്മിക്കുകയും നിലവിലുള്ളതൊഴുത്തുകളുടെ നില ശാസ്ത്രീയമായി പുനർനിർമ്മിക്കുകയും ചെയ്യുക.

2. തീറ്റപുൽ കൃഷി ഊർജ്ജിതമായി നടപ്പാക്കുക,മിശ്രിത കാലിത്തീറ്റ ഉല്പാദന

ഫാക്ടറി സ്ഥാപിക്കുകക.

3. ഡയറി യൂണിറ്റികൾ തുടങ്ങുക.

4. അകിടുവീക്കനിയന്ത്രണം വന്ധ്യതാ നിവാരണം എന്നിവയ്ക്ക് സമഗ്ര പദ്ധി ആവിഷകരിക്കുക.

5. പ്രതിശീർഷ വാർഷിക പാലുത്പാദനം 6000 ലിറ്റർ കൈവരിക്കുന്നതിനുള്ള കൃത്രിമ ബീജധാന പരിപാടിയും പ്രജനന നയവും നടപ്പിലാക്കുക.

മാംസോല്പാദനം

1. സഹകരണമേഖലയിൽ മാംസോല്പാദക സഹകരണ സംഘം സ്ഥാപിക്കുക.

2. മാംസോല്പാദനത്തിനു സ്വീകരിക്കുന്ന അശാസ്ത്രീയവും പ്രാകൃതവുമായ അറവു രീതികൾ മാറ്റുവാൻ ശാസ്ത്രീയ അറവു ശാലകൾ സ്ഥാപിക്കുക.

3. മാംസ വിപണനം ചെയ്യുന്നതിന് പഞ്ചായത്തിൽ ശാസ്ത്രീയ മീറ്റ് സ്റ്റാളുകൾ സ്ഥാപിക്കുക.

4. മാംസോല്പന്നങ്ങളും ഉപോല്പന്നങ്ങളും സംസ്കരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

5. മാംസോല്പാദന രംഗത്ത് കർഷകർക്ക് പരിശീലനം നൽകുക. ശാസ്ത്രീയമായി ഉല്പാദിപ്പിക്കപ്പെടുന്ന മാംസം ഉപയോഗിക്കേണ്ട പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ ബോധവൽകരണം നടത്തുക.

ആടുവളർത്തൽ

1. ശാസ്ത്രീയമായ ആടുവളർത്തൽ പദ്ധതിയേക്കുറിച്ച് കർഷകർക്ക് വൈദ്യുത പരിശീലന സൗകര്യം ഉണ്ടാക്കുക.

2. ശാസ്ത്രീയമായ ആട്ടിൻകൂടുകൾ സ്ഥാപിക്കുകയും ആടുകളെ കൂടിനകത്തു വളർത്തുവാൻ പ്രേരിപ്പിക്കുകയും പുല്ലും ഇലകളും മറ്റു തീറ്റകളും കൂട്ടിനകത്ത് ലഭ്യമാക്കുവാനും ആട്ടിൻ തീറ്റയ്ക്കുള്ള പ്ലാവ്, സുബാബുൾ, മരിക്ക് എന്നിവ ഉല്പാദകന്റെ വീട്ടു വളപ്പ്, വേലി, ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങൾ എന്നിവടങ്ങളിൽ വളർത്തുവാനും വേണ്ടിയുള്ള സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക.

3. ആടുകളുടെ വർഗ്ഗോദ്ധാരണത്തിന് കൃത്രിമ ബീജധാനം ഏർപ്പെടുത്തുക.

കാളകുട്ടി പരിപാലനം-

കർഷക പരിശീലനം, മാംസോല്പാദക സഹകരണ സംഘം, തീറ്റ പുൽകൃഷി, വൃക്ഷ,കാലിത്തീറ്റ കൃഷി എന്നിവ നടപ്പിൽ വരുത്തി കാളക്കുട്ടി പരിപാലനത്തിനുള്ള സമഗ്ര പരിപാടി ആവിഷ്കരിക്കുക.

പന്നി വളർത്തൽ

1. മാംസോല്പാദനത്തിനുള്ള പന്നി വളർത്തൽ യൂണിറ്റുകൾ കർഷകർക്കു നൽകുക.

2. കർഷക പരിശീലനത്തിനുള്ള സംവിധാനം ഏർപ്പെടുത്തുക.

3. ഉല്പാദന സംസ്ക്കരണ വിപണന സഹകരണസംഘം രൂപീകരിക്കുക.

4. വംശ വർദ്ധനവിനുള്ള പ്രജനന യൂണിറ്റുകൾ നടത്തുവാൻ സ്വകാര്യമേഖലയിൽ പ്രോത്സാഹനം നൽകുക.

5. പ്രജനന യൂണിറ്റുകൾക്ക് അനുബന്ധമായി ഗോബർ ഗ്യാസ് പ്ളാൻറുകൾ മത്സ്യകൃഷി യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുവാൻ പ്രോത്സാഹനം നൽകുക.

മുയൽ, ടർക്കി, കാട, ഗിനി വളർത്തൽ -

1. മുയൽ, ടർക്കി, കാട, ഗിനി എന്നിവയുടെ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സ്കൂൾ കുട്ടികൾക്കും വീട്ടമ്മമാർക്കും വേണ്ടിയുള്ള പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കുക.

2. സംസ്ക്കരണത്തിനും വിപണനത്തിനും സഹകരണ സംഘം ഏർപ്പെടുത്തുക.

3. കർഷകർക്കു പരിശീലന സൗകര്യം ഏർപ്പെടുത്തുക.

4. മുയൽ, ടർക്കി, കാട, ഗിനി എന്നിവയുടെ കുഞ്ഞുങ്ങളെ വളർത്തുന്നതിന് ഫാമുകൾ തുടങ്ങുക.

കാലിത്തീറ്റ ഉല്പാദന രംഗം -

1. കാലിത്തീറ്റപ്പുൽ, വൃക്ഷ വിളകൾ എന്നിവയുടെ ഉൽപാദനത്തിന് സമഗ്ര പദ്ധതികൾ ആവിഷ്ക്കരിക്കുക, വീട്ടുവളപ്പ്, തെങ്ങിൽ തോട്ടങ്ങൾ, വാത്തിക്കുടിയിലെ ഓഫീസ് വളപ്പുകൾ, കനാൽ ഓരങ്ങൾ എന്നീ സ്ഥലങ്ങളിൽ പുല്ലും വൃക്ഷ വിളകളും വച്ചു പിടിപ്പിക്കുക.

2. മിശ്രിത കാലിത്തീറ്റക്കുള്ള അസംസ്കൃത വസ്തുക്കൾ (കപ്പ, പുളി ങ്കുരു, നെൽത്തവിട്) എന്നിവ സംഭരിക്കുവാനും സഹകരണ സംഘമുണ്ടാക്കുവാനും ഇവ ഉപയോഗിച്ച് കാലിത്തീറ്റ മിശ്രിത യൂണിറ്റ് ആരംഭിക്കുവാനും കാലിത്തീറ്റ ന്യായമായ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുവാനും നടപടി എടുക്കുക.

3. തീറ്റപ്പുൽ, ഇലകൾ, വൈക്കോൽ എന്നിവ സംഭരിക്കുന്നതിന് ഫോഡർ ബാങ്ക്

സ്ഥാപിക്കുകയും ഇവ ന്യായമായ വിലയംക്ക് കർഷകർക്ക് ലഭ്യമാക്കുകയും ചെയ്യുക.

**ബ്രോയിലർ കോഴി വളർത്തൽ**

1. കർഷകർക്ക് പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

2. ബ്രോയിലർ ഹാച്ചറികൾ സ്ഥാപിക്കുക.

3. ബ്രോയിലർ യൂണിറ്റുകൾ കർഷകർക്ക് അനുവദിക്കുക

4. കോഴിത്തീറ്റ ഉൽപാദനവും ബ്രോയിലർ ഇറച്ചിയുടെ വിപണനവും സഹകരണസംഘം വഴി നിർവഹിക്കുക.

**മുട്ട ഉല്പാദന രംഗം -**

1. മുട്ട കോഴി ഹാച്ചറിയും നേഴ്സറിയും സ്ഥാപിക്കുക.

2. കർഷകർക്ക് പരിശീലനം നൽകുകയും 100 മുതൽ 150 എണ്ണം വരെ കോഴികളുള്ള മുട്ടയുല്പാദന യൂണിറ്റുകൾ വീട്ടമ്മമാർക്ക് നൽകുക.

3. കോഴി തീറ്റയുല്പാദനം, മുട്ടസംഭരണം, വിപണനം എന്നിവക്ക് സഹകരണ സംവിധാനം ഏർപ്പെടുത്തുക.

**തുകൽ, അറവുശാല ഉപോല്പന്ന സംസ്ക്കരണം -**

1. അറവുശാലയോടനുബന്ധിച്ച് ഉപോല്പന്ന സംസ്ക്കരണവും കൂടി നിർവഹിക്കുന്നതിനുള്ള സംവിധാനം മേർപ്പെടുത്തുക.

2. പ്രാഥമിക സംസ്ക്കരണം നടത്തിയ തുകൽ ടാനിംഗ് സെൻററിലേക്ക് കയറ്റി അയയ്ക്കുവാനുള്ള സംവിധാനമേർപ്പെടുത്തുക.

**കന്നുകാലികളുടെ ആകസ്മിക മരണം മൂലമുണ്ടാകുന്ന നഷ്ടങ്ങളിൽ നിന്നും കർഷകർക്ക് പരിരക്ഷ**

1. പഞ്ചായത്തിലെ എല്ലാ കന്നുകാലികൾക്കും സമഗ്ര കന്നുകാലി ഇൻഷുറൻസ് സംവിധാനം ഏർപ്പെടുത്തുക.

**കന്നുകാലി രോഗനിയന്ത്രണം**

1. പകർച്ച വ്യാധികൾ (കുളമ്പു രോഗം, കുരലടപ്പൻ, അടപ്പൻ) എന്നിവ നിയന്ത്രിക്കുന്നതിനുള്ള സമഗ്രപദ്ധതി ആവിഷ്ക്കരിക്കുക.

2. പരാദ രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള പദ്ധതി.

3. ബാഹ്യ പരാദ രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

**കർഷക പരിശീലനം -**

1. കർഷകർക്ക് പരിശീലനം നൽകുന്നതിന് ബ്ളോക്കടിസ്ഥാനത്തിൽ കേന്ദ്രങ്ങൾ ഏർപ്പെടുത്തുക, പഞ്ചായത്ത് തലത്തിൽ കർഷകർക്ക് പരിശീലനം നൽകുന്നതിന് മൊബൈൽ സംവിധാനം ഏർപ്പെടുത്തുക.

**മൃഗ സംരക്ഷണ മേഖലയിലെ കർഷകർക്ക് അവാർഡ് -**

1. പഞ്ചായത്തിലെ മൃഗ സംരക്ഷണ രംഗത്തുള്ള മികച്ച കർഷകരെ തെരെഞ്ഞെടുത്ത് ആദരിക്കുകയും അവാർഡു നൽകുകയും ചെയ്യുക.

**ജൈവ വളം, ബയോ ഗ്യാസ്-**

1. ജൈവ വളം സംഭരിക്കുന്നതിനും ഫലപ്രദമായി ഉപയോഗിക്കുന്നതിനും കർഷകർക്ക് ബോധവൽക്കരണം നടത്തുക.

**മൃഗ ശക്തി-**

1. കൂടുതൽ പ്രവർത്തനക്ഷമതയുള്ള ആധുനിക ഡിസൈനിലുള്ള കാള വണ്ടികൾ ലഭ്യമാക്കുക.

**പേവിഷ നിർമാർജനം-**

1. പേവിഷബാധ നിർമാർജനത്തിനുള്ള സമഗ്ര പരിപാടി സംസ്ഥാനതലത്തിൽ ആവിഷ്ക്കരിക്കുക.

2. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുക, വളർത്തു നായ്ക്കളെ വാക്സിനേഷന് വിധേയമാക്കുക, ലൈസൻസ് നിർബന്ധമാക്കുക, പൊതുജന ബോധവൽക്കരണ പരിപാടി നടപ്പിലാക്കുക.

**സ്കൂൾ വിദ്യാർത്ഥികൾക്ക് മൃഗ സംരക്ഷണ ജോലികളിൽ പ്രവൃത്തി പരിചയം-**

1. പഞ്ചായത്തിലെ സ്കൂൾവിദ്യാർത്ഥികൾക്ക് പ്രവൃത്തി പരിചയം ലഭിക്കുന്നതിന് മൃഗ സംരക്ഷണ പദ്ധതികൾ ( 5-ാം ക്ളാസ് മുതൽ 8-ാം ക്ളാസ് വരെയുള്ളവർക്ക് മുട്ടക്കോഴി വളർത്തലും, 8-ാം ക്ളാസു മുതൽ 10-ാം ക്ളാസു വരെയുള്ള വിദ്യാർത്ഥികൾക്ക് ബ്രോയിലർ കോഴി വളർത്തൽ യൂണിറ്റും, ആടു വളർത്തൽ യൂണിറ്റും) പരിശീലനവും ആവിഷ്ക്കരിക്കുക.

**മത്സ്യ ബന്ധനം**

പഞ്ചായത്തിലെ നിരവധി കേന്ദ്രങ്ങളിൽ ചെറുതും വലുതുമായ കുളങ്ങളിൽ നാമമാത്രമായി മത്സ്യം വളർത്തുന്നുണ്ടെങ്കിലും സുസംഘടിതമായ മത്സ്യബന്ധന മേഖല പഞ്ചായത്തിൽ നിലവിലില്ല. ഉപഭോക്താക്കളുടെ വർദ്ധിച്ചുവരുന്ന ആവശ്യവും തൊഴിലില്ലായ്മയും കണക്കിലെടുക്കുമ്പോൾ ഈ മേഖലയിൽ സാദ്ധ്യതകൾ ഇല്ലയെന്നു പറയാൻ കഴിയില്ല. ശാസ്ത്രീയ പരിശീലനവും ഫിഷറീസ് നെഴ്സറിയുടെ സഹായവും ലഭ്യമാക്കി വ്യാപകമായ മത്സ്യകൃഷി പ്രോത്സാഹിപ്പിച്ച് ഈ മേഖലയുടെ പുരോഗതി സാദ്ധ്യമാക്കി പഞ്ചായത്തിന് പുരോഗതി നേടാവുന്നതാണ്.

# 12 - വ്യവസായം

ദിവസംതോറും വർദ്ധിച്ചുവരുന്ന തൊഴലില്ലായ്മയും അഭ്യസ്തവിദ്യരുടെ ബാഹുല്യവും പ്രതീക്ഷക്കൊത്തുയരാത്ത ജീവിതനിലവാരവും തലമുറകളെ ചൂഴ്ന്നു നിൽക്കുന്ന പ്രശ്നങ്ങളാണ്. പ്രാദേശികമായ പ്രകൃതി വിഭവങ്ങളെ ആശ്രയിച്ച് നടപ്പാക്കാവുന്ന നൂതനവും വിവിധങ്ങളുമായ വ്യവസായ സാദ്ധ്യത നിലനിൽക്കെ ആസൂത്രിതമായ പദ്ധതികളോ ലക്ഷ്യബോധമുള്ള പ്രവർത്തനങ്ങളോ ഇല്ലാതെ മുരടിച്ചു പോകുകയാണ് വാത്തിക്കുടി ഗ്രാമപഞ്ചായത്തിലെ വ്യവസായമേഖല. സാങ്കേതിക വിദ്യാഭ്യാസത്തിന്റെ അഭാവവും, ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തതയും പഞ്ചായത്തിന്റെ വ്യവസായപുരോഗതിക്കും വളർച്ചയ്ക്കും വെല്ലുവിളികളായി നിൽക്കുന്നു. ചെറുകിട വ്യവസായങ്ങളെന്നു പറയാവുന്ന ഒരു ഹോളോബ്രിക്സ് നിർമ്മാണയൂണിറ്റും ഓരോ കുട, കൈത്തറി നിർമ്മാണയൂണിറ്റുകളും മാത്രമാണ് വാത്തിക്കുടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ. ഉത്പാദന സാദ്ധ്യതകളെക്കുറിച്ചുള്ള അറിവില്ലായ്മയും പദ്ധതികളും സ്ക്കീമുകളും തെരഞ്ഞെടുക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുവാനുള്ള സാങ്കേതിക വിദഗ്ധരുടെ അഭാവം എന്നിവ വ്യവസായരംഗത്ത് പ്രതിസന്ധികളായി ഇന്നും നിലനിൽക്കുന്നു.

ഈ പഞ്ചായത്തിലെ 90% ആളുകളും കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നവരാണ്. വ്യവസായ വികസനവുമായി ബന്ധപ്പെട്ടു ശാസ്ത്രീയ ബോധവൽക്കരണം നടക്കാത്തതുകൊണ്ടും ഈ രംഗത്തേയ്ക്കു കടന്നുവരുവാൻ അഭ്യസ്തവിദ്യർ വിമുഖത കാണിക്കുന്നു. വ്യവസായത്തിനായി മുന്നിട്ടിറങ്ങുന്നവർക്ക് നിയമത്തിന്റെ നൂലാമാലകൾ പ്രതിസന്ധിയായി നിൽക്കുന്നു. പരമ്പരാഗത വ്യവസായങ്ങൾക്കും ആധുനികവ്യവസായങ്ങൾക്കും തുല്യ പ്രാധാന്യം കൊടുത്തുകൊണ്ട് ഒരു വിശാലവ്യാവസായിക പദ്ധതി ആവിഷ്ക്കരിക്കുന്നതിലൂടെ ഒരു പഞ്ചായത്തിന് സ്വാശ്രയത്വം കൈവരിക്കുവാൻ കഴിയും എന്നത് നിസ്തർക്കമാണ്. നിലവിലുള്ള അസംസ്കൃത വിഭവ സ്രോതസ്സുകളെ ഫലപ്രദമായി ഉപയോഗപ്പെടുത്തിക്കൊണ്ട് വ്യാവസായിക സഹകരണസംഘങ്ങളുടെ സഹായത്തോടെ വികസനോന്മുഖമായ ഒരു ഭാവി കരുപ്പിടിപ്പിക്കുവാൻ കഴിയും.

## പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങൾ

1. മുകുളേൽ ഹോളോബ്രിക്സ്, മുരിക്കാശ്ശേരി
2. റാണി അംബ്രല്ലാമാർട്ട്, മുരിക്കാശ്ശേരി
3. കൈത്തറി വ്യവസായ സഹകരണസംഘം, രാജമുടി
4. ഓലിയാനിക്കൽ ഓയിൽമിൽസ്, മുരിക്കാശ്ശേരി
5. ബൈജുബേക്കറി, മുരിക്കാശ്ശേരി
6. കൈരളിബേക്കറി, മുരിക്കാശ്ശേരി
7. പറമ്പിൽ ഓയിൽമിൽസ്, മുരിക്കാശ്ശേരി
8. ഉദയാഓട്ടോമൊബൈൽസ്, മുരിക്കാശ്ശേരി
9. സെന്റ് ജോസഫ് ഓയിൽമിൽസ്, മുരിക്കാശ്ശേരി
10. സോജി ഗാർമെന്റ്സ്, മേരിഗിരി
11. കൊച്ചുപറമ്പിൽ ഓയിൽമിൽസ്, മേലേചിന്നാർ
12. വാഴയിൽ ഗാർമെന്റ്സ്, കിളിയാർകണ്ടം
13. സാവിയോ ഓയിൽ ആന്റ് ഫ്ലോർമിൽസ്
14. വിന്നേഴ്സ് ഫോട്ടോസ്റ്റാറ്റ്

(1) അവലംബം: (ജില്ലാ വ്യവസായ കേന്ദ്രത്തിലെ S.S.I. രജിസ്റ്ററുകൾ) ഇവയ്ക്കു പുറമേ നാല് അച്ചടിശാലകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

## കൈത്തറി വ്യവസായ സഹകരണ സംഘം, രാജമുടി

മഹത്തായ ഒരു ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് രൂപവൽക്കരിച്ച ഒരു പ്രസ്ഥാനമാണിത്. സ്വാശ്രയഗ്രാമം സൃഷ്ടിക്കുവാനുള്ള ആദ്യചുവടുവയ്പായിരുന്നു ഈ വ്യവസായ സഹകരണസംഘം. എന്നാൽ നാളിതുവരെ ഇതിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാനോ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുവാനോ കഴിഞ്ഞിട്ടില്ല. തൊഴിൽമേഖലയിൽ പ്രത്യേകിച്ചും വനിതകൾക്ക് കൂടുതൽ പ്രാമുഖ്യം കിട്ടാവുന്ന ഒരു പ്രവർത്തനശൃംഖലയായി ഇതിനെ മാറ്റുവാൻ കഴിയും.

## തദ്ദേശീയ വ്യവസായിക അസംസ്കൃത വസ്തുക്കൾ

മുഖ്യകാർഷികോല്പാദന മേഖലയായ ഈ പഞ്ചായത്തിൽ വിവിധങ്ങളായ അസംസ്കൃതവസ്തുക്കൾ ലഭ്യമാണ്. വിവിധയിനം തടികൾ, ചകിരി മുതലായവ ഉപയോഗിച്ച് യഥാക്രമം ഫർണിച്ചർ, കയർ എന്നീ വ്യവസായ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. കാലിവളർത്തൽ ഉപജീവനമാർഗ്ഗമാക്കി മാറ്റിയിരിക്കുന്ന ക്ഷീരകർഷകർക്ക് അനുദിനം വർദ്ധിക്കുന്ന കാലിത്തീറ്റ വില താങ്ങാനാവാത്തതാണ്. കാർഷിക ഉപോല്പന്നങ്ങളായ കാപ്പിത്തൊണ്ട്, റബ്ബർകായ, ചക്കകുരു, കൊക്കോത്തൊണ്ട്, എന്നീ അസംസ്കൃതസ്രോതസ്സുകളുപയോഗിച്ച് ലാഭകരമായ രീതിയിൽ കാലിത്തീറ്റ നിർമ്മാണയൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. അറവുശാല ഉപോല്പന്നങ്ങളായ തുകൽ, എല്ല്, ഓസിൻ, ജലാറ്റിൻ, കൊഴുപ്പ്, രക്തം, ഹോർമോണുകൾ എന്നിവയുടെ സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്താവുന്നതാണ്.

## പ്രശ്നങ്ങൾ

**മൂലധനവായ്പാ സൗകര്യങ്ങളുടെ കുറവ്**

വ്യവസായസംരംഭകരോട് അനുഭാവപൂർണ്ണമായ നിലപാടല്ല ധനകാര്യ സ്ഥാപനങ്ങൾ കൈക്കൊള്ളുന്നത്. സാങ്കേതികതയുടെ നൂലാമാലകളിൽ കുരുങ്ങി ഈ രംഗത്തേക്കു കടന്നുവരാൻ താല്പര്യമുള്ളവർ പോലും നിരാശരായി മടങ്ങുന്നു.

**ലൈസൻസുകൾ ലഭിക്കുവാനുള്ള തടസ്സങ്ങൾ**

വിവിധ വകുപ്പു മേലധികാരികളുടെ നിയന്ത്രണം നിലനിൽക്കുന്നതിനാൽ വ്യവസായയൂണിറ്റുകൾ ആരംഭിക്കുവാൻ ലൈസൻസ് നേടുക എന്നത് ശ്രമകരമായ ദൗത്യമാണ്.

1. സാങ്കേതിക പരിജ്ഞാനത്തിന്റെ കുറവ് വിദഗ്ധ തൊഴിലാളികളുടെ അഭാവം
2. വ്യവസായവികസനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ ബോധവൽക്കരണത്തിന്റെ കുറവ്
3. പട്ടയനടപടികളിലുണ്ടാകുന്ന കാലതാമസം നിമിത്തം വായ്പകൾ പലപ്പോഴും ലഭിക്കാതെ വരുന്നു.
4. വ്യവസായവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ താല്പര്യക്കുറവ്
5. പഞ്ചായത്തിലെ അനുയോജ്യമായ കെട്ടിടങ്ങൾ ലഭിക്കാതെ വരുന്നതും ക്രമാതീതമായ വാടകയും
6. വൈദ്യുതി ലഭിക്കാനുള്ള തടസ്സങ്ങൾ

## സാദ്ധ്യതകൾ

1) അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ വനിതകൾക്കുവേണ്ടി കൈത്തറിവ്യവസായം, വസ്ത്രനിർമ്മാണയൂണിറ്റുകൾ സ്ഥാപിക്കണം.
2) ചുരുങ്ങിവരുന്ന സ്ഥലസൗകര്യങ്ങളും വ്യവസായവികസനത്തിന്റെ സാദ്ധ്യതയും കണക്കിലെടുത്ത് പഞ്ചായത്തിൽ ഒരു മിനിവ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കേണ്ടതാണ്.
3) വ്യവസായ സംരംഭകർക്ക് സഹായകരമാംവിധം ശാസ്ത്രീയ ബോധവൽക്കരണവും പ്രോത്സാഹനവും നൽകുക.
4) കന്നുകാലിവളർത്തൽ ഉപജീവനമാക്കിയിരിക്കുന്ന പഞ്ചായത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി ആരംഭിക്കേണ്ടതാണ്
5) വ്യവസായ സംരംഭകർക്ക് പരിശീലനം നൽകുക
6) വിവിധ ഡിപ്പാർട്ട്മെന്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് വ്യവസായ ലൈസൻസ് നൽകുന്നതിനുള്ള സാങ്കേതികത്വം ലഘൂകരിക്കുക.
7) വ്യവസായസഹകരണസംഘങ്ങൾ സ്ഥാപിക്കുക
8) വ്യവസായ വികസനത്തിന് മാസ്റ്റർപ്ലാൻ തയ്യാറാക്കുക
9) കൃഷി ആവശ്യങ്ങൾക്ക് എല്ലുപൊടി വ്യാപകമായി ഉപയോഗിക്കുന്നതിനാൽ പഞ്ചായത്തിൽ ഒരു എല്ലുപൊടി ഫാക്ടറി സ്ഥാപിക്കേണ്ടതാണ്.

## ഗ്രാമസഭയിൽ നിന്നുള്ള നിർദ്ദേശങ്ങൾ

1) ആട്, പന്നി, കോഴി, മുയൽ തുടങ്ങിയ വളർത്തുമൃഗങ്ങളെ വളർത്തി വിപണനം ചെയ്യുന്നതിനുള്ള ഫാം ആരംഭിക്കുക
(2) പഞ്ചായത്തിലെ 7, 8, 9, 10, 11 വാർഡുകളിലും അയൽപഞ്ചായത്തായ കാമാക്ഷി 7, 8, 9, 10 വാർഡുകളിലും തേയിലകൃഷി വ്യാപകമായിരിക്കുന്നതിനാൽ തോപ്രാംകുടി കേന്ദ്ര

മാക്കി ഒരു തേയിലഫാക്ടറി സഹകരണമേഖലയിൽ സ്ഥാപിക്കുക

(3) മുരിക്കാശ്ശേരി, രാജമുടി, 16ാം കണ്ടം എന്നിവിടങ്ങളിൽ കൊക്കോസംഭരണ സംസ്കരണകേന്ദ്രങ്ങൾ സ്ഥാപിക്കുക.

(4) എംബ്രോയിഡറി, ടെയ്ലറിംഗ് എന്നിവയിൽ പരിശീലനം നൽകി സ്ത്രീകൾക്കുവേണ്ടി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക

(5) പട്ടുനൂൽ കൃഷിയും അതിനോടനുബന്ധിച്ചുള്ള വ്യവസായവും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

(6) സോപ്പ്, അച്ചാർ, ചന്ദനത്തിരി നിർമ്മാണം, തീപ്പെട്ടി, മെഴുകുതിരി, പപ്പടം, ലഘുവ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുവാനുള്ള സാങ്കേതിക സാമ്പത്തിക സഹായം നൽകുക.

(7) റബ്ബർ സംസ്ക്കരണ യൂണിറ്റ് അനുവദിക്കുക

(8) തുകൽ സംസ്ക്കരണ യൂണിറ്റുകൾ ആരംഭിക്കുക

# ടൂറിസം

പഞ്ചായത്തിന്റെ വരുമാനത്തിലേക്ക് ഗണ്യമായ സംഭാവന നൽകുവാനും പഞ്ചായത്തിന്റെ കീർത്തി വ്യാപിപ്പിക്കുവാനും കഴിയുന്ന തരത്തിൽ ടൂറിസം മേഖലയെ വളർത്തിക്കൊണ്ടുവരാൻ കഴിയും. ഈ പഞ്ചായത്തിന്റെ ഹൃദയഭാഗത്തു സ്ഥിതിചെയ്യുന്ന പ്രകൃതിരമണീയമായ നേർച്ചപ്പാറയും, കള്ളിപ്പാറയും ഏറെ വികസന സാദ്ധ്യതകളുള്ള വിനോദസഞ്ചാരകേന്ദ്രങ്ങളായി ഉയർത്താവുന്നതാണ്. ആദിവാസി കലാരൂപമായ കൂത്തും മറ്റ് ആഘോഷങ്ങളും ഇവിടെ ഇപ്പോഴും നടത്തപ്പെടുന്നുണ്ട്. ഒരു അമ്പലവും നിലവിലുണ്ട്. 7-ാം വാർഡിൽ ഗിരിവർഗകോളനിയിലെ മാലികുത്ത് ഒരു വിനോദസഞ്ചാരകേന്ദ്രമാക്കാവുന്നതാണ്. മാലികുത്തിലും മുരിക്കാശ്ശേരികുത്തിലും ജലവൈദ്യുത പദ്ധതിക്കുള്ള സാദ്ധ്യതയുണ്ട്. വ്യാവസായിക ആവശ്യത്തിനുള്ള വൈദ്യുതി ക്ഷാമം പരിഹരിക്കുവാൻ പദ്ധതികൾ ആരംഭിക്കണം.

ഈ മേഖലയുടെ വികസനത്തിനു ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പഞ്ചായത്തും സഹകരിച്ച് സമഗ്രവികസനപദ്ധതി രൂപപ്പെടുത്തേണ്ടതാണ്.



നേർച്ചപ്പാറ

# 13 - വിദ്യാഭ്യാസം

കുട്ടികളിലും മുതിർന്നവരിലുമുള്ള ആത്മീയവും മാനസികവുമായ ഉത്തമാംശങ്ങളുടെ ആവിഷ്ക്കാരമാണ് വിദ്യാഭ്യാസം. സാമൂഹിക പ്രതിബദ്ധതയുള്ള ഒരു തലമുറയെ വാർത്തെടുക്കലാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. പിന്നോക്ക ജില്ലയായ ഇടുക്കി ജില്ലയിലെ മറ്റു പല പഞ്ചായത്തുകളേയും അപേക്ഷിച്ച് വിദ്യാഭ്യാസരംഗത്ത് ഒരു കുതിച്ചുചാട്ടം തന്നെ നടത്തുവാൻ വാത്തിക്കുടി ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. മലയോരഗ്രാമമായ വാത്തിക്കുടി ഗ്രാമപഞ്ചായത്തിലെ ആദ്യവിദ്യാഭ്യാസ സ്ഥാപനമായ തോപ്രാംകുടി ട്രൈബൽ എൽ.പി. സ്ക്കൂൾ 1954 ൽ സ്ഥാപിതമായി. 1980 ന് മുൻപ് ഈ പഞ്ചായത്തിലെ കുട്ടികൾക്ക് ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുവേണ്ടി അനേകകിലോമീറ്റർ യാത്രചെയ്ത് പാറത്തോട് ഹൈസ്ക്കൂളിൽ പോകേണ്ടി വന്നു. ഇപ്പോൾ പഞ്ചായത്തിൽ 6 എൽ.പി. സ്ക്കൂളുകളും 5 യു.പി സ്ക്കൂളുകളും 3 ഹൈസ്ക്കൂളുകളും ഉണ്ട്.

വിദ്യാഭ്യാസ മേഖലയിൽ ക്രിസ്ത്യൻ മാനേജ്മെന്റിന്റെ സംഭാവനകൾ ശ്രദ്ധേയമാണ്. ഇന്നും വേണ്ടത്ര ഗതാഗത സൗകര്യങ്ങൾ ഇല്ലാത്തതിനാൽ കുട്ടികൾ 5 കിലോമീറ്റർ മുതൽ 8 കിലോമീറ്റർ വരെ കാൽനടയായി സഞ്ചരിച്ച് സ്ക്കൂളുകളിൽ എത്തുന്നു. ഇത് കൊഴിഞ്ഞുപോക്കിന് കാരണമാകാറുണ്ട്. പട്ടിക കാണുക. നമ്പർ 1

പഞ്ചായത്തിൽ മൊത്തം 14 സ്ക്കൂളുകൾ പ്രവർത്തിക്കുന്നു. (പട്ടിക 2 കാണുക) . സർക്കാർ മേഖലയിൽ 5 സ്ക്കൂളുകൾ ഉണ്ട്. രണ്ടെണ്ണം ഹൈസ്ക്കൂളുകളാണ്. ഹൈസ്ക്കൂളുകളായ തോപ്രാംകുടിയിലും പതിനാറാം കണ്ടത്തിലും തൊഴിലധിഷ്ഠിത കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. S.S.L.C വിജയശതമാനം പഞ്ചായത്തിലെ സ്ക്കൂളുകളിൽ വളരെ കുറവാണ്. (പട്ടിക3 കാണുക). അദ്ധ്യാപകരുടെ അഭാവം, അവശ്യസൗകര്യങ്ങളുടെ അപര്യാപ്തത, നിലവാരതകർച്ച, യാത്രാ അസൗകര്യങ്ങൾ എന്നിവ വിജയശതമാനത്തെ കാര്യമായി ബാധിക്കുന്നുണ്ട്. എല്ലാ സ്ക്കൂളുകളിലും പി.റ്റി.എ. കമ്മറ്റിയും മാതൃസംഘവും പ്രവർത്തിക്കുന്നുണ്ട്.

ഈ പഞ്ചായത്തിലെ ഏക അംഗീകൃത ഉന്നതവിദ്യാഭ്യാസ സ്ഥാപനം മുരിക്കാശ്ശേരി പാവനാത്മ കോളേജാണ്. എന്നാൽ ഇവിടെ ഇന്നും വേണ്ടത്ര കോഴ്സുകൾ അനുവദിക്കപ്പെട്ടിട്ടില്ല. പഞ്ചായത്തിൽ മറ്റു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല. 5 സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളിൽ പഠനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ വേണ്ടത്ര ഇല്ല.

സ്ക്കൂളുകളിൽ അക്കാഡമിക് സൗകര്യങ്ങളുടെ അപര്യാപ്തത വിദ്യാർത്ഥികളുടെ വിജ്ഞാനവളർച്ചയെ സാരമായി ബാധിക്കുന്നുണ്ട്. ലൈബ്രറി സൗകര്യങ്ങൾ ഇല്ലാത്ത സ്ക്കൂളുകളാണധികവും. പഞ്ചായത്തിലെ മിക്ക സ്ക്കൂളുകളിലും ശുദ്ധജല ദൗർലഭ്യം ഉണ്ട്. മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം, സ്റ്റാഫ്റൂം, പാചകമുറി ഇവ ഇല്ലാത്ത സ്ക്കൂളുകൾ നിരവധിയാണ്. (പട്ടിക 4 കാണുക) കലാകായിക രംഗങ്ങളിൽ ജില്ലാ സംസ്ഥാനതലങ്ങളിൽ കഴിവു തെളിയിച്ചിട്ടുള്ളവർക്ക് വേണ്ടത്ര പ്രോത്സാഹനം നൽകുവാൻ കഴിയാതെ വരുന്നതും കളിസ്ഥലങ്ങളുടെ അപര്യാപ്തതയും, അദ്ധ്യാപകരുടെ കുറവും ഉടനടി പരിഹരിക്കേണ്ട പ്രശ്നങ്ങളാണ്. പഞ്ചായത്തിൽ ആകെയുള്ള അദ്ധ്യാപകരിൽ 70% പുറത്തുള്ളവരാണ്. ഇവർക്ക് ശരിയായ താമസ സൗകര്യം പോലും ഇന്ന് ലഭ്യമല്ല. അനൗപചാരിക വിദ്യാഭ്യാസരംഗത്ത് പ്രവർത്തനങ്ങൾ ഒന്നുംതന്നെ കാര്യക്ഷമമായി മുൻപോട്ടു നീങ്ങുന്നില്ല. ഈ രംഗത്ത് അല്പമെങ്കിലും സ്വാധീനം ചെലുത്തുന്നത് ഏതാനും വായനശാലകളാണ്.

പഞ്ചായത്തിൽ പ്രീപ്രൈമറി സ്ക്കൂളുകളുടെ പ്രവർത്തനമേഖലയിൽ 19 അംഗൻവാടികളും ഏതാനും നഴ്സറി സ്ക്കൂളുകളും കളരികളും പ്രവർത്തിക്കുന്നു. 3 അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടംനിർമ്മിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇളംതലമുറയെ വളർത്തിയെടുക്കുന്നതിൽ മുഖ്യപങ്ക് വഹിക്കേണ്ട അംഗൻവാടികളുടെ നില ഇന്നും ലക്ഷ്യസ്ഥാനത്തിൽ നിന്നും വളരെ വിദൂരത്തിലാണ്. ഇവയുടെ നിലവാരം താമസംവിനാ ഉയർത്തേണ്ടതാണ്.

### പ്രശ്നങ്ങൾ

(1) കാലോചിതമായി പരിഷ്ക്കരിക്കാത്ത ബോധനരീതികൾ

(2) പഠനോപകരണങ്ങളുടെ ദൗർലഭ്യം

(3) വീടുകളിലെ പഠനസാഹചര്യങ്ങളുടെ പരിമിതികൾ

(4) അദ്ധ്യാപക പരിശീലനം യഥാകാലം ലഭിക്കാത്തത്

(5) തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അഭാവം

(6) ഗതാഗത സൗകര്യങ്ങളുടെ കുറവ്

(7) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിലില്ല.

(8) വായനശാലകളുടെ പ്രവർത്തന വൈകല്യം

(9) പാഠ്യേതര വിഷയങ്ങളിലുള്ള പരിശീലനത്തിന്റെ അഭാവം

(10) എസ്സ്.എസ്സ്.എൽ.സി വിജയശതമാനത്തിലെ കുറവ്

(11) സ്ക്കൂളുകളിൽ വേണ്ടത്ര അദ്ധ്യാപകരില്ല.

(12) സ്ക്കൂളുകളിലെ ലൈബ്രറി സൗകര്യങ്ങളുടെ അപര്യാപ്തത

(13) സ്ക്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ കാലാകാലങ്ങളിൽ നടത്തുവാൻ കഴിയുന്നില്ല.

(14) സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥ

(15) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അവശ്യസൗകര്യങ്ങളുടെ കുറവ്.

## സാദ്ധ്യതകൾ, അവലംബം ഗ്രാമസഭ

(1) എല്ലാ സ്ക്കൂളുകളിലും അദ്ധ്യയന വർഷാരംഭത്തിൽ തന്നെ ആവശ്യത്തിന് അദ്ധ്യാപകരെ നിയമിക്കുക

(2) സ്ക്കൂളുകൾക്ക് പുതിയ കെട്ടിടങ്ങൾ പണിയുകയും പഴയകെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക

(3) പതാനാറാം കണ്ടം, മുരിക്കാശ്ശേരി, തോപ്രാംകുടി ~~ഗവൺമെന്റ്~~ ഹൈസ്ക്കൂളുകൾ ഹയർ സെക്കന്ററി ആയി ഉയർത്തുക

(4) മുരിക്കാശ്ശേരി കേന്ദ്രമാക്കി I.T.I സ്ഥാപിക്കുക

(5) സ്കൂളുകളിൽ കംപ്യൂട്ടർ കോഴ്സുകൾ ആരംഭിക്കുക.

(6) കളിസ്ഥലങ്ങൾ ഇല്ലാത്ത സ്ക്കൂളുകളിൽ അവ നിർമ്മിക്കുക

(7) ശുദ്ധജല വിതരണം നടപ്പിലാക്കുക

(8) കലാകായിക രംഗത്ത് കഴിവുള്ള കുട്ടികൾക്ക് ആവശ്യമായ സഹായം നൽകി പ്രോത്സാഹിപ്പിക്കുക

(9) എല്ലാ സ്ക്കൂളുകളിലും പഠനനിലവാരം ഉയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക

**പട്ടിക 1**

**പഠനം നിർത്തിയവരുടെ വിവരം 96-97**

| ക്ലാസ്സ് | SC/ST | | | മറ്റുള്ളവർ | | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| I | 4 | 7 | 11 | 9 | 7 | 16 |
| II | 6 | 11 | 17 | 3 | 4 | 7 |
| III | 4 | 6 | 10 | 2 | - | 2 |
| IV | 7 | 7 | 14 | 2 | 6 | 8 |
| V | 7 | 3 | 10 | 5 | 4 | 9 |
| VI | 11 | 5 | 16 | 7 | 6 | 13 |
| VII | 10 | 10 | 20 | 14 | 12 | 26 |
| VIII | 18 | 11 | 29 | 23 | 22 | 45 |
| IX | 22 | 9 | 31 | 16 | 12 | 28 |
| X | 8 | 6 | 14 | 5 | 4 | 9 |
| ആകെ | 97 | 75 | 172 | 86 | 77 | 163 |

(10) മുരിക്കാശ്ശേരി കേന്ദ്രമാക്കി വിദ്യാഭ്യാസ ജില്ല രൂപവൽക്കരിക്കുക

(11) കക്കൂസ്, മൂത്രപ്പുര, പാചകമുറി ഇവ ഇല്ലാത്ത സ്ക്കൂളുകളിൽ ഉടനെ പണിയുക

(12) മുരിക്കാശ്ശേരി പാവനാത്മ കോളേജിൽ ആർട്സ്, സയൻസ് വിഭാഗങ്ങളിലും, സാങ്കേതിക വിഭാഗത്തിലും കൂടുതൽ കോഴ്സുകൾ തുടങ്ങുക

(13) ബഥേൽ, കിളിയാർകണ്ടം U.P സ്ക്കൂളുകൾ ഹൈസ്ക്കൂളുകളായി ഉയർത്തുക

(14) തോപ്രാംകുടി കേന്ദ്രമാക്കി I.T.I സ്ഥാപിക്കുക

(15) I,V വാർഡുകളിലെ എൽ.പി. സ്ക്കൂളുകൾ U.P സ്ക്കൂളുകളായി ഉയർത്തുക. (ക്രിസ്തുരാജ് L.P.S, പൂമാങ്കണ്ടം, C.K.L.P.S രാജമുടി)

(16) കള്ളിപ്പാറയിലും മേരിഗിരിയിലും L.P. സ്ക്കൂളുകൾ അനുവദിക്കുക

(17) പാഠോപകരണങ്ങളും പാഠപുസ്തകങ്ങളും യഥാസമയം വിതരണം ചെയ്യുക

(18) സ്ക്കൂളുകളിലെ P.T.A., മാതൃസംഘം എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക

(19) അദ്ധ്യാപകർക്ക് താമസസൗകര്യം ഉറപ്പു വരുത്തുക

(20) ബോധവൽക്കരണക്ലാസ്സുകൾ നടത്തുക

## പട്ടിക- II- (2)

| ക്രമനമ്പർ | സ്ക്കൂളുകളുടെ പേര് |
|---|---|
| 1 | ക്രിസ്തുരാജ് എൽ.പി.സ്ക്കൂൾ, പൂമാംങ്കണ്ടം |
| 2 | സെന്റ്മേരീസ് എൽ.പി.സ്ക്കൂൾ, മുരിക്കാശ്ശേരി |
| 3 | സെന്റ്മേരീസ് ഹൈസ്ക്കൂൾ, മുരിക്കാശ്ശേരി |
| 4 | ഗവ. ഹൈസ്ക്കൂൾ, പതിനാറാംകണ്ടം |
| 5 | ക്രൈസ്റ്റ് കിംഗ് എൽ.പി.സ്ക്കൂൾ, രാജമുടി |
| 6 | സേക്രട്ട്ഹാർട്ട് യു.പി.സ്ക്കൂൾ, പടമുഖം |
| 7 | ഗവ.യു.പി.സ്ക്കൂൾ, പെരിഞ്ചാംകുട്ടി |
| 8 | സെന്റ്മേരീസ് എൽ.പി. സ്ക്കൂൾ, ചെമ്പകപ്പാറ |
| 9 | സെന്റ്ജേക്കബ് യു.പി സ്ക്കൂൾ, ബഥേൽ |
| 10 | ഗവ.ഹൈസ്ക്കൂൾ, തോപ്രാംകുടി |
| 11 | സെൻറ് മരിയ ഗോരോത്തി എൽ.പി. സ്ക്കൂൾ, തോപ്രാംകുടി |
| 12 | ഗവ.എൽ.പി. സ്ക്കൂൾ, കിളിയാർകണ്ടം |
| 13 | ഹോളിഫാമിലി യു.പി സ്ക്കൂൾ, കിളിയാർകണ്ടം |

7 ക്ലാസ്സുകളിലായി 7 വിദ്യാർത്ഥികളും 2 അദ്ധ്യാപകരുമുള്ള മുരിക്കാശ്ശേരി ഗവ. U.P സ്ക്കൂൾ ഏതു സമയത്തും നിലംപൊത്താവുന്ന അവസ്ഥയിലാണ്. പുതിയ കെട്ടിടം നിർമ്മിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കിയെടുത്താൽ സ്ക്കൂളിന്റെ നില മെച്ചപ്പെടുത്താൻ കഴിയുമെന്നാണ് പ്രതീക്ഷ.

## പട്ടിക -III (3) എസ്സ്.എസ്സ്.എൽ.സി വിജയശതമാനം

| ക്രമനമ്പർ | സ്ക്കൂളിന്റെ പേര് | 92/93 | 93/94 | 94/95 | 95/96 |
|---|---|---|---|---|---|
| 1 | സെന്റ്മേരീസ് H.S ,മുരിക്കാശ്ശേരി | 68% | 68% | 56% | 51% |
| 2 | ഗവ.H.S തോപ്രാംകുടി | 44% | 50% | 45% | 42% |
| 3 | ഗവ. H.S. പതിനാറാംകണ്ടം | 60% | 27% | 26% | 8% |

## പട്ടിക IV - (4) ഭൗതീകസാഹചര്യങ്ങൾ

| ക്രമ നമ്പർ | സ്ക്കൂളുകളുടെ പേര് | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1 | ഗവ.എൽ.പി സ്ക്കൂൾ, കിളിയാർകണ്ടം | 70 | 3 | 1 | 1 | ഇല്ല | ഉണ്ട് |
| 2 | സെന്റ്മരിയ ഗോരോത്തി L.P.S, തോപ്രാംകുടി | 387 | 11 | 1 | 1 | ഇല്ല | ഉണ്ട് |
| 3 | സെന്റ്മേരീസ് L.P.S, ചെമ്പകപ്പാറ | 107 | 4 | 1 | ഇല്ല | ഇല്ല | ഇല്ല |
| 4 | ക്രൈസ്റ്റ്കിംഗ് L.P.S രാജമുടി | 146 | 5 | 2 | 1 | പരിമിതം | ഉണ്ട് |
| 5 | സെന്റ്മേരീസ് L.P.S മുരിക്കാശ്ശേരി | 369 | 10 | 1 | 1 | ഉണ്ട് | ഉണ്ട് |
| 6 | ക്രിസ്തുരാജ് L.P.S പൂമാങ്കണ്ടം | 86 | 4 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 7 | S.H.U.P.S. പടമുഖം | 498 | 11 | 2 | 2 | പൈപ്പ് | ഉണ്ട് |
| 8 | ഗവ. യു.പി. സ്ക്കൂൾ, പെരിഞ്ചാംകുട്ടി | 65 | 4 | 1 | 1 | ഇല്ല | ഉണ്ട് |
| 9 | സെന്റ്ജോക്കബ്സ്, U.P.S ബഥേൽ | 529 | 19 | 1 | 1 | പൈപ്പ് | ഉണ്ട് |
| 10 | ഹോളിഫാമിലി U.P.S, കിളിയാർകണ്ടം | 274 | 8 | 2 | 1 | ഉണ്ട് | ഉണ്ട് |
| 11 | ഗവ. H.S. പതിനാറാംകണ്ടം | 399 | 27 | 2 | 2 | ഇല്ല | ഉണ്ട് |
| 12 | ഗവ. H.S തോപ്രാംകുടി | 665 | 26 | 2 | 2 | കിണർ | ഉണ്ട് |
| 13 | സെന്റ്മേരീസ് H.S മുരിക്കാശ്ശേരി | 1276 | 51 | 4 | 4 | ഉണ്ട് | ഉണ്ട് |

### എൽ.പി.യു.പി ഹൈസ്ക്കൂൾ വിഭാഗത്തിലെ ആൺപെൺ കുട്ടികളുടെ വിവരങ്ങൾ

| തരം | ആകെ വിദ്യാർത്ഥികൾ | ആൺ | പെൺ | ശതമാനം |
|---|---|---|---|---|
| L.P | 1780 | 937 | 843 | 47.36% |
| U.P | 1593 | 864 | 729 | 45.76% |
| H.S | 1498 | 738 | 760 | 50.73% |
| ആകെ | 4871 | 2539 | 2332 | |

### അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത 96-97

| | ലൈബ്രറി | ലാബ് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് റിക്കാർഡർ | ടെലിവിഷൻ | സിനിമാപ്രൊജക്ടർ | സ്ലൈഡ്പ്രൊജക്ടർ | ബ്ലാക്ക് ബോർഡ് ആവശ്യമുള്ളവ | ക്ലാസ്സ് PTA പ്രവർത്തിക്കുന്നുണ്ടോ | മാതൃസംഘം സജീവം | ഓവർഹെഡ് പ്രൊജക്ടർ | കംപ്യൂട്ടർ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളവ | 7 | 5 | 3 | 4 | 2 | ഇല്ല | ഇല്ല | ഇല്ല | ആവശ്യത്തിനില്ല | ഉണ്ട് | 13 | ഇല്ല | ഇല്ല |
| ഇല്ലാത്തവ | 6 | 8 | 10 | 9 | 11 | ഇല്ല | ഇല്ല | ഇല്ല | | ഉണ്ട് | | ഇല്ല | ഇല്ല |

### ഗവ. സ്ക്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

| ആകെ അദ്ധ്യാപകർ | ഗവ. വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ എണ്ണം | സ്വകാര്യസ്ക്കൂളുകളിലെ അദ്ധ്യാപകരുടെ എണ്ണം | പഞ്ചായത്തിലെ ആകെ വിദ്യാർത്ഥികളുടെ എണ്ണം | ഗവ. സ്ക്കൂളുകളിലെ വിദ്യാർത്ഥികൾ | ശതമാനം |
|---|---|---|---|---|---|
| 251 | 60 | 191 | 4871 | 1199 | 24.61% |

### പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ L.P, U.P, H.S വിഭാഗം സ്ഥിതിവിവരകണക്ക് 1996-97

| L.P | | | U.P | | | H.S | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | ശതമാനം | ആകെ | SC/ST | % | ആകെ | SC/ST | % |
| 1780 | 142 | 7.97 | 1593 | 11 | 6.96 | 1498 | 80 | 5.34 |

## സ്ക്കൂളുകൾ - അദ്ധ്യാപകർ - വിദ്യാർത്ഥികൾ - അവലോകനം

| ക്രമ നമ്പർ | സ്ക്കൂൾ | മാനേജ്മെന്റ് | LP | വിദ്യാർത്ഥികൾ | | | SC/STവിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | ഒഴിവുകൾ |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | | |
| 1. | സെന്റ്മേരീസ് L.P.S. മുരിക്കാശ്ശേരി | കോതമംഗലം രൂപത | LP | 189 | 180 | 369 | 12 | 7 | 19 | 10 | |
| 2. | C.K.L.P.S. രാജമുടി | " | LP | 80 | 66 | 146 | 4 | 5 | 9 | 5 | |
| 3. | സെന്റ്മേരീസ് L.P.S, ചെമ്പകപ്പാറ | കോതമംഗലം രൂപത | " | 52 | 55 | 107 | 4 | 5 | 9 | 4 | |
| 4. | ക്രിസ്തുരാജ് L.P.S പൂമാങ്കണ്ടം | " | " | 44 | 42 | 86 | 10 | 12 | 22 | 4 | |
| 5. | ഗവ. L.P.S കിളിയാർകണ്ടം | ഗവൺമെന്റ് | " | 41 | 29 | 70 | 2 | - | 2 | 3 | 1 |
| 6. | സെന്റ്മരിയ ഗോരോത്തി L.P.S തോപ്രാംകുടി | കോതമംഗലം രൂപത | " | 215 | 172 | 387 | 12 | 12 | 24 | 11 | |
| 7. | S.H.U.P.S പടമുഖം | കോട്ടയം രൂപത | " | 117 | 92 | 209 | 24 | 11 | 35 | 16 | |
| 8. | ഗവ.H.S 16-ാംകണ്ടം | ഗവൺമെന്റ് | " | 49 | 50 | 99 | 3 | 2 | 5 | 27 | |
| 9. | ഗവ.H.S തോപ്രാംകുടി | " | " | 215 | 172 | 387 | 12 | 12 | 24 | 11 | |
| 10. | സെന്റ്ജേക്കബ്സ് U.P.S, ബഥേൽ | കോതമംഗലം രൂപത | " | 119 | 131 | 250 | - | 1 | 1 | 19 | |
| | | L.P ആകെ | | 937 | 843 | 1780 | 79 | 63 | 142 | 125 | |

| ക്രമ നമ്പർ | സ്കൂൾ | മാനേജ്മെന്റ് | U.P | വിദ്യാർത്ഥികൾ | | | SC/STവിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | ഒഴിവുകൾ |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | | |
| | **U.P വിഭാഗം** | | | | | | | | | | |
| 1 | ഗവ. U.P.S, പെരിഞ്ചാംകുട്ടി | ഗവൺമെന്റ് | U.P | 35 | 30 | 65 | 2 | 3 | 5 | 4 | |
| 2 | S.H.U.P.S പടമുഖം | കോട്ടയം രൂപത | " | 159 | 130 | 289 | 27 | 11 | 38 | | |
| 3 | സെന്റ്ജേക്കബ്സ് U.P.S ബഥേൽ | കോതമംഗലം രൂപത | " | 153 | 126 | 279 | 2 | 4 | 6 | | |
| 4 | ഹോളിഫാമിലി U.P.S കിളിയാർകണ്ടം | " | " | 156 | 118 | 274 | 8 | 6 | 14 | 8 | |
| 5 | ഗവ.H.S 16-ാം കണ്ടം | ഗവൺമെന്റ് | " | 81 | 60 | 141 | 3 | 6 | 9 | | |
| 6 | സെന്റ്മേരീസ് H.S, മുരിക്കാശ്ശേരി | കോതമംഗലം രൂപത | " | 200 | 197 | 397 | 10 | 6 | 16 | 21 | |
| 7 | ഗവ.H.S തോപ്രാംകുടി | ഗവൺമെന്റ് | " | 80 | 68 | 148 | 12 | 11 | 23 | - | |
| 8 | ഗവ.U.P.S, മുരിക്കാശ്ശേരി | " | " | - | 7 | 7 | - | - | - | 1 | |
| | | U.P ആകെ | " | 864 | 736 | 1600 | 64 | 47 | 111 | 63 | |
| | **H.S വിഭാഗം** | | | | | | | | | | |
| 1 | ഗവ. H.S 16-ാംകണ്ടം | ഗവൺമെന്റ് | H.S | 87 | 72 | 159 | 4 | 2 | 6 | | |
| 2 | സെന്റ്മേരീസ് H.S മുരിക്കാശ്ശേരി | കോതമംഗലം രൂപത | " | 454 | 425 | 876 | 13 | 14 | 27 | 20 | |
| 3 | ഗവ.H.S, തോപ്രാംകുടി | ഗവൺമെന്റ് | " | 197 | 263 | 460 | 18 | 29 | 47 | 26 | |
| | ആകെ H.S വിഭാഗം | | | 738 | 760 | 1498 | 35 | 45 | 80 | 46 | |

# കുടിവെള്ളവും പൊതുജനാരോഗ്യവും

## ആമുഖം

പഠനപര്യടനവും, ഗ്രാമസഭകളും, ആരോഗ്യ രംഗത്ത് 46 വർഷക്കാലമായി ഉണ്ടായിട്ടുള്ള പ്രവർത്തനങ്ങളുടെ പൊതുവിവരങ്ങളും കാതലായ പല പ്രശ്നങ്ങളും ചൂണ്ടിക്കാണിക്കുന്നതിന് ശ്രദ്ധി ച്ചിട്ടുണ്ട്. പൊതുജനാരോഗ്യരംഗത്തും കുടിവെള്ള പ്രശ്നത്തിലും ശാസ്ത്രീയവും പ്രായോഗികവുമായ നിര വധി നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരിഗണിച്ച് ആ രംഗത്തെ വെല്ലുവിളികൾ പരിഹരിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതായിട്ടുണ്ട്.

**പൊതുജനാരോഗ്യം:-** "ശുദ്ധവായു, ശുദ്ധജലം, ശുചിത്വമുള്ള പാർപ്പിടം" ഇവ ഒരു ജനതയുടെ ആരോഗ്യകാര്യത്തിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണല്ലോ. 1971 വരെ പഞ്ചായത്തിലെ ജനങ്ങൾ ചികിത്സാരംഗത്ത് പ്രധാ നമായും പാരമ്പര്യ വൈദ്യ കുടുംബങ്ങളെയാണ് ആശ്രയിച്ചിരുന്നത്. ആധുനിക ചികിത്സാകേന്ദ്ര ങ്ങളൊന്നും പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. ഈ പഞ്ചായത്തിലെ IV-ാം വാർഡിൽ പതിനാറാംകണ്ടം പ്രദേശത്ത് 1972ൽ സ്ഥാപിതമായ പ്രാഥമിക ആരോഗ്യകേന്ദ്രമാണ് പഞ്ചായത്തിലെ പ്രഥമ ആധു നിക ചികിത്സാസ്ഥാപനം.

പൊതുജനാരോഗ്യരംഗത്ത് വാത്തിക്കുടി പ്രൈമറി ഹെൽത്ത് സെന്ററും, വാത്തിക്കുടി ഗവ. ആയുർവ്വേദ ഡിസ്പെൻസറിയും ആണ് സേവനം അനുഷ്ഠിക്കുന്ന രണ്ടു പൊതുസ്ഥാപനങ്ങൾ. ഇവിടെ വേണ്ടത്ര ജീവനക്കാരോ സൗകര്യങ്ങളോ ഇല്ല. പഞ്ചായത്തിൽ ഏതാനും സ്വകാര്യ ആശു പത്രികളും ഡിസ്പെൻസറികളും ഉണ്ട്. ഈ സ്ഥാ പനങ്ങളിൽ നിന്ന് മെച്ചപ്പെട്ട സേവനം ലഭിക്കുന്നു എന്ന് പറയാനാവുകയില്ല. വിദഗ്ധ ചികിത്സക ളും മറ്റും ലഭിക്കുന്നതിന് വേണ്ടത്ര സൗകര്യങ്ങൾ ലഭ്യമല്ല. പഞ്ചായത്തിൽനിന്നും ഇരുപത്തിരണ്ട് കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന ഇടുക്കി ജില്ലാ ആശുപത്രിയുടെ (പൈനാവ്) സ്ഥിതിയും ഒട്ടും മെച്ചമല്ല. അതിനാൽ വിദഗ്ധ ചികിത്സ ക്കായി കോട്ടയം മെഡിക്കൽ കോളേജിനെ ആശ്ര യിക്കേണ്ടി വരുന്നു. ആരോഗ്യപരിപാലന രംഗത്ത് മെച്ചപ്പെട്ട സേവനങ്ങൾ ഇനിയും ലഭ്യമാക്കേണ്ട തായിട്ടുണ്ട്.

കുടിയേറ്റ മേഖലയായ ഈ പഞ്ചായത്തി ലും പണ്ടുണ്ടായിരുന്ന പല രോഗങ്ങളും തിരിച്ചു വന്നുകൊണ്ടിരിക്കുന്നു. ആധുനിക വൈദ്യശാസ്ത്ര ത്തിന്റെ അപര്യാപ്തത വൻ സാമ്പത്തിക നഷ്ട വ്‌ മിക്കപ്പോഴും ജീവഹാനിയും വിളിച്ചു വരു ത്തുന്നു. ലാബറട്ടറി സൗകര്യങ്ങളും, എക്സ്റേ, ഇ.സി.ജി. തുടങ്ങിയ ആധുനിക സൗകര്യങ്ങളും വേണ്ടത്ര ലഭ്യമല്ല. പതിനാറാംകണ്ടത്തുള്ള പി.എ ച്ച്.സി, വാത്തിക്കുടി ഗവ. ആയുർവ്വേദ ഡിസ് പെൻസറി ഇവയുടെ പ്രവർത്തനം ഇനിയും കാര്യ ക്ഷമമാക്കേണ്ടതുണ്ട്.

പൊതുജനാരോഗ്യരംഗത്തുള്ള കുറവുകൾ പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടികൾ ഗവൺമെന്റിൽ നിന്നും ഉണ്ടാകണം. ഒരു ഗ്രാമപ ഞ്ചായത്ത് മാത്രം ശ്രമിച്ചാൽ ഈ രംഗത്ത് കാര്യ മായ മാറ്റങ്ങൾ ഉണ്ടാക്കുവാൻ കഴിയുകയില്ല എന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. പരി മിതമായ വിഭവങ്ങൾ ഉപയോഗപ്പെടുത്തി വിവിധ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ട് ഈ രംഗത്ത് ഒരു പുതു ചൈതന്യം കൈവരിക്കാൻ പഞ്ചായത്ത് ശ്രമിക്കേണ്ടതാണ്.

### പതിനാറാംകണ്ടം പി.എച്ച്.സി

ഈ ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിൽ പതിനാറാംകണ്ടം എന്ന സ്ഥലത്ത് 1972-ൽ സ്ഥാപിതമായ ഈ ആശുപത്രിയുടെ പ്രവർത്തന ത്തിൽ ധാരാളമായ പൊതുജനപങ്കാളിത്തം ഉണ്ടാ യിട്ടുണ്ട് എന്ന കാര്യം പ്രത്യേകം സ്മരണീയമാണ്. ആശുപത്രിക്ക് ആവശ്യമായ ഒരേക്കർ സ്ഥലം ഉപ്പു തോട് സെന്റ് ജോസഫ് ചർച്ച് സംഭാവനയായി നൽകിയിട്ടുള്ളതാണ്. പഞ്ചായത്ത് ഈ സ്ഥലത്ത് ബഹുജനപങ്കാളിത്തത്തോടെ ബഹു; ഉപ്പുതോട് പള്ളിവികാരി റവ: ഫാ. സെബാസ്റ്റ്യൻ കല്ലിങ്ക ലിന്റെ നേതൃത്വത്തിൽ ആശുപത്രിക്ക് ഒരു കെട്ടിടം ഉണ്ടാക്കുകയും ചെയ്തു. പിന്നീട് ഇൻഡ്യാ പോപ്പു ലേഷൻ പ്രോജക്ട് (ലോകബാങ്ക് സഹായത്തോടെ) ആശുപത്രിക്ക് ആവശ്യമായ മൂന്ന് കെട്ടിടങ്ങളും രണ്ട് സ്റ്റാഫ് ക്വാർട്ടേഴ്സുകളും സ്ഥാപിച്ചു. ഇവിടെ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് 15-ഓളം കട്ടിലുകൾ പൊതുജനങ്ങൾ സംഭാവനയായി നൽകിയിട്ടുണ്ട്. ഇൻപേഷ്യന്റ് വിഭാഗം സർക്കാർ ഉത്തരവ് മൂലം അനുവദിച്ചിട്ടുണ്ടെങ്കിലും കാര്യ ക്ഷമമായി പ്രവർത്തിക്കുവാനുള്ള ഭൗതിക സാഹ ചര്യങ്ങളോ സ്റ്റാഫ് സംവിധാനമോ ഇല്ല. ഒരു

അസിസ്റ്റന്റ് സർജനും, ഒരു സ്റ്റാഫ് നഴ്സും, ഒരു ക്ലാർക്കും, രണ്ട് നഴ്സിംഗ് അസിസ്റ്റന്റുമാരും ഒരു പാർട്ട്ടൈം സ്വീപ്പറും ഏതാനും ഫീൽഡ്സ്റ്റാഫുകളും ഇവിടെ ഉണ്ട്.

ഐ.പി.പി. പ്രോജക്ട് അനുസരിച്ച് തോപ്രാംകുടി, കള്ളിപ്പാറ, ഉപ്പുതോട്, വാത്തിക്കുടി എന്നിവിടങ്ങളിൽ പി.എച്ച്. സബ്സെന്ററുകൾ തുടങ്ങുന്നതിന് കെട്ടിടങ്ങൾ പണിതിട്ടുണ്ട്. അവ പ്രവർത്തനമില്ലാതെ കിടക്കുകയാണ്. ഇവ ഗ്രാമപഞ്ചായത്തിനെ ഏൽപിച്ച് പ്രവർത്തനം സുഗമമാക്കണം. സ്ക്കൂൾ ആരോഗ്യപദ്ധതി, ആരോഗ്യബോധവൽക്കരണ പഠനക്ലാസ്സുകൾ, മാതൃശിശുക്ഷേമ പരിപാടികൾ, പ്രതിരോധകുത്തിവയ്പുകൾ തുടങ്ങിയവ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്.

## ആയുർവ്വേദ ഡിസ്പെൻസറി

ഈ പഞ്ചായത്തിൽ 7-ാം വാർഡിൽ വാത്തിക്കുടി എന്ന സ്ഥലത്താണ് ഈ ഡിസ്പെൻസറി സ്ഥിതിചെയ്യുന്നത്. ഒരു ഡോക്ടറും ഒരു കമ്പൗണ്ടറും ഒരു ഫാർമസിസ്റ്റും ഒരു അറ്റന്ററും ഇവിടെയുണ്ട്. ആയുർവ്വേദ ആശുപത്രിക്ക് സ്വന്തമായി കെട്ടിടങ്ങളോ മറ്റു പ്രവർത്തന സൗകര്യങ്ങളോ ഇല്ല. ഇവിടെ കിടത്തി ചികിത്സിക്കുന്നതിന് ആവശ്യമായ സ്ഥലവും കെട്ടിടവും ഉണ്ടാകേണ്ടതായിട്ടുണ്ട്.

പൊതുമരണനിരക്കും, മാതൃശിശു മരണനിരക്കും ഈ ഗ്രാമപഞ്ചായത്തിൽ താരതമ്യേന കുറവാണ്. ജനനനിരക്ക് കുടുംബക്ഷേമപരമാണ്. പരിസരജന്യം കൊണ്ട് ചില പകർച്ചവ്യാധികൾ ഉണ്ടാകുന്നുണ്ട്.

ശരാശരി ആയുർദൈർഘ്യം: 65 വയസ്സ്

വൈകല്യനിരക്ക്; 340 (2.56%)

## പോഷണനിലവാരം

പോഷണത്തിന്റെ കുറവ് അനുഭവപ്പെടുന്നുണ്ട്. ആരോഗ്യരക്ഷാ ചെലവ് കൂടുതലാണ്. ആരോഗ്യസ്ഥാപനങ്ങളുടെ സേവനം തൃപ്തികരമല്ല. ശിശുക്ഷേമപ്രവർത്തനരംഗത്ത് ഈ പഞ്ചായത്തിലെ 19 അംഗൻവാടികളിലെ ജീവനക്കാരുടെയും മെച്ചപ്പെട്ട സേവനങ്ങൾ ലഭിക്കുന്നുണ്ട്. എങ്കിലും അവരുടെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപകമാക്കേണ്ടതുണ്ട്.

## നിലവിലുള്ള പ്രശ്നങ്ങൾ

### I ആരോഗ്യം

(1) രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് ആശുപത്രി ഇല്ല. (അലോപ്പതി, ആയുർവ്വേദം) രണ്ട് ഡിസ്പെൻസറികൾ മാത്രമാണുള്ളത്. അവയിൽ ലാബറട്ടറി സൗകര്യങ്ങൾ ഇല്ല. സ്വകാര്യമേഖലകളിൽ പ്രവർത്തിക്കുന്ന ആശുപത്രികളും ഫലപ്രദമല്ല.

(2) പഞ്ചായത്തിന്റെ സമീപപ്രദേശങ്ങളിലും ജില്ലാ ആശുപത്രിയിലും ഫലപ്രദമായ ചികിത്സകൾ ലഭിക്കുന്നതിന് സൗകര്യങ്ങൾ ഇല്ല. മാരകരോഗബാധിതരെ ചികിത്സക്കായി കൊണ്ടുപോകുന്നത് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലാണ്. യഥാസമയം ചികിത്സ ലഭ്യമല്ലാത്തതിനാൽ രോഗിയുടെ മരണത്തിനും സാമ്പത്തിക നഷ്ടത്തിനും ഇട വരുന്നു.

(3) മരുന്ന്, മറ്റുപകരണങ്ങൾ എന്നിവ യഥാസമയം എത്തിച്ചു കൊടുക്കുന്നതിലുണ്ടാകുന്ന കാലതാമസം

(4) ഭൂമിശാസ്ത്രപരമായി അതിവിസ്തൃതിയിലുള്ള ഈ ഗ്രാമപഞ്ചായത്തിൽ ഏതെങ്കിലും ഒരു വാർഡിൽ സ്ഥിതിചെയ്യുന്ന പ്രാഥമികാരോഗ്യകേന്ദ്രത്തിൽ എത്തിച്ചേരുന്നതിന് കിലോമീറ്ററുകൾ സഞ്ചരിക്കേണ്ടിവരുന്നു.

(5) പൊതുജനാരോഗ്യരംഗത്ത് ജനസംഖ്യാനുപാതികമായി സബ്സെന്ററുകൾ തുറന്നു പ്രവർത്തിക്കേണ്ടതാണ്. ആരോഗ്യബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം.

(6) സന്നദ്ധ സാമൂഹ്യപ്രവർത്തകരുടെയും വിവിധ സന്നദ്ധ സംഘടനകളുടെയും പ്രവർത്തനങ്ങൾ ഈ മേഖലയിൽ പ്രയോജനപ്പെടുത്തേണ്ടതാണ്.

## പരിഹാരമാർഗ്ഗങ്ങൾ

(1) നിലവിലുള്ള അലോപ്പതി, ആയുർവ്വേദ ഡിസ്പെൻസറികളിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചും, മരുന്ന്, ലാബറട്ടറി സൗകര്യങ്ങൾ എത്തിച്ചു തന്നും ഗവൺമെന്റ് പരമാവധി സഹായിക്കേണ്ടതാണ്. പഞ്ചായത്തിൽ ഒരു ഹോമിയോ ആശുപത്രി അനുവദിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് ഭാഗത്തു

നിന്ന് ഉണ്ടാകണം.

(2) ഇടുക്കി ജില്ലാ ആശുപത്രിയുടെ ശോചനീയാവസ്ഥ പരിഹരിക്കണം. ഒരു ജില്ലാ ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയാക്കി ഉയർത്തി ശാസ്ത്രീയവും, സാങ്കേതികവും, ആധുനികവുമായ ചികിത്സ ലഭ്യമാക്കുന്നതിന് ഉറപ്പുവരുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ സ്വീകരിക്കണം. ജില്ലാ ആയുർവ്വേദ ആശുപത്രി, ജില്ലാ ഹെഡ്ക്വാർട്ടേഴ്സിനോട് അനുബന്ധിച്ച് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ജില്ലാ ഹോമിയോ ആശുപത്രി ജില്ലാ ഹെഡ്ക്വാർട്ടേഴ്സിൽ പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടതുണ്ട്.

(3) ആരോഗ്യരംഗത്ത് കുറവ് പരിഹരിക്കുന്നതിന് ആധുനികവും ശാസ്ത്രീയവുമായ ബോധവൽക്കരണ ക്ലാസ്സുകളും പരിശീലനവും ഏർപ്പെടുത്തേണ്ടതാണ്.

(4) പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ സബ് സെന്ററുകൾ തുറന്നു പ്രവർത്തനം ആരംഭിക്കുന്നത് ഗുണകരമാണ്.

(5) നിലവിലുള്ള സബ്സെന്ററുകളുടെ പ്രവർത്തനം ഗ്രാമപഞ്ചായത്തിന്റെ മേൽനോട്ടത്തിൽ സുഗമമാക്കുന്നതിനും ഫീൽഡ് സ്റ്റാഫിന്റെ സേവനം കൂടുതൽ ലഭ്യമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണം.

(6) വിവിധ ഏജൻസികളുടെയും സന്നദ്ധപ്രവർത്തകരുടെയും സഹകരണത്തോടെ ആശുപത്രി വികസനം നടത്തേണ്ടതാണ്.

## II നിലവിലുള്ള സ്ഥാപനങ്ങളും സേവനങ്ങളും

സ്വകാര്യഹോമിയോ ഡിസ്പെൻസറികൾ - 4
സ്വകാര്യാശുപത്രികൾ - 6
സ്വകാര്യ ആയുർവ്വേദ ഡിസ്പെൻസറികൾ - 6
സ്വകാര്യ ഡിസ്പെൻസറികൾ - 4

**പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ**

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | ഇല്ല | I | | |
| 2 | ഇല്ല | II | | |
| 3 | ഐ.പി.പി. സബ്സെന്റർ | III | | |
| 4 | പ്രൈമറി ഹെൽത്ത് സെന്റർ, വാത്തിക്കുടി<br>ഐ.പി.പി. സബ്സെന്റർ, ഉപ്പുതോട് | IV | 24-9-1972 | 27 |
| 5 | ഇല്ല | V | | |
| 6 | ഇല്ല | VI | | |
| 7 | ആയുർവ്വേദ ആശുപത്രി<br>ഐ.പി.പി. സബ്സെന്റർ<br>കള്ളിപ്പാറ, വാത്തിക്കുടി | VII | | |
| 8 | ഇല്ല | VIII | | |
| 9 | ഇല്ല | IX | | |
| 10 | ഇല്ല | X | | |
| 11 | ഐ.പി.പി. സബ്സെന്റർ | IX | (പ്രവർത്തിക്കുന്നില്ല) | |

| | |
|---|---|
| സ്വകാര്യ ക്ലിനിക്കുകൾ | - 6 |
| പ്രാഥമിക ആരോഗ്യകേന്ദ്രം | - 1 |
| ആയുർവ്വേദ ആശുപത്രി | - 1 |
| ഐ.പി.പി. ഉപകേന്ദ്രങ്ങൾ | - 5 |
| ആകെ ജീവനക്കാർ | - 31 |

## III കക്കൂസ്

രോഗം വന്നതിനുശേഷം ചികിത്സിക്കുന്നതിനേക്കാൾ രോഗം വരാതിരിക്കുന്നതിനുള്ള മുൻകരുതലുകൾ എടുക്കുന്നതാണ് അഭികാമ്യം. ശുദ്ധവായു, വെള്ളം ഇവ കഴിഞ്ഞാൽ പ്രാധാന്യമർഹിക്കുന്നത്ാണ് ശുചിത്വം. പരിസര ശുചിത്വം പാലിക്കുന്നതിൽ പ്രാധാന്യമർഹിക്കുന്നത് കക്കൂസ് ആണ്. പഞ്ചായത്തിലെ 40 ശതമാനം വീടുകൾക്ക് കക്കൂസ് ഇല്ല. ഈ രംഗത്ത് പഞ്ചായത്തിലെ ദാരിദ്ര്യരേഖക്ക് താഴെയുള്ള എല്ലാ കുടുംബങ്ങൾക്കും കക്കൂസുകൾ നിർമ്മിച്ച് നൽകേണ്ടതാണ്. ഗ്രാമസഭാ ചർച്ചകളുടെ വെളിച്ചത്തിൽ കക്കൂസുകൾ നിർമ്മിക്കുന്നതിനുള്ള ബുദ്ധിമുട്ടുകളും അവയ്ക്കുള്ള പരിഹാരങ്ങളും താഴെ കാണും പട്ടിക പ്രകാരം സംഗ്രഹിക്കാം

## പരിസര ശുചിത്വം

വ്യവസായവൽക്കരണം വളരെ പരിമിതമായ പഞ്ചായത്തായതിനാൽ പരിസരമലിനീകരണം ഗുരുതരമല്ല. എങ്കിലും ശുചീകരണപ്രവർത്തനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും പരാതികൾ ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുണ്ട്. വാത്തിക്കുടി ഗ്രാമപഞ്ചായത്ത് ശുചിത്വനിലവാരം പുലർത്തുന്ന ഒരു പഞ്ചായത്താക്കി മാറ്റുന്നതിന്, ഈ രംഗത്ത് പ്രത്യേകം ജീവനക്കാരെ നിയമിച്ചും ശുചിത്വനിലവാര പദ്ധതികൾ ആവിഷ്ക്കരിച്ചും നടപ്പാക്കേണ്ടതുണ്ട്. ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുള്ള പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും താഴെ രേഖപ്പെടുത്തുന്നു.

## പഞ്ചായത്തിൽ പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ

ജനങ്ങളുടെ കായികവും മാനസികവുമായ ആരോഗ്യസംരക്ഷണത്തിനായി, കായിക പരിശീലനത്തിനും യോഗാഭ്യാസത്തിനും ഉതകുന്ന ഒരു യോഗപരിശീലനകേന്ദ്രവും ജിംനേഷ്യവും സ്ഥാപിക്കണം.

## പൊതുശ്മശാനം

നിലവിൽ ഈ പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം ഇല്ല. ഇത് പരിഹരിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടുപിടിച്ച് ഒരു പൊതു ശ്മശാനം പഞ്ചായത്തിൽ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## വയോജന ആരോഗ്യകേന്ദ്രം

പഞ്ചായത്തിലെ പ്രായമായവരുടെ മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ പ്രത്യേകം കൈകാര്യം ചെയ്യുവാൻ പരിശീലനം നേടിയവരെ ഉപയോഗിച്ച് ആവശ്യമായ പദ്ധതികൾ രൂപപ്പെടുത്തണം.

## ഹെൽത്ത് കാർഡ് പദ്ധതി

ആരോഗ്യപ്രവർത്തനരംഗത്ത് വളരെ ഗുണകരമായ ഒരു സംവിധാനമാണ് ഹെൽത്ത് കാർഡ്

| പ്രശ്നങ്ങൾ | പരിഹാരനിർദ്ദേശങ്ങൾ |
|---|---|
| സാമ്പത്തിക പരാധീനത | സർക്കാർ - അർദ്ധസർക്കാർ സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും സഹായത്താൽ സാമ്പത്തിക സമാഹരണം നടത്തണം |
| സ്ഥലപരിമിതി(കോളനികളിലും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലും) | പൊതുകക്കുസുകൾ നിർമ്മിക്കേണ്ടതാണ് |
| ആവശ്യകത വേണ്ടത്ര ബോദ്ധ്യപ്പെടാത്തതിനാൽ | ആരോഗ്യബോധവൽക്കരണപഠന ക്ലാസ്സുകളും ആരോഗ്യപ്രവർത്തകരെയും ഉദ്യോഗസ്ഥരെയും ബന്ധപ്പെടുത്തി ചർച്ചകളും പബ്ലിസിറ്റി വിഭാഗത്തിന്റെ പ്രദർശനങ്ങൾ, ലഘുലേഖ, വീഡിയോ പ്രദർശനങ്ങൾ, സ്ലൈഡ് എന്നിവയിലൂടെ ബോധവൽക്കരണവും നടത്തണം |

പദ്ധതി. ചികിത്സാർത്ഥം എത്തുന്നവരുടെ മുൻകാല ആരോഗ്യനിലയും രോഗനിർണ്ണയവും വളരെ വേഗത്തിലും, കുറ്റമറ്റതുമാക്കുവാൻ ഇത് സഹായിക്കും. ആരോഗ്യപ്രവർത്തകരെയും സന്നദ്ധപ്രവർത്തകരെയും ഒരുമിപ്പിച്ച് ഇത് നടപ്പിലാക്കാവുന്നതാണ്. രക്തഗ്രൂപ്പ്, മുതലായവ കാർഡിൽ രേഖപ്പെടുത്തുകയും ഇതിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്യണം.

## പാരമ്പര്യ ചികിത്സ

പാരമ്പര്യ ചികിത്സയും വിഷചികിത്സയും നടത്തുന്ന ആളുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ട്.

## നാട്ടുവൈദ്യ മേഖല

പാരമ്പര്യ വൈദ്യന്മാരും, പാരമ്പര്യവൈദ്യ കുടുംബങ്ങളും ഈ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ വാമൊഴിയായും വരമൊഴിയായും തലമുറകളിലൂടെ പകർന്നുകിട്ടിയ അറിവുകളോടെ ചികിത്സാരംഗത്ത് പ്രവർത്തിക്കുന്നതായി കാണുന്നു. പാരമ്പര്യവൈദ്യസംഘടനയും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവർ പച്ചമരുന്നുകളും ആയുർവ്വേദമരുന്നുകളുമാണ് ഉപയോഗിക്കുന്നത്. ആയുർവ്വേദ ഔഷധച്ചെടികൾ വേണ്ടത്ര ലഭ്യമല്ല. പഞ്ചായത്തിൽ വിഷചികിത്സാരംഗത്തും വൈദ്യന്മാർ ഉണ്ട്. പൊതുജനാരോഗ്യപരിപാലനത്തിന് പുകവലി, പുകയില കൂട്ടിയുള്ള മുറുക്കൽ, മദ്യപാനം, മയക്കുമരുന്ന് ഉപയോഗം എന്നിവയുടെ ദോഷഫലങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തണം. രക്തദാനം, നേത്രദാനം മുതലായവ പ്രോത്സാഹിപ്പിക്കണം.

നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി ആരോഗ്യവകുപ്പിനെയും സന്നദ്ധസംഘടനകളെയും സജീവമാക്കി പരസ്പരസഹകരണത്തോടെ ആരോഗ്യസമ്പന്നമായ ഒരു ഗ്രാമപഞ്ചായത്ത് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുവാൻ നമുക്ക് കഴിയും. ഈ യജ്ഞത്തിൽ പങ്കാളികളാകുവാൻ നമുക്കൊരുമിച്ച് പ്രവർത്തിക്കാം.

## ദന്താശുപത്രി

പഞ്ചായത്തിൽ രണ്ട് സ്വകാര്യദന്താശുപത്രികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവ ഫലപ്രദമല്ല. ഇത് പരിഹരിക്കുന്നതിന് മുരിക്കാശ്ശേരി, തോപ്രാംകുടി എന്നിവിടങ്ങളിൽ ദന്താശുപത്രികൾ സ്ഥാപിക്കണം.

## വിഷചികിത്സാകേന്ദ്രം

പഞ്ചായത്തിൽ വിഷചികിത്സാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ല. അതിനാൽ വിഷചികിത്സാകേന്ദ്രം തുടങ്ങുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ ആരംഭിക്കണം

## മർമ്മ ചികിത്സാകേന്ദ്രം

പഞ്ചായത്തിൽ മർമ്മചികിത്സാകേന്ദ്രങ്ങൾ ഒന്നും നിലവിൽ പ്രവർത്തിക്കുന്നില്ല. അതിനാൽ ഒരു മർമ്മ ചികിത്സാകേന്ദ്രവും മൊബൈൽ ആശുപത്രിയും സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കണം. പതിനാറാംകണ്ടം പ്രാഥമികാരോഗ്യകേന്ദ്രം ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ താലൂക്ക് ആശുപത്രിയായി ഉയർത്തി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കണം. ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ താലൂക്ക് ആശുപത്രി നിലവിലില്ല.

**പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡ് തിരിച്ചുള്ള സ്ഥിതി വിവരങ്ങളും.**

| വാർഡ് | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന പ്രധാനരോഗങ്ങൾ | പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ | പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| | പൊതുസ്ഥാപനങ്ങൾ | സ്വകാര്യസ്ഥാപനങ്ങൾ | | | |
| I | ആരോഗ്യ സ്ഥാപനങ്ങൾ ഇല്ല | ആരോഗ്യസ്ഥാപനങ്ങൾ ഇല്ല | വയറിളക്കം, മഞ്ഞപ്പിത്തം, പനി | തൃപ്തികരമല്ല. കുട്ടികൾക്ക് കുത്തിവയ്പുകൾ നടത്താറുണ്ട്. | സബ്സെന്ററുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം. |
| II | ഇല്ല | അലോപ്പതി ആശുപത്രി-1 അയുർവ്വേദക്ലിനിക്-1 ദന്താശുപത്രി-1 ഹോമിയോ ക്ലിനിക്-1 | വയറിളക്കം, മഞ്ഞപ്പിത്തം, ദന്തരോഗങ്ങൾ | കുട്ടികൾക്ക് കുത്തിവയ്പുകൾ നടത്താറുണ്ട് ബോധവൽക്കരണക്ലാസ്സുകൾ നടത്താറുണ്ട് | ഐ.പി.പി. സബ്സെന്ററുകൾ പ്രവർത്തനയോഗ്യമല്ല. ഇവ തുറന്നു പ്രവർത്തിച്ചാൽ വളരെയധികം ജനങ്ങൾക്ക് പ്രയോജനമാണ് |

| വാർഡ് | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന പ്രധാനരോഗങ്ങൾ | പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ | പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| | പൊതുസ്ഥാപനങ്ങൾ | സ്വകാര്യസ്ഥാപനങ്ങൾ | | | |
| III | ഐ.പി.പി. സബ് സെന്റർ | അലോപ്പതി-1 ആയുർവ്വേദം -2, ഹോമിയോ- 1 | മഞ്ഞപ്പിത്തം, പനി, ദന്തരോഗങ്ങൾ, വയറിളക്കം | കുട്ടികളിൽ ദന്തരോഗം തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട് | പഞ്ചായത്തിൽ അലോപ്പതി, ആയുർവ്വേദം, ഹോമിയോ ദന്താശുപത്രി എന്നീ ആശുപത്രികൾ സ്ഥാപിക്കണം |
| IV | ആരോഗ്യസ്ഥാപനങ്ങൾ - 1 ഐ.പി.പി. സബ്സെന്റർ - 1 | ഹോമിയോ- 1 | മഞ്ഞപ്പിത്തം, വയറിളക്കം, പനി | രോഗങ്ങൾ ഉണ്ടാകാതിരിക്കുവാനുള്ള ക്ലാസ്സുകൾ നടത്താറുണ്ട് | മരുന്ന് യഥാസമയം ലഭ്യമാക്കണം. ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. അത്യാധുനികസൗകര്യങ്ങളോടുകൂടിയ പ്രവർത്തനങ്ങൾ ഉണ്ടാകണം |
| V | ഇല്ല | | പനി, വയറിളക്കം, മലേറിയ, ചെങ്കണ്ണ്. | കുത്തിവയ്പ്പുകൾ നടത്താറുണ്ട് | ഹോട്ടൽ മുതലായ ഭക്ഷണശാലകളിൽ ശുചീകരണം ഉറപ്പുവരുത്തുന്നതിന് ഹെൽത്ത് പ്രവർത്തകർ ശ്രദ്ധിക്കണം |
| VI | ഇല്ല | അലോപ്പതി ക്ലിനിക് -1 ആയുർവ്വേദ ഡിസ്പെൻസറി- 1 | ചെങ്കണ്ണ്, വയറിളക്കം, പനി | പ്രതിരോധകുത്തിവയ്പ്പുകൾ നടത്താറുണ്ട് | 15 ദിവസങ്ങൾ കൂടുമ്പോൾ, ഹോട്ടൽ, ഇറച്ചിശാലകൾ, ചന്തകൾ എന്നിവ പരിശോധന നടത്തിയാൽ രോഗങ്ങൾ ഒഴിവാക്കുന്നതിനു സാധിക്കും |
| VII | ആയുർവ്വേദ ആശുപത്രി - 1, ഐ.പി.പി. സെന്റർ - 2 | അലോപ്പതി ക്ലിനിക്-1 | പനി, വയറിളക്കം, ചെങ്കണ്ണ്, അഞ്ചാംപനി | രോഗപ്രതിരോധകുത്തുവയ്പ്പുകൾ നടത്താറുണ്ട് | 15 ദിവസങ്ങൾ കൂടുമ്പോൾ, ഹോട്ടൽ, ഇറച്ചിശാലകൾ, ചന്തകൾ എന്നിവ പരിശോധന നടത്തിയാൽ രോഗങ്ങൾ ഒഴിവാക്കുന്നതിനു സാധിക്കും |
| VIII | ഇല്ല | ആയുർവ്വേദ അലോപ്പതി ക്ലിനിക്-1 | മഞ്ഞപ്പിത്തം, പനി, വയറിളക്കം, മലേറിയ, ചെങ്കണ്ണ് | ആരോഗ്യക്ലാസ്സുകൾ സംഘടിപ്പിക്കാറുണ്ട്. അംഗൻവാടികളിലൂടെ അമ്മമാർക്ക് ബോധവൽക്കരണക്ലാസ്സുകൾ നടത്താറുണ്ട്. ചികിത്സാ സൗകര്യം ഇല്ലാത്തതിനാൽ ജനങ്ങൾ ബുദ്ധിമുട്ടുന്നു. പോളിയോ നിർമ്മാർജ്ജനപദ്ധതികൾ, കുട്ടികൾക്കുള്ള കുത്തിവയ്പ്പുകൾ ഇവ നടത്താറുണ്ട്. | ചെമ്പകപ്പാറയിൽ ഒരു സബ്സെന്ററും അലോപ്പതി, ആയുർവ്വേദ ഹോമിയോ ആശുപത്രികളും കിടത്തി ചികിത്സിക്കാൻ സൗകര്യത്തിൽ സ്ഥാപിക്കുക. പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കണം. ദന്താശുപത്രി സ്ഥാപിക്കണം. അനാവശ്യ കീടനാശിനികളുടെ ഉപയോഗം തടയണം |
| IX | ഇല്ല | അലോപ്പതി ക്ലിനിക്-1 | മഞ്ഞപ്പിത്തം, വയറിളക്കം, പനി | ബോധവൽക്കരണക്ലാസ്സുകൾ നടത്താറുണ്ട്. കുട്ടികർക്ക് കുത്തിവയ്പ്പുകൾ നടത്താറുണ്ട്. | പോഷകാഹാരം വേണ്ടത്ര കിട്ടുന്നില്ല. ചികിത്സാ സൗകര്യങ്ങൾ ഒന്നും തന്നെയില്ല |

### പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡ് തിരിച്ചുള്ള സ്ഥിതി വിവരങ്ങളും

| വാർഡ് | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന പ്രധാനരോഗങ്ങൾ | പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ | പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| | പൊതുസ്ഥാപനങ്ങൾ | സ്വകാര്യസ്ഥാപനങ്ങൾ | | | |
| X | ഇല്ല | അലോപ്പതി ക്ലിനിക് - 3 ആയുർവ്വേദം - 2 | പനി, ചുമ, വയറിളക്കം, മഞ്ഞപ്പിത്തം, 5-ാം പനി | ബോധവൽക്കരണക്ലാസ്സുകൾ നടത്താറുണ്ട്. കുട്ടികർക്ക് കുത്തിവയ്പ്പുകൾ നടത്താറുണ്ട്. | ആശുപത്രി അനുവദിക്കണം. ആരോഗ്യക്ലാസുകളും ഗൃഹസന്ദർശനവും ഉറപ്പാക്കണം. കിടത്തി ചികിത്സിക്കാനുള്ള ഒരു ആശുപത്രിസ്ഥാപിക്കണം |
| XI | ഐ.പി.പി സബ് സെന്റർ - 1 | ഹോമിയോ ക്ലിനിക്, ദന്താശുപത്രി, ആയുർവ്വേദ ക്ലിനിക്, അലോപ്പതി ക്ലിനിക് | പനി, ചുമ, വയറിളക്കം, മഞ്ഞപ്പിത്തം, അഞ്ചാംപനി, ചൂടുപനി | ബോധവൽക്കരണ ക്ലാസുകൾ നടത്താറുണ്ട്. കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ്പുകൾ നടത്താറുണ്ട് | ഒരു ആശുപത്രി സ്ഥാപിക്കണം. പഞ്ചായത്തടിസ്ഥാനത്തിൽ ദന്താശുപത്രി തുടങ്ങണം |



നവംബർ 1 പുനരർപ്പണദിനം

തോപ്രാൻകുടി - മേലെ ചിന്നാർ റോഡിന്റെ നിർമ്മാണോദ്ഘാടനം പഞ്ചായത്ത് മെമ്പർമാരായ P.K. ചന്ദ്രൻ, ജോർജ് വടക്കേൽ, ആന്റണി ജോസഫ്, സാബു വയലുങ്കൽ എന്നിവർ സംയുക്തമായി നിർവ്വഹിക്കുന്നു.

# കുടിവെള്ളം

മാമലകളും, കുന്നിൻചരിവുകളും, താഴ്‌വരകളും നിറഞ്ഞ പ്രദേശങ്ങൾ, പ്രകൃതിരമണീയമായ മൊട്ടക്കുന്നുകൾ എന്നിവയാൽ മനോഹരമാണ് ഈ ഗ്രാമപഞ്ചായത്ത്. എല്ലാ മലകളുടെയും മുകളിലും താഴ്ഭാഗത്തും പ്രകൃതിദത്തമായ വെള്ളച്ചാലുകളും നീര് ഉറവകളും കൊണ്ട് അനുഗ്രഹിക്കപ്പെട്ട ഒരു മലയോര പ്രദേശമാണ് വാത്തിക്കുടി. ഗ്രാമപഞ്ചായത്ത് പ്രകൃതി അനുഗ്രഹിച്ചു നൽകിയിട്ടുള്ള നീർച്ചാലുകളും- ജലസ്രോതസ്സുകളും നീരുറവുകളും തോടുകളും പ്രയോജനപ്പെടുത്തിയും വാട്ടർ അതോറിറ്റിയും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റും നടപ്പിലാക്കുന്ന കുഴൽകിണർ നിർമ്മാണം, ജലധാരപദ്ധതികൾ, മില്യൺവെൽ പദ്ധതി ധൃതഗത, ഗ്രാമീണ ശുദ്ധജലവിതരണപദ്ധതി തുടങ്ങിയവയുടെ പൂർത്തീകരണത്തോടുകൂടി കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ കഴിയും. ജനകീയ ആസൂത്രണപരിപാടിയുടെ ഭാഗമായിട്ടുള്ള വിശേഷാൽ ഗ്രാമസഭകളിലും പഠനപര്യടനങ്ങളിലും നിന്ന് ലഭിച്ചിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ കുടിവെള്ള മേഖലയെ അപഗ്രഥിക്കട്ടെ.

## കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങൾ

(1) നേർച്ചപ്പാറ
(2) കള്ളിപ്പാറ
(3) ദൈവംമേട്
(4) മൂങ്ങാപ്പാറ ലക്ഷംവീട് കോളനി
(5) പതിനാറാംകണ്ടം
(6) കാരിക്കവല
(7) സേനാപതി
(8) ഗൗരിസിറ്റിയുടെ മുകൾഭാഗം
(9) പുതുവേലിപ്പടി ഭാഗം
(10) ചിലമ്പൻകുത്ത് ഭാഗം
(11) പൂമാംകണ്ടം നിരപ്പ് ഭാഗം
(12) തോപ്രാംകുടി ടൗൺ
(13) ഈന്തുംമേട്
(14) പൊന്നാച്ചി കുത്ത്ഭാഗം
(15) ഉപ്പുതോട് തുരുത്തിപ്പള്ളി ഭാഗം
(16) കനകക്കുന്ന്
(17) പെരുംതൊട്ടി ഭാഗം
(18) കൊന്നയ്ക്കാമാലി
(19) ഉപ്പുതോട് C.S.I പള്ളിഭാഗം
(20) VII-ാം വാർഡ് പുതുവൽ നിരപ്പ്
(21) കിളിക്കാട്ടു പടി ഭാഗം
(22) തോപ്രാംകുടി സ്ക്കൂൾ സിറ്റി
(23) മുരിക്കാശ്ശേരി ചോതിപ്പടി
(24) രാജമുടി
(25) പ്രകാശ്
(26) കിളിയാർകണ്ടം
(27) മന്നാത്തറ
(28) മേരിഗിരി
(29) ചന്ദന കവല
(30) ഞാറകവല
(31) മുരിക്കാശ്ശേരി
(32) ചെമ്പകപ്പാറ
(33) പെരിയാർ വാലി
(34) പതിനാറാംകണ്ടം അമ്പലമേട്
(35) IV-ാം വാർഡ് താഴത്തുവീട്ടിൽപടി ഭാഗം
(36) പതിനാറാംകണ്ടം P.H.C യുടെ മുകൾഭാഗം
(37) പതിനാറാംകണ്ടം ഗവ. സ്ക്കൂൾഭാഗം
(38) മാലിക്കുത്ത്
(39) ചിലമ്പൻകുന്നേൽപടി ഭാഗം
(40) ഒടക്കുസിറ്റി
(41) തെറ്റാലികട
(42) ചെമ്പകപ്പാറ S.C കോളനി
(43) മന്നാത്തറ ലക്ഷംവീട് കോളനി

പൊതുവേ ഈ പഞ്ചായത്തിൽ പ്രകൃതിദത്തമായ ജലസ്രോതസ്സുകളുണ്ട്. കുടിവെള്ള സ്രോതസ്സുകൾ ശാസ്ത്രീയമായി പ്രയോജനപ്പെടുത്തിയാൽ

കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ കഴിയും. പഞ്ചായത്തിൽ വിവിധ വാർഡുകളിലായി 30-ൽ ഏറെ പൊതുകിണറുകൾ ഉണ്ട്. ദീർഘമായി 12 മാസവും ഉറവവെള്ള സ്ഥലങ്ങൾ പരിമിതമാണ്. 6 മുതൽ 9 മാസങ്ങൾ വരെ ജലലഭ്യതയുള്ള ഉറവിടങ്ങളാണ് ധാരാളമായി ഉള്ളത്. കിണറുകളുടെ സ്ഥിതിയും ഇതുതന്നെയാണ്. കുളങ്ങളുടെ സ്ഥിതിയും ഒട്ടും മെച്ചമല്ല. പൊതുവേ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. വേനൽക്കാലത്ത് രണ്ടു കിലോമീറ്റർ ദൂരത്തുനിന്നും കുടിവെള്ളം എത്തിക്കുവാൻ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ 5 കുഴൽകിണറുകൾ ഉണ്ട്. ഇതിൽ പ്രവർത്തനക്ഷമമായത് ഒരെണ്ണം മാത്രമാണ്.

## പ്രശ്നങ്ങൾ

1, ചെരിവു പ്രദേശങ്ങളും കുന്നിൽ പ്രദേശങ്ങളുമാണ് ഈ പഞ്ചായത്തിലെ ഭൂപ്രദേശങ്ങൾ

2, മണ്ണു സംരക്ഷണപ്രവർത്തനങ്ങളും ഈർപ്പം നിലനിർത്താനുള്ള പദ്ധതികളും ഒന്നും തന്നെ നടപ്പാക്കിയിട്ടില്ല.

3, കുഴൽകിണറുകൾക്ക് പെട്ടെന്ന് കേടുപാടുകൾ സംഭവിക്കുന്നു.

4, ഗ്രാമീണശുദ്ധജല പദ്ധതികൾ പോലെയുള്ള സ്കീമുകൾ സമയത്ത് പൂർത്തിയാക്കുന്നില്ല.

5, കിണറുകളും ഓലികളും സംരക്ഷിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധയില്ല

## പരിഹാര മാർഗ്ഗങ്ങൾ

(1) നീർമറിപദ്ധതികളും മണ്ണൊലിപ്പ് നിവാരണ പദ്ധതികളും നടപ്പിലാക്കി ഈർപ്പം നില നിർത്താനുള്ള പദ്ധതികൾ ആരംഭിക്കണം

(2) കയ്യാലപദ്ധതി, മണ്ണുസംരക്ഷണപദ്ധതി, ചെക്കുഡാമുകൾ, തടയണകൾ, മണ്ണൊലിപ്പ് നിവാരണ പദ്ധതികൾ എന്നിവ നടപ്പിലാക്കി ജലലഭ്യത ഉറപ്പു വരുത്തണം.

(3) ഗുണമേന്മയുള്ള സാധനസാമഗ്രികൾ ഉപയോഗിച്ച് കുഴൽ കിണറുകൾ പൂർത്തീകരിക്കണം

(4) ഗവൺമെന്റും വാട്ടർ അതോറിറ്റിയും ചേർന്ന് ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പദ്ധതികൾ ലക്ഷ്യപ്രാപ്തിയിലെത്തിക്കുന്നതിനും സമയബന്ധിതമായി തീർക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണം

(5) ഓരോ വാർഡുകളിലും ഉള്ള കിണറുകളും കുളങ്ങളും സംരക്ഷിക്കുന്നതിൽ പൊതുജനങ്ങളും അധികാരികളും വേണ്ടത്ര ശ്രദ്ധ ചെലുത്തണം. പുതിയ കുളങ്ങളും കിണറുകളും കുഴിക്കുന്നതിന് വേണ്ടത്ര സാമ്പത്തിക സഹായം ഗവൺമെന്റിൽ നിന്ന് ലഭ്യമാക്കണം.

കുടിവെള്ളത്തെ സംബന്ധിച്ച് വിശേഷാൽ ഗ്രാമസഭകളിൽ നിന്നുയർന്നുവന്നിട്ടുള്ള പ്രശ്നപരിഹാരങ്ങളും പഞ്ചായത്തു തലത്തിൽ മൊത്തത്തിൽ ബാധകമാക്കാവുന്നതും ചർച്ചകളിലൂടെ രൂപപ്പെട്ടു വന്നിട്ടുള്ളതുമായ നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

### വാർഡ് - 1

വരൾച്ചബാധിത പ്രദേശമായി പ്രഖ്യാപിച്ച് തേക്കിൻതണ്ട്, പെരിയാർ വാലി, പള്ളിക്കുടി, പാറസിറ്റി, തൂമ്പാറ, ഒടക്കുസിറ്റി, പൂമാംകണ്ടം, രാജപുരം, കോട്ടക്കല്ലി എന്നീ സ്ഥലങ്ങളിൽ കുടിവെള്ളമെത്തിക്കുക. നിലവിൽ പണിതുകൊണ്ടിരിക്കുന്ന പൈപ്പ്ലൈനിന്റെ ദൂരം കൂട്ടുകയും പണികൾ എത്രയും വേഗം പൂർത്തിയാക്കുകയും ചെയ്യുക. മൂന്നുകുളങ്ങൾ നിർമ്മിച്ച് മോട്ടോർ സ്ഥാപിക്കുക, വാർഡിൽ മൂന്നു ടാങ്കുകൾ നിർമ്മിക്കുക, ആവശ്യമായ കുളങ്ങൾ നിർമ്മിക്കുക തുടങ്ങിയവയും സമയബന്ധിതമായി പൂർത്തിയാക്കണം.

### വാർഡ് - 2

ചോതിപ്പടി, പതിക്കാട്ട് പടി, കാരക്കുന്നേൽപടി, എന്നിവിടങ്ങളിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുക, പുന്നാങ്കണ്ടം പടിയിൽ കുഴൽകിണർ കുഴിക്കുക, മുരിക്കാശ്ശേരിയിൽ ഒരു ടാപ്പ് സ്ഥാപിക്കുക, കിണറുകളുടെ ആഴം വർദ്ധിപ്പിക്കുക തുടങ്ങിയവ ഏറ്റെടുക്കണം.

### വാർഡ് - 3

നിലവിലുള്ള കിണറുകളും ഓലികളും ആഴം വർദ്ധിപ്പിക്കുകയും നന്നാക്കുകയും ചെയ്യുക. നേർച്ചപ്പാറയിൽ ശുദ്ധജലം എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കുക, നിലവിലുള്ള പൈപ്പ് ലൈനിന്റെ ദൂരം കൂട്ടുക, കുഴൽകിണറുകൾ സ്ഥാപിക്കുക എന്നീ കാര്യങ്ങൾ നടപ്പിലാക്കണം.

### വാർഡ് - 4

79 കുടുംബങ്ങൾ അധിവസിക്കുന്ന നേർച്ച

പ്പാറ, പഞ്ചായത്തിൽ രൂക്ഷമായ കുടിവെള്ളക്ഷാമമനുഭവപ്പെടുന്ന പ്രദേശമാണ്. കുളം കുഴിച്ച് മോട്ടോർ വയ്ക്കുകയും നേർച്ചപ്പാറയുടെ മുകൾഭാഗത്ത് ടാങ്ക് കെട്ടി പൈപ്പ് ഇട്ട് കുടിവെള്ള ക്ഷാമം പരിഹരിക്കണം. ഇരുപതോളം കുടുംബങ്ങൾ താമസിക്കുന്ന പൊന്നാച്ചിക്കുന്നു ഭാഗമാണ് രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന മറ്റൊരു പ്രദേശം. പൊന്നാച്ചി പുരയിടത്തിൽ കുളം കുഴിച്ച് മോട്ടോർ സ്ഥാപിക്കുകയും ടാങ്ക് കെട്ടി പൈപ്പ് ഇട്ട് ശുദ്ധജലം എത്തിക്കുകയും വേണം. ഉറുമ്പുകല്ലേൽ പുരയിടത്തിൽ കുളം കുഴിച്ച് മോട്ടോർ വച്ച് ചിലമ്പൻ കുന്ന് ഭാഗത്തുള്ള 15 - ൽ കൂടുതൽ വീടുകൾക്ക് കുടിവെള്ളം എത്തിക്കണം. ചക്കാംകുന്നേൽ പുരയിടത്തിൽ ഓലി നന്നാക്കുക, താഴത്തുവീട്ടിൽ ബേബിയുടെ പുരയിടത്തിൽ കുളം കുഴിച്ച് മോട്ടോർ വയ്ക്കുക, കുന്നത്തേട്ടു ഭാഗത്തും ഗൗരിസിറ്റിയുടെ മുകൾഭാഗത്തും ആശുപത്രിയിലും പതിനാറാംകണ്ടം സ്ക്കൂൾ പരിസരത്തും ശുദ്ധജലം എത്തിക്കുന്നതിന് നടപടി സ്വീകരിക്കണം. നെല്ലുവേലി പുരയിടത്തിൽ കുളം കുഴിച്ച് മോട്ടോർ വയ്ക്കുക, പൊതുകിണറുകളും, കുളങ്ങളും, ഓലികളും കുഴിക്കുക, നിലവിലുള്ള വാട്ടർസപ്ലൈസ്ക്കീമിന്റെ പൈപ്പ് ലൈൻ നീട്ടുകയും ആവശ്യമായ സ്ഥലങ്ങളിൽ ജനങ്ങൾക്ക് പ്രയോജനപ്പെടത്തക്കവിധത്തിൽ ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്യണം. ഗൗരിസിറ്റിയിലും മാക്കുമുക്കിലും, C.S.I പള്ളിഭാഗത്തും കുഴൽകിണറുകൾ കുഴിക്കണം. പാലത്തും തലക്കൽപടി, കാട്ടൂർപടി, ഒടക്കു സിറ്റി ഭാഗത്തും മുതുകുളം പടിയിലും കിണറുകൾ കുഴിക്കണം. അംഗൻവാടിയിലും സ്ക്കൂളുകളിലും ശുദ്ധജലം എത്തിക്കണം.

## വാർഡ് - 5

രാജമുടി ക്രിസ്തുരാജ് എൽ.പി. സ്ക്കൂൾ പടിയിൽ കുഴൽ കിണർ സ്ഥാപിക്കുക, മന്നാത്തറ അലകനാനി പുരയിടത്തിൽ കുളം കുഴിച്ച് മോട്ടോർ സ്ഥാപിക്കുക, രാജമുടി സ്റ്റേഡിയം ഭാഗത്ത് കുളം കുഴിച്ച് മോട്ടോർ വച്ച് 30 വീട്ടുകാർക്ക് കുടിവെള്ളം എത്തിക്കുക തുടങ്ങിയവ ചെയ്യേണ്ടതുണ്ട്.

## വാർഡ് - 6

മൂങ്ങാപ്പാറ ഭാഗത്ത് ബ്ലോക്കിൽ നിന്ന് പണിതിട്ടുള്ള കുളത്തിൽ മോട്ടോർവച്ച് സേനാപതി, മൂങ്ങാപ്പാറ ലക്ഷം വീട് കോളനികളിൽ ശുദ്ധജലം എത്തിക്കണം. കള്ളിപ്പാറയിൽ ബ്ലോക്ക് പണിതിട്ടുള്ള കുളത്തിൽ മോട്ടോർവച്ച് കള്ളിപ്പാറ നിരപ്പിൽ ടാങ്ക് തീർത്ത് നൂറോളം കുടംബങ്ങൾക്ക് കുടിവെള്ളം എത്തിക്കണം. മന്നാത്തറ ഭാഗത്ത് മങ്ങാട്ടുകാനത്തിൽ കുളംകുഴിച്ച് ചെമ്പനാനിപറമ്പിൽ ടാങ്ക് കെട്ടി മോട്ടോർ സ്ഥാപിച്ച് മുപ്പതോളം കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കണം. മാലിത്ത് ഭാഗത്ത് കുളംകുഴിച്ച് കുടിവെള്ളം എത്തിക്കുക, നിലവിലുള്ള ഒന്നിലേറെ കുടുംബങ്ങൾ ഉപയോഗിക്കുന്ന കിണറുകൾക്ക് ആഴം വർദ്ധിപ്പിക്കുക, ആവശ്യമായ സ്ഥലങ്ങളിൽ കുഴൽ കിണർ സ്ഥാപിക്കുക, നിലവിലുള്ള പണിനടന്നുകൊണ്ടിരിക്കുന്ന വാട്ടർ സപ്ലൈ സ്ക്കീമിന്റെ പൈപ്പ് ലൈനിന്റെ പണി ത്വരിതപ്പെടുത്തുകയും ദൈർഘ്യം വർദ്ധിപ്പിക്കുകയും ചെയ്യുക എന്നീ പ്രവർത്തനങ്ങൾ നടത്തണം.

## വാർഡ് - 7

വാത്തിക്കുടി ട്രൈബൽ കോളനിയിൽ വാട്ടർ സപ്ലൈ സ്ക്കീമിൽ ഇട്ടിട്ടുള്ള പൈപ്പുകൾ നന്നാക്കി കുടിവെള്ളം എത്തിക്കണം. പുതുവൽനിരപ്പ്, കിളിക്കാട്ട് തോട്ടം പടി, കള്ളിപ്പാറ, ദൈവംമേട്, വാത്തിക്കുടി സിറ്റി മുതലായ സ്ഥലങ്ങളിൽ കുളങ്ങൾ, കിണറുകൾ, കുഴൽകിണറുകൾ, എന്നിവ സ്ഥാപിച്ച് കുടിവെള്ള ക്ഷാമമുള്ള പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കണം

## വാർഡ് - 8

എട്ടാം വാർഡിലെ എല്ലാ പ്രദേശത്തും കുടിവെള്ളം എത്തിക്കണം. വാട്ടർസപ്ലൈ സ്ക്കീം വിപുലീകരിച്ച് നടപ്പിലാക്കണം. കള്ളിപ്പാറയിൽ നിലവിലുള്ള കുളം വിപുലപ്പെടുത്തി കള്ളിപ്പാറ, സേനാപതി ഭാഗത്ത് കുടിവെള്ളം എത്തിക്കണം. വിവിധ ഭാഗങ്ങളിൽ കുളം, കിണർ, ഓലി എന്നിവ നിർമ്മിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കേണ്ടതാണ്.

## വാർഡ് - 9

ഈ വാർഡിലെ നിലവിലുള്ള കുളങ്ങളും കിണറുകളും ആഴം കൂട്ടുന്നതിനും നന്നാക്കുന്നതിനും നടപടി സ്വീകരിക്കണം. വാട്ടർ സപ്ലൈ സ്ക്കീമിന്റെ പൈപ്പുകളും ടാപ്പുകളും പരമാവധി കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ നീട്ടണം. അനുയോജ്യമായ സ്ഥലങ്ങളിൽ കുളങ്ങളും കിണറുകളും കുഴിക്കേണ്ടതാണ്.

## വാർഡ് - 10

നിലവിലുള്ള വാട്ടർ സപ്ലൈ സ്ക്കീം പണി

പൂർത്തീകരിച്ച് എത്രയും വേഗം കുടിവെള്ളം എത്തിക്കണം. തോപ്രാംകുടി ടൗൺ ഭാഗം, വാത്തിക്കുടി അമ്പലംഭാഗം, കാരിക്കവല, തോപ്രാംകുടി ടൗണിൽ മിൽമക്കു സമീപം, പടിഞ്ഞാറേ കവല എന്നിവിടങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കണം. വാർഡിൽ 12 കിണറുകളും 6 കുളങ്ങളും കുഴിക്കുന്നതിന് നടപടി സ്വീകരിക്കണം. പള്ളിക്കത്തൊട്ടി പുരയിടത്തിൽ നിന്നും ~~സ്കൂൾ സിറ്റി~~ ഹോസ് ഇട്ട് സ്കൂൾ സിറ്റി ഭാഗത്ത് വെള്ളം എത്തിക്കുന്നതിനും കാരിക്കവല ഭാഗത്ത് ഒരു കുളം കുഴിക്കുന്നതിനും മോട്ടോർ വച്ച് 29 കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനും നടപടി സ്വീകരിക്കണം.

### വാർഡ് - 11

പെരുംതൊട്ടിയിൽ ഗ്രാമീണശുദ്ധജല വിതരണ പദ്ധതിയിൽ പണിതുകൊണ്ടിരിക്കുന്ന കുളത്തിന്റേയും ടാങ്കിന്റേയും പണി പൂർത്തീകരിച്ച് കുടിവെള്ളം എത്തിക്കുന്നതിന് നടപടി സ്വീകരിക്കണം. വാർഡിന്റെ വിവിധ പ്രദേശങ്ങളിൽ 15 കിണറുകളും 12 കുളങ്ങളും നിർമ്മിക്കണം. കിളിയാർകണ്ടം ജലധാരപദ്ധതി നടപ്പിൽ വരുത്തേണ്ടതാണ്.




ഇന്ത്യൻ വെറ്ററിനറി അസോസിയേഷൻ വാത്തിക്കുടി പഞ്ചായത്തിൽ നടപ്പിലാക്കുന്ന പേവിഷ നിർമ്മാർജ്ജന പദ്ധതിയുടെ ഉദ്ഘാടനം ശ്രീ. മാത്യു സ്റ്റീഫൻ MLA നിർവ്വഹിച്ചപ്പോൾ.

# 15 - ഗതാഗതവും ഊർജ്ജവും

## ഗതാഗതം

വികസനത്തിന്റെ സിരാവ്യൂഹമാണ് പാതകൾ. കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്നും കുടിയേറി പാർത്ത കർഷകരുടെയും കർഷകതൊഴിലാളികളുടെയും സഹകരണമനോഭാവത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും ഫലമാണ് വാത്തിക്കുടി ഗ്രാമപഞ്ചായത്തിന് ഗതാഗതരംഗത്ത് നേരിയ തോതിലെങ്കിലും ഉണ്ടായിട്ടുള്ള പുരോഗതിയ്ക്ക് അടിസ്ഥാനം. സംഘബോധത്തിന്റെ കരുത്തും നാടിന്റെ വികസനത്തിൽ റോഡിന്റെ പങ്കും തിരിച്ചറിഞ്ഞവർ ആയിരുന്നു ഇവിടുത്തെ കർഷകർ. ഈ തിരിച്ചറിവിന്റെ പരിണിതഫലമായി 1960 കൾ മുതലുള്ള കാലയളവിൽ ഈ പഞ്ചായത്തിൽ രൂപം കൊണ്ട റോഡുകളാണ് ഉപ്പുതോട് - മുരിക്കാശ്ശേരി റോഡ്, ചിന്നാർ - മുരിക്കാശ്ശേരി റോഡ്, കീരിത്തോട് മുരിക്കാശ്ശേരി, പതിനാറാംകണ്ടം തോപ്രാംകുടി റോഡുകൾ പഞ്ചായത്തിനെ അയൽ പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്നതും പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതുമായ റോഡുകളാണ് ഇവ. മാനവവിഭവശേഷി സമാഹരിക്കപ്പെട്ട ഈ റോഡുകളുടെ നിർമ്മാണ ചരിത്രം ജനകീയാസൂത്രണപ്രസ്ഥാനത്തിന് കരുത്തും ആവേശവുമാണ്.

ഈ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ എത്തിചേരുന്നതിന് ജീപ്പ് ഗതാഗതത്തിന് അനുയോജ്യമായ മൺറോഡുകൾ വളരെയേറെയുണ്ടെങ്കിലും ടാർ ചെയ്ത് റോഡുകളുടെ ആകെ നീളം 20 കി.മീറ്റർ മാത്രമാണ്. 80.9 ച. കി.മീ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിൽ ടാർ ചെയ്ത റോഡുകളുടെ കുറവ് പ്രഥമദൃഷ്ട്യാ ബോധ്യമാണ്. നിലവിലുള്ള ടാറിംഗ് റോഡുകൾ പോലും സുഗമമായ യാത്രയ്ക്കു യോജിച്ചവയല്ല. റോഡുകൾക്ക് വീതികുറവായതിനാൽ വാഹനഗതാഗതത്തിന് തടസ്സം നേരിടുന്നു. ഓടകളുടെ അഭാവം മൂലം റോഡുകൾ വർഷകാലത്ത് തീർത്തും സഞ്ചാരയോഗ്യമല്ല. പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡുകളുടെ പൂർണ്ണവിവരം താഴെ പട്ടിക T1 - കൊടുത്തിരിക്കുന്നു.

മനുഷ്യാധ്വാനം കൊണ്ട് വളരെ വിപുലമായ രീതിയിൽ റോഡുകൾ തീർക്കുന്നതിന് ഗ്രാമനിവാസികൾക്ക് കഴിഞ്ഞിട്ടുണ്ടെങ്കിലും ടാറിംഗ് റോഡുകളുടെ സംരക്ഷണത്തിനാവശ്യമായ കലുങ്കുകൾ, ഓടകൾ, ടാറിംഗ് എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് കഴിഞ്ഞിട്ടില്ല.

ഗ്രാമസഭകളിൽ നിന്നും ഉയർന്ന നിർദ്ദേശങ്ങളിൽ ഭൂരിഭാഗവും നിലവിലുള്ള മൺറോഡുകളുടെ ശോചനീയാവസ്ഥ ആസ്പദമാക്കിയുള്ളതാണ് വശങ്ങൾ ഇടിഞ്ഞ് താറുമാറായും പൊട്ടിപൊളിഞ്ഞും കിടക്കുന്ന റോഡുകളിൽ അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തുക എന്നത് പ്രധാന പരാതിയാണ്. മെറ്റൽ ചെയ്യാനും ടാർ ചെയ്യാനുമുള്ള നിർദ്ദേശങ്ങളും നിരവധിയുണ്ട്. ഇവ താഴെപട്ടികയിൽ പെടുത്തിയിരിക്കുന്നു. വാർഡു തിരിച്ചുള്ള പട്ടികയിലെ T2 മുൻഗണനാക്രമം തയ്യാറാക്കിയത് ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്നുമാണ്.

**T1**

| No. | പഞ്ചായത്തിലെ ടാർ റോഡുകൾ | ഉടമസ്ഥത | ദൂരം | ഗുണനിലവാരം |
|---|---|---|---|---|
| 1. | ചാലിക്കട - മുരിക്കാശ്ശേരി റോഡ് | P.W.D. | 6 K.M. | മെച്ചപ്പെട്ടത് |
| 2. | 16-ാം കണ്ടം - തൊപ്രാംകുടി റോഡ് | പഞ്ചായത്ത് | 6 K.M. | വളരെ മോശം |
| 3. | മുരിക്കാശ്ശേരി - പടമുഖം റോഡ് | " | 3 K.M. | മോശം |
| 4. | മുരിക്കാശ്ശേരി - ചിന്നാർ റോഡ് | " | 2 K.M. | മെച്ചം |
| 5. | മുരിക്കാശ്ശേരി - തേക്കിൻതണ്ട് റോഡ് | " | 2 K.M. | തരക്കേടില്ല. |
| 6. | ചിന്നാർ - സേനാപതി റോഡ് | " | 1 K.M. | മോശം |
| 7. | മാക്ക്മുക്ക് - തൊട്ടിക്കട റോഡ് | " | 600 M. | തരക്കേടില്ല |
| 8. | തൊട്ടിക്കട - 16 - ാം കണ്ടം റോഡ് | " | 2 K.M. | തരക്കേടില്ല |

**T3 വാത്തിക്കുടി ഗ്രാമപഞ്ചായത്തിലെ പണി പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കേണ്ട റോഡുകൾ**

| | പേര് | റോഡ് | നീളം | K.M |
|---|---|---|---|---|
| **Ward I** | | | | |
| 1 | പതിനാറാംകണ്ടം - പതിക്കാട്ടുപടി റോഡ് | " | 3 | " |
| 2 | പതിക്കാട്ടുപടി കരിമ്പൻ - പലകപ്പാലം | " | 3.100 | " |
| 3 | പാറസിറ്റി - രാജപുരം | " | 2 | " |
| 4 | തേക്കിൻതണ്ട് - പട്ടാംകുളംപടി | " | 2.100 | " |
| 5 | നെല്ലിവേലിപടി - കോട്ടക്കല്ലിപടി | " | 2 | " |
| 6 | ജനാർദ്ദനൻപടി - മാങ്കുത്തുപാലം | " | 1.500 | " |
| 7 | പള്ളിക്കുടി സിറ്റി - കളപ്പുരപടി | " | 1.500 | " |
| 8 | തേക്കിൻതണ്ട് - പെരിയാർ രാജപുരം | " | 4.500 | " |
| 9 | തേക്കിൻതണ്ട്- മാങ്കുത്തുപാലം | " | 3.00 | " |
| 10 | തേക്കിൻതണ്ട് - പെരിയാർവാലി ചപ്പാത്ത് | " | 5.600 | " |
| 11 | മണകണ്ടംപടി - തേക്കിൻതണ്ട് | " | 3.00 | " |
| 12 | രാജപുരം - മാപലകപ്പടി | " | 1.00 | " |
| 13 | പാറസിറ്റി - കോട്ടക്കല്ലിപടി | " | 1.500 | " |
| 14 | പെരിയാർവാലി - ചപ്പാത്ത് രാജപുരം | " | 2.00 | " |
| 15 | പൂമാംങ്കണ്ടം - പാണംകുന്നേൽപ്പടി | " | 1.500 | " |
| **Ward II** | | | | |
| 16 | മുരിക്കാശ്ശേരി - ചിന്നാർചപ്പാത്ത് | " | 1.600 | " |
| 17 | മുരിക്കാശ്ശേരി -പതിക്കാട്ടുപടി | " | 1.100 | " |
| 18 | മുരിക്കാശ്ശേരി - തേക്കിൻതണ്ട് - കൊച്ചുതാഴംപടി | " | 3.200 | " |
| 19 | മുരിക്കാശ്ശേരി- കുടിയിരിക്കൽപടി | " | 1.500 | " |
| 20 | മുരിക്കാശ്ശേരി - ചോതിപടി | " | 1.200 | " |
| 21 | മൂന്നാംബ്ലോക്ക് - ചിന്നാർ | " | 2.00 | " |
| 22 | മുരിക്കാശ്ശേരി - തേക്കിൻതണ്ട് | " | 3.00 | " |
| 23 | തേക്കിൻതണ്ട് - കല്ലേപ്പാലം | " | 1.200 | " |
| 24 | മുണ്ടിയാങ്കൽപടി - കാരകുന്നേൽപടി | " | 1.00 | " |
| 25 | മുരിക്കാശ്ശേരി - പടമുഖം | " | 3.00 | " |
| 26 | പഞ്ചായത്ത് ഓഫീസ് - അപ്രോച്ച് റോഡ് | " | 0.058 | M |

| | പേര് | റോഡ് | നീളം | K.M |
|---|---|---|---|---|
| **Ward III** | | | | |
| 27 | പതിനാറാംകണ്ടം വടക്കേൽപടി - (via) അമ്പലപടി റോഡ് | " | 2.500 | " |
| 28 | പതിനാറാംകണ്ടം - ബാലൻപടി - എൻക്രോച്ച് | " | 1.800 | " |
| 29 | 16-ാംകണ്ടം - മണക്കണ്ടംപടി | " | 2.00 | " |
| 30 | മുരിക്കാശ്ശേരി - പോലീസ്സ്റ്റേഷൻ പടി വേലിപ്പടി | " | 2.100 | " |
| 34 | മുരിക്കാശ്ശേരി H.S പടി - മണകണ്ടംപടി | " | 1.500 | " |
| 32 | മുരിക്കാശ്ശേരി - നേർച്ചപ്പാറ | " | 1.500 | " |
| 33 | മുരിക്കാശ്ശേരി - ആറടിക്കെട്ട് | " | 1.500 | " |
| **Ward IV** | | | | |
| 34 | ഗൗരിസിറ്റി - പലകപ്പാലം പടി | " | 4.00 | " |
| 35 | 16-ാംകണ്ടം - ഉപ്പുതോട് - ഉദയസിറ്റി | " | 3.00 | " |
| 36 | മാക്കുമുക്ക് - ഉദയസിറ്റി | " | 1.500 | " |
| 37 | 16-ാംകണ്ടം - പാറക്കടവ് | " | 2.00 | " |
| 38 | 16-ാംകണ്ടം - വേഴമ്പശ്ശേരി കടവ് | " | 3.00 | " |
| 39 | ചരളൻകാനം - ബാലൻപടി | " | 1.00 | " |
| 40 | എഴുത്തുപുരപ്പടി - നേർച്ചപ്പാറ | " | 2.00 | " |
| 41 | പട്ടാംകുളം പടി - പൂമാംകണ്ടം | " | 3.00 | " |
| 42 | മുതുകുളം പടി - ആര്യപ്പള്ളിൽ പടി | " | 2.00 | " |
| 43 | അരീപ്പറമ്പിൽ പടി - പൊന്നാച്ചി പടി | " | 2.00 | " |
| 44 | പോത്തനാംമുഴിപ്പടി - പതിനാറാംകണ്ടം C.S.I പള്ളി | " | 2.00 | " |
| **Ward V** | | | | |
| 45 | വെള്ളക്കടപ്പടി - ആരുചേരിപ്പടി | " | 1.00 | " |
| 46 | രാജമുടി -ഉപ്പുതോട് | " | 1.500 | " |
| 47 | വിനയത്തിൽ പടി - 17 കമ്പനി | " | 2.00 | " |
| 48 | 16-ാംകണ്ടം - രാജമുടി | " | 1.250 | " |
| 49 | രാജമുടി - തെക്കേൽപടി | " | 1.00 | " |
| 50 | രാജമുടി - മന്നാത്തറ | " | 2.500 | " |
| 51 | ആടുകുഴിപടി - 17 കമ്പനി | " | 2.00 | " |
| 52 | കണ്ടത്തിൽപടി - മന്നാത്തറ | " | 1.500 | " |
| Ward VI | | | | |
| 53 | മുങ്ങാപ്പാറ - കള്ളിപ്പാറ | " | 2.800 | " |

| | പേര് | റോഡ് | നീളം | K.M |
|---|---|---|---|---|
| 54 | മൂന്നാംബ്ലോക്ക് - പടമുഖം (via) നെടുങ്ങനാക്കുന്നേൽപടി | " | 2.250 | " |
| 55 | പടമുഖം - പനച്ചിനാനിപടി | " | 1.700 | " |
| 56 | ഇല്ലിക്കൽ പടി - മന്നാത്തറ | " | 2.00 | " |
| 57 | സേനാപതിക്കവല - താന്നിക്കൽ പടി | " | 2.00 | " |
| 58 | പള്ളിക്കരപ്പടി - കാളചാലിൽ പടി | " | 2.500 | " |
| 59 | പടമുഖം - വാത്തിക്കുടി | " | 3.500 | " |
| 60 | പടമുഖം - കള്ളിപ്പാറ | " | 1.600 | " |
| 61 | കുമ്പിളുവേലിൽ പടി - മന്നാത്തറ | " | 2.500 | " |
| 62 | 3-ാംബ്ലോക്ക്- ലക്ഷംവീട് | " | 1.00 | " |
| 63 | പെരുവന്താനംപടി - മറ്റപ്പള്ളി പടി | " | 3.00 | " |
| 64 | വള്ളിയോടത്തു പടി - പൂനാട്ടുപടി | " | 1.00 | " |
| 65 | മെത്താനംപടി - മൂങ്ങാപ്പാറ നിരപ്പ് | " | 2.00 | " |
| 66 | മൂങ്ങാപ്പാറ നിരപ്പ് - ചിലമ്പിക്കുന്നേൽപടി | " | 1.000 | " |
| 67 | സേനാപതി - മൂങ്ങാപ്പാറനിരപ്പ് (via) കാനാട്ടുപടി | " | 2.500 | " |
| Ward VII | | | | |
| 68 | വാത്തിക്കുടി- തോപ്രാംകുടി | " | 2.00 | " |
| 69 | തലച്ചിറപ്പടി - കള്ളിപ്പാറ | " | 2.500 | " |
| 70 | വാത്തിക്കുടി - N.M.R പടി | " | 1.065 | " |
| 71 | വാത്തിക്കുടി - മന്നാത്തറ | " | 1.380 | " |
| 72 | അച്ചൻമുക്ക് - കൊന്നയ്ക്കമാലി | " | 1.300 | " |
| 73 | കള്ളിപ്പാറ - ദൈവംമേട് | " | 3.00 | " |
| 74 | തോപ്രാംകുടി - ദൈവംമേട് | " | 4.650 | " |
| 75 | പടിഞ്ഞാറേക്കര പടി - അച്ചൻമുക്ക് | " | 2.500 | " |
| 76 | മുണ്ടിയാങ്കൽപടി - ദൈവംമേട് | " | 1.500 | " |
| 77 | വാത്തിക്കുടി - കൊച്ചുവീട്ടിൽ പടി | " | 0.750 | " |
| 78 | ലത്തീൻപള്ളി പടി- മാലിക്കുത്ത് | " | 2.00 | " |
| 79 | തോപ്രാംകുടി - പുതുവേൽനിരപ്പ് | " | 1.00 | " |
| **Ward VIII** | | | | |
| 80 | ചിന്നാർ - ചെറ്റാലിക്കട | " | 3.00 | " |
| 81 | ചെറ്റാലിക്കട - ചെമ്പകപ്പാറ | " | 2.00 | " |
| 82 | ചെമ്പകപ്പാറ - പെരിഞ്ചാംകുട്ടി | " | 3.00 | " |

| | പേര് | റോഡ് | നീളം | K.M |
|---|---|---|---|---|
| 83 | ചെമ്പകപ്പാറ - കള്ളിപ്പാറ | " | 3.00 | " |
| 84 | ചെമ്പകപ്പാറ - പാറാട്ടുകുന്നേൽപടി | " | 3.00 | " |
| 85 | ചെമ്പകപ്പാറ - ഞാവരക്കാട്ടുപടി | " | 3.00 | " |
| 86 | ഊരോത്തുപടി - കൊന്നയ്ക്കവാലി | " | 1.00 | " |
| 87 | സേനാപതി - കള്ളിപ്പാറ റോഡ് | " | 2.500 | " |
| 88 | S.N.D.P കവല - പെരിഞ്ചാംകുട്ടി | " | 3.00 | " |
| 89 | ചെമ്പകപ്പാറ - പള്ളിപ്പടി - ദൈവംമേട് | " | 3.00 | " |
| **Ward IX** | | | | |
| 90 | പെരിഞ്ചാംകുട്ടി - മേലേചിന്നാർ | " | 3.500 | " |
| 91 | മേലേചിന്നാർ - കല്ലാർമുക്ക് | " | 2.00 | " |
| 92 | ബഥേൽ - ദൈവംമേട് | " | 3.00 | " |
| 93 | മേലേചിന്നാർ - കടക്കയം | " | 2.207 | " |
| 94 | മേലേചിന്നാർ - [illegible]റക്കവല | " | 3.500 | " |
| 95 | ബഥേൽ - കടക്കയം | " | 2.500 | " |
| 96 | കാടൻകാവിൽപടി - മുത്തനാട്ടുപടി | " | 1.500 | " |
| 97 | ചക്കാലപ്പടി- പൂത്തോട്ടുപടി | " | 1.00 | " |
| 98 | ബഥേൽ - ഈന്തിൻമേട് - ദൈവംമേട് | " | 4.500 | " |
| 99 | അമ്പലപ്പാറ - ഞാറക്കവല | " | 2.00 | " |
| 100 | കമുകുംപാറപടി - പുന്നമറ്റംപടി | " | 1.500 | " |
| 101 | പുളിയാനിപ്പടി - പാഴുകുന്നേൽപടി | " | 2.00 | " |
| 102 | മേലേചിന്നാർ - തോപ്രാംകുടി | " | 6.500 | " |
| 103 | ബഥേൽ - നാലുതൂണു റോഡ് | " | 2.500 | " |
| **Ward X** | | | | |
| 104 | തോപ്രാംകുടി - കനകക്കുന്ന് via ആക്കാന്തിരിപ്പടി | " | 1.500 | " |
| 105 | മേരിഗിരി - ഞാറക്കവല | " | 2.500 | " |
| 106 | കനകക്കുന്ന് - മേരിഗിരി (via) കൈപ്പൻപ്ലാക്കൽ | " | 3.00 | " |
| 107 | തോപ്രാംകുടി - കനകക്കുന്ന് | " | 3.200 | " |
| 108 | കനകക്കുന്ന് - കടക്കയംപടി | " | 3.00 | " |
| 109 | കാരിക്കവല - കൊല്ലംകുളംപടി | " | 2.00 | " |
| 110 | കനകക്കുന്ന് - ഞാറക്കവല | " | 3.00 | " |

| | പേര് | റോഡ് | നീളം | K.M |
|---|---|---|---|---|
| 111 | തോപ്രാംകുടി മില്ലുംപടി - കാഞ്ഞിരത്താം കുന്നേൽ | " | 1.500 | " |
| 112 | കനകക്കുന്ന് - കൊണ്ടാട്ടു സിറ്റി - മേരിഗിരി പാലക്കൽപടി | " | 4.00 | " |
| 113 | തോപ്രാംകുടി - ആൽത്തറപ്പടി - S.B കോളേജ് | " | 1.500 | " |
| 114 | കുഴിക്കാട്ടുപടി - ട്രാൻസ്ഫോർമർപടി | " | 1.500 | " |
| 115 | കാരിക്കവല - തുണ്ടത്തിൽപടി | " | 1.500 | " |
| **Ward XI** | | | | |
| 116 | തോപ്രാംകുടി - പെരുംതൊട്ടി | " | 2.00 | " |
| 117 | പെരുംതൊട്ടി - കൊണ്ടാട്ടു സിറ്റി | " | 3.00 | " |
| 118 | പെരുംതൊട്ടി - മന്നാത്തററോഡ് | " | 2.400 | " |
| 119 | പെരുംതൊട്ടി - പ്രകാശ് | " | 2.00 | " |
| 120 | പ്രകാശ് - ചന്ദനക്കവല - പള്ളിപ്പടി | " | 2.500 | " |
| 121 | കിളിയാർകണ്ടം - മന്നാത്തറ | " | 2.00 | " |
| 122 | പെരുംതൊട്ടി - ലക്ഷംവീടു കോളനി | " | 3.00 | " |
| 123 | മന്നാത്തറ - 17 കമ്പനി (via) ചേന്നംകുളം പടി | " | 2.500 | " |
| 124 | തോപ്രാംകുടി - മന്നാത്തറ | " | 2.500 | " |
| 125 | 17 കമ്പനി - കിളിയാർകണ്ടം | " | 2.00 | " |
| 126 | കൊല്ലംപറമ്പിൽപടി - ഉദയഗിരി | " | 1.500 | " |
| 127 | ചന്ദനക്കവല - കാരിക്കവല | " | 1.500 | " |
| 128 | ചന്ദനക്കവല - ഉദയഗിരി | " | 1.500 | " |
| 129 | പുളിയനാനിപ്പടി - ജീരകത്ത്പടി | " | 1.00 | " |
| 130 | മന്നാത്തറ - പള്ളിപ്പടി - തോപ്രാംകുടി | " | 1.500 | " |
| 131 | തോപ്രാംകുടി - പൂത്തേട്ടുപടി | " | 2.500 | " |
| 132 | പ്രകാശ് അംഗൻവാടി - പഞ്ചായത്തുപടി | " | 800 | " |
| 133 | കിളിയാർകണ്ടം - ഉപ്പുതോട് | " | 2.00 | " |
| 134 | വടക്കേമുറിക്കവല - ആനിക്കാട്ടുപടി | " | 1.500 | " |
| 135 | വാത്തിക്കുടിമല - കരിംതുരുത്തേൽപടി | " | 1.500 | " |
| 136 | പ്രകാശ് - കിളിയാർകണ്ടം | " | 2.100 | " |
| 137 | കിളിയാർകണ്ടം - പുത്തൂർപടി | " | 1.750 | " |
| | | ആകെ | 298.320 KM | |

## വാത്തിക്കുടി ഗ്രാമപഞ്ചായത്ത് വിവിധവാർഡുകളിൽ നിർമ്മിക്കേണ്ട കലുങ്കുകൾ, പാലങ്ങൾ മുതലായവയുടെ പട്ടിക ( ഗ്രാമസഭ റിപ്പോർട്ട് അവലംബം)

| വാർഡ് | | പേര് |
|---|---|---|
| I | (1) | അമ്പലപ്പടി- കീരിത്തോട് റോഡിൽ പെരിയാറ്റിനു കുറുകെ പാലം |
| | (2) | മാങ്കുത്ത് പടിയിൽ ചിന്നാറിനു കുറുകെ പാലം |
| | (3) | പതിനാറാംകണ്ടം റോഡിനു കുറുകെ തലച്ചിറ റോഡിൽ പാലം |
| | (4) | വേലൻകുന്നേൽപടി, കരിമ്പനപടി, പട്ടാംകുളംപടിയിൽ കലുങ്ക് |
| | (5) | പ്രധാനറോഡുകളിൽ 25 കലുങ്കുകൾ |
| II | (1) | മുരിക്കാശ്ശേരി ആറടിക്കെട്ടിൽ ചിന്നാറിനു കുറുകെ പാലം |
| | (2) | ചിന്നാർചപ്പാത്ത്, പാലം ആക്കി പുനർനിർമ്മിക്കുക |
| | (3) | പ്രധാനറോഡുകളിൽ 6 കലുങ്കുകൾ |
| III | (1) | കൈരളി- രാജമുടി റോഡിൽ 8 കലുങ്കുകൾ നിർമ്മിക്കുക |
| | (2) | 16-ാം കണ്ടം തോടിനു കുറുകെ 3 കലുങ്കുകൾ |
| | (3) | മറ്റു പ്രധാനറോഡുകളിൽ 7 കലുങ്കുകൾ |
| IV | (1) | ചൂരക്കുഴി പടിക്കൽ നടപ്പാലം നിർമ്മിക്കുക |
| | (2) | കരിയരുതുങ്കൽ പടിക്കൽ ഉപ്പുതോടിനു പുറകേ പാലം നിർമ്മിക്കുക |
| | (3) | വിവിധഭാഗങ്ങളിൽ 4 നടപ്പാലങ്ങൾ |
| | (4) | ഗൗരിസിറ്റി- ഒടക്കുസിറ്റി റോഡിൽ 3 കലുങ്ക് |
| | (5) | മറ്റു ലിങ്ക് റോഡുകളിൽ 15 കലുങ്കുകൾ |
| V | (1) | ആടുകുഴിപടിയിലെ പാലം ഉയരംകൂട്ടി പണിയുക |
| | (2) | വിവിധറോഡുകളിൽ 12 കലുങ്കുകൾ |
| VI | | പടമുഖം |
| | (1) | കടപ്പൂർപടി - പൂനാട്ടുപടി റോഡിൽ 4 കലുങ്കുകൾ |
| | (2) | വാർഡിലെ വിവിധറോഡുകളിലായി 30 കലുങ്കുകൾ നിർമ്മിക്കുക, 2 നടപ്പാലങ്ങൾ നിർമ്മിക്കുക |
| VII | | വാത്തിക്കുടി |
| | (1) | മാലിക്കുത്തിനു മുകളിൽ പാലം നിർമ്മിക്കുക |
| | (2) | കാക്കനാട്ടു പടിയിൽ 2 കലുങ്കുകൾ |
| | (3) | ഇല്ലിക്കപ്പടി, പെരുവന്താനംപടി, കൊന്നയ്ക്കമാലി എന്നിവിടങ്ങളിൽ നടപ്പാലം |
| | (4) | കൂടാതെ വിവിധ റോഡുകളിലായി വാർഡിൽ ആകെ 10 കലുങ്കുകൾ |

| വാർഡ് | പേര് എണ്ണം |
|---|---|
| VIII | ചെമ്പകപ്പാറ |
| (1) | ചെമ്പകപ്പാറയിൽ ചിന്നാറ്റിനു കുറുകെ പാലം നിർമ്മിക്കുക |
| (2) | വിവിധറോഡുകളിൽ 9 കലുങ്കുകൾ നിർമ്മിക്കുക |
| IX (1) | ബഥേൽ മിൽമാപ്പടി - കടക്കയംറോഡിൽ 2 കലുങ്കുകൾ |
| (2) | ചിന്നാർപുഴയിൽ നെടുംകണ്ടം പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന തോപ്രാൻകുടി - ദൈവംമേട് റോഡിൽ 2 കലുങ്ക് |
| (3) | മേലേചിന്നാറിൽ ചിന്നാർ പുഴയ്ക്കു കുറുകെ പാലം നിർമ്മിക്കണം |
| (4) | കൂടാതെ 10 കലുങ്കുകൾ വിവിധ റോഡുകളിലായി നിർമ്മിക്കണം |
| XI | തോപ്രാംകുടി- സ്ക്കൂൾസിറ്റി പുന്നമറ്റംപടിക്കൽ 2 റീട്ടേണിംഗ് വാൾ, ചിറയ്ക്കൽ പടിക്കൽ 2 റീട്ടേണിംഗ് വാൾ, ആടുംകുഴി പടിക്കൽ സൈഡ് കെട്ട്, വിവിധറോഡുകളിൽ 3 നടപ്പാലങ്ങൾ എന്നിവ നിർമ്മിക്കണം |
| XI | പെരുംതൊട്ടി |
| (1) | വിവിധ റോഡുകളിൽ ആകെ 18 കലുങ്കുകൾ നിർമ്മിച്ച് ഗതാഗതയോഗ്യമാക്കണം |
| (2) | കിളിയാർകണ്ടം തോടിനു കുറുകെ കല്ലേപാലത്തിൽ പാലം |

**നടപ്പാതകൾ**

വാർഡ് I അമ്പലപ്പടി ചപ്പാത്ത്

(1) പതിനാറാംകണ്ടം കലമറ്റം പടിമുതൽ 16-ാംകണ്ടം വരെ

(2) മുകുളേൽപടി - തുരുത്തിമറ്റംപടി

വാർഡ് 6

(1) മൂങ്ങാപ്പാറ സേനാപതി നടപ്പാത

(2) കള്ളിപ്പാറ - മൂങ്ങാപ്പാറ നടപ്പാത

(3) ചിന്നാർ - എബ്രയിൽപടി നടപ്പാത

VII വാത്തിക്കുടി - കള്ളിപ്പാറ - 250 മീറ്റർ

വാർഡ് 9

ഇയ്യോപറമ്പുപടി - ദൈവംമേട് നടപ്പുവഴി

## പൊതുനിർദ്ദേശങ്ങൾ

(1) വാഹനഗതാഗതം കൂടുതൽ ഉള്ള മുരിക്കാശ്ശേരിയിൽ ടാക്സിസ്റ്റാന്റ് നിർമ്മിക്കുക, വാഹനഗതാഗത തിരക്ക് നിയന്ത്രിക്കുക, ടൗണിൽ മൂത്രപ്പുര നിർമ്മിക്കുക, കൈരളിജംഗ്ഷൻ, പതിനാറാംകണ്ടം നിരപ്പ് എന്നിവിടങ്ങളിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക.

(2) തോപ്രാൻകുടി ടൗണിൽ വെയിറ്റിംഗ് ഷെഡ്, കംഫർട്ട് സ്റ്റേഷൻ, വാത്തിക്കുടി, പടമുഖം, മൂങ്ങാപ്പാറ, കോളേജ് ജംഗ്ഷൻ എന്നിവിടങ്ങളിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക

(3) തോപ്രാൻകുടിയിൽ ബസ്സ്റ്റാന്റ്, ടാക്സിസ്റ്റാന്റ് നിർമ്മിക്കുക

(5) രാജമുടി വഴി കൂടുതൽ ബസ്സർവ്വീസ് ആരംഭിക്കുക

## പ്രശ്നങ്ങൾ

(1) ആവശ്യത്തിനനുസരിച്ച് റോഡുകളുടെ എണ്ണം വർദ്ധിക്കുന്നില്ല.

(2) നിലവിലുള്ള റോഡുകളുടെ നിലവാരം വളരെ മോശമാണ്.

(3) റോഡുനിർമ്മാണത്തിൽ കാലതാമസം നേരിടുന്നു.

(4) റോഡുനിർമ്മാണത്തിൽ ഉത്തരവാദിത്വമില്ലായ്മയും കാര്യക്ഷമതയില്ലായ്മയും.

(5) റോഡുകൾക്ക് ഓടകളില്ല

## സാദ്ധ്യതകൾ

(1) മുൻഗണനാക്രമത്തിൽ പുതിയ റോഡുകൾ ഉണ്ടാക്കാൻ പദ്ധതി വേണം

(2) പൊതുജനപങ്കാളിത്തത്തോടെ റോഡുകളുടെ അറ്റകുറ്റപണികൾ നടത്തണം

(3) റോഡു നിർമ്മാണത്തിന് ജനകീയ പദ്ധതികൾ രൂപീകരിച്ച് കാര്യക്ഷമമായി പ്രവർത്തനങ്ങളും വിലയിരുത്തലും നടത്തണം.

(4) എല്ലാ റോഡുകൾക്കും ഓടകളും ആവശ്യമായ സ്ഥലങ്ങളിൽ സംരക്ഷണഭിത്തിയും കെട്ടണം

# ഊർജ്ജം

1985 നവംബർ 17 ന് വാത്തിക്കുടി പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി ലഭിച്ചു. ഏഷ്യാ ഭൂഖണ്ഡത്തിലെ തന്നെ പ്രധാന വൈദ്യുതി പദ്ധതികളിൽ ഒന്നായ ഇടുക്കി പദ്ധതിയുടെ സമീപ പഞ്ചായത്തായിട്ടുപോലും എല്ലാ സ്ഥലങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല. ചെറുകിട കർഷകരും വിവിധരംഗങ്ങളിലെ തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന ഈ മേഖലയിലെ ഗാർഹിക ഇന്ധനം വിറകാണ്. വൈദ്യുതിയും LPG യും ഉപയോഗിക്കുന്നവരുടെ എണ്ണം കൃത്യമായി ലഭ്യമല്ല. മണ്ണെണ്ണ, ബയോഗ്യാസ് എന്നിവ ഉപയോഗിച്ച് പാചകം ചെയ്യുന്നവരും ഉണ്ട്. കാലിവളർത്തൽ വ്യാപകമായി ഉണ്ടെങ്കിലും ബയോഗ്യാസ് പ്ലാന്റുകൾ സുലഭമല്ലാത്തതിനു കാരണം ഈ മേഖലയിൽ കാര്യമായ ബോധവൽക്കരണം നടന്നിട്ടില്ല എന്നതാണ്. പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ ശാസ്ത്ര സാഹിത്യപരിഷത്തിന്റെയും അനർട്ടിന്റേയും പ്രവർത്തനസഹായങ്ങൾ ജനങ്ങളുടെ ഇടയിൽ വേണ്ടത്ര എത്തിയിട്ടില്ല. വൈദ്യുതി ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ ജനങ്ങൾ മുഖ്യമായും മണ്ണെണ്ണ ഉപയോഗിക്കുന്നു.

നിലവിൽ ഈ പഞ്ചായത്തിൽ 4108 ഗാർഹിക ഉപഭോക്താക്കളും വ്യാപാരരംഗത്ത് 612, വ്യവസായ രംഗത്ത് 26, കാർഷിക ആവശ്യത്തിന് 79 ഉം കണക്ഷനുകൾ ഉണ്ട്.

43 സ്ട്രീറ്റ് ലൈറ്റുകൾ വിവിധമേഖലകളിൽ ഉണ്ട്. അപേക്ഷകരിൽ 300 ഓളം പേർക്ക് ഇനിയും കണക്ഷൻ ലഭിക്കാനുണ്ട്.

ഈ പഞ്ചായത്തിൽ 18 ഓളം ട്രാൻസ്ഫോമറുകൾ ഉണ്ട്.

ഗ്രാമസഭാ റിപ്പോർട്ടുകളിൽ ഏറ്റവും കൂടുതൽ പദ്ധതികൾ ഉയർന്നു വന്നിട്ടുള്ളത് വൈദ്യുതി വിതരണരംഗത്തും ബില്ലിംഗിലുള്ള അപാകത സംബന്ധിച്ചും ആണ്. പലപ്രദേശത്തും കനത്ത വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ലൈൻമാൻമാരുടെ എണ്ണത്തിൽ ഉള്ള കുറവുമൂലം അത്യാവശ്യ സന്ദർഭങ്ങളിൽ ഫലപ്രദമായി ഇടപെടാൻ സാധിക്കുന്നില്ല.

## ഊർജ്ജപ്രതിസന്ധിയുടെ പ്രധാനകാരണങ്ങൾ

(1) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ ആവശ്യമായ ബോധവൽക്കരണത്തിന്റെ അഭാവം

(2) ഗുണനിലവാരം കുറഞ്ഞ അടുപ്പുകളുടെ ഉപയോഗം

(3) ഊർജ്ജസ്രക്ഷണപ്രവർത്തനങ്ങളിൽ അനർട്ട്, ശാസ്ത്രസാഹിത്യപരിഷത്ത് എന്നീ ഏജൻസികളുടെ സാങ്കേതികവിദ്യകൾ ശരിയായ വിധത്തിൽ ഇവിടെ ലഭ്യമാകുന്നില്ല.

(4) വൈദ്യുതി വിതരണ ലൈനുകളുടെ സംരക്ഷണത്തിൽ ഉള്ള പോരായ്മ

(5) വിറകിന്റെ ലഭ്യതക്കുറവ്, വനപ്രദേശത്തു നിന്നും വിറക് ശേഖരിക്കാനുള്ള നിയമതടസ്സങ്ങൾ

(6) വൈദ്യുതി ബോർഡിന്റെ പ്രവർത്തനങ്ങളിലെ കാര്യക്ഷമതയില്ലായ്മ

## നിർദ്ദേശങ്ങൾ

(1) വൈദ്യുതി വിതരണ ലൈനുകളുടെ സംരക്ഷണം ഉറപ്പുവരുത്തി പ്രസരണനഷ്ടം ഒഴിവാക്കുക

(2) ജനകീയ ബോധവൽക്കരണം നടത്തി വൈദ്യുതി പാഴ്ചെലവ് ഒഴിവാക്കുക

(3) താഴെ പറയുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ പഞ്ചായത്തിൽ ആരംഭിക്കുക

(1) മുരിക്കാശ്ശേരി കുത്തുങ്കൽ ചെറുകിട ജലവൈദ്യുത പദ്ധതി

(2) മുരിക്കാശ്ശേരി കുത്തുങ്കൽ ആവർത്തനജലവും പതിനാറാംകണ്ടം തോട്ടിലെ വെള്ളവും കൂടിചേരുന്ന പൂമാംകണ്ടം കവല, ചെറുകിട, ജലവൈദ്യുതി പദ്ധതി

(3) കിളിയാർ കുത്തുങ്കൽ മിനി ജലവൈദ്യുതി പദ്ധതി

(4) കൊന്നയ്ക്കാമാലി - മാലിക്കുത്ത് ജലവൈദ്യുത പദ്ധതി

(5) ചിന്നാർ ജലവൈദ്യുതപദ്ധതി (ഇടത്തരം)

(4) പഞ്ചായത്തിലെ പ്രധാനപ്പെട്ട റോഡുകളിലും കവലകളിലും സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കുക

(5) വൈദ്യുത വിതരണത്തിലെ അപാകതകൾ പരിഹരിക്കുവാൻ ജനകീയ സമിതികൾ രൂപീകരിക്കുക

(6) പുകയില്ലാത്തതും ഇന്ധനക്ഷമതയില്ലാത്തതുമായ അടുപ്പുകൾ വ്യാപകമായി പ്രചരിപ്പിക്കുക

(7) ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നതിന് സബ്സിഡിയും സാങ്കേതിക സഹായങ്ങളും പ്രവർത്തനങ്ങളും നടത്തുക

(8) I.R.E.P വഴി വിതരണംചെയ്യുന്ന പ്രഷർകുക്കറുകളും ക്ഷമത കൂടിയ മറ്റ് ഉപകരണങ്ങളും പഞ്ചായത്ത് വഴി വിതരണം ചെയ്യുക

(9) വോൾട്ടേജ് ക്ഷമത നൽകുന്ന C.F ലൈറ്റുകൾ കുറഞ്ഞനിരക്കിൽ പഞ്ചായത്തു തലത്തിൽ വിതരണം ചെയ്യുക

(10) L.P ഗ്യാസ് കണക്ഷന്റെ ലഭ്യത ഉറപ്പു വരുത്തുവാൻ മുരിക്കാശ്ശേരിയിൽ ഒരു ഗ്യാസ് എജൽസിയെ നിയമിക്കുക

(11) 22 കിലോമീറ്ററോളം അകലെ പോയി വൈദ്യുതബിൽ അടയ്ക്കുന്ന പ്രശ്നം പരിഹരിക്കുന്നതിന് പഞ്ചായത്തിൽ ഒരു ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് സ്ഥാപിക്കുക

(12) കൂടുതൽ സ്ഥലങ്ങളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുക

# പാർപ്പിടവും സാമൂഹ്യക്ഷേമവും

**വാ**ത്തിക്കുടി ഗ്രാമപഞ്ചായത്തിലെ പെരുകിവരുന്ന ജനസംഖ്യയും ചുരുങ്ങിവരുന്ന സ്ഥലലഭ്യതയും വർദ്ധിച്ച നിർമ്മാണചെലവും, സ്വന്തമായി ഒരു വീട് എന്ന ജനസാമാന്യത്തിൻെറ സങ്കല്പത്തിന് മങ്ങലേല്പിക്കുന്നു.

പട്ടിണിയും സ്വന്തമായി ഒരു തുണ്ടു കൃഷിഭൂമി എന്ന പ്രതീക്ഷയുമാണ് 1950കളിൽ ഈ ഭൂപ്രദേശത്തേയ്ക്ക് കടന്നുവരാൻ ആളുകൾക്ക് പ്രചോദനമേകിയത്. അന്ന് ഈ ജനവിഭാഗത്തെ എതിരേറ്റത് കൊടുംകാടുകളും കനകം വിളയിക്കാൻ പോന്ന മണ്ണും ആദിവാസികളായ ഗിരിവർഗ്ഗക്കാരുമായിരുന്നു. പട്ടിണി മുഖ്യ പ്രശ്നമായി കണ്ട ഈ ജനവിഭാ ഗത്തിന് രമണീയമായ ഭവനസങ്കല്പങ്ങളൊന്നും അന്ന് ഉണ്ടായിരുന്നില്ല. മുളയും പുല്ലും ഉപയോഗിച്ച് തലചായ്ക്കാൻ ഒരു കൂര നിർമ്മിക്കുകയായിരുന്നു ആദ്യഘട്ടത്തിൽ പ്രവാസികളായി വന്ന ഈ ജനതയുടെ ആഗ്രഹം. കഠിന പ്രയത്തിലൂടെ കൃഷി പുഷ്ടി പ്രാപിച്ചപ്പോൾ പലതരം വീടുകളെക്കുറിച്ചുള്ള പ്രതീക്ഷകൾ അവരുടെ മനസിലേക്ക് കടന്നുവന്നു. അവസ്ഥാഭേദമനുസരിച്ച് തടി, ഇഷ്ടിക തുടങ്ങിയ സാമഗ്രികൾ ഉപയോഗിച്ച് ക്രമേണ വീടുകൾ നിർമ്മിച്ചുതുടങ്ങി. വഴികളുടെ ആവിർഭാവത്തോടെ പാർപ്പിട നിർമ്മാണരംഗത്ത് ആധുനിക സാമഗ്രികൾ സ്ഥാനം കണ്ടുതുടങ്ങി. ക്രമേണ ഓട്,, ചുടുകട്ട, കോൺക്രീറ്റ് എന്നിവയാൽ ചി ല മെച്ചപ്പെട്ട വീടുകൾ പഞ്ചായത്തിൽ നിർമ്മിക്കപ്പെട്ടു.

പാർപ്പിട നിർമ്മാണ രംഗത്ത് ആവേശകരമായ ഒരു മുന്നേറ്റം ഉണ്ടായെങ്കിലും ദരിദ്ര നാരായണൻമാരായ ബഹുഭൂരിപക്ഷം വരുന്ന ജനവിഭാഗം ചോർന്നൊലിക്കുന്ന വീടുകളിൽ അന്തിയുറങ്ങുന്നു. സാമാന്യം ഭേദപ്പെട്ട വീടുകൾക്കുപോലുംമതിയായ കക്കൂസ് സൗകര്യങ്ങൾ നിലവിലില്ല. ദരിദ്ര ജനവിഭാഗത്തിന് സ്വന്തമായി വീടുകൾ നിർമ്മിക്കുകയെന്നതാണ് പാർപ്പിട രംഗത്തുണ്ടാകേണ്ട കാതലായ മാറ്റം.

സ്ഥാപനങ്ങളടക്കം പഞ്ചായത്തിന് നികുതി
നൽകുന്ന കെട്ടിടങ്ങൾ / വീടുകൾ 4719 എണ്ണം
പഞ്ചായത്തിലെജനസംഖ്യ 1996-ൽ 31480

വീട് അല്ലാത്ത സ്ഥാപനങ്ങളും മറ്റുള്ളവയും
ആകെ 760
വീട് ഒന്നിന് അംഗസംഖ്യ (ശരാശരി) 5 എണ്ണം
കുടിലുകൾ(2641) (ശതമാനത്തിൽ) 40%

### ഐ.ആർ. ഡി.പി സർവ്വേ പ്രകാരം പഞ്ചായത്തിലെ ഭവന നിർമ്മാണത്തെ സംബന്ധിച്ച വിവരങ്ങൾ

വീട് ആവശ്യമുള്ള കുടും ബങ്ങൾ 2789
വിവിധ പദ്ധതികൾ പ്രകാരം
അനുവദിച്ചവീടുകൾ 320
അനുവദിക്കേണ്ട വീടുകൾ 2469-88.5%

### ടി സർവ്വേപ്രകാരം സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ വിവരങ്ങൾ

ടി. ആവശ്യമുള്ളത് 2739
വിവിധ പദ്ധതിപ്രകാരം അനുവദിച്ചത് 191
അനുവദിക്കേണ്ടത് 2548 93%

### നിഗമനം

ഒരു വീട്ടിൽ 5-ൽ കൂടുതൽ അംഗങ്ങളും (ശരാശരി) കുടിലുകൾ 40 ശതമാനത്തിലേറെയും ഐ.ആർ.ഡി.പി സർവ്വേ പ്രകാരം 88% ആളുകൾക്ക് വീടുകളും ടി സർവ്വേ പ്രകാരം 93% വീടുകൾക്ക് സാനിട്ടറി കക്കൂസുകളും പഞ്ചായത്തിൽ നിർമ്മി ക്കേണ്ടിയിരിക്കുന്നു. ഈ പഞ്ചായത്ത് രൂക്ഷമായ പാർപ്പിട പ്രശ്നം നേരിടുന്ന പഞ്ചായത്തുകളിൽ ഒന്നാണ്.

### പ്രശ്നങ്ങൾ

1. നാണ്യവിളകളുടെ വിലയിടിവ്, പ്രകൃതിക്ഷോഭം എന്നിവ ഈ കാർഷികമേഖലയിലെ കർഷകർക്കും കർഷക തൊഴിലാളികൾക്കും സാമ്പത്തിക ക്ലേശമുണ്ടാക്കുകയും.

### സ്ഥിതിവിവര കണക്കുകൾ

### വീടുകൾ / കെട്ടിടങ്ങൾ തരംതിരിച്ച്

| കുടിൽ | കോൺക്രീറ്റ് | ഓടുമേഞ്ഞ ത് മേഞ്ഞ ത് | ഷീറ്റ് / മറ്റുള്ളവ | ആകെ |
|---|---|---|---|---|
| 2641 | 278 | 3456 | 985 | 7360 |

വീടുനിർമ്മാണത്തിനുതകുന്ന സാമ്പത്തികസ്ഥിതി അസാദ്ധ്യമാക്കുകയും ചെയ്യുന്നു.

2. നിർമ്മാണ വസ്തുക്കളുടെ വില കുതിച്ചുയർന്നതും നിർമ്മാണചെലവുകൾ വളരെയേറെ വർദ്ധിച്ചതും ഈ പഞ്ചായത്തിലെ സാധാരണകാർക്ക് താങ്ങാൻ കഴിയുന്നതിനും അപ്പുറമാണ്.
3. ഫിനാൻസിംഗ് ഏജൻസികളുടെ അപര്യാപ്തത.
4. കെട്ടിട നിർമ്മാണരംഗത്തെ ചെലവുകുറഞ്ഞ സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള അറിവില്ലായ്മയും ചെലവു കുറഞ്ഞ കെട്ടിടനിർമ്മാണ രീതികൾ ഉപയോഗിക്കുന്ന ഏജൻസികളുടെ അഭാവവും.
5. ഉപഭോക്തൃ സംസ്കാരം സൃഷ്ടിച്ചിരിക്കുന്നമിഥ്യാ ധാരണകൾ, വീടുകൾ സ്റ്റാറ്റസ്സിംബൽ എന്ന നിലയിൽ വീക്ഷിക്കപ്പെടുന്നത്.
6. ജനസംഖ്യാ വർദ്ധനവ് (8.74%) സംസ്ഥാന നിരക്കിനേക്കാൾ വളരെ ഉയർന്നതാണ്.
7. ന്യായമായ വിലക്ക്,ദുർചെലവുകൾ കൂടാതെ നിർമ്മാണ വസ്തുക്കൾ ലഭിക്കാതിരിക്കുന്നത്.

## പരിഹാരങ്ങൾ

1. കർഷകരുടെ ഉൽപന്നങ്ങൾക്ക് പ്രത്യേകിച്ച് നാണ്യവിളകൾക്ക് തറവില നിശ്ചയിച്ചു ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുക. തൊഴിലാളികൾക്ക് ക്ഷേമനിധികൾ,മിനിമം കൂലി പുതുക്കി നിശ്ചയിക്കുക, വിലക്കയറ്റം തടയുക.
2. കെട്ടിടനിർമ്മാണ വസ്തുക്കൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി ലഭ്യമാക്കുക. ആവശ്യത്തിനുനിർമ്മാണ തൊഴിലാളികളെ പരിശീലിപ്പിച്ചെടുക്കാനുള്ള സംവിധാനം പഞ്ചായത്തുതലത്തിൽ രൂപീകരിക്കുക, പ്ലാനും മറ്റും തയ്യാറാക്കാൻ എഞ്ചിനീയർമാർ, വിദഗ്ദ്ധ തൊഴിലാളികൾ എന്നിവരെ ലഭ്യമാക്കുക.
3. പഞ്ചായത്തിൽ ഭൂരിഭാഗം കൃഷിഭൂമിയ്ക്കും പട്ടയം ഇല്ലാത്തതിനാൽ ഗവൺമെൻെറ് സഹായങ്ങൾ ആളുകകളുടെ ഇടയിൽ എത്തുന്നില്ല. പഞ്ചായത്തിൽ ഭൂമി ഉള്ളവർക്ക് പട്ടയം ലഭ്യമാക്കുകയോ കൈവശരേഖകളുടെ അടിസ്ഥാനത്തിൽ ഭവനനിർമ്മാണ വായ്പയും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുകയും ചെയ്യണം.
4. പഞ്ചായത്തുതലത്തിൽ ഭവനനിർമ്മാണ സംഘങ്ങൾ രൂപീകരിക്കുക, നിലവിലുള്ള സഹകരണസംഘങ്ങളിൽ നിന്നും ഭവനനിർമ്മാണ വായ്പകൾ ലഭ്യമാക്കുക, ലോൺ ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.
5. നിർമ്മിതി കേന്ദ്രം, ബേക്കൽരീതികളിൽ നാടൻ ജോലിക്കാർക്ക് പരിശീലനം നൽകുക, സാങ്കേതികവിദ്യകൾ പ്രചരിപ്പിക്കുക തദ്ദേശിയമായി ലഭ്യമാകുന്ന സാധനസാമഗ്രികൾ ഉപയോഗപ്പെടുത്തുക.
6. വീടുകൾ താമസസൗകര്യത്തിനുവേണ്ടി തന്നെയാണ് മറ്റൊന്നിനും അല്ല. ഭംഗിയേക്കാൾ ഉപയോഗത്തിനാണ് പ്രാധാന്യം എന്ന ആശയം പ്രചരിപ്പിക്കുക. 1500 ച. അടിയിൽ കൂടുതൽ വിസ്തീർണ്ണം ഉള്ള വീടുകൾ പണിയുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുക.
7. ജനപെരുപ്പം തടയാനുള്ള ഊർജ്ജിതമായ പ്രചാരണവും ബോധവൽക്കരണവും നടത്തുക.
8. പഞ്ചായത്തിൽ ഭവനനിർമ്മാണ സംഘങ്ങൾ രൂപീകരിക്കുക, സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി നിർമ്മാണ വസ്തുക്കൾ ലഭ്യമാക്കുക. കൂടാതെ ഈ പഞ്ചായത്തിൽ ഭവനനിർമ്മാണത്തിനും മറ്റ് അനുബന്ധ ആവശ്യത്തിനുവേണ്ടി വിദഗ്ദ്ധരും പഞ്ചായത്തുകമ്മറ്റിയും ഉൾപ്പെടുന്ന ഒരു ഐഡിയാ ബാങ്ക് രൂപീകരിക്കുക.
9. ഭവന നിർമ്മാണ വായ്പകളുടെ പലിശനിരക്ക് വ്യാവസായിക വായ്പയേക്കാൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുകയും ടി പലിശ ധനകാര്യസ്ഥാപനങ്ങൾക്ക് സർക്കാർ സബ്സിഡിയായി നൽകുക.
10. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെടാത്ത ദുർബലവിഭാഗങ്ങൾക്കും വീടുകൾ സൗജന്യമായി നൽകുക.

## സാമൂഹ്യക്ഷേമം

''പാട്ടുകേട്ടാലാർക്കു സൗഖ്യം,പട്ടിണിയായ് കിടക്കുമ്പോൾ'' എന്ന് ജനകീയകവി കുഞ്ചൻനമ്പ്യാർ പാടിയിട്ടുണ്ട്. സമൂഹത്തിൻെറ സമഗ്രമായപുരോഗതി ലക്ഷ്യമിട്ടായിരിക്കണം സാമൂഹ്യക്ഷേമപദ്ധതികൾ തയ്യാറാക്കേണ്ടത്. ദുർബല ജനവിഭാഗങ്ങളുടെ ക്ഷേമം ലക്ഷ്യമിടുന്ന പദ്ധതികൾശ്രദ്ധയോടെ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയാൽ മാത്രമേ വികസനോന്മുഖമായ ഭാവി പഞ്ചായത്തിനു കൈവരിക്കുവാൻ സാധിക്കുകയുള്ളൂ. അടിസ്ഥാന ജീവിതസൗകര്യങ്ങൾ ഏവർക്കും ലഭ്യമാക്കുക എന്നതായിരിക്കണം നമ്മുടെ വിവിധ പദ്ധതികളിലൂടെ വിഭാവനം ചെയ്യപ്പെടേണ്ടത്. ദാരിദ്ര നിർമ്മാർജ്ജന

ത്തിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും സേവന മേഖലകളുടെ നീതി പൂർവ്വമായ പ്രവർത്തനത്തിനും സമഗ്ര പദ്ധതികൾക്ക് രൂപം നൽകേണ്ടതുണ്ട്. ഭാവനാപൂർണ്ണമായ ആസൂത്രണമുണ്ടെങ്കിൽ സാമൂഹികക്ഷേമരംഗത്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് പഞ്ചായത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും പുത്തൻ മാനങ്ങൾ നൽകുവാൻ കഴിയും.

## വളർച്ചാനിരക്കുകൾ

പഞ്ചായത്തിലെ ആകെ കുടുംബങ്ങൾ 7487

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾ 4248 (56.7%)

(ഐ. ആർ. ഡി.പി. സർവ്വേ അവലംബം)

സഹായം വഴി ദാരിദ്ര്യരേഖയ്ക്കുമുകളിലെത്തിയ കുടുംബങ്ങൾ 238 (5.6%)

നിലവിൽ ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള കുടുംബങ്ങൾ 4010 (53.5%)

വിവിധ ബാങ്കുകളിലുള്ള ആകെ നിക്ഷേപം Rs. 4,10,00,000/-

ആളോഹരി നിക്ഷേപം Rs. 1302/

വിവിധ ധനകാര്യസ്ഥാപനങ്ങൾ നൽകിയിട്ടുള്ള വായ്പകൾ Rs. 675, 00,000/-

ആളോഹരി വായ്പ Rs. 2144/-

വളർച്ചാ നിരക്കുകളിലൂടെ കണ്ണോടിച്ചാൽ ആളോഹരി വായ്പയും ആളോഹരി നിക്ഷേപവും കണക്കിലെടുക്കുമ്പോൾ പഞ്ചായത്തിലെ ഓരോ പൗരനും 842/-രൂപാ കടക്കാരനാണ്.

മേൽ സൂചിപ്പിച്ച കണക്കുകൾ പൊതുസാമ്പത്തികസ്ഥിതികളുടെ തകർച്ചയിലേക്ക് വിരൽചൂണ്ടുന്നു. 53.5% കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയായതിനാൽ ക്ഷേമപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടിയിരിക്കുന്നു.

### സാമൂഹ്യക്ഷേമ രംഗത്തെ പ്രധാന പ്രശ്നങ്ങൾ

1. കേന്ദ്രസംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ അർഹതപ്പെട്ടവരിൽ എത്തുന്നില്ല.
2. സ്വയംതൊഴിൽ പദ്ധതികൾക്ക് വായ്പ ലഭ്യമാക്കുവാൻ ധനകാര്യസ്ഥാപനങ്ങൾ കാണിക്കുന്ന വിമുഖത.
3. ബോധവൽക്കരണത്തിന്റെ അഭാവം.
4. DWCRA പോലെയുള്ള തൊഴിൽ പദ്ധതികളുടെ അഭാവം.
5. ക്ഷേമനിധികളുടെ കാര്യക്ഷമമല്ലാത്ത പ്രവർത്തനം.
6. ജനങ്ങളിലെ സമ്പാദ്യശീലത്തിന്റെ കുറവ്.

## പരിഹാരങ്ങൾ, നിർദ്ദേശങ്ങൾ

1. വിവിധ സർക്കാർ പദ്ധതികളുടെ യഥാർത്ഥ ഗുണഭോക്താക്കളെ തെരഞ്ഞെ ടുക്കുവാനുള്ള അധികാരം ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമാക്കുക.
2. ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വായ്പ ലഭിക്കുവാനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും വായ്പകൾ യഥാസമയംതിരിച്ചടയ്ക്കുന്നതിന് പ്രേരണ ചെലുത്തുകയും ചെയ്യുക.
3. വ്യാപകമായ ബോധവൽക്കരണവും യഥാർത്ഥ ഗുണഭോക്താക്കളെ പദ്ധതികളിലേക്ക് ആകർഷിക്കുന്നതിന് ആവശ്യമായ പരിശ്രമങ്ങൾക്കായി ജനകീയ സമിതികൾ രൂപീകരിക്കുക.
4. വനിതകൾക്കും ദുർബലജനവിഭാഗങ്ങൾക്കും ബഹുമുഖ വികസന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക.
5. ദേശീയ സമ്പാദ്യപദ്ധതികളെക്കുറിച്ച് ബോധവാൻമാരാക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുക.
6. വിവിധ ക്ഷേമനിധികളുടെ രൂപീകരണവും കാര്യക്ഷമമായ നടത്തിപ്പും.

## നിലവിലുള്ള പെൻഷൻ പദ്ധതികൾ

വിധവാ പെൻഷൻ

വികലാംഗ പെൻഷൻ

വാർദ്ധക്യകാല പെൻഷൻ

ക്ഷയരോഗി പെൻഷൻ

ക്യാൻസർ രോഗ പെൻഷൻ

കർഷക തൊഴിലാളി പെൻഷൻ

അഗതിപെൻഷൻ

പ്രസവാനുകൂല്യ പദ്ധതി

## അംഗൻവാടികൾ

ഈ പഞ്ചായത്തിൽ ആകെ 19 അംഗൻവാടികളാണുള്ളത്. ആയിരമാളുകൾക്ക് ഒരു അംഗൻവാടി എന്ന സർക്കാർ ലക്ഷ്യം നേടുവാൻ കഴിഞ്ഞ ിട്ടില്ല. രാജമുടി, തോപ്രാംകുടി, സ്ക്കൂൾസിറ്റി, ഒടക്കുസിറ്റി എന്നീ അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടമോ പ്രവർത്തനസൗകര്യങ്ങളോ ഇല്ല. ഭക്ഷ്യവസ്തുക്കളുടെ ലഭ്യതയിൽ ആനുപാതികമായി വർദ്ധനവ് ഇല്ല. ഭക്ഷ്യ എണ്ണ, അരി,ഗോതമ്പ് എന്നിവ എല്ലാ അംഗൻവാടികളിലും മുടക്കംകൂടാതെ എത്തിക്കുവാൻവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. അംഗൻവാടികളിൽ പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തത നിലവിലുണ്ട്. ഇത് അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

# 17 - സംസ്ക്കാരം

വാത്തിക്കുടി വൈവിദ്ധ്യ സംസ്ക്കാരത്തിന്റെ സങ്കലനഭൂമിയാണ്. ഇവിടുത്തെ ഭൂരിഭാഗം ആളുകളും മീനച്ചിൽ, തൊടുപുഴ, കോതമംഗലം, കാഞ്ഞിരപ്പള്ളി താലൂക്കുകളിൽ നിന്നും 1950-60 കളിൽ കുടിയേറിയ കർഷകരാണ്. ജാതിക്കും മതത്തിനും വർഗത്തിനും അപ്പുറമായി വിശപ്പിന്റെ വിളികളിൽ ഒരുമിച്ചു നിന്ന് നിലനില്പിനായി പോരാടിയ ഒരു ജനതതിയാണ് വാത്തിക്കുടിയിലുള്ളത്. ഗോത്രസംസ്ക്കാരത്തിൽ മികച്ച പൈതൃകം അവകാശപ്പെടാവുന്ന പ്രദേശങ്ങളിൽ ഒന്നാണ് വാത്തിക്കുടി.

## ജാതിമതഘടന

എല്ലാ ജാതിമത വിഭാഗത്തിലുംപെട്ട ആളുകളും നിവസിക്കുന്ന ഒരു പ്രദേശമാണ് ഈ പഞ്ചായത്ത്. ഹിന്ദു ക്രസ്ത്യൻ, മുസ്ലീം വിഭാഗങ്ങൾ ഇവിടെ ഇടകലർന്നു ജീവിക്കുന്നു. എല്ലാവർഷവും ഈ പഞ്ചായത്തിൽ വിവിധമതക്കാരുടെ ഉത്സവങ്ങളും പെരുന്നാളും ആഘോഷിക്കാറുണ്ട്. എല്ലാ മതവിഭാഗങ്ങളിലുംപെട്ട ആളുകളും പരസ്പരം സഹകരിച്ചും ആഘോഷങ്ങളിൽ പങ്കെടുത്തും ഈ പഞ്ചായത്തിന്റെ മാനവമൈത്രി നിലനിർത്തുന്നു. ജാതിമതവർഗ്ഗ ചിന്തകൾക്ക് അതീതമായി ദേശീയഉത്സവമായ ഓണം ആഘോഷിക്കുന്നു. ഓണാഘോഷവേളകളിൽ സാമൂഹികസാംസ്ക്കാരിക സന്നദ്ധ സംഘടനകൾ വാശിയോടെ ആഘോഷ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. കൂടാതെ മറ്റ് ഉത്സവങ്ങളായ വിഷു ദീപാവലി എന്നിവയും ആഘോഷിക്കുന്നു. ശിവരാത്രിയും ശ്രീകൃഷ്ണജയന്തിയും ചതയദിനവും പതിനാറാംകണ്ടം മുരിക്കാശ്ശേരി ചെമ്പകപ്പാറ, തോപ്രാംകുടി എന്നീ ക്ഷേത്രങ്ങളിലെ പ്രധാന ഉത്സവ ആഘോഷങ്ങളിൽ പെടുന്നു. കൂടാതെ മണ്ഡലമഹോൽസവങ്ങളും കൊണ്ടാടുന്നു. ക്രിസ്തുമസ് ഈസ്റ്റർ എന്നിവയും ആഘോഷിക്കുന്നു. ഈ പഞ്ചായത്തിന്റേ വിവിധ പ്രദേശങ്ങളിലായി 22 ഓളം ക്രിസ്തീയ ദേവാലയങ്ങൾ സ്ഥിതിചെയ്യുന്നു. ദേവാലയങ്ങളിൽ വിശുദ്ധൻമാരുടെ തിരുനാളുകൾ ആഘോഷിക്കുന്നു. ഈ ആഘോഷങ്ങളിൽ നാനാ ജാതി മതസ്ഥരായ ആളുകൾ പങ്കെടുക്കുന്നു. മുരിക്കാശ്ശേരിയിലെയും തോപ്രാൻകുടിയിലേയും പള്ളിതിരുനാളുകൾ പ്രസിദ്ധമാണ്. റംസാൻ, ബക്രീദ്, എന്നീ മുസ്ലീങ്ങളുടെ പെരുന്നാളുകളും ഇവിടെ ആഘോഷിക്കുന്നു. മൂന്ന് മുസ്ലീം പള്ളികൾ ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. ഇവിടുത്തെ സാംസ്ക്കാരിക വളർച്ചയ്ക്ക് ഈ ദേവാലയങ്ങൾ എല്ലാംതന്നെ ഗണ്യമായ സംഭാവനകൾ ചെയ്യുന്നു.

## ആചാരങ്ങളും അനുഷ്ഠാനങ്ങളും

ഈ പഞ്ചായത്തിലെ തോപ്രാൻകുടി, വാത്തിക്കുടി, മൂങ്ങാപ്പാറ, ചിന്നാർ നേർച്ചപ്പാറ എന്നിവിടങ്ങളിൽ കൂത്ത് നടത്തപ്പെടുന്നു. വിവിധമതാചാര ചടങ്ങുകൾക്ക് അനുബന്ധമെന്നോണം വിൽപ്പാട്ട്, അമ്മൻകുടം, തിരുവാതിര, കടുവാകളി തുടങ്ങിയ അനുഷ്ഠാനകലാരൂപങ്ങളും ഉണ്ട്.

## കലാ കായികസാംസ്ക്കാരികരംഗം

കായികരംഗത്ത് വാത്തിക്കുടി ഗ്രാമപഞ്ചായത്ത് വളരെ മുൻപിലാണ്. സംസ്ഥാനതലത്തിലും ദേശീയതലത്തിലും ചാമ്പ്യൻഷിപ്പുകൾ കരസ്ഥമാക്കിയ ജോസ്. കെ. മാത്യു, ലിൻസി തോമസ് യൂണിവേഴ്സിറ്റി തലത്തിൽ ചാമ്പ്യൻഷിപ്പുനേടിയ ജോസ് ജോസഫ് ഇന്ത്യൻ അറ്റ്തലറ്റിൽ (വാക്കിംഗ്) ആശാ സബാസ്റ്റ്യൻ ഊരോത്ത്, സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ താരം റെജി നെല്ലുവേലിൽ, ബധിര മൂക വിദ്യാർത്ഥികളുടെ ദേശീയ കായിക മത്സരത്തിൽ വ്യക്തിഗതചാമ്പ്യൻഷിപ്പു കരസ്ഥമാക്കിയ A.P അനിത അരീക്കൽ, സംസ്ഥാന സ്വർണ്ണമെഡൽ ജേതാവ് സജി കുര്യാക്കോസ് (അത്‌ലറ്റ്സ്) തുടങ്ങിയ കായിക പ്രതിഭകൾ ഈ നാടിന്റെ അഭിമാനമാണ്. കലാകായിക സാംസ്ക്കാരിക മേഖലകളെ പുഷ്ടിപ്പെടുത്തുന്നതിനായി നിരവധിക്ലബ്ബുകളും സാംസ്ക്കാരിക സന്നദ്ധ സംഘടനകളും രംഗത്തുണ്ട്. ഈ പ്രതിഭകളെ കണ്ടെത്തി കൈപിടിച്ചുയർത്തിയതിൽ, മുരിക്കാശ്ശേരി സെന്റ്മേരീസ് ഹൈസ്ക്കൂളിന്റെയും, മുരിക്കാശ്ശേരി പാവനാത്മാ കോളേജിന്റെയും സേവനങ്ങൾ സ്മരണീയമാണ്. കലാകായിക രംഗങ്ങളെ പരിപോഷിപ്പിക്കുവാൻ സർക്കാരിന്റെ പരിശീലന കേന്ദ്രങ്ങളുടെ അഭാവമുണ്ടായിട്ടുകൂടി ഗ്രാമീണമേഖലയിലെ ക്ലബ്ബുകൾ സഹായം ചെയ്യുവാൻ മുൻപോട്ടു വരുന്നുണ്ട്. തോപ്രാംകുടി പയനിയർ ക്ലബ് പടമുഖം പ്രീയദർശിനി ക്ലബ്ബ് മുരിക്കാശ്ശേരി എം. ടോൺ ക്ലബ്ബ് മുതലായവ ഈ രംഗത്ത് സുപ്രധാന പങ്കുവഹിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ വിവിധസംഘടനകളും ക്ലബുകളും കലാപരിശീലനത്തിന് നേതൃത്വം കൊടുക്കുന്നുണ്ട്. സാമൂഹിക സാംസ്ക്കാരികരംഗത്ത് മുരിക്കാശ്ശേരി ഫെസ്റ്റ് -94-95-96- വർഷങ്ങളിൽ വലിയൊരു വഴിത്തിരിവുണ്ടാക്കി. മതസൗഹാർദ്ദം, ദേശീയോദ്ഗ്രഥനം, പ്രാദേശിക വികസനം എന്നിവയിലൂന്നിയാണ് ഫെസ്റ്റിന് രൂപം കൊടുത്തത്. 1996 മുതൽ തോപ്രാംകുടിയിലും ഫെസ്റ്റ് ആഘോഷിക്കുന്നു. ഈ ഗ്രാമപഞ്ചായത്തിന്റെ സാമൂഹിക സാംസ്ക്കാരിക രംഗത്ത് എടുത്തു പറയത്തക്ക വിപ്ലവമായിരുന്നു ഈ ഫെസ്റ്റുകൾ മാധ്യമരംഗത്ത് റേഡിയോ സർവ്വസാധാരണമാണ്. എന്നാൽ പതിനഞ്ച് ശതമാനം വീടുകളിൽ മാത്രമേ ടെലിവിഷൻ സൗകര്യങ്ങളുള്ളൂ.

പത്രമാസിക രംഗത്ത് മലയാളമനോരമ, ദീപിക, മാതൃഭൂമി, ദേശാഭിമാനി, കേരളകൗമുദി, ഇന്ത്യൻ എക്സ്പ്രസ്, മാധ്യമം, ചന്ദ്രിക, തനിനിറം തുടങ്ങിയ ദിനപത്രങ്ങളും അനേകം മാസികകളും, വാരികകളും പ്രചാരത്തിലുണ്ട്. 1969- ൽ മുരിക്കാശ്ശേരിയിലും 1989- ൽതോപ്രാംകുടിയിലും ഓരോ സിനിമാ തീയറ്ററുകൾ പ്രവർത്തനമാരംഭിച്ചു.

കുടിയേറ്റ കാലം മുതൽ കലാരംഗത്ത് നല്ല മികവു കാണിച്ച പാരമ്പര്യമാണ് ഈ ഗ്രാമപഞ്ചായത്തിന്റേത്. 1963 ഡിസംബറിൽ പൂമാംകണ്ടം ആസ്ഥാനമായി 'നിർമ്മലാ തീയറ്റേഴ്സ്' എന്ന പേരിൽ രൂപീകരിക്കപ്പെട്ട നാടകസംഘം ഗ്രാമപഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലും, സമീപപ്രദേശങ്ങളിലും നാടകങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. സിത്താരാ കലാക്ഷേത്രം, രംഗകലാ തീയറ്റേഴ്സ് തുടങ്ങിയവ ആദ്യകാലഘട്ടങ്ങളിലെ അറിയപ്പെടുന്ന കലാസമിതികൾ ആയിരുന്നു. ബാലെ, നൃത്തനൃത്യങ്ങൾ, ഗാനമേള, തുടങ്ങിയ പരിപാടികൾ ഈ സംഘങ്ങൾ അവതരിപ്പിച്ചിരുന്നു. ഒപ്പന, കോൽക്കളി, പരിശമുട്ടുകളി, മാർഗ്ഗംകളി തുടങ്ങിയ നാടൻകലാരൂപങ്ങൾ ഇവിടെ അവതരിപ്പിച്ചു പോരുന്നു. 1967-ൽ പൂമാംകണ്ടത്ത് ആരംഭിച്ച 'ജവഹർ വോളിക്ലബ്' ജില്ലയിലെ മികച്ച ക്ലബുകളിൽ ഒന്നായിരുന്നു.

ഈ ഗ്രാമപഞ്ചായത്തിലെ ആദ്യത്തെ വായനശാലയായ മുരിക്കാശ്ശേരി നാഷണൽ ലൈബ്രറി 1970- ൽ പഞ്ചായത്ത് ഡയറക്ടർ ശ്രീ S.S നായിഡു ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്തിൽ ഇന്നു നിലവിലുള്ള ഒൻപത് വായനശാലകളിൽ ഏഴെണ്ണം നല്ല രീതിയിൽ പ്രവർത്തിക്കുന്നു. പടമുഖം അരുണോദയ, മേലേചിന്നാർ, നവജീവൻ, തോപ്രാംകുടി പയനിയർ, പ്രകാശിലെ പ്രഭാത് ലൈബ്രറി ആന്റ് സ്പോർട്സ് ക്ലബ്, പെരിഞ്ചാംകുട്ടി വൈജയന്തി, മുരിക്കാശ്ശേരി നാഷണൽ ലൈബ്രറി, ചെമ്പകപാറ ലൈബ്രറി, പതിനാറാംകണ്ടം കിസാൻ, തേക്കിൻതണ്ട് ഗാന്ധിജി മെമ്മോറിയൽ ലൈബ്രറി മുതലായവ നമ്മുടെ സാംസ്ക്കാരിക ഉന്നമനത്തിനായി പ്രകാശദീപം തെളിയിക്കുന്നു.

സന്നദ്ധ സേവന സാമൂഹിക പ്രവർത്തന രംഗങ്ങളിൽ പടമുഖം പ്രീയദർശിനി ക്ലബ്, മുരിക്കാശ്ശേരി എം- ടോൺ, തേക്കിൻതണ്ട് രാജീവ് .ജി, പൂമാംകണ്ടം സന്തോഷ്, മുരിക്കാശ്ശേരി ഡാവിഞ്ചി, പെരിഞ്ചാംകുട്ടി വിന്നേഴ്സ്, ചെറ്റാലിക്കട റൈക്കോ, പതിനേഴ് കമ്പനി, ഭാവന ബ്രദേൽ കൈരളി, മന്നാത്തറ ചലഞ്ചർ, സേനാപതി ഭാവന തുടങ്ങിയ ക്ലബുകളും പ്രവർത്തനോത്സുകരാണ്. ഇവയിൽ മിക്കതിനും ജില്ലാ നെഹ്റുയുവകേന്ദ്രത്തിന്റെയും, ജില്ലാ യൂത്ത് ക്ലബിന്റെയും അഫലിയേഷൻ ഉള്ളവയാണ്. ഈ ഗ്രാമപഞ്ചായത്തിന്റെ സാംസ്ക്കാരിക ഭൂപടത്തിൽ സ്ത്രീ പങ്കാളിത്തം ഉറപ്പാക്കുവാൻ പതിനഞ്ചോളം മഹിളാസമാജങ്ങൾ പ്രവർത്തിക്കുന്നു.

ആകാശവാണിയിലൂടെ വിവിധ പരിപാടികൾ അവതരിപ്പിക്കുവാൻ ഈ പഞ്ചായത്തിലെ വിവിധ ക്ലബ്ബുകൾക്ക് അവസരമുണ്ടായിട്ടുണ്ട്.

കേന്ദ്ര ഗവ: യുവജനക്ഷേമ വകുപ്പ് ഇടുക്കി ജില്ലയിൽ ഏർപ്പെടുത്തിയ മികച്ച ക്ലബ്ബിനുള്ള അവാർഡ് 1995-ൽ പടമുഖം പ്രീയദർശിനിക്കു ലഭിച്ചു. കേന്ദ്ര യുവജനക്ഷേമവകുപ്പ് സംസ്ഥാന ഗവൺമെന്റിന്റെ സഹകരണത്തോടെ ജില്ലയിൽ ഏർപ്പെടുത്തിയ നല്ല യുവജനക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തികൾക്കുള്ള അവാർഡും, പാരിതോഷികവും, സംസ്ഥാനതലത്തിൽ യൂത്ത് അസ്സോസ്സിയേഷൻ ഓഫ് ഇന്ത്യയുടെ മികച്ച സാമൂഹിക സംഘടന പ്രവർത്തന അവാർഡും പ്രശംസാപത്രവും 1994-ൽ ശ്രീ. സണ്ണി തെങ്ങുംപള്ളിക്ക് ലഭിക്കുകയുണ്ടായി.

സാംസ്ക്കാരിക രംഗത്ത് 1979-ൽ അധികാരമേറ്റ വാത്തിക്കുടി പഞ്ചായത്ത് ഭരണസമിതി കാണിച്ച താൽപര്യം വളരെ ശ്ലാഘനീയമാണ്. വർഷംതോറും നടത്തിവരാറുള്ള ശിശുദിന റാലിയും, പഞ്ചായത്ത് മേളയും ജില്ലാ തലത്തിലുള്ള നാടക മത്സരങ്ങളും എടുത്തു പറയേണ്ടതുണ്ട്. ആയോധനകലകളുമായി ബന്ധപ്പെട്ട് കരാട്ടെ,

കുംങ്ഫൂ തുടങ്ങിയ കലകൾ ഇവിടെ പ്രചാരത്തിലുണ്ട്.

## പ്രശ്നങ്ങൾ

പഞ്ചായത്തിലെ ലൈബ്രറികളുടെ പ്രവർത്തനം മന്ദീഭവിച്ചിരിക്കുകയാണ്. മുരിക്കാശ്ശേരിയിൽ പ്രവർത്തിക്കുന്ന നാഷണൽ ലൈബ്രറി തുടക്കത്തിൽ വളരെ നല്ല നിലയിൽ പ്രവർത്തിച്ചു വന്നതാണെങ്കിലും ഇപ്പോൾ അഭിമാനിക്കാവുന്ന അവസ്ഥയിലല്ല. മിക്ക ലൈബ്രറികൾക്കും സ്വന്തം സ്ഥലം ഉണ്ടെങ്കിലും നല്ല കെട്ടിടം ഇല്ല. കെട്ടിടത്തിൽ വേണ്ടത്ര സൗകര്യങ്ങൾ ഏർപ്പെടുത്തി സജ്ജമാക്കുമ്പോൾ സാമ്പത്തിക സഹായം നൽകണം. പുസ്തകങ്ങൾക്ക് താങ്ങാനാവാത്ത വിലയായതിനാൽ സർക്കാർ സബ്സിഡി ഏർപ്പെടുത്തണം. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം ഗൗരവതരമായ വായനയെ ബാധിച്ചിരിക്കുന്നു. ഇതിനൊരു പരിഹാരമായി കുട്ടികളിൽ വായനാശീലം വളർത്തുവാൻ ഗ്രാമപഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും സുസജ്ജമായ ലൈബ്രറികളും പരിചയ സമ്പന്നരായ അദ്ധ്യാപകരുടെ നേതൃത്വവും ആവശ്യമാണ്. കർഷകരെയും കുടുംബിനികളെയും ലക്ഷ്യമാക്കി " വീട്ടുപടിക്കൽ പുസ്തകശേഖരം" എന്ന തലത്തിൽ മൊബൈൽ ലൈബ്രറി സംവിധാനം ഏർപ്പെടുത്തണം.

ലൈബ്രറികൾ ക്ലബ്ബുകൾ കേന്ദ്രീകരിച്ച് കവിയരങ്ങ്, ചർച്ചവേദികൾ, ശില്പശാലകൾ, സെമിനാറുകൾ മുതലായവ നടത്തുന്നതിന് സൗകര്യം ചെയ്യണം. ലൈബ്രറികൾ നിലവിലല്ലാത്ത മേഖലകളിൽ പുതിയവ സ്ഥാപിക്കുവാൻ നേതൃത്യവം കൊടുക്കണം. ലൈബ്രറികൾക്ക് അവകാശപ്പെട്ട ഗ്രാന്റുകൾ സംസ്ഥാന ലൈബ്രറി കൗൺസലിൽ നിന്നും യഥാകാലം ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

തനത് കലാരൂപങ്ങളും നാട്ടറിവുകളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ അറിവുകൾ സമാഹരിക്കുന്നതിനും സംരക്ഷിക്കുന്നതിനും തുടർപഠനത്തിനുമായി പഞ്ചായത്തിൽ ഒരു 'ഫോക്ക് ലോർ' പഠനകേന്ദ്രം ആരംഭിക്കണം.

ഭൂരിപക്ഷം കർഷകരായിരുന്നിട്ടു കൂടി ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ പരിസ്ഥിതി അവബോധം ആശാവഹമല്ല.

പരിസ്ഥിതികാവബോധം ഉയർത്തുവാൻ നിലവിലുള്ള സന്നദ്ധക്ലബ്ബുകളുമായി സഹകരിച്ച് സുസ്ഥിരകൃഷിപോലുള്ള 'എക്കോഫ്രണ്ട്‌ലി' രീതികൾ പരിചയപ്പെടുത്താൻ ഒരു കേന്ദ്രം സ്ഥാപിക്കണം

ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത മുഴുവൻ സന്നദ്ധ സംഘടനകളും സാംസ്ക്കാരിക സ്ഥാപനങ്ങളും കേന്ദ്ര ഗവൺമെന്റിന്റെ ജില്ലാ യുവജനക്ഷേമ ആഫീസായ നെഹ്റുയുവകേന്ദ്രത്തിൽ അഫിലിയേഷൻ എടുക്കുന്നതിന് പ്രേരിപ്പിക്കുക. കേന്ദ്ര സംസ്ഥാന ഗവൺമെന്റും ഗവൺമെന്റിതര ഏജൻസികളും നടപ്പാക്കുന്ന യുവജനക്ഷേമ പരിപാടികൾ അറിയുന്നതിന് പഞ്ചായത്ത് ആസ്ഥാനമായ മുരിക്കാശ്ശേരിയിൽ യൂത്ത് ഇൻഫർമേഷൻ ആഫീസ് സ്ഥാപിക്കണം. പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന നല്ല സംഘടനകളെ DRDA വഴി കപാർട്ട് നടപ്പാക്കുന്നവികസന പദ്ധതികളിൽ പങ്കാളികളാക്കുക. സംസ്ഥാനയുവജനക്ഷേമ ബോർഡ് നല്ല സ്പോർട്സ് നൽകുന്ന സ്പോർട്സ് കിറ്റ് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണം. നിലവിലുള്ള ക്ലബ്ബുകൾ വിനോദകേന്ദ്രങ്ങൾ മാത്രമായി തീരാതെ ഗ്രാമോദ്ധാരണത്തിനും സാംസ്ക്കാരിക ഉന്നമനത്തിനും വേണ്ടിയുള്ള കേന്ദ്രങ്ങളായി മാറുകയും കേന്ദ്രമാനവശേഷി വികസന മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ സഹായത്തോടുകൂടി പ്രവർത്തിക്കുകയും വേണം. താഴെ ചേർത്തിരിക്കുന്ന ഗവൺമെന്റിതര ഏജൻസികളുടെ സഹായം ലഭ്യമാക്കാവുന്നതാണ്. (A) നാഷണൽ യൂത്ത് പ്രോജക്ട് ന്യൂദില്ലി (B) അന്തർഭാരതി, മധുരൈ (C) ഗവ: യൂത്ത് ഹോസ്റ്റൽ അസ്സോസ്സിയേഷൻ ഓഫ് ഇൻഡ്യ (D) വോളന്ററി ആക്ഷൻ നെറ്റ് വർക്ക് ഓഫ് ഇൻഡ്യ (VANI) ന്യൂദില്ലി (E) സഹായ്- പേരൂർക്കട

ഗ്രാമപഞ്ചായത്തിൽ ഉള്ള മികച്ച ക്ലബ്ബുകളിൽ കേന്ദ്രസർക്കാരിന്റെ യൂത്ത്സെന്ററുകൾ ആവിഷ്ക്കരിക്കുന്നതിന് പഞ്ചായത്ത് നേതൃത്വം നൽകണം. കായിക രംഗത്ത് ഗ്രാമപഞ്ചായത്തിൽ നല്ല കളിസ്ഥലങ്ങളോ പരിശീലന കേന്ദ്രങ്ങളോ നിലവിലില്ല. തോപ്രാംകുടിയിലും, മുരിക്കാശ്ശേരിയിലും പൊതു കളിസ്ഥലങ്ങൾ സ്ഥാപിക്കണം. വോളിബോൾ രംഗത്ത് ഈ പഞ്ചായത്തിലെ ടീമുകൾ വളരെ മുമ്പിലാണ്. അവരെ സഹായിക്കുവാനും വേണ്ട പരിശീലനം കൊടുക്കുവാനും സ്പോർട്സ് പദ്ധതികൾക്ക് പ്രത്യേക പദ്ധതികൾ ഉണ്ടെങ്കിലും യാതൊരു പരിശീലന പദ്ധതികളും ഈ പഞ്ചാ

യത്തിൽ നടന്നിട്ടില്ല. സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ കോച്ചുകളെ കിട്ടുന്നതിന് ആവശ്യമായ ക്രമീകരണം ചെയ്യേണ്ടതാണ്.

സാംസ്ക്കാരിക നിലയം ഇല്ലാത്ത വാർഡുകളിൽ സാംസ്ക്കാരിക നിലയങ്ങൾ സ്ഥാപിക്കുകഅവിടെ ടെലിവിഷൻ അനുവദിക്കുക. ഫിലിം സൊസൈറ്റികൾ രൂപീകരിച്ച് നല്ല സിനിമകൾ ജനങ്ങളിലേക്ക് എത്തിക്കുവാൻ നടപടിയുണ്ടാക്കുക. ആണ്ടുതോറും പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ചലച്ചിത്രമേള സംഘടിപ്പിക്കുക. മത സൗഹാർദ്ദം നിലനിർത്താൻ കേരളോത്സവങ്ങളും ഗ്രാമോത്സവങ്ങളും വർഷം തോറും നടത്തുക. കലാകായിക സാംസ്ക്കാരിക മേഖലകളിൽ അഭിരുചിയുള്ള ആളുകളെ കണ്ടെത്തി അവരെ സഹായിക്കുക

സങ്കുചിത രാഷ്ട്രീയ മത താല്പര്യങ്ങൾക്ക് അതീതമായി എല്ലാ വിഭാഗം ആളുകളുടേയും പങ്കാളിത്തം ഉണ്ടാക്കുന്നതിന് ശ്രദ്ധിക്കണം.

ഗ്രാമപഞ്ചായത്തിന്റെ ഏറ്റവും ഉയരം കൂടിയ പ്രദേശമായ കള്ളിപ്പാറയിൽ ദൂരദർശൻ റിലേ കേന്ദ്രം സ്ഥാപിക്കണം.

കേരളോത്സവം വളരെ ഭംഗിയായി സന്നദ്ധ സംഘടനകളുടെയും ക്ലബ്ബുകളുടെയും സഹകരണത്തോടെ നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് മുൻകൈയ്യെടുക്കണം

സാംസ്ക്കാരിക മേളകളും ഫെസ്റ്റുകളും ഗ്രാമപഞ്ചായത്തിന്റെ മേൽനോട്ടത്തിലും സഹകരണത്തിലും നടത്തണം.

നടപ്പ് പദ്ധതിയായ ഫിലിം പ്രദർശനവും ഡോക്യുമെന്ററി ചിത്രങ്ങളുടെ പ്രദർശനം പബ്ലിക് റിലേഷൻ ഡിപ്പാർട്ടുമെന്റിന്റെയും ഫീൽഡ് പബ്ലിസിറ്റി ഡയറക്ടറുടെയും ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെയും സഹകരണത്തോടെ പ്രദർശിപ്പിക്കുന്നതിന് സന്നദ്ധസംഘടനകളെ പ്രേരിപ്പിക്കുക

മദ്യം, മയക്കുമരുന്ന്, പുകവലി ഇവകൾ ഉപയോഗിക്കുന്നവർക്ക് ബോധവൽക്കരണം നടത്തുക

സന്നദ്ധസംഘടനകൾക്ക് ബോധവൽക്കരണം നടത്തുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുക

കായിക കലാ താരങ്ങളെ സഹായിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുക

മുരിക്കാശ്ശേരിയിൽ ജിംനേഷ്യം സ്ഥാപിക്കണം. സ്വന്തമായി സ്ഥലം ഉള്ള സാംസ്ക്കാരിക സ്ഥാപനങ്ങൾക്ക് കെട്ടിടം പണിയാൻ സാമ്പത്തിക സഹായം നൽകുക

എയ്ഡ്സ് പോലുള്ള മാരകരോഗങ്ങൾ തടയുന്നതിന് ഗ്രാമപഞ്ചായത്തിന്റെ വാർഡുകൾ തോറും ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിക്കുക



മുരിക്കാശ്ശേരി കുത്ത്

# 18 - വനിതാക്ഷേമം

കുടിയേറ്റ മേഖലയായ വാത്തിക്കുടി ഗ്രാമ പഞ്ചായത്തിലെ വനിതകൾക്ക് അടുക്കളയിൽ മാത്രം ഒതുങ്ങിക്കൂടിയ ചരിത്രം ഇല്ല. മണ്ണിനോടും വന്യമൃഗങ്ങളോടും പ്രകൃതിയോടു തന്നെയും മല്ലിട്ട് വളർന്ന ഈ തലമുറക്ക് താങ്ങും തണലും പ്രചോദനവും ആയത് സ്ത്രീ തന്നെ. അതുകൊണ്ട് സ്ത്രീകൾക്ക് ഈ പഞ്ചായത്തിൽ അന്നും ഇന്നും മഹനീയമായ സ്ഥാനമാണുള്ളത്. വിദ്യാഭ്യാസ സാമൂഹ്യ സാംസ്ക്കാരിക മേഖലകളിൽ ഇന്ന് വനിതകൾ വളരെ മുമ്പിലാണ്. ഇന്നത്തെ അവരുടെ സ്ഥിതികേരളത്തിലെ മറ്റേതു പ്രദേശങ്ങളിലേയും വനിതകൾക്കൊപ്പം തന്നെ. വാത്തിക്കുടി പഞ്ചായത്തിന്റെ വികസനോന്മുഖമായ എല്ലാ പ്രവർത്തനത്തിനും ഇന്നാട്ടിലെ വനിതകൾക്കുള്ള പങ്ക് എടുത്തു പറയത്തക്കതാണ്. എങ്കിലും സ്ത്രീയുടെ ജീവിതം ഇന്നും വേദനയും യാതനയും നിറഞ്ഞതാണ്. കുടുംബത്തിന്റെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റേയും ഉന്നതിക്കുവേണ്ടി പകലന്തിയോളം പുരുഷനോടൊപ്പം കഷ്ടപ്പെടുന്ന അവർ ഇന്നും ഒട്ടേറെ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നു. ഈ പ്രശ്നങ്ങൾക്കെല്ലാം വ്യക്തമായ ഒരു പരിഹാരം കാണേണ്ടത് ഈ പഞ്ചായത്തിന്റെ അടിയന്തിര ആവശ്യമാണ്. ഈ ലക്ഷ്യം കൈവരിക്കാൻ കൂടുതൽ ബോധവൽക്കരണവും ജനപങ്കാളിത്തവും ആവശ്യമാണ്.

ഈ പഞ്ചായത്തിൽ 19 അംഗൻവാടികൾ പ്രവർത്തിക്കുന്നു. വനിതാ പ്രാതിനിധ്യത്തോടുകൂടി ഒരു കൈത്തറി സംഘം പ്രവർത്തിക്കുന്നുണ്ട്. ഒരു കൂടനിർമ്മാണ യൂണിറ്റും വനിതാഡയറി യൂണിറ്റുകൾ, മഹിളാസമാജങ്ങൾ തുടങ്ങിയവ പ്രവർത്തിച്ചു വരുന്നു. വിദ്യാഭ്യാസമേഖലയിൽ പ്രവർത്തിക്കുന്നവരിൽ കൂടുതലും സ്ത്രീകളാണ്. ഇത് സാക്ഷരകേരളത്തിന് അഭിമാനിക്കാമെങ്കിലും കൂടുതൽ സമയവും വീടുകളിൽതന്നെ ഒതുങ്ങിക്കഴിയുന്ന സ്ത്രീകൾക്ക് അവരുടെതായ രീതിയിൽ സ്വന്തമായ വരുമാനത്തിനുള്ള മാർഗ്ഗങ്ങൾ കുറവാണ്. സ്ഥിരമായ തൊഴിലില്ലാത്ത വീട്ടമ്മമാരായ സ്ത്രീകൾ തങ്ങളുടെ കുടുംബങ്ങൾ നല്ല നിലയിൽ പുലർത്തിക്കൊണ്ടു പോരുന്നതിന് വഹിക്കുന്ന പങ്ക് വളരെ വലുതാണ്. കന്നുകാലി വളർത്തൽ, പന്നി വളർത്തൽ, മുയൽ, കോഴി തുടങ്ങിയ പലവഴികളിലൂടെ വരുമാനമാർഗ്ഗം ഉണ്ടാക്കുന്നു.

ആരോഗ്യപ്രശ്നങ്ങളിൽ സാമാന്യമായ അറിവു നേടുന്നതിന് സ്ത്രീകൾക്ക് അഭൂതപൂർവ്വമായ താല്പര്യം ഉണ്ടായിട്ടുണ്ട്. പുതിയ തലമുറയെ വാർത്തെടുക്കുന്നതിലും, ശിശുപരിപാലനത്തിലും അതിനാവശ്യമായ രോഗപ്രതിരോധചികിത്സകൾക്കും കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്ന കാര്യത്തിലും സ്ത്രീകൾ കാണിക്കുന്ന ശുഷ്കാന്തി പ്രശംസനീയം തന്നെ. ഇവയെല്ലാം തന്നെ ഈ ഗ്രാമപഞ്ചായത്തിലെ വനിതകൾ കൈവരിച്ച നേട്ടങ്ങൾ തന്നെയെങ്കിലും അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ് എന്നിരുന്നാലും സാമൂഹ്യമായും സാംസ്ക്കാരികമായും കൂടുതലായ ബോധവൽക്കരണം ആവശ്യമാണ്. അതുവഴി വനിതകളെ പൊതുപ്രവർത്തനത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാം. ഇതിനുള്ള തെളിവാണ് ഗ്രാമസഭകളിലും ജനകീയാസൂത്രണപരിപാടികളിലും അവർ വഹിച്ച പങ്ക്. അതുകൊണ്ട് ഇനിയും ബോധപൂർവ്വമായ പ്രവർത്തനങ്ങൾ നടത്തേണ്ടത് അത്യാവശ്യമാംന്.

## പ്രശ്നങ്ങൾ

1) സ്ത്രീകളുടെ തൊഴിലില്ലായ്മ
2) വിദ്യാഭ്യാസപരമായി സ്ത്രീകൾ മുമ്പിലാണെങ്കിലും തൊഴിൽപരമായ പല പ്രശ്നങ്ങളും അഭിമുഖീകരിക്കുന്നു.
3) ജലദൗർലഭ്യം സ്ത്രീകളെ കൂടുതൽ വിഷമിപ്പിക്കുന്നു.
4) സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും സാമൂഹ്യസാമ്പത്തിക രംഗത്ത് ഉയർത്തിക്കൊണ്ടു വരുന്നതിനും സമഗ്രമായ പദ്ധതികളുടെ അഭാവം
5) അംഗൻവാടികളുടെ പ്രവർത്തനവൈകല്യം
6) തൊഴിലാളിസ്ത്രീകളുടെ കുട്ടികൾക്കുവേണ്ടി "ക്രഷ്" കൾ ഇല്ലാത്തതുകൊണ്ട് അവർ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു.
7) വിധവകളും വികലാംഗരും നിർദ്ധനരും ആയ വനിതകൾക്ക് പാർപ്പിടം, തൊഴിൽ, പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ എന്നീ കാര്യങ്ങളിൽ അർഹമായ സഹായം ലഭിക്കുന്നില്ല.

8) സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന പ്രദർശന പോസ്റ്ററുകളും ചിത്രങ്ങളും, പ്രസിദ്ധീകരണങ്ങളും അവരുടെ സാമൂഹ്യവും സാംസ്ക്കാരികവുമായ വളർച്ചക്ക് തടസ്സം നിൽക്കുന്നു.

9) സ്ത്രീ പീഡനം നിലനിൽക്കുന്നു.

10) പൂർണ്ണമായി മദ്യ നിരോധനം നടപ്പാക്കാത്തതു കൊണ്ട് സ്ത്രീ പീഡനം മൂലം സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടായിട്ടില്ല.

## പരിഹാരമാർഗ്ഗങ്ങൾ

1) വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാവശ്യമായ കുടിൽ വ്യവസായങ്ങൾക്ക് കൂടുതൽ പ്രാതിനിധ്യം കൊടുക്കണം. അതുപോലെ തന്നെ വാർഡ് അടിസ്ഥാനത്തിൽ വനിതാ സൊസൈറ്റികൾ രൂപീകരിക്കുക. അഭ്യസ്തവിദ്യരായ സ്ത്രീകളെ സംഘടിപ്പിച്ച് തൊഴിൽമേഖലകളിൽ ആവശ്യമായ പരിശീലനം നൽകുക

2) സ്ത്രീ തൊഴിലാളികൾക്ക് അവരുടെ ജോലിക്ക് അർഹമായ വേതനം പഞ്ചായത്തു തലത്തിൽ നിർണ്ണയം ചെയ്യുക

3) പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പൊതുകിണർ മിർമ്മിക്കുക, സ്വന്തമായി കിണർ മിർമ്മിക്കാൻ ആവശ്യമായ സഹായധനം നൽകുക

4) വാർഡുകൾ തോറും മഹിളാസമാജങ്ങൾ രൂപീകരിക്കുക. മാസത്തിലൊരു ദിവസം പൊതുരംഗത്ത് പ്രവർത്തിച്ച് പരിചയസമ്പന്നരായ ആളുകളെക്കൊണ്ട് വാർഡുകൾ തോറും ബോധവൽക്കരണ ക്ലാസ്സുകൾ എടുപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക

5) അംഗൻവാടികളുടെ മെച്ചപ്പെട്ട പ്രവർത്തനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

6) സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്നവ്യക്തികൾക്കും മാധ്യമങ്ങൾക്കും എതിരെ ശക്തമായ നടപടികൾ സ്വീകരിക്കുക. പഞ്ചായത്തിലെ വനിതാ മെമ്പർമാരുടെ നേതൃത്വത്തിൽ കമ്മറ്റികൾ രൂപീകരിച്ച് വാർഡുകൾ തോറും ബോധവൽക്കരണം നടത്തുക

7) സ്ത്രീധനം, സ്ത്രീപീഡനം, മദ്യപാനം തുടങ്ങിയ വിപത്തുകൾക്കെതിരെ വാർഡുതലത്തിൽ ബോധവൽക്കരണം നടത്തുക

8) പൊതുസ്ഥലങ്ങളിൽ പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യം ഏർപ്പെടുത്തുക

9) പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ സേവനം ഓരോ വാർഡിലും നിർബന്ധമായും ഉറപ്പു വരുത്തുക. നിർദ്ധനരായ യുവതികൾക്ക് വിവാഹ സാമ്പത്തിക സഹായം പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തുക. വനിതകൾക്ക് എല്ലാവിധ നിയമസംരക്ഷണം ഉറപ്പു വരുത്തുക. വിദ്യാർത്ഥിനികളും സ്ത്രീ തൊഴിലാളികളും ഉള്ള ഈ പഞ്ചായത്തിൽ ഒരു വനിതാ ഹോസ്റ്റൽ രൂപീകരിക്കുക. സ്ത്രീകൾക്ക് എല്ലാമേഖലയിലും സംവരണം ഉണ്ടെങ്കിൽപോലും അത് പലപ്പോഴും കടലാസ്സിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. സ്ത്രീകൾ ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കുന്നത് ബസ്സ് യാത്രയിലാണ്. ബസ്സിൽ അവർക്ക് നൽകിയിരിക്കുന്ന സീറ്റ് സംവരണം കൂട്ടുക

10) വനിതകൾക്ക് 33% സംവരണം എല്ലാ മേഖലകളിലഖം ഏർപ്പെടുത്തി നടപ്പിൽ വരുത്തുക.

# 19 - സഹകരണമേഖല

വികസ്വരമായിക്കൊണ്ടിരിക്കുന്ന ഒരു രാജ്യത്തിന്റെ അസ്ഥിവാരമാണ് സഹകരണമേഖല. കോടിക്കണക്കിനു രൂപ മൂലധനമുള്ള ഈ മേഖല കേരളത്തിന്റെ പുരോഗതിയിലേക്കുള്ള പ്രയാണത്തിൽ സ്ത്യുത്യർഹമായ സേവനം അനുഷ്ഠിച്ചു വരുന്നു. പൊതുമേഖലയേയും സ്വകാര്യമേഖലയെയും മറികടക്കുന്നവിധം സഹകരണമേഖല ഇന്ന് പുരോഗതി ആർജ്ജിച്ചുകൊണ്ടിരിക്കുന്നു. മറ്റു പ്രദേശങ്ങളിൽ കാണപ്പെടുന്നതുപോലെ ദ്രുതതരമായ ഒരു വളർച്ച നമ്മുടെ പഞ്ചായത്തിലെ സഹകരണപ്രസ്ഥാനങ്ങൾക്കു കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല.

വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ വ്യത്യസ്തമേഖലകളിൽ അധിവസിക്കുന്ന ആളുകളെ സഹായിക്കുവാൻ വിവിധതരം സഹകരണസംഘങ്ങൾ നിലവിലുണ്ട്. കാർഷിക സമ്പദ്ഘടനയെ പ്രധാനമായും ആശ്രയിക്കുന്ന ഒരു ഗ്രാമപഞ്ചായത്ത് എന്ന നിലയിൽ ഇവിടെ കാർഷിക വായ്പകൾ വിതരണം ചെയ്യുന്ന സഹകരണസംഘങ്ങൾക്ക് പ്രത്യേകം പ്രാധാന്യമുണ്ട്. മുരിക്കാശ്ശേരി സർവ്വീസ് സഹകരണബാങ്കും തോപ്രാംകുടി സർവ്വീസ് സഹകരണബാങ്കും കാർഷികവും കാർഷികേതരവുമായ വായ്പകൾ വിതരണം ചെയ്യുന്ന പഞ്ചായത്തിലെ രണ്ടു സഹകരണ സ്ഥാപനങ്ങളാണ്. മുരിക്കാശ്ശേരി സർവ്വീസ് സഹകരണബാങ്ക് ഹൈറേഞ്ചിലെ സർവ്വീസ് സഹകരണബാങ്കുകളിൽ പ്രമുഖ സ്ഥാനത്ത് നിലകൊള്ളുന്നു. ക്ഷീരകർഷകരുടെ അഭിവൃദ്ധിക്കായി ഇവിടെ ആനന്ദ് മാതൃകയിലുള്ള എട്ടു ക്ഷീരസഹകരണസംഘങ്ങളും ഏതാനും വനിതാ ഡയറി സൊസൈറ്റികളും പ്രവർത്തിക്കുന്നുണ്ട്. മുരിക്കാശ്ശേരി ജനറൽ മാർക്കറ്റിംഗ് സൊസൈറ്റിയും ഇടുക്കി ബ്ലോക്ക് കോ-ഓപ്പറേറ്റീവ് കോളേജ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും മേലേചിന്നാർ വനിതാ സഹകരണസംഘവും രാജമുടി കൈത്തറി തൊഴിലാളി സഹകരണസംഘവും പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മറ്റു ചില സഹകരണസ്ഥാപനങ്ങളാണ്. ഇവയ്ക്കു പുറമേ ചില നാമമാത്ര സംഘങ്ങളും ഇവിടെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

### 1. മുരിക്കാശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം No. K 355

അറുപതുകളുടെ അന്ത്യത്തിലാണ് സർവ്വീസ് സഹകരണസംഘം എന്ന ആശയത്തെക്കുറിച്ച് പഞ്ചായത്തു നിവാസികൾ ചിന്തിച്ചു തുടങ്ങിയത്. വാത്തിക്കുടി പഞ്ചായത്തിലെ മുരിക്കാശ്ശേരി ഉൾപ്പെടെയുള്ള പ്രദേശങ്ങൾ അതിനുമുൻപ് പാറത്തോട് സർവ്വീസ് സഹകരണബാങ്കിന്റെ പരിധിയിൽ ഉൾപ്പെട്ടിരുന്നു. ഏതാനും മുരിക്കാശ്ശേരി നിവാസികളുടെ കഠിനപ്രയത്നത്തിന്റെ ഫലമായാണ് 1971-ൽ മുരിക്കാശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് പ്രവർത്തനമാരംഭിച്ചത്. ഇ.ഒ. ജോസഫ് ഇടയാൽ ബാങ്കിന്റെ ചീഫ് പ്രമോട്ടറും ആഗസ്തി നെല്ലുവേലി തിരഞ്ഞെടുക്കപ്പെട്ട ആദ്യ പ്രസിഡണ്ടുമായിരുന്നു. നാളിതുവരെ ഒൻപത് ഭരണസമിതികൾ ഈ ബാങ്കിൽ ഭരണം നടത്തിയിട്ടുണ്ട്. വാത്തിക്കുടി പഞ്ചായത്തിന്റെ പഴയ VI-ാം വാർഡ് ഒഴികെയുള്ള പ്രദേശങ്ങൾ പ്രവർത്തനപരിധിയിൽ പെടുന്നു. നിലവിൽ 7604 അംഗങ്ങളും 9 ജീവനക്കാരും ഈ ബാങ്കിലുണ്ട്.

കുടിയേറ്റ കർഷകരുടെ സാമ്പത്തിക ക്ലേശങ്ങൾക്ക് കുറേയൊക്കെ ആശ്വാസം പകരുവാനും കൃഷി കൂടുതൽ മുതൽമുടക്കോടെ അഭിവൃദ്ധിപ്പെടുത്താനും ഈ ബാങ്കിന്റെ ആവിർഭാവം വഴിയൊരുക്കി. പ്രാരംഭത്തിൽ ബാങ്കിന്റെ ഓഹരി മൂലധനം 5000/- രൂപയും സഹകാരികൾക്കു നൽകുന്ന ഹ്രസ്വകാല കാർഷിക വായ്പ ആളോഹരി 300 രൂപയുമായിരുന്നു. പിന്നീട് ബാങ്കിന്റെ അഭിവൃദ്ധിക്കും നിർദ്ധനരും സാധാരണക്കാരുമായ സഹകാരികളുടെ പരോഗതിക്കുംവേണ്ടി അനവധി പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിൽ വരുത്തി. ഇന്ന് ആൾ ജാമ്യത്തിലുള്ള വായ്പയുടെ പരിധി 5000 രൂപ വരെയാക്കി ഉയർത്തിയിട്ടുണ്ട്.

സങ്കുചിതമായ കക്ഷിചിന്തകൾക്കു വിലകല്പിക്കാതിരുന്ന വിവിധ ഭരണസമിതികളുടെ പ്രവർത്തനങ്ങളും സ്വാർത്ഥതാല്പര്യങ്ങൾക്കതീതമായി പ്രവർത്തിച്ച ജീവനക്കാരുടെ കർത്തവ്യ ബോധവുമാണ് മുരിക്കാശ്ശേരി സർവ്വീസ് സഹകരണ ബാങ്കിനെ അനുദിനം പുരോഗതിയുടെ പടവുകൾ താണ്ടി മുന്നേറാൻ സഹായിച്ചിട്ടുള്ളത്.

### പ്രവർത്തനങ്ങൾ

ജില്ലാ ബാങ്കിൽ നിന്നും ലഭിക്കുന്ന ഹ്രസ്വകാല-മദ്ധ്യകാല- ദീർഘകാല വായ്പകളും ഒ.ഡി യും യഥാകാലം വിതരണം ചെയ്തു വരുന്നു.

1. തൊഴിൽ രഹിതർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി സ്വയംതൊഴിൽ വായ്പകൾ നൽകിയിട്ടുണ്ട്.
2. പലതരം നിക്ഷേപങ്ങൾ പൊതുജനങ്ങളിൽ നിന്നും മറ്റും സ്വീകരിച്ച് ഓരോന്നിനും ആകർഷകമായ നിരക്കിൽ പലിശ നൽകി വരുന്നു.
3. നിക്ഷേപത്തിന്റെ ഈടിന്മേൽ വായ്പകൾ അനുവദിക്കുന്നു.
4. സഹകാരികളുടെ താല്പര്യം പരിഗണിച്ച് സ്വർണ്ണം ഈടു സ്വീകരിച്ച് മിതമായ പലിശയ്ക്ക് ആണ്ടിൽ എല്ലാ പ്രവർത്തന ദിവസങ്ങളിലും വായ്പകൾ നൽകുന്നു.
5. സ്വന്തം ഫണ്ടിൽ നിന്നും ബാങ്ക് യഥാകാലം വായ്പകൾ വിതരണം ചെയ്യുന്നു.
6. അംഗങ്ങൾക്ക് പട്ടയം ഈടിന്മേൽ 50000/- രൂപ വരെ വായ്പ അനുവദിക്കുന്നു.
7. ചിട്ടിക്കു തുല്യവും എന്നാൽ ചിട്ടിയേക്കാൾ ലാഭകരവുമായ ഗ്രൂപ്പ് ഡിപ്പോസിറ്റ് പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കി നിർബാധം തുടർന്നുകൊണ്ടു പോകുന്നു.

വ്യാപാരികളുടെ താല്പര്യത്തെ മാനിച്ച് കച്ചവട ലോണുകൾ വിതരണം ചെയ്യുന്നു. കർഷകർക്ക് മിതമായ വിലക്ക് വളവും കീടനാശിനികളും ലഭ്യമാക്കുന്നതിനുവേണ്ടി ബാങ്ക് ഇവയുടെ വ്യാപാരം നടത്തുന്നു.

കാലാവധി കഴിഞ്ഞിട്ടും തിരികെ ലഭിക്കാത്ത 2220853 രൂപയുടെ ഹ്രസ്വകാല കാർഷികവായ്പകളും 48429 രൂപയുടെ ദീർഘകാല വായ്പകളും 10416 രൂപയുടെ ബിസിനസ്സ് വായ്പകളും ബാങ്കിന്റെ പ്രവർത്തനത്തിനു പ്രതികൂലമായി ബാധിക്കുന്ന മുഖ്യപ്രശ്നങ്ങളാണ്.

### 2. തോപ്രാംകുടി സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം No.K 432

കുടിയേറ്റ കർഷകരെ സാമ്പത്തിക രംഗത്തും മറ്റു മേഖലകളിലും സഹായിക്കുക എന്ന ലക്ഷ്യത്തോടെ 1974-ൽ തോപ്രാംകുടി സർവ്വീസ് സഹകരണബാങ്ക് രൂപവൽക്കരിക്കപ്പെട്ടു. വാത്തിക്കുടി ഗ്രാമപഞ്ചായത്തിലെ VII, VIII, IX, X, XI, വാർഡുകളാണ് ഈ ബാങ്കിന്റെ പ്രവർത്തനപരിധി. കക്ഷിതാല്പര്യങ്ങളുടെ തീവ്രതയും ചില ജീവനക്കാരുടെ പ്രവൃത്തിദോഷവും നിമിത്തം ഈ ബാങ്കിന്റെ വളർച്ചയിൽ ഒരു മുരടിപ്പ് നേരിട്ടിട്ടുണ്ട്. അഭിവൃദ്ധിയിലേക്കുള്ള പ്രയാണത്തിൽ അല്പം മാന്ദ്യമുണ്ടായെങ്കിലും സഹകാരികളുടെ ആവശ്യങ്ങളും താല്പര്യങ്ങളും അനുസരിച്ച് കുറെയൊക്കെ വായ്പകൾ വിതരണം ചെയ്യുവാനും ചില പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുവാനും കഴിഞ്ഞത് ശ്ലാഘനീയമാണ്. ഇന്ന് ഈ ബാങ്കിൽ 7594 അംഗങ്ങളും 7 ജീവനക്കാരുമുണ്ട്.

## പ്രവർത്തനങ്ങൾ

1. ഹ്രസ്വകാല മദ്ധ്യകാല കാർഷിക വായ്പകളുടെ വിതരണം
2. പന്നി വളർത്തൽ, കറവുമാടു വളർത്തൽ സ്പ്രെയർ എന്നിവയ്ക്കുള്ള മദ്ധ്യകാല വായ്പകളുടെ വിതരണം
3. തൊഴിൽ രഹിതർക്കായി സ്വയംതൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി വായ്പകൾ അനുവദിക്കുന്നു.
4. അവശ്യഘട്ടങ്ങളിൽ സഹകാരികൾക്ക് സ്വന്തം ഫണ്ടിൽനിന്നും വായ്പകൾ നൽകുന്നു.
5. വളം കീയനാശിനി വ്യാപാരം

കാലാവധി കഴിഞ്ഞിട്ടും തിരികെ ലഭിക്കാത്ത 1790852 രൂപയുടെ ഹ്രസ്വകാല കാർഷിക വായ്പകളും 537801 രൂപയുടെ സാധാരണ വായ്പകളും ബാങ്കിന്റെ പ്രവർത്തനത്തെ കൂടുതൽ അധോഗതിയിലേക്കു നയിക്കുന്നു.

## 2. നോൺക്രെഡിറ്റ് സഹകരണസംഘങ്ങൾ

### 1. ക്ഷീരസഹകരണ സംഘങ്ങൾ

വാത്തിക്കുടി പഞ്ചായത്തിലെ ആദ്യകാല ക്ഷീരസഹകരണസംഘങ്ങൾ 1978-ൽ രൂപീകരിക്കപ്പെട്ടു. ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ എന്ന പേരിൽ അറിയപ്പെട്ട ഇവ മുരിക്കാശ്ശേരി, പടമുഖം, ഉപ്പുതോട്, മേഖലകളെ കേന്ദ്രീകരിച്ചാണ് നിലവിൽ വന്നത്. മതിയായ വിപണനസൗകര്യങ്ങൾ ഇല്ലാതെ വന്നതിനാൽ ഏറെ താമസിയാതെ തന്നെ ഈ സംഘങ്ങൾ പ്രവർത്തന രഹിതമായി. പിന്നീട് 1991 മുതൽ മുൻപോട്ടുള്ള വർഷങ്ങളിൽ ആനന്ദ് മാതൃകയിലുള്ള എട്ടു ക്ഷീരസഹകരണസംഘങ്ങൾ ഈ പഞ്ചായത്തിൽ രൂപവൽക്കരിക്കപ്പെട്ടു. തോപ്രാംകുടി, ഉപ്പുതോട്, ദൈവംമേട്, പടമുഖം, പെരിഞ്ചാംകുട്ടി, മുരിക്കാശ്ശേരി, ബഥേൽ, രാജമുടി, എന്നീ മേഖലകളെ കേന്ദ്രീക

രിച്ചാണ് ഇവ പ്രവർത്തിക്കുന്നത്.

കറവുമാടുകൾ വളർത്തി ഉപജീവന മാർഗ്ഗം കണ്ടെത്തുവാൻ കർഷകരെ പ്രോത്സാഹിപ്പിക്കുയും ഉൽപാദിപ്പിക്കപ്പെടുന്ന പാലിന് ന്യായമായ വില കർഷകർക്കു വാങ്ങി കൊടുക്കുകയുമാണ് സംഘങ്ങളുടെ പ്രധാന ലക്ഷ്യം. കറവുമാടുകളെ വാങ്ങുന്നതിനായി സംഘങ്ങൾ നേരിട്ടും സന്നദ്ധ സംഘടനകളുടെയും ബാങ്കുകളുടെയും സഹായത്തോടുകൂടിയും അർഹരായവർക്ക് വായ്പകൾ നൽകി വരുന്നു.

## 2. മുരിക്കാശ്ശേരി ജനറൽ മാർക്കറ്റിംഗ് സൊസൈറ്റി

കാർഷികോല്പന്നങ്ങൾ ശേഖരിച്ച് വിപണനം നടത്തി കർഷകർക്ക് അർഹിക്കുന്ന വില ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ രൂപം കൊടുത്തിട്ടുള്ള ഒരു സഹകരണസ്ഥാപനമാണ് മുരിക്കാശ്ശേരി ജനറൽ മാർക്കറ്റിംഗ് സൊസൈറ്റി. ഈ സംഘത്തിൽറെ പ്രവർത്തനം നാളിതുവരെ വിപലപ്പെടുത്തുവാനോ വ്യത്യസ്ത മേഖലകളിലേക്കു വ്യാപിപ്പിക്കുവാനോ കഴിഞ്ഞിട്ടില്ല. സംഘത്തിന്റെ ശരിയായ രീതിയിലുള്ള വളർച്ച കർഷകരെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കാനുപകരിക്കും.

## 3. മറ്റുചില സഹകരണസ്ഥാപനങ്ങൾ

മന്ദഗതിയിൽ പ്രവർത്തിക്കുന്ന രാജമുടി കൈത്തറി തൊഴിലാളി സഹകരണസംഘം, പതിനാറാം കണ്ടത്തിലും മുരിക്കാശ്ശേരിയിലുമായി പ്രവർത്തിക്കുന്ന കോ ഓപ്പറ്റേീവ് കോളേജ് സഹകരണസംഘം, പതിനാറാംകണ്ടം ഗവൺമെന്റ് ഹൈസ്ക്കൂൾ, മുരിക്കാശ്ശേരി സെന്റ് മേരീസ് ഹൈസ്ക്കൂൾ എന്നീ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന സ്ക്കൂൾ സഹകരണസംഘങ്ങൾ, മേലേചിന്നാർ വനിതാ സഹകരണസംഘം എന്നിവയാണ് ഇന്ന് പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന മറ്റു ചില സഹകരണസ്ഥാപനങ്ങൾ

## 4. നാമമാത്രസംഘങ്ങൾ

വാത്തിക്കുടി ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള നാമമാത്ര സംഘങ്ങളാണ് തോപ്രാംകുടി. കാപ്പി, കുരുമുളക് സംസ്ക്കരണ വിപണന സഹകരണസംഘം No I 186, തോപ്രാംകുടി ജനറൽ മാർക്കറ്റിംഗ് കോ ഓപ്പറേറ്റീവ് സൊസൈറ്റി, രാജമുടി യൂത്ത് ഇൻഡസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി I, 58 വാത്തിക്കുടി സെറികൾച്ചർ കോ ഓപ്പറേറ്റീവ് സൊസൈറ്റി, വാത്തിക്കുടി ഖാദി ഗ്രാമവ്യവസായ കോ ഓപ്പറേറ്റീവ് സൊസൈറ്റി No I. 98 എന്നിവ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻപോലും കഴിയാത്ത ഇവ അക്ഷരാർത്ഥത്തിൽ കടലാസു സംഘങ്ങൾ തന്നെയാണ്.

## പ്രശ്നങ്ങൾ

1. നിലവിലുള്ള ഏതാനും സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ വന്നുചേർന്നിട്ടുള്ള മാന്ദ്യം.
2. വിവിധോദ്ദേശ സഹകരണസംഘങ്ങളുടെ അഭാവം.
3. സർവ്വീസ് സഹകരണബാങ്കുകളിൽ നിന്നും നൽകുന്ന വിവിധതരം വായ്പകളുടെ പലിശ നിരക്കിലുണ്ടായ ശീഘ്രമായ വർദ്ധനവ്.
4. ഭരണസമിതികളുടെ സങ്കുചിതമായ കക്ഷി ചിന്തകൾ.
5. മാനേജുമെന്റുകളുടെ കാര്യക്ഷമത ഇല്ലായ്മ.
6. വായ്പ വിതരണത്തിലുണ്ടാകുന്ന കാലതാമസം.
7. സഹകരണസംഘങ്ങളലെ ഭരണസമിതി അംഗങ്ങളും ജീവനക്കാരും തമ്മിലുണ്ടാകുന്ന അഭിപ്രായ ഭിന്നതകൾ,
8. അഴിമതിയും ദുർവ്യയവും
9. നിലവിലുള്ള ചില നിയമങ്ങളും പണ ദൗർലഭ്യവും സർവ്വീസ് സഹകരണ ബാങ്ക് വിതരണം ചെയ്യുന്ന വായ്പകളുടെ തുക പരിമിതമാക്കുന്നു.
10. തൊഴിൽ സംഘങ്ങളുടെ അഭാവം നിമിത്തം ചില പ്രത്യേകതരം തൊഴിലുകൾ ചെയ്യുന്നതിന് ആളുകളെ ലഭിക്കാതെ വരുന്നു.
11. അപ്പെക്സ് സംഘങ്ങളുടെ ആശാവഹമല്ലാത്ത നീക്കങ്ങൾ.
12. സോഷ്യൽ ഓഡിറ്റിംഗിന്റെ അഭാവം
13. മെച്ചപ്പെട്ട ഇനം പശുക്കൾസാധാരണക്കാർക്കു ലഭ്യമാകുന്നില്ല എന്നതുകൊണ്ട് പാൽ ഉദ്പാദനവും ക്ഷീരസഹകരണസംഘങ്ങളുടെ പ്രവർത്തനവും മെച്ചപ്പെടുത്തുവാൻ കഴിയുന്നില്ല.
14. കാർഷികോല്പാദന വിപണനസംഘങ്ങളുടെ പ്രവർത്തന വൈകല്യംകർഷകരെ ഇടത്തട്ടുകാരുടെ ചൂഷണത്തിനു വിധേയരാക്കുന്നു.
15. പ്രയത്നകൂലിക്കനുസൃതമായ വില പാലിനു ലഭിക്കാതെ വരുന്നത് ക്ഷീര സഹകരണ സംഘങ്ങളെ പ്രതിസന്ധിയിലാക്കുന്നു.

## സഹകരണസംഘങ്ങൾ സംബന്ധിച്ച പൊതു വിവരങ്ങൾ

| നമ്പർ | സ്ഥാപനത്തിന്റെ പേര് | പ്രവർത്തനപരിധി | അംഗങ്ങളുടെ എണ്ണം | പ്രവർത്തനം ആരംഭിച്ച വർഷം | പിരിഞ്ഞു കിട്ടിയ മൂലധനം (രൂപ) | സർക്കാർ ഓഹരി (രൂപ) | പരമാവധി കടം എടുക്കാവുന്ന തുക (രൂപ) | ലാഭം / നഷ്ടം (രൂപ) | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|
| 1 | മുരിക്കാശ്ശേരി സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം No K 355 | വാത്തിക്കുടി പഞ്ചായത്തിന്റെ പഴയ VI-ാം വാർഡ് ഒഴികെയുള്ള മുഴുവൻ പ്രദേശങ്ങളും | 7604 | 1971 | 1590283 | 55000 | 47842557 | | 9 |
| 2 | തോപ്രാംകുടി സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം No.K 432 | വാത്തിക്കുടി ഗ്രാമപഞ്ചായത്ത് VII,VIII, IX, X, XI വാർഡുകൾ | 7594 | 1974 | 1039950 | 29000 | 20799880 | | 7 |
| 3 | മുരിക്കാശ്ശേരി ജനറൽ മാർക്കറ്റിംഗ് സൊസൈറ്റി | വാത്തിക്കുടി പഞ്ചായത്ത് | 338 | 1996 | 16900 | – | 1000000 | | 1 |

## സൂക്ഷ്മവിവരങ്ങൾ

| സ്ഥാപനത്തിന്റെ പേര് | പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ | | നൽകിയിട്ടുള്ള വായ്പകൾ | | | സ്ഥാപനങ്ങളിൽ നിന്നും സ്വീകരിച്ച വായ്പകൾ തുക (രൂപ) | നൽകിയിട്ടുള്ള വായ്പകൾ കാലാവധി കഴിഞ്ഞ് കിട്ടാനുള്ളത് | ചെലവ് |
|---|---|---|---|---|---|---|---|---|
| | സ്ഥിരം തുക | ഹ്രസ്വകാല തുക | കാർഷിക വായ്പ തുക | മറ്റുള്ള വായ്പ തുക | പ്രത്യേകവായ്പ തുക | | | |
| മുരിക്കാശ്ശേരി സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം No.K 355 | 9586896 | 2052950 | 8446493 | 5478309 | 4612866 | 9726728 | 2412784 | 870127.94 |
| തോപ്രാംകുടി സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം No.K 432 | 80953 | 595555 | 4830016 | 1464191 | - | 240,000 | 2456054 | 580822.86 |
| മുരിക്കാശ്ശേരി ജനറൽ മാർക്കറ്റിംഗ് സൊസൈറ്റി | - | - | - | - | - | 50,000 | - | - |

## ക്ഷീരോല്പാദക സഹകരണസംഘങ്ങൾ (APCOS)

| നമ്പർ | സ്ഥാപനത്തിന്റെ പേര് | പ്രവർത്തനപരിധി | ആരംഭിച്ച വർഷം | പിരിഞ്ഞുകിട്ടിയ ഓഹരി | അംഗങ്ങളുടെ എണ്ണം | ശരാശരി പ്രതിവർഷം സംഭരിക്കുന്ന പാൽ ലിറ്റർ | ശരാശരി പ്രതിവർഷം പഞ്ചായത്തിൽ ഉപയോഗിക്കുന്ന പാൽ ലിറ്റർ | ശരാശരി പുറത്തേക്കു കൊടുക്കുന്ന പാൽ |
|---|---|---|---|---|---|---|---|---|
| 1 | തോപ്രാംകുടി ക്ഷീരോല്പാദനസഹകരണസംഘം ക്ലിപ്തം No. I 98(D) ആപ്കോസ് | വാത്തിക്കുടി ഗ്രാമപഞ്ചായത്ത് X,XI വാർഡുകൾ | 1991 | 8150 | 815 | 384915.7 | 47342.9 | 337572.8 |
| 2 | ഉപ്പുതോട് ആപ്കോസ് I 18D | വാത്തിക്കുടി ഗ്രാമപഞ്ചായത്ത് IV-ാം വാർഡ് മരിയാപുരം പഞ്ചായത്തിന്റെ ഏതാനും ഭാഗങ്ങൾ | 1991 | 6250 | 625 | 184973.5 | 23556.1 | 161417.4 |
| 3 | ദൈവംമേട് ക്ഷീരോല്പാദകസഹകരണസംഘം I 119(D) ആപ്കോസ് | | | | | 106116.5 | 33837 | 102732.8 |
| 4 | പടമുഖം ക്ഷീരോത്പാദക സഹകരണസംഘം ക്ലിപ്തം No. I 22D | VI-ാം വാർഡ്, മൂന്നാം വാർഡ് മുരിക്കാശേരി 16-ാം കണ്ടം റോഡിന്റെ കിഴക്കുവശം VII-ാം വാർഡിന്റെ മന്നാത്തറ, കൊന്നക്കാമാലി റോഡിന്റെ പടിഞ്ഞാറുവശം | 1991 | 6480 | 633 | 222688.4 | 10889.8 | 211798.6 |
| 5 | പെരിഞ്ചാംകുട്ടി ആപ്കോസ് | VIII - ാം വാർഡ് | 1995 | 2530 | 230 | 47291.7 | 7215.5 | 40076.2 |
| 6 | മുരിക്കാശേരി ക്ഷീരോത്പാദക സഹകരണസംഘം ക്ലിപ്തം No. I 24D ആപ്കോസ് | II - ാം വാർഡ്, മുരിക്കാശേരി, കരിമ്പൻ റോഡിന്റെ കിഴക്കുവശം - പതിനാറാം കണ്ടം വാർഡിൽ വരുന്നത്, 1- ാം വാർഡ്, IV-ാം വാർഡിന്റെ ഏതാനും ഭാഗങ്ങൾ | 1991 | 5000 | 500 | 243561.6 | 43221.9 | 200339.7 |
| 7 | ബഥേൽക്ഷീരോത്പാദക സഹകരണസംഘം ആപ്കോസ് | വാത്തിക്കുടി പഞ്ചായത്ത് 9-ാം വാർഡിലെ ബഥേൽ, കാക്കാക്കട, ഞാറക്കവല, പെരിഞ്ചാംകുട്ടി, ദൈവംമേട് | 1992 | 2380 | 238 | 114847.3 | 3179.5 | 111667.8 |
| 8 | രാജമുടി ക്ഷീരോദ്പാദക സഹകരണസംഘം I 113 (D) ആപ്കോസ് | V- ാം വാർഡ് | 1994 | 4200 | 309 | 105072.9 | 10931.4 | 9414.5 |

16. വേനൽക്കാലത്തെ തീറ്റപ്പുൽ ദൗർലഭ്യവും കാലിതീറ്റയുടെ വിലക്കയറ്റവും ക്ഷീരവികസനത്തെ ബാധിക്കുന്നു.
17. ക്ഷീരസഹകരണസംഘങ്ങളിലെ ജീവനക്കാർക്ക് പ്രയത്നത്തിനനുസരിച്ച് വേതനം ലഭിക്കുന്നില്ല.

## സാധ്യതകൾ

1. വിവിധോദ്ദേശ സഹകരണസംഘങ്ങളുടെ രൂപീകരണം
   a. വനിതാ തൊഴിൽ സഹകരണസംഘങ്ങളുടെ രൂപവൽക്കരണം.
   b. ചെറുകിട വ്യവസായ സഹകരണസംഘങ്ങളുടെ രൂപീകരണം.
   c. കൊക്കോ സംസ്കരണ വിപണന സഹകരണസംഘം
   d. ഇലക്ട്രോണിക്സ് ഉല്പന്ന വിപണന സഹകരണസംഘം.
   e. റബർ ഉല്പാദകസഹകരണസംഘം
   f. കരകൗശല സഹകരണസംഘങ്ങളുടെ രൂപവൽക്കരണം.
   g. തീപ്പെട്ടി നിർമ്മാണ സഹകരണസംഘങ്ങളുടെ രൂപവൽക്കരണം.
   h. മാംസോല്പാദക സഹകരണസംഘങ്ങൾ.
   i. മോട്ടോർ തൊഴിലാളി സഹകരണസംഘം
   J. പട്ടികജാതി - പട്ടിക വർഗ്ഗസഹകരണസംഘം.
2. സഹകരണസ്ഥാപനങ്ങൾ - പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരിക.
3. സർവ്വീസ് സഹകരണബാങ്കുകളെ പഞ്ചായത്തിന്റെ മുഖ്യബാങ്കുകളായി അംഗീകരിക്കുക.
4. സർവ്വീസ് സഹകരണബാങ്കിൽ നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുവാനുള്ള സാധ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കുക.
5. കാർഷിക രംഗത്തുണ്ടായിട്ടുള്ള ചെലവും വർദ്ധനയും കൂലി ഉയർച്ചയും കണക്കിലെടുത്ത് സർവ്വീസ് സഹകരണബാങ്കുകളിൽ നിന്നും ആൾ ജാമ്യത്തിൽ നൽകുന്ന കാർഷിക വായ്പകളുടെ പരിധി 15000/- രൂപാവരെയാക്കണം.
6. പഞ്ചായത്തിലെ പ്രായപൂർത്തിയായ മുഴുവൻ ആളുകളെയും സർവ്വീസ് സഹകരണബാങ്കുകളിൽ അംഗങ്ങളായി ചേർക്കുകയും എല്ലാ വീടുകളിലും നിക്ഷേപപ്പെട്ടികൾ വയ്ക്കുകയും ചെയ്യണം.
7. സോഷ്യൽ ഓഡിറ്റിംഗ് ഏർപ്പെടുത്തുക.
8. സർവ്വീസ് സഹകരണബാങ്കിന്റെ ബ്രാഞ്ചുകൾ എല്ലാ വാർഡിലും തുടങ്ങുക.
9. കാര്യക്ഷമമായി പ്രവർത്തിക്കുന്ന കൺസ്യൂമർ സ്റ്റോറുകൾ.
10. തോപ്രാംകുടി കേന്ദ്രീകരിച്ച് സഹകരണമേഖലയിൽ ഒരു തേയില ഫാക്ടറിയുടെ രൂപീകരണം.
11. കർഷകരെയും കർഷകതൊഴിലാളികളെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു കാർഷിക വിള സംരക്ഷണസമിതിയുടെ രൂപവൽക്കരണം.
12. ക്രെഡിറ്റ് സംഘങ്ങളിൽ അംഗങ്ങളുടെ ആവശ്യത്തിനനുസരിച്ച് സ്കീമുകൾ ആവിഷ്കരിക്കുക.
13. കാലാവധി കഴിഞ്ഞ വായ്പകൾ തിരികെ ഈടാക്കണ്.
14. സ്കൂൾ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ മുഴുവൻ വിദ്യാർത്ഥികളെയും പങ്കെടുപ്പിക്കുക.
15. കാർഷിക രംഗത്തെ രോഗപ്രതിരോധ നടപടികൾക്കു നേതൃത്വം കൊടുക്കൽ.
16. സർവ്വീസ് സഹകരണബാങ്കുകളിൽ കീലോൺ സമ്പ്രദായം ഏർപ്പെടുത്തുക.
17. സഹകരണസ്ഥാപനങ്ങളിലെ ഭരണസമിതി അംഗങ്ങൾക്കും ജീവനക്കാർക്കും കാലാനുസൃതമായ പരിശീലനങ്ങൾ നൽകുക.
18. പൊതുജനങ്ങൾക്കായി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.
19. അർഹതയുള്ളവർ മാത്രം ആനുകൂല്യം പറ്റുന്നു എന്ന് ഉറപ്പുവരുതതുക.
20. കടലാസുസംഘങ്ങളെ കാര്യക്ഷമമായി പ്രവർത്തിക്കുന്ന സംഘങ്ങളാക്കി മാറ്റണം.
21. ക്ഷീരസഹകരണസംഘങ്ങളുടെ അഭിവൃദ്ധിക്ക് കാലിവളർത്തൽ ഒരു മുഖ്യതൊഴിലാക്കി മാറ്റുകയും പ്രയത്നത്തിനനുസരിച്ചുള്ള വില പാലിന് ഉറപ്പുവരുത്തുകയും കന്നുകാലികൾക്ക് സൗജന്യ ഇൻഷുറൻസ് ഏർപ്പെടുത്തുകയും തൊഴുത്തു നിർമ്മാണത്തിനും കാലിത്തീറ്റയ്ക്കും സബ്സിഡി നൽകുകയും മൃഗചികിത്സാ രംഗം കൂടുതൽ കാര്യക്ഷമമാക്കുകയും സംഘങ്ങളിലെ ജീവനക്കാർക്ക് ജോലിക്കനുസൃതമായ കൂലി നൽകുകയും ചെയ്യുക.

# 20 - പട്ടികജാതി പട്ടികവർഗ്ഗവികസനം

ഈ പഞ്ചായത്തിൽ മനുഷ്യൻ കുടിയേറി പാർത്ത വർഷം (1957) മുതൽ പട്ടികവർഗ്ഗ കുടുംബങ്ങൾ താമസിച്ചിരിക്കുന്നതായി മനസ്സിലാക്കാൻ കഴിയുന്നു. തോപ്രാംകുടി, വാത്തികുടി, പട മുഖം, പതിനാറാംകണ്ടം എന്നിവിടങ്ങളിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകളുടെ കൂട്ടം കൂടിയുള്ള താമസസങ്കേതങ്ങൾ ഉള്ളതായി കാണുന്നു. വാത്തിക്കുടി, തോപ്രാംകുടി എന്നീ പട്ടികവർഗ്ഗ സങ്കേതങ്ങൾ പിൽകാലത്ത് ട്രൈബൽ സെറ്റിൽമെന്റ് ആയി ഗവൺമെന്റ് തീരുമാനിച്ച് അതിർത്തികൾ നിശ്ചയിച്ചു. ഈ കോളനികൾ ഹിന്ദു, മന്നാൻ, സമുദായത്തിൽപ്പെട്ടവരും മലവാസികളായ ഉള്ളാടൻ സമുദായത്തിൽപ്പെട്ടവരും കൂട്ടായി താമസിക്കുന്ന മേഖലകളാണ്. പിൽകാലത്ത്, രാജമുടി, പെരിയാർവാലി എന്നീ സ്ഥലങ്ങളിലും പട്ടികവർഗ്ഗ കോളനികൾ രൂപീകരിക്കപ്പെട്ടു. ഈ കോളനികളിൽ എല്ലാം തന്നെ പട്ടികജാതിക്കാർ അധിവസിക്കുന്നുണ്ട്. 4 പട്ടികവർഗ്ഗ കോളനികളും, പെരുംതൊട്ടി, ചെമ്പകപ്പാറ, പൂമാറകണ്ടം എന്നീ കോളനികൾ ഉൾപ്പെടെ 7 പട്ടികജാതി - പട്ടികവർഗ്ഗ കോളനികൾ ഈ പഞ്ചായത്തിൽ നിലവിൽ ഉണ്ട്. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും നിരവധി പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്നുണ്ട്. പഞ്ചായത്തിൽ 786 പട്ടികജാതിയിൽപ്പെട്ടവരും, പട്ടികവർഗ്ഗത്തിൽപ്പെട്ട 630 ആളുകളും അധിവസിക്കുന്നു. അംഗീകൃത കോളനികളിൽ പട്ടികജാതിക്കാരുടെ 3 കോളനികളും പട്ടികവർഗ്ഗക്കാരുടെ 227 കുടുംബങ്ങളും ഉണ്ട്.

## അടിസ്ഥാന സൗകര്യങ്ങൾ

പാർപ്പിടം, റോഡ്, വൈദ്യുതി, കുടിവെള്ളം, കക്കൂസ്, വൈദ്യുതസഹായം, വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങിയവ ഈ കോളനികളിൽ പൂർണ്ണമായി എത്തിയിട്ടില്ലാ എങ്കിലും കുറെ സൗകര്യങ്ങൾ ഉണ്ടായിട്ടുണ്ട്. 1954-ൽ തോപ്രാംകുടി ട്രൈബൽ സെറ്റിൽമെന്റിൽ ആദ്യമായി ഒരു പ്രൈമറി സ്കൂൾ ആരംഭിച്ചു. ട്രൈബൽ കോളനിയുടെ പേരിൽ വാത്തിക്കുടി ട്രൈബൽ സെറ്റിൽമെന്റിൽ ഒരു ട്രൈബൽ ഹോസ്റ്റൽ പ്രവർത്തിക്കുന്നുണ്ട്. ഈ ഹോസ്റ്റലിൽ പട്ടിക വർഗ്ഗത്തിൽപ്പെട്ട 38 കുട്ടികൾ താമസിച്ച് പഠിക്കുന്നുണ്ട്. കോളനി നിവാസികൾക്ക് മുഴുവനും വൈദ്യുതി ലഭിച്ചിട്ടില്ല. ഗതാഗത യോഗ്യമായ പൊതുമരാമത്ത് വകുപ്പ് പണി തീർത്ത റോഡുകൾ ഒന്നും ഇല്ല. വാത്തിക്കുടി ട്രൈബൽ കോളനിയിൽ കുടിവെള്ളം എത്തിക്കുന്നതിന് വാട്ടർ അതോറിട്ടിയുടെ വകയായി 23 ടാപ്പുകൾ ഉള്ള കുടിവെള്ളപദ്ധതി ഉണ്ട്. മറ്റ് കോളനികളിൽ ഏതാനും കിണറുകൾ മാത്രമാണ് കുടിവെള്ളത്തിനായി നിലവിൽ ഉള്ളത്. ഗവ. നൽകുന്ന ഒട്ടേറെ ക്ഷേമപ്രവർത്തനങ്ങൾ ഈ വിഭാഗക്കാരുടെ ഉന്നമനത്തിന് വേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടെങ്കിലും ഉദ്യോഗസ്ഥന്മാരുടെയും ഇടത്തട്ടുകാരുടെ ഇടപെടലും മൂലം ഈ വിഭാഗക്കാരുടെ ക്ഷേമത്തിനു വേണ്ടി വിനിയോഗിക്കുന്ന തുകയുടെ ചെറിയ ഭാഗം മാത്രമെ ഇവർക്ക് ലഭിക്കുന്നുള്ളൂ. സംഘടനാപരമായി ഇവരുടെ കാര്യങ്ങൾ നേടിയെടുക്കുന്നതിന് വേണ്ടത്ര പുരോഗതിയില്ല. വിദ്യാഭ്യാസ രംഗത്തു സാമൂഹ്യസാംസ്കാരിക രംഗത്തും മെച്ചപ്പെട്ട ബോധവൽക്കരണം നടത്തിയാൽ മാത്രമെ ദേശീയാമുഖ്യ ധാരയിലേയ്ക്ക് ഉയർത്തികൊണ്ട് വരുവാൻ പറ്റുകയുള്ളൂ. സാമൂഹ്യ സന്നദ്ധ സംഘടനകളും ഗവൺമെൻറും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളും കൂട്ടായി പ്രവർത്തിച്ച് ഈ വിഭാഗക്കാരുടെ പുരോഗതി ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്.

## കുടിവെള്ളം

പട്ടികജാതി, പട്ടികവർഗ്ഗ കോളനികൾ കുടിവെള്ളം ലഭിക്കുന്നതിന് നിലവിൽ ഉള്ള കിണറുകളും, ഓലികളുമാണ് പ്രയോജനപ്പെടുത്തുന്നത്. സർക്കാരിന്റെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിന്നും നാമമാത്രമായി നൽകുന്ന ധനസഹായം ഉപയോഗിച്ച് കുഴിച്ച ഏതാനും കിണറുകൾ മാത്രമാണ് കോളനികളിൽ ഉള്ളത്. ഗ്രാമീണ ശുദ്ധജലപദ്ധതിയിൽപ്പെടുത്തി പണി തീർത്തുകൊണ്ട് ദൈവം മേട്, പെരുംതൊട്ടി, മുരിക്കാശ്ശേരി പദ്ധതികളിലെ പൈപ്പുലൈനുകൾ ഈ കോളനികളിലേക്ക് നീട്ടി ടാപ്പുകൾ ഇട്ടാൽ ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും. പരിമിതമായ ജലത്തിന്റെ ശരിയായ ഉപയോഗത്തെക്കുറിച്ച് കോളനി നിവാസികളെ ബോധവൽക്കരണം നടത്തുന്നതും നിലവിൽ ഉള്ള പരമാവധി സാദ്ധ്യതകളെ പ്രയോ

ജനപ്പെടുത്തിയും, ഉള്ള കിണറുകളും, ഓലികളും, ആഴം കൂട്ടി പുതിയ കിണറുകൾ കുഴിച്ച് മോട്ടോർ പമ്പുസെറ്റുകൾ വാങ്ങി, നൽകിയും ഈ രംഗത്തുള്ള പോരായ്മകൾ പരിഹരിക്കാൻ കഴിയും.

## വിദ്യാഭ്യാസം

പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങൾ പൊതുവെ ലഭ്യമാണ്. വിദ്യാഭ്യാസ രംഗത്ത് ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠനതാല്പര്യം കുറവാണ്. കുടുംബത്തിലെ ദാരിദ്ര്യം മാതാപിതാക്കളുടെ അറിവില്ലായ്മ മാതാപിതാക്കൾ കൂലിപണിയെ മാത്രം ആശ്രയിക്കുന്നതു തുടങ്ങിയവ മൂലം കുട്ടികളുടെ പഠനത്തിൽ ശ്രദ്ധിക്കാൻ കവിയാത്തതും വിദ്യാഭ്യാസരംഗത്ത് മുന്നേറാൻ ഇവർക്ക് കഴിയുന്നില്ല. ഈ കുറവുകൾ പരിഹരിക്കുന്നതിന് ഇവരുടെ കുടുംബങ്ങളുടെ വിദ്യാഭ്യാസ സർവ്വേ നടത്തി പോരായ്മകൾ കണ്ടുപിടിച്ച് ഫലപ്രദമായ വിദ്യാഭ്യാസം നൽകുന്നതിന് പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

## സാമൂഹ്യപദവി

സാമൂഹ്യപദവിയിൽ പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് ഗുണകരമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ജന്മിഭൂപ്രഭുക്കളുടെ അടിമത്വത്തിൽ നിന്നും ചൂഷണത്തിൽ നിന്നും സമൂഹത്തിലെ ഉച്ചനീചത്വത്തിൽ നിന്നും അനാചാരങ്ങളിൽ നിന്നും ഇന്ന് ഇവർ മോചിതരാണ്. എല്ലാ വിഭാഗം ജനങ്ങളുമായി ഇടപഴകുകയും പൊതുചടങ്ങുകളിലും വിവാഹം, ഉത്സവങ്ങൾ, പെരുന്നാളുകൾ, തുടങ്ങിയവയിലും സജീവമായ സാന്നിദ്ധ്യം വഹിക്കുകയും ചെയ്യുന്നു. ഇവരുടെ കുടുംബങ്ങളിലും നടക്കുന്ന പൊതുചടങ്ങുകളിലും മറ്റുള്ള സമുദായത്തിൽപ്പെട്ട ആളുകൾ സജീവമായി പങ്കെടുക്കുന്നതുകൊണ്ട് ജാതീയമായ ഉച്ചനീചത്വത്തങ്ങൾ നിലനിൽക്കുന്നില്ല. ഇവരെ ഈ നിലയിലേയ്ക്ക് ഉയർത്തികൊണ്ട് വരുന്നതിൽ നവോദ്ധാന പ്രസ്ഥാനങ്ങൾക്കും സാമൂഹ്യ സന്നദ്ധസംഘടനകൾക്കും വിവിധ മതസംഘടനകൾക്കും നേതൃത്വപരമായ പല പങ്കും ഉണ്ട്.

## പാർപ്പിടം

കോളനി നിവാസികളായ പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കും പഞ്ചായത്തിലെ വിവിധ വാർഡുകളിൽ അങ്ങ് ഇങ്ങായി അധിവസിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗകാർക്കും അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ മാതൃകാഭവനങ്ങൾ നിർമ്മിച്ച് നൽകണം.

## സംസ്കാരം

പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെ നിലവാരം ഉയർത്തിക്കൊണ്ട് വരുന്നതിന് വിവിധ മതങ്ങളിൽപ്പെട്ട ആളുകളുമായി സഹകരിച്ച് എല്ലാ മേഖലകളിലും പ്രവർത്തിക്കുന്നതിന് അവസരം ഉണ്ടാകുന്നത് നല്ലതാണ്. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും, വായനശീലം വളർത്തുന്നതിനും ചരിത്രപരമായ കാര്യങ്ങൾ മനസ്സിലാകുന്നതിനും ബോധവൽക്കരണ് നടത്തുന്നതിനും, ക്ലാസുകൾ സംഘടിപ്പിക്കുക, വായശാലകൾ സ്ഥാപിക്കുക കലാകായികരംഗത്ത് പരിശീലനം നൽകുക. കോലനികളിൽ ടി.വി. സെറ്റുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുക. ബാലസംഘങ്ങൾ, കുട്ടികളുടെ പാർക്ക് പൊതുകളിസ്ഥലം എന്നിവ നിർമ്മിക്കുക. സാമൂഹ്യസേവനത്തിന് പ്രാപ്തരാകുന്നതിനു പരിശീലനം നൽകുക തുടങ്ങിയ കാര്യങ്ങൾ ചെയ്യേണ്ടതാണ്. സാമൂഹ്യ പുരോഗതി ഉറപ്പുവരുത്തുന്നതിന് ഒരു സ്പെഷ്യൽവെൽഫെയ ഓഫീസിനെ നിയമിക്കുന്നത് ഗുണകരമായിരിക്കും.

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിൽ നിലവിലുള്ള പ്രശ്നങ്ങൾ

1. പട്ടികജാതി, പട്ടികവർഗ്ഗ അസംഘടിതരാണ്.
2. ദാരിദ്ര്യം പട്ടിണി.
3. ഗവ. ഈ വിഭാഗത്തിന് നൽകുന്ന ധനസഹായങ്ങൾ വിവിധ ഡിപ്പാർട്ട്മെന്റ് വഴി ആയതുകൊണ്ട് ഉദ്യോഗസ്ഥന്മാർക്കും ഇടനിലകാർക്കും ചൂഷണം ചെയ്യാൻ അവസരം ഉണ്ടാകുന്നു.
4. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാഭ്യാസമുള്ള നിരവധി യുവതിയുവാക്കളുടെ വിവരശേഖരണം നടത്തി തൊഴിൽ ഉറപ്പുവരുത്താനും കഴിയുന്നില്ല.
5. ഗവ: നിയമങ്ങൾക്ക് അനുസൃതം പ്രാതിനിധ്യം വർദ്ധിപ്പിക്കണം.
6. അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുവാനുള്ള തടസ്സങ്ങൾ.
7. ഭവനനിർമ്മാണം മറ്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിൽ ചൂഷണം നടക്കുന്നുണ്ട്.

8. ആരോഗ്യപ്രവർത്തനരംഗത്ത് വേണ്ടത്ര സേവനം ലഭിക്കുന്നില്ല.
9. സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം ഉറപ്പുവരുത്തുന്നതിന് വേണ്ടത്ര പരിഗണന ഇല്ല.
10. കിടപ്പാടം ഇല്ലാത്തവർക്കും ഭൂമി ലഭിക്കുന്നതിന് ഫലപ്രദമായ പദ്ധതിയില്ല.
11. വൈദ്യുതി, കുടിവെള്ളം, തൊഴിൽ എന്നിവ ലഭിക്കുന്നതിന് പ്രത്യേക പദ്ധതികൾ ഇല്ല.

## പരിഹാരങ്ങൾ

1. നടപ്പുപദ്ധതികൾ കൂടാതെ ഇവരുടെ ക്ഷേമത്തിനുതകുന്ന സുസംഘടിതമായ പദ്ധതികൾ ആവിഷ്കരിച്ചും നടപ്പാക്കണം. ജനസംഖ്യയ്ക്ക് ആനുപാതികമായി നീക്കിവയ്ക്കേണ്ടതാണ്.
2. ഇന്ന് നിലവിൽ പട്ടികജാതി, പട്ടികവർഗ്ഗ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥന്മാർ വഴിയും, സാമൂഹ്യ വികസനം, ബ്ലോക്ക് കൃഷി വകുപ്പ് മൃഗസംരക്ഷണവകുപ്പ്, വ്യവസായ വകുപ്പ്, എന്നീ ഡിപ്പാർട്ടുമെന്റ് വഴിയും പലവിധ ആനുകൂല്യങ്ങളും നൽകുന്നത് പ്ലാനും, പദ്ധതിയും രൂപപ്പെടുത്തി സ്കീമിന്റെ നടത്തിപ്പ് പരിശോധന പൂർത്തിയാക്കൽ എന്നിവ ജനപങ്കാളിത്തത്തോടെ വിജയകരമായി നടപ്പിൽ വരുത്തിയാൽ ഗുണഭോക്താവിന് മെച്ചപ്പെട്ട കാര്യലാഭവും സേവനവും സാധ്യമാകും.
3. നിലവിൽ ഉള്ള തൊഴിൽ സംവരണ പദ്ധതി അനുസരിച്ച് തൊഴിൽ ലഭിക്കുന്നത് പരിമിതമാണ്. നീതിപൂർവ്വമായ സമീപനവും തീരുമാനവും ഇതിൽ ഉണ്ടാകണം.
4. ഭരണസംവിധാനത്തിൽ പാർലമെന്റ്, നിയമ

വാത്തിക്കുടി ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗകോളനികളുടെയും ഓരോ വാർഡിലെയും ജനസംഖ്യ

| ക്രമ നമ്പർ | പട്ടിക വർഗ്ഗ കോളനികളുടെ വിവരം | ആദിവാസി കുടുംബങ്ങളുടെ എണ്ണം | 1991 ലെ ജനസംഖ്യ | 1991 ലെ ആകെ ജനസംഖ്യ (സെൻസസ്) |
|---|---|---|---|---|
| 1. | വാർഡ് - 10 തോപ്രാംകുടി പട്ടിക വർഗ്ഗ കോളനി | 57 | 152 | |
| 2. | വാർഡ് 7 വാത്തിക്കുടി പട്ടിക വർഗ്ഗ കോളനി | 110 | 298 | |
| 3. | വാർഡ് - 5 രാജമുടി പട്ടികവർഗ്ഗ കോളനി | 11 | - | |
| 4. | വാർഡ് 1 പെരിയാർവാലി പട്ടികവർഗ്ഗ കോളനി | 18 | 82 | |
| 5. | വാർഡ് 2 | 1 | 3 | |
| 6. | വാർഡ് 3 | 15 | 50 | |
| 7. | വാർഡ് 4 | 3 | 9 | |
| 8. | വാർഡ് 6 | 5 | 14 | |
| 9. | വാർഡ് 8 | 4 | 11 | |
| 10. | വാർഡ് 9 | 2 | 7 | |
| 11. | വാർഡ് 11 | 1 | 4 | 630 |

സഭ, പഞ്ചായത്തിരാജ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് ഉള്ള അംഗസംഖ്യ നിലവിൽ ഉള്ളതിന്റെ ഇരട്ടിയാകുകയും മന്ത്രിസഭകളിലും ഔദ്യോഗിക സ്ഥാപനങ്ങളിലും നിലവിലുള്ളതിൽ കൂടുതൽ സ്ഥാനങ്ങൾ ഉറപ്പുവരുത്തുന്നതിനും നിയമപരമായ നടപടികൾ സ്വീകരിക്കണം.

5. P.S.C. വഴിയും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയും നടത്തുന്ന നിയമനങ്ങളിൽ അർഹമായ പ്രാതിനിധ്യം ലഭിക്കുന്നതിന് കർശനവും നീതിപൂർവ്വമായ തീരുമാനങ്ങൾ ഗവൺമെന്റിൽ നിന്നും ഉണ്ടാവണം.

6. പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾക്ക് ഉള്ള അപേക്ഷ ലഭിച്ച് കഴിഞ്ഞാൽ ഉടൻ ഗുണഭോക്താക്കളുടെ യോഗം വിളിച്ച് കൂട്ടി ആ യോഗത്തിൽ അപേക്ഷകൾ പരിഗണനയ്ക്ക് വച്ച് മുൻഗണനാക്രമത്തിൽ തെരഞ്ഞെടുപ്പ് നടത്തി ആനുകൂല്യം നൽകി ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് ശ്രദ്ധിക്കേണ്ടതാണ്.

7. പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെ ആരോഗ്യപ്രവർത്തനരംഗത്ത് പ്രത്യേക പരിഗണന നൽകുന്നതിന് ബന്ധപ്പെട്ട ആരോഗ്യപ്രവർത്തകർക്ക് നിർദ്ദേശം നൽകണം.

8. ഭൂരിഭാഗവും ദാരിദ്ര്യവും പട്ടിണിയും മൂലം അവശത അനുഭവിക്കുന്നതിനാൽ ഭക്ഷണം, മരുന്ന് എന്നിവ ലഭിക്കുന്നതിന് കുടുംബാരോഗ്യ പരിപാലന പദ്ധതിയ്ക്ക് രൂപം നൽകേണ്ടതാണ്.

9. കിടപ്പാടം ഇല്ലാത്ത പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വീട് വാങ്ങുന്നതിനും, സ്ഥലം വാങ്ങുന്നതിനും ഉതകുന്ന ഭവനദാനപദ്ധതികൾ ആരംഭിക്കണം.

10. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വൈദ്യുതി, കുടിവെള്ളം, തൊഴിൽ ലഭിക്കും എന്ന് ഉറപ്പ് വരുത്തുന്നതിന് സമയബന്ധിതമായി പദ്ധതികൾ ആവിഷ്കരിക്കുക.

11. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുവേണ്ടി സഹകരണസംഘങ്ങൾ രൂപീകരിച്ചു തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിനും വരുമാനം ഉണ്ടാകുന്നതിനും പദ്ധതികൾ ആവിഷ്കരിക്കണം.

### വാത്തിക്കുടി ഗ്രാമ പഞ്ചായത്തിലെ പട്ടികജാതി കോളനികളുടെ പട്ടിക

| നമ്പർ | കോളനിയുടെ പേര് | അധിവസിക്കുന്ന കുടുംബങ്ങൾ | 1991 - ലെ ജനസംഖ്യ |
|---|---|---|---|
| 1. | പെരുതൊട്ടി പട്ടിക ജാതി കോളനി 11 - ാം വാർഡിൽ | 37 | 106 |
| 2. | ചെമ്പകപ്പാറ പട്ടികജാതി കോളനി 8 - ാം വാർഡിൽ | 39 | 109 |
| 3. | തുമ്പാറ, പട്ടിക ജാതി കോളനി 1- ാം വാർഡിൽ | 8 | 25 |

1991 ലെ കാനേഷുമാരി കണക്ക് അനുസരിച്ച് പഞ്ചായത്തിൽ 406 പുരുഷന്മാരും 381 സ്ത്രീകളും പട്ടിക ജാതിക്കാരായി ഉണ്ടെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ആകെ 787 ആണ് ഈ വിഭാഗത്തിന്റെ ജനസംഖ്യ.

| | | | |
|---|---|---|---|
| | വാർഡ് നമ്പർ - II | 25 | 86 |
| | " " III | 13 | 42 |
| | " " IV | 16 | 48 |
| | " " V | 2 | 8 |
| | " " VI | 35 | 107 |
| | " " VII | 42 | 128 |
| | " " VIII | 39 | 109 |
| | " " IX | 17 | 58 |
| | " " X | 25 | 70 |
| | " " XI | 35 | 106 |

# 21 - വിഭവസമാഹരണം

വാത്തിക്കുടി പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്കാവശ്യമായ വരുമാനം ഈ പഞ്ചായത്തിനില്ല. പഞ്ചായത്തിന്റെ തനതു വരുമാനമായ കെട്ടിടനികുതി, തൊഴിൽ നികുതി, വിനോദനികുതി എന്നിവയിൽ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും ഇപ്പോഴുള്ള ചെലവുമായി തട്ടിച്ചു നോക്കുമ്പോൾ ഈ വർദ്ധനവ് നിസ്സാരമാണ്. ഏതൊരു നാടിന്റെയും വളർച്ച ആ നാട്ടിലെ വ്യാവസായിക കാർഷിക മേഖലകളിലുണ്ടാകുന്ന അഭിവൃദ്ധിയാണ്. നാമമാത്ര ചെറുകിട, വ്യവസായ യൂണിറ്റുകൾ ഒഴിച്ചാൽ ഈ പഞ്ചായത്തിൽ വൻകിട, ഇടത്തരം വ്യാവസായിക യൂണിറ്റുകളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. തനതുവരുമാനങ്ങൾ, സംസ്ഥാന നികുതിവിഹിതം, ഉപാധിരഹിതഫണ്ടുകൾ, ഗ്രാന്റുകൾ, എന്നിവയാണ് പഞ്ചായത്തിന് ആകെയുള്ള വരുമാനം. എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ പൊതുമരാമത്ത് ചെലവുകൾ മറ്റു വികസനച്ചെലവുകൾ, കടം തിരിച്ചടവ് എന്നിവയാണ് മുഖ്യ ചെലവുകൾ. ഒരു ഒന്നാംഗ്രേഡ് പഞ്ചായത്താണെങ്കിലും 100 % നികുതികളും പിരിഞ്ഞു കിട്ടിയാലും ക്ഷേമപ്രവർത്തനങ്ങളും വികസനപ്രവർത്തനങ്ങളും പൂർണ്ണമായും നടത്തുന്നതിന് കഴിയുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ഈ സാഹചര്യങ്ങളാൽ സർക്കാരിൽ നിന്നും കൂടുതൽ ഗ്രാന്റുകൾ അനുവദിച്ചെങ്കിൽ മാത്രമേ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ കഴിയൂ.

കഴിഞ്ഞ അഞ്ചു വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ 1991 ൽ പഞ്ചായത്തിന് വിവിധ ഇനങ്ങളിലായി 12,71942/- രൂപ വരവും 11,60050/ - രൂപ ചെലവും 1995 - 96-ൽ 20,12709/- രൂപ വരവും 20,07817/- രൂപ ചെലവും ഉണ്ടായിട്ടുണ്ട്. വരുമാനത്തിനനുസൃതമായി ചെലവുകൾ പരിമിതപ്പെടുത്തുന്നതുകൊണ്ട് അവശ്യവികസനപ്രവർത്തനങ്ങൾക്ക് പോലും നിയന്ത്രണം ഏർപ്പെടുത്തേണ്ടി വരുന്നു.

### ചെലവ്

| | 1991-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| ഭരണം | 345096.50 | 344329.15 | 369316.80 | 468025.00 | 470705.00 |
| പൊതുമരാമത്ത് | 149371 | 484968 | 582886.00 | 334562.00 | 865864.00 |
| ജലവിതരണം (ഓടകൾ) | 37211.40 | 2300 | 2160 | ഇല്ല | ഇല്ല |
| പൊതുജനാരോഗ്യം | 17112.50 | 21908.80 | 13760 | 2780 | 5240 |
| തെരുവുവിളക്കുകൾ | 7020 | 6612 | 6490.80 | 23559 | 8806 |
| മറ്റുള്ളവ | 320217.30 | 92022.70 | 418705 | 132182 | 352995 |
| ആകെ | 876028.70 | 952140.65 | 1393318.60 | 961108 | 1703610 |
| JRY ചെലവ് | 284021.75 | 32564.30 | 729627 | 275316 | 304207 |

## വരവ്

| | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| കെട്ടിടനികുതി | 264135-20 | 170393-10 | 174919-45 | 171,340-50 | 174853-75 |
| തൊഴിൽനികുതി | 122515-00 | 105826-00 | 113600-00 | 134117-00 | 131688-00 |
| വിനോദനികുതി | 30,465-47 | 29843-00 | 22911-90 | 15662-50 | 35491-50 |
| കെട്ടിടവാടക | - | - | - | 3020-00 | 15,364-00 |
| ലൈസൻസ് ഫീസ് | 10271-00 | 10,946-75 | 11595-00 | 15376-50 | 14588-50 |
| വസ്തുകൈമാറ്റ നികുതി | 145025-00 | 171226-00 | 134391-00 | 144203-00 | 78798-00 |
| ഡിപ്പോസിറ്റ് | 18,240-00 | 20110-00 | 6865-00 | 63625-00 | 20675-00 |
| മാർക്കറ്റ് വരവ് | 24980-00 | 24901-00 | 36395-00 | 31,610-00 | 53275-00 |
| ലേലം വരവ് | 7710-00 | 1925-00 | 12250-00 | 21202-00 | 35224-00 |
| മറ്റിനം | 69883-63 | 20029-65 | 186164-40 | 5923-40 | 331736-20 |
| എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ് | 66417-00 | - | 38051-00 | 68543-00 | 103640-00 |
| ബേസിക് ടാക്സ് ഗ്രാന്റ് | - | 390991-00 | 3101-00 | 45834-00 | 47390-00 |
| V.R.M ഗ്രാന്റ് | - | 108910-00 | 53398-00 | 47119-00 | 52298-00 |
| V.T.C | - | 49260-00 | 150000 | - | 271479-00 |
| സ്പെഷ്യൽ ഗ്രാന്റ് | - | 150,000 | 100000-00 | - | - |
| അൺടൈഡ് ഫണ്ട് | 230800-00 | 243400-00 | 255,410-00 | 351640-00 | 34981-00 |
| ആകെ വരവ് | 990442-30 | 1145869-50 | 1335051-70 | 119215-95 | 1716310-90 |
| JRY വരവ് | 2815001 | 325310-00 | 546488-00 | 273950-00 | 296398-00 |
| Grand Total | 1271942-30 | 1471179-50 | 1881539-70 | 1393165-95 | 2012708-90 |

## ധനകാര്യ സ്ഥാപനങ്ങൾ

വിവിധ ധനകാര്യസ്ഥാപനങ്ങളാൽ വന്നുചേർന്നിട്ടുള്ള നിക്ഷേപങ്ങൾ പഞ്ചായത്തിന്റെ വിഭവങ്ങളായി കണക്കാക്കാം. സൗത്ത് ഇന്ത്യൻ ബാങ്ക്, മുരിക്കാശ്ശേരി തോപ്രാംകുടി ഫെഡറൽ ബാങ്ക്, തോപ്രാംകുടി സർവ്വീസ് സഹകരണബാങ്ക്, ജില്ലാ സഹകരണബാങ്കിന്റെ മുരിക്കാശ്ശേരി ശാഖ എന്നിവയാണ് വാത്തിക്കുടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അംഗീകൃത ധനകാര്യ സ്ഥാപനങ്ങൾ. ഇവയ്ക്കു പുറമേ ചില സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളും ചിട്ടി കമ്പനികളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലായി ഉദ്ദേശം ആറരകോടി രൂപയുടെ നിക്ഷേപമുണ്ട്. ഏതാണ്ട് നാലുകോടിയോളം രൂപ വായ്പ നൽകിയിട്ടുണ്ട്. ഇത് സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്. പഞ്ചായത്തിലെ ഭൂരഹിത കർഷകരും വേണ്ടത്ര മൂലധനമില്ലാത്ത കച്ചവട സ്ഥാപനങ്ങൾ നടത്തുന്നവരും സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളുടെ ചൂഷണത്തിനു വിധേയരാകാറുണ്ട്. 40 മുതൽ 400% വരെ പലിശ ചുമത്തി സാമ്പത്തിക മേഖലയുടെ സന്തുലിതാവസ്ഥ തകിടം മറിക്കുന്നു.

## വിദേശപണത്തിന്റെ സ്വാധീനം

വിദേശപണത്തിന്റെ സ്വാധീനം വാത്തിക്കുടി പഞ്ചായത്തിന്റെ സാമ്പത്തിക രംഗത്ത് ശ്രദ്ധേയമായ പ്രതികരണങ്ങൾ ഉളവാക്കുന്നില്ല.

## സന്നദ്ധ സംഘടനകൾ

സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ ജനങ്ങൾ നടത്തുന്ന ശ്രമദാനങ്ങൾ വിഭവമായി പരിഗണിക്കാവുന്നതാണ്. ഈ രംഗത്ത് വിപുലമായ മുന്നേറ്റം കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. നികുതിയിനത്തിലുള്ള വരുമാനം പൂർണ്ണമായി ഉപയോഗപെടുത്തുവാൻ കഴിയുന്നില്ല.
2. കരാർ പണികൾ നീതിപൂർവ്വമായി നടത്തുവാൻ കഴിയുന്നില്ല.
3. ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് യഥേഷ്ടം വായ്പ ലഭ്യമാകുന്നില്ല.
4. സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്നതിൽ ധനകാര്യസ്ഥാപനങ്ങൾ കാണിക്കുന്ന വിമുഖത
5. ധനസമാഹരണം സാങ്കേതിക വിദ്യയുടെ സമാഹരണം എന്നിവ ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിയുന്നില്ല.
6. സുതാര്യതയില്ലായ്മ
7. വായ്പകളുടെ ലക്ഷ്യം വിട്ടുള്ള വിനിയോഗം
8. സ്വകാര്യസ്ഥാപനങ്ങളെ നിയന്ത്രിക്കുവാൻ കഴിയുന്നില്ല.
9. സന്നദ്ധപ്രവർത്തനത്തിലുള്ള താല്പര്യക്കുറവ്
10. പാഴായിപ്പോകുന്ന മുതൽ മുടക്കുകൾ

## സാധ്യതകൾ

1. നികുതി നിർണ്ണയത്തിലെ അപാകതകൾ കാലോചിതമായി പരിഹരിക്കുക. പഞ്ചായത്തീരാജ് നിയമപ്രകാരം പാരലൽ കോളേജുകൾ പാരാമെഡിക്കൽ സ്ഥാപനങ്ങൾ സ്വകാര്യ ആശുപത്രികൾ വിവിധതരം കച്ചവട സ്ഥാപനങ്ങൾ മുതലായവയ്ക്ക് ലൈസൻസ്ഫീസ്, ആദായനികുതി എന്നിവ ഏർപ്പെടുത്തുക
2. ഉദ്യോഗസ്ഥരുടെയും രാഷ്ട്രീയ നേതാക്കളുടെയും അമിതമായ കൈകടത്തലുകൾക്ക് സോഷ്യൽ ഓഡിറ്റിംഗിലൂടെ നിയന്ത്രണം ഏർപ്പെടുത്തുക
3. അർഹരായവർക്ക് വായ്പകൾ ലഭ്യമാക്കുന്നതിന് പഞ്ചായത്തിന്റെ ശുപാർശകൾ ധനകാര്യസ്ഥാപനങ്ങൾ പരിഗണിക്കുക
4. ദേശസാൽകൃത ബാങ്കുകളുടെ ശാഖ പഞ്ചായത്തിൽ സ്ഥാപിക്കുക
5. സർക്കാർ പദ്ധതികളെക്കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തുക
6. സാങ്കേതിക വിദ്യാഭ്യാസസ്ഥാപനത്തിന് മുൻതൂക്കം നൽകുകയും പൊതുജന സഹകരണം ഉറപ്പു വരുത്തുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക. പഞ്ചായത്ത്, ധനകാര്യസ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവയുടെ പ്രവർത്തനങ്ങൾ യഥാസമയം ജനങ്ങളെ അറിയിക്കുക.
7. ജനങ്ങൾ നൽകുന്ന വായ്പകൾ യഥാർത്ഥ പദ്ധതികൾക്കു തന്നെ നിനിയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുക. ഇതിലേക്ക് ഉപഭോക്താക്കളും വായ്പാസ്ഥാപനങ്ങളിലെ അധികാരികളും പൊതുസമ്മതരായ ജനപ്രതിനിധികളുമടങ്ങുന്ന മോണിറ്ററിംഗ് കമ്മറ്റി ഫലപ്രദമായി പ്രവർത്തിക്കുക.
8. എല്ലാ സ്വകാര്യധനകാര്യ സ്ഥാപനങ്ങൾക്കും ലൈസൻസ് നിർബന്ധമാക്കുകയും പഞ്ചായത്തിന്റെ നിയന്ത്രണം ഏർപ്പെടുത്തുകയും ആവശ്യമായ നിയമ നിർമ്മാണം കൊണ്ടുവരികയും ചെയ്യുക
9. സാമൂഹ്യ പ്രതിബദ്ധത വളർത്തുകയും ഇതിന് സംശുദ്ധ വ്യക്തിത്വമുള്ളവർ നേതൃത്വം കൊടുക്കുകയും ചെയ്യുക
10. ദീർഘവീക്ഷണത്തോടെ വിവിധമേഘലകളിൽ മുതൽ മുടക്കുക
11. വിദഗ്ധരുടെയും സാങ്കേതികജ്ഞാനമുള്ളവരുടെയും സേവനം ഉപയോഗപ്പെടുത്തുവാൻ ശ്രമിക്കുക

# 22 - പൊതുവിതരണം

വാത്തിക്കുടി ഗ്രാമപഞ്ചായത്ത് ഒരു ഉപഭോക്തൃ പഞ്ചായത്താണ്. ഈ പഞ്ചായത്തിലെ 6600 കുടുംബങ്ങളിൽ താമസിക്കുന്ന ആളുകൾക്കായി 4863 റേഷൻകാർഡുകളും 901.6 ടൺ അരിയും, 910.7 ടൺ ഗോതമ്പും 35.7 ടൺ മൈദയും പൊതുവിതരണശൃംഖലയിലൂടെ റേഷൻകടവഴി വിതരണം നടത്തുന്നുണ്ട്. കാർഷിക മേഖലയാണെങ്കിലും ഉല്പാദനപ്രക്രിയയിൽ വാണിജ്യവിളകൾക്ക് ഊന്നൽ നൽകുന്നതുകൊണ്ട് ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനം വേണ്ടത്ര ഇല്ല. ആയതിനാൽ മുഴുവൻ ഭക്ഷ്യധാന്യങ്ങളും ലഭിക്കുന്നതിന് ഗവൺമെന്റിനേയും അന്യദേശങ്ങളേയും ആശ്രയിക്കേണ്ടിവരുന്നു. നെല്ലുൽപാദനരംഗത്ത് നിലവിലുള്ള മുഴുവൻ സാദ്ധ്യതകളും ചൂഷണം ചെയ്താലും സ്വയം പര്യാപ്തത നേടാൻ കഴിയുകയില്ല. പച്ചക്കറികൾ, മരച്ചീനി, ചേമ്പ്, ചേന തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങൾ, മാംസാവശ്യത്തിനുള്ള ഇറച്ചി, കോഴിമുട്ട, തുടങ്ങിയവ നമ്മുടെ സാദ്ധ്യതയ്ക്കനുസരിച്ച് ഉല്പാദിപ്പിക്കുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ നിലവിലുണ്ട്.

ഭക്ഷ്യവസ്തു ഉത്പാദനരംഗത്ത് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിച്ചാൽ ഈ രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയും. റേഷൻകടകൾവഴി പരമാവധി ഭക്ഷ്യസാധനങ്ങൾ ലഭ്യമാകുന്നതുകൊണ്ട് പൊതുമാർക്കറ്റിൽ വില നിയന്ത്രിക്കാൻ കഴിയുന്നുണ്ടെങ്കിലും ഉത്സവചന്തകളും മാവേലിസ്റ്റോറുകളും പഞ്ചായത്തിൽ പ്രവർത്തനം ഇല്ലാത്തതുകൊണ്ട് നിത്യോപയോഗസാധനങ്ങൾ പലതിനും വില നിയന്ത്രിക്കാൻ കഴിയുന്നില്ല. ആയതിനാൽ മാവേലിസ്റ്റോറുകളും പൊതുവിതരണ ചില്ലറ വില്പനശാലകളും ആരംഭിക്കുന്നത് ഈ രംഗത്ത് ഗുണകരമായിരിക്കും.

## പൊതുവിതരണ ശൃംഖല

| ക്രമ നമ്പർ | റേഷൻകടയുടെ പേര് | കാർഡുകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1. | A.R.D. No. 225 തേക്കിൻതണ്ട് | തേക്ക് 343 | 1981 |
| 2. | A.R.D. No. 145 മുരിക്കാശ്ശേരി | 386 | 2444 |
| 3. | A.R.D. No. 136 മുരിക്കാശ്ശേരി | 470 | 2648 |
| 4. | A.R.D. No. 251 രാജമുടി | 318 | 1612 |
| 5. | A.R.D. No. 199 മൂങ്ങാപ്പാറ | 265 | 1579 |
| 6. | A.R.D. No. 226 വാത്തിക്കുടി | 319 | 1711 |
| 7. | A.R.D. No. 161 പടമുഖം | 435 | 2476 |
| 8. | A.R.D. No. 161 16-ാം കണ്ടം | 308 | 1683 |
| 9. | A.R.D. No. 89 തോപ്രാംകുടി | 476 | 2420 |
| 10. | A.R.D.No. 203 തോപ്രാംകുടി സ്ക്കൂൾസിറ്റി | 299 | 1514 |
| 11. | A.R.D. No. 194 കനകക്കുന്ന് | 225 | 1149 |
| 12. | A.R.D. No. 177 ചെമ്പകപ്പാറ | 358 | 1812 |
| 13. | A.R.D. No. 24 16-ാം കണ്ടം | 113 | 644 |
| 14. | A.R.D. No. 248 പെരുംതൊട്ടി | 302 | 1403 |
| 15. | A.R.D. No. 129 കിളിയാർകണ്ടം | 312 | 1761 |
| 16. | A.R.D. No. 238 കാക്കാക്കട | 345 | 1797 |
| 17. | A.R.D. No. 162 ബഥേൽ | 385 | 2087 |

## വാർത്താവിനിമയ മാദ്ധ്യമങ്ങൾ

ഈ പഞ്ചായത്തിലെ വാർത്താവിനിമയ രംഗത്ത് ആദ്യകാലത്തു തന്നെ വർത്തമാനപത്രങ്ങൾ പ്രമുഖ സ്ഥാനം വഹിച്ചിരുന്നു. മലയാള മനോരമ, മാതൃഭൂമി, മംഗളം, ദീപിക, ദേശാഭിമാനി, കേരളകൗമുദി, ചന്ദ്രിക, മാദ്ധ്യമം, രാഷ്ട്ര ദീപിക, ഇൻഡ്യൻ എക്സ്പ്രസ് തുടങ്ങിയ പത്രങ്ങൾ പ്രചാരത്തിലുണ്ട്. ആഴ്ചപതിപ്പുകളും, ദ്വൈവാരികളും, മാസികകളും, പ്രചാരത്തിലുണ്ട്. റേഡിയോ, ടെലിവിഷൻ, ടെലിഫോൺ തുടങ്ങിയ വാത്താവിനിമയോപാധികൾ ഈ പഞ്ചായത്തിലെ വീടുകളിൽ ലഭ്യമായിട്ടുണ്ട്. വാർത്താവിതരണ രംഗത്ത് മുരിക്കാശ്ശേരി തോപ്രാംകുടി ടെലിഫോൺ എക്സ്ചേഞ്ചുകളും 10 E.D ബ്രാഞ്ച് ഓഫീസുകളുമാണ് ഈ പഞ്ചായത്തിലെ പ്രധാന വാർത്താവിതരണ മാർഗ്ഗങ്ങൾ. സബ് പോസ്റ്റോഫീസുകൾ അനുവദിക്കുകയും ടെലിഫോൺ എക്സ്ചേഞ്ചുകളുടെ വികസനവും നടത്തിയാൽ ഈ രംഗത്തുള്ള പ്രവർത്തനം കാര്യക്ഷമമാക്കാൻ സാധിക്കൂ. പബ്ലിക് ടെലിഫോൺ ബൂത്തുകൾ ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കേണ്ടതാണ്. മേലേ ചിന്നാർ കേന്ദ്രമാക്കി ഒരു ടെലിഫോൺ എക്സ്ചേഞ്ച് സ്ഥാപിക്കണം.

## പ്രശ്നങ്ങളും പരിഹാരങ്ങളും

ഈ ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡിലെ കനകക്കുന്നിലും 4-ാം വാർഡിലെ ചരളൻകാനത്തും ഓരോ E.D ബ്രാഞ്ച് പോസ്റ്റോഫീസ് അനുവദിക്കുക. വിവിധ സർക്കാർ സ്ഥാപനങ്ങൾ, സ്ക്കൂളുകൾ, കോളേജ് മുതലായവയും ആയിരക്കണക്കിന് ആളുകളുടെ തപാൽ മാർഗ്ഗവുമായ മുരിക്കാശ്ശേരി, തോപ്രാംകുടി, ബ്രാഞ്ച് പോസ്റ്റോഫീസുകൾ സബ് പോസ്റ്റോഫീസായി ഉയർത്തി എത്രയും വേഗം പരിഹാരം കാണേണ്ടതാണ്.

### പോസ്റ്റൽ ഡിപ്പാർട്ടുമെന്റ് നടത്തുന്ന സേവനത്തിന്റെ പട്ടിക

| ക്രമ നമ്പർ | E.D. ബ്രാഞ്ച് പോസ്റ്റാഫീസിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | രാജപുരം | 3 |
| 2 | മുരിക്കാശ്ശേരി | 3 |
| 3 | പടമുഖം | 2 |
| 4 | രാജമുടി | 2 |
| 5 | പെരിഞ്ചാംകുട്ടി | 3 |
| 6 | ബഥേൽ | 3 |
| 7 | കൊന്നയ്ക്കാമാലി | 2 |
| 8 | തോപ്രാംകുടി | 3 |
| 9 | പെരുംതൊട്ടി | 2 |
| 10 | പ്രകാശ് | 4 |

### വാർത്താമാദ്ധ്യമ രംഗത്ത് ടെലിഫോൺ വഹിക്കുന്ന പങ്ക്

| ക്രമനമ്പർ | വാത്തിക്കുടി ഗ്രാമപഞ്ചായത്തിലെ ടെലിഫോൺ എക്സ്ചേഞ്ചുകളുടെ വിവരം | നിലവിലുള്ള കണക്ഷൻ | പുതിയ അപേക്ഷകൾ |
|---|---|---|---|
| 1 | മുരിക്കാശ്ശേരി | 151 | 536 |
| 2 | തോപ്രാംകുടി | 152 | 243 |
| ആകെ | | 303 | 779 |

# 23 - ഉപസംഹാരം

## 26 വർഷം പിന്നിട്ട വാത്തിക്കുടി ഗ്രാമപഞ്ചായത്ത്

ഏറുമാടങ്ങളിൽ നിന്ന് നിലമാടങ്ങളിലേക്ക് ഇറങ്ങിവന്ന കുടിയേറ്റ മക്കളുടെ കദനകഥകളിൽ നിന്ന് വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ ചരിത്രം ആരംഭിക്കുന്നു.

1970-ൽ രൂപീകൃതമായ ഗ്രാമപഞ്ചായത്തിന് നേട്ടങ്ങളുടെ പട്ടിക ഒട്ടനവധി നിരത്തുവാനുണ്ടെങ്കിലും പൂർത്തിയാവാത്ത ആഗ്രഹങ്ങൾ നമ്മുടെ പ്രതീക്ഷകളിൽ അവശേഷിക്കുന്നു.

വികസന സ്വപ്നങ്ങൾക്ക് നാന്ദി കുറിക്കപ്പെട്ടത് വഴികളുടെ ആവിർഭാവത്തോടെയാണ്. 1960 കളുടെ അന്ത്യത്തോടെ വിമലഗിരിയിൽ നിന്നും പതിനാറാംകണ്ടത്തിലേക്ക് നിർമ്മിക്കപ്പെട്ട മൺപാത ഇവയിൽ ആദ്യത്തേതും കുടിയേറ്റ കർഷകരുടെ

കഠിന പ്രയത്നത്തിന്റെ പരിണിതഫലവുമാണ്. തുടർന്നുണ്ടായ ചിന്നാർ ചപ്പാത്തും, മുരിക്കാശ്ശേരി - ചിന്നാർ, തോപ്രാംകുടി- തങ്കമണി, 16-ാംകണ്ടം - മുരിക്കാശ്ശേരി, മുരിക്കാശ്ശേരി - തോപ്രാംകുടി, തോപ്രാംകുടി - മേലേചിന്നാർ, മുരിക്കാശ്ശേരി - പൂമാംകണ്ടം, മുരിക്കാശ്ശേരി - പെരിയാർവാലി, രാജമുടി - തോപ്രാംകുടി, മുരിക്കാശ്ശേരി - കരിമ്പൻ, ചിന്നാർ - മേലേചിന്നാർ - ഈട്ടിത്തോപ്പ് തുടങ്ങിയ വഴികൾ ഈ ഗ്രാമപഞ്ചായത്തിന്റെ വികസനത്തിന് ആക്കം വർദ്ധിപ്പിച്ചു.

1970 കളിൽ പട്ടയ നടപടികൾ ആരംഭിച്ചത് കുടിയേറ്റ കർഷകരിൽ പ്രത്യാശ ഉണർത്തി

3 ഹൈസ്ക്കൂളുകൾ, 5 U.P സ്ക്കൂളുകൾ ഏതാനും സമാന്തരവിദ്യാഭ്യാസ സ്ഥാപനങ്ങൾ, പാവനാത്മ കോളേജ് തുടങ്ങിയവ ഈ ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ മുന്നേറ്റത്തിന് വിലപ്പെട്ട സംഭാവനകൾ നൽകുന്നു.

വാത്തിക്കുടി പ്രൈമറി ഹെൽത്ത് സെന്റർ, വാത്തിക്കുടി ഗവ.ആയുർവ്വേദാശുപത്രി, ആധുനിക സൗകര്യങ്ങളോടു കൂടി പ്രവർത്തിക്കുന്ന മുരിക്കാശ്ശേരി അൽഫോൻസാ ഹോസ്പിറ്റൽ, തോപ്രാംകുടി കരുണാ ആശുപത്രി തുടങ്ങിയവ ആതുരസേവന രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്.

മൃഗസംരക്ഷണരംഗത്ത് രണ്ട് സർക്കാർ മൃഗാശുപത്രികളും ഒരു സബ്സെന്ററും ക്ഷീരോൽപാദനവിപണനരംഗത്ത് 8 അപ്കോസ് സംഘടനകളും 9 വനിതാ ഡയറി സൊസൈറ്റികളും സേവനം അനുഷ്ഠിക്കുന്നു.

മുരിക്കാശ്ശേരി പോലീസ്റ്റേഷൻ, വില്ലേജ് ആഫീസ്, ഭൂമി പതിവ് ആഫീസ്, സർവ്വേ സൂപ്രണ്ട് ആഫീസ്, കൃഷിഭവൻ, ബ്രാഞ്ച് പോസ്റ്റാഫീസുകൾ തുടങ്ങിയ സർക്കാർസ്ഥാപനങ്ങൾ വാത്തിക്കുടി പഞ്ചായത്തിനെ ഹൈറേഞ്ച് മേഖലയിലെ ഒരു പ്രധാന കേന്ദ്രമാക്കി മാറ്റാൻ സഹായിച്ചിട്ടുണ്ട്.

മുരിക്കാശ്ശേരി, തോപ്രാംകുടി സഹകരണ ബാങ്കുകളും, ഇടുക്കി ജില്ലാ സഹകരണബാങ്കിന്റെ മുരിക്കാശ്ശേരി ശാഖ എന്നിവ ബാങ്കിംഗ് രംഗത്ത് ശ്രദ്ധേയമായ മാറ്റത്തിന് വഴി തെളിച്ചിട്ടുണ്ട്.

ക്രൈസ്തവ ദേവാലയങ്ങൾ, മോസ്ക്കുകൾ, അമ്പലങ്ങൾ മുതലായ ആരാധനാലയങ്ങൾ മതസൗഹാർദ്ദത്തിന് ഉത്തമ മാതൃകകളായി ഗ്രാമപഞ്ചായത്തിൽ നിലകൊള്ളുന്നു.

ലൈബ്രറികൾ, ക്ലബ്ബുകൾ തുടങ്ങിയവ സാംസ്ക്കാരിക രംഗത്ത് ഗ്രാമപഞ്ചായത്തിനെ നയിക്കുന്നു.

കാർഷിക രംഗത്തെ മുരടിപ്പും വ്യവസായിക മേഖലയുടെ തളർച്ചയും റോഡുകളുടെ ശോചനീയാവസ്ഥയും കുടിവെള്ള ക്ഷാമവും ദ്രുതഗതിയിൽ പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങളാണ്. ഭവനരഹിതരും തൊഴിൽ രഹിതരുമായ ജനങ്ങൾ വികസന രംഗത്ത് പഞ്ചായത്തിന് വെല്ലുവിളി സൃഷ്ടിക്കുന്നു.

K.S.E.B സെക്ഷൻ ആഫീസ്, സബ് പോസ്റ്റോഫീസ്, സബ് രജിസ്ട്രാർ ആഫീസ്, സബ് ട്രഷറി, ഹോമിയോ ആശുപത്രി എന്നിവ പഞ്ചായത്തു നിവാസികളുടെ വർഷങ്ങളായുള്ള ആഗ്രഹവും പ്രതീക്ഷയുമാണ്. ടെലിഫോൺ കണക്ഷനുവേണ്ടി കാത്തിരിക്കുന്ന ആളുകളും ഇനിയും വെളിച്ചം ലഭിക്കാത്ത വീടുകളും മതിയായ സൗകര്യങ്ങൾ ഇല്ലാത്ത മാർക്കറ്റുകളും അനിവാര്യമായ ദീർഘദൂര ബസ്സ് സർവ്വീസുകളും ഗ്രാമ പഞ്ചായത്തിന്റെ വികസന സ്വപ്നങ്ങൾക്ക് മങ്ങലേൽപിക്കുന്നു. എല്ലാറ്റിനുപരി കാത്തു കാത്തിരുന്ന പട്ടയം ജലരേഖയായി മാറുമ്പോൾ പഞ്ചായത്ത് നിവാസികളുടെ നൊമ്പരങ്ങൾ അളവറ്റതാകുന്നു.

ജനകീയാസൂത്രണത്തിലൂടെ സംജാതമാകുന്ന പുതിയ ദിശാബോധം ഈ പ്രതിസന്ധികളെ തരണം ചെയ്യാൻ നമുക്ക് കരുത്ത് ഏകുമെന്ന് വാത്തിക്കുടി ഗ്രാമപഞ്ചായത്ത് ഭരണസമിതി ഉറച്ചു വിശ്വസിക്കുന്നു.

**MD സെബാസ്റ്റ്യൻ**
വൈസ്പ്രസിഡന്റ്









ഗ്രാമസഭാ റിപ്പോർട്ടുകളുടെ ക്രോഡീകരണം

നവംബർ 1 പുനരർപ്പണ ദിനം

മുരിക്കാശ്ശേരി - തോപ്രാൻകുടി റോഡിന്റെ പുനരുദ്ധാരണ വേലകൾ:
ഉദ്ഘാടനം ശ്രീ.പി.പി. സുലൈമാൻ റാവുത്തർ നിർവ്വഹിക്കുന്നു.



വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ ഒന്നാം വാർഷികാഘോഷം
ബഹു: മന്ത്രി ശ്രീ.ടി.കെ. രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.



തോപ്രാംകുടി പബ്ലിക്ക് മാർക്കറ്റിന്റെ നിർമ്മാണോദ്ഘാടനം
ബഹു: മന്ത്രി ടി.കെ. രാമകൃഷ്ണൻ നിർവ്വഹിക്കുന്നു.



പാവനാത്മാ കോളേജ് മുരിക്കാശ്ശേരി



ചാറ